# പുസ്തകം 3: സർഗ്ഗസാഹിതി (II)

## പുസ്തക പരിചയം

കവിത, കഥ, നോവൽ, നാടകം മുതലായ സാഹിത്യരചനകൾ മാത്ര മല്ല ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, ഉപന്യാസം എന്നി വയും സർഗ്ഗസാഹിത്യരചനകളാണ്. പ്രതിപാദനത്തിന്നടിസ്ഥാന മായ വിഷയവൈവിധ്യങ്ങൾക്കനുസൃതമായി ഓരോ സർഗ്ഗരചനയു ടെയും ആവിഷ്കാരശൈലി ഭാഷാപ്രയോഗം, പദാവലി എന്നിവ തികച്ചും വ്യത്യസ്തമായി വായനക്കാർക്ക് അനുഭവപ്പെടും. കേവലം വ്യക്തിപരമായ അനുഭവങ്ങൾപോലും രചയിതാവിന്റെ ആവിഷ്ക്കാര പാടവത്താൽ ഓരോ അനുവാചകനും (സമൂഹമനസ്സിന്റെ) ഒരു തിക ഞ്ഞ കലാനുഭവമായി മാറുന്നതു കാണാം. പ്രശസ്തങ്ങളായ ആത്മ കഥയും സഞ്ചാരസാഹിത്യവും ഇപ്രകാരം അനുവാചകന് ഹൃദയോ ന്മേഷം നൽകുന്ന വായനാനുഭവങ്ങളാകുന്നു. വിഷയവൈവിധ്യ ത്തിനനുസൃതമായ ശൈലീവിശേഷങ്ങളാണ് ഉപന്യാസമാതൃകകളി ലൂടെ നാം പരിചയപ്പെടുക. ഒടുവിലത്തെ 'കേരളം: കലയും സംസ് കാരവും' എന്ന യൂണിറ്റിൽ കേരളീയ സാംസ്കാരിക അടിത്തറ യുടെ മുഖമുദ്രകളായ കലകളെയും വൈവിധ്യ സമൃദ്ധമായ ആചാ രാഘോഷങ്ങളെയും സംക്ഷിപ്തമായി പ്രതിപാദിച്ചിരിക്കുന്നു.

## പാഠ ക്രമീകരണ രീതി

പഠിതാക്കളുടെ സൗകര്യാർത്ഥം ഓരോ പുസ്തകത്തേയും യൂണിറ്റു കളായി തിരിച്ചിരിക്കുന്നു. ഓരോ യൂണിറ്റിനുള്ളിലും ഒന്നിലധികം പാഠങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. താഴെക്കാണുന്ന രീതിയിലാണ് പാഠ ങ്ങൾ വിഭാഗങ്ങളായും ഉപവിഭാഗങ്ങളായും ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## യൂണിറ്റ്: X ..............................

(X - യൂണിറ്റിന്റെ ക്രമസംഖ്യ സൂചിപ്പിക്കുന്നു)

**ഉള്ളടക്കം**

X.0. : ഉദ്ദേശ്യലക്ഷ്യങ്ങൾ

X.1 : യൂണിറ്റിലെ ഒന്നാമത്തെ പ്രധാനവിഭാഗം

X.1.-1. : പ്രധാന വിഭാഗത്തിലെ ഉപവിഭാഗം

X.2 : യൂണിറ്റിലെ രണ്ടാമത്തെ വിഭാഗം

X.2.-1 : രണ്ടാം വിഭാഗത്തിലെ ഒന്നാം ഉപവിഭാഗം

X.2.-2 : രണ്ടാം വിഭാഗത്തിലെ രണ്ടാം ഉപവിഭാഗം

X.3 : പുരോഗതി സ്വയം പരിശോധിക്കുക.

ignou THE PEOPLE'S UNIVERSITY

(ചോദ്യങ്ങൾ)

............................................

..............................................

..............................................

X.4. : യൂണിറ്റിലെ മൂന്നാമത്തെ വിഭാഗം

X.4.-1 : മൂന്നാം വിഭാഗത്തിലെ ഒന്നാം ഉപവിഭാഗം

X.4.-2 : മൂന്നാം വിഭാഗത്തിലെ രണ്ടാം ഉപവിഭാഗം

X.5. : പുരോഗതി സ്വയം പരിശോധിക്കുക

(ചോദ്യങ്ങൾ)

## അഭ്യാസഭാഗം (Assignment)

പഠനത്തിന്റെ ഭാഗമായി നിങ്ങൾ എഴുതി അയയ്ക്കേണ്ട ഓരോ അഭ്യാസവും വ്യക്തമായ നിർദ്ദേശത്തോടെ നിങ്ങൾക്ക് അയച്ചുതരുന്നതാണ്. ഓരോ പാഠത്തിൽനിന്നും നിങ്ങൾ എന്തെല്ലാം ഗ്രഹിച്ചുവെന്ന് ഗ്രഹിച്ച കാര്യങ്ങൾ എങ്ങനെ മറ്റൊരാൾക്ക് ഗ്രഹിക്കാൻപറ്റും വിധം നിങ്ങൾ അവതരിപ്പിക്കുന്നുവെന്നും മനസ്സിലാക്കാനാണ് അഭ്യാസങ്ങൾ അയച്ചുതരുന്നത്. തരംതിരിച്ചുള്ള ചോദ്യങ്ങൾ അവയിൽ ചേർത്തിരിക്കുന്നു.

സംക്ഷേപിക്കാനും, വിപുലീകരിക്കാനും, കൃത്യമായി പറയാനുമുള്ള കഴിവാണ് പരിശോധിക്കപ്പെടുന്നത്. ഇത് രണ്ടും അദ്ധ്യാപകന്റെ മൂല്യനിർണ്ണയനത്തിന് വിധേയമായിട്ടുള്ളവയാണ്.

## അഭ്യാസം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

* നിങ്ങളുടെ ക്രമനമ്പർ വ്യക്തമായി എഴുതുക.
* സ്വന്തം കൈയക്ഷരത്തിൽ ഉത്തരമെഴുതുക
* വായിക്കാൻ എളുപ്പമാകുന്ന വിധം വ്യക്തമായും വൃത്തിയായും എഴുതുക.
* പാഠത്തിലെ പ്രസക്തഭാഗങ്ങൾ ആവർത്തിച്ച് വായിച്ച് മനസ്സിലാക്കിയതിനുശേഷമേ അഭ്യാസത്തിലെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ പാടുള്ളൂ.
* സഹായഗ്രന്ഥങ്ങൾ ലഭ്യമാണെങ്കിൽ അവയും വായിച്ചിരിക്കണം.
* അഭ്യാസങ്ങൾ നിശ്ചിത തീയതിക്കുള്ളിൽ ബന്ധപ്പെട്ട അധികാരിക്ക് അയച്ചുകൊടുത്തിരിക്കണം. (വൈകിയെത്തുന്ന ഉത്തരം പരിശോധിക്കുന്നതല്ല.)

പുസ്തകം 3

# സർഗ്ഗസാഹിതി (ഭാഗം-2)

**യൂണിറ്റ് 10**

ആത്മകഥയും ജീവചരിത്രം -

സി.വി.രാമൻപിള്ള (ഒരു ഭാഗം)

(പി.കെ.പരമേശ്വരൻ നായർ)

ആത്മകഥ - അക്ഷരവെളിച്ചം

കണ്ണീരും കിനാവും (ഒരു ഭാഗം)

(വി.ടി ഭട്ടതിരിപ്പാട്)

**യൂണിറ്റ് 11**

യാത്രാവിവരണം -

പാഠം-1 ഭക്തപുരവും പട്ടണും - (നേപ്പാൾ യാത്ര)

എസ്.കെ. പൊറ്റക്കാട്

പാഠം-2 കയറ്റം വീണ്ടും കയറ്റം (ഹിമവാന്റെ മുകൾത്തട്ടിൽ )

രാജൻ കാക്കനാടൻ

**യൂണിറ്റ് 12**

ഉപന്യാസം :

ധർമ്മയുദ്ധത്തിന്റെ പര്യവസാനം (കുട്ടിക്കൃഷ്ണമാരാർ)

ശാസ്ത്രവികാസത്തിന്റെ ചരിത്രം

(ഡോ.കെ. ഭാസ്കരൻനായർ)

ടാഗോറും ഗാന്ധിജിയും (പ്രൊഫ.എസ്.ഗുപ്തൻ നായർ)

ഗംഗയുടെ ആരോഗ്യം (എൻ.വി കൃഷ്ണവാര്യർ)

ഉപനിഷത്തിന്റെ മുമ്പിൽ (പ്രൊഫ. സുകുമാർ അഴിക്കോട്)

**യൂണിറ്റ് 13**

കേരളം: കലയും സംസ്കാരവും

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് - 10
# ആത്മകഥയും ജീവചരിത്രവും

**ഉള്ളടക്കം**


10.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

10.1 വിഷയാവതരണവും പാഠഭാഗവും

പാഠം 1 : സി.വി.രാമൻ പിള്ള

10.2 പാഠസംഗ്രഹം

10.3 പദാർത്ഥബോധനം

10.4 പുരോഗതി സ്വയം പരിശോധിക്കുക

10.5 ഉത്തരം

10.6 വിഷയാവതരണവും പാഠഭാഗവും

പാഠം 2 : അക്ഷരവെളിച്ചം

10.7 പാഠസംഗ്രഹം

10.8 പദാർത്ഥബോധനം

10.9 പുരോഗതി സ്വയം പരിശോധിക്കുക

10.10 ഉത്തരം


## 10.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

മനുഷ്യൻ ഒരു സാമൂഹികജീവിയാണ്. സമൂഹത്തിന്റെ പ്രധാനഘടകമാണ് ഓരോ വ്യക്തിയും. വ്യക്തികളുടെ കൂട്ടായ്മയായ സമൂഹത്തിൽ ഒരു വ്യക്തിയുടെ പ്രവൃത്തികളും അയാളുടെ ജീവിതാനുഭവങ്ങളും കേവലം വ്യക്തിപരമായി മാത്രം കണക്കാക്കാവുന്നതല്ല. അവയെല്ലാം സമൂഹത്തിന്റെയും മുതൽക്കൂട്ടാണ്. ഒരു വ്യക്തിയുടെ സാമൂഹ്യമായ ഇടപെടലുകളും, സാമൂഹികപ്രശ്നങ്ങളോടുള്ള അയാളുടെ സവിശേഷമായ പ്രതികരണങ്ങളും ചിലപ്പോൾ സമൂഹത്തിനാകെ വൻപിച്ച പുരോഗതിയ്ക്കും സ്വാധീനത്തിനും കാരണമാകാം. ഇത്തരം സവിശേഷവ്യക്തിത്വങ്ങളുടെ ജീവചരിത്രവും ആത്മകഥാപരമായ കുറിപ്പുകളും വരും തലമുറയ്ക്ക് മാർഗ്ഗനിർദ്ദേശകമാകത്തക്ക രീതിയിൽപഠനാർഹങ്ങളായിമാറുന്നു. ഒരാളുടെ സ്വന്തം ജീവിതാനുഭവങ്ങൾ അയാൾ തന്നെ രേഖപ്പെടുത്തുന്ന സാഹിത്യവിഭാഗത്തെ നാം 'ആത്മകഥ' എന്ന് വിശേഷിപ്പി ക്കുമ്പോൾ, ഒരാളുടെ ജീവിതകഥ മറ്റൊരാൾ സസൂക്ഷ്മം വിശദമായി രേഖപ്പെടുത്തുന്ന സാഹിത്യത്തെ 'ജീവചരിത്രം' എന്നും വിശേഷിപ്പിക്കപ്പെടുന്നു. ജവഹർലാൽ നെഹ്റു, മഹാത്മാഗാന്ധി, ശ്രീനാരായണഗുരു എന്നീ മഹത്‌വ്യക്തികളുടെ ആത്മകഥകളും ജീവിചരിത്രകൃതികളും ഇന്നും നമ്മുടെ പുതിയ തലമുറയ്ക്ക് ആവേശം പകർന്നു നല്കുന്നു. ഈ രണ്ടു സാഹിത്യരൂപങ്ങളെ നേരിൽ പരിചയപ്പെടുക, അവരുടെ സാജാത്യ വൈജാത്യങ്ങൾ ഗ്രഹിക്കുക എന്നിവയാണ് ഈ യൂണിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## 10.1 വിഷയാവതരണവും പാഠഭാഗവും

സർഗ്ഗാത്മകസാഹിത്യകൃതികളെപ്പോലെ വായനക്കാരെ ആകർഷിക്കുന്ന സാഹിത്യരൂപമാണ് ജീവചരിത്രം. വ്യത്യസ്തതയാർന്നതും അറിയപ്പെടേണ്ടതുമായ ജീവിതങ്ങളാണ് ജീവചരിത്രരചനയ്ക്കാധാരം. ഒരു പ്രത്യേക വ്യക്തിയുടെ ജീവചരിത്രം എന്ന അർത്ഥത്തിലാണ് ഇംഗ്ലീഷിൽ 'Biography' എന്ന പദം പ്രയോഗിക്കുന്നത്. ഇംഗ്ലീഷ് എഴുത്തുകാരനായ ഡ്രൈഡൻ ആണ് ഈ അർത്ഥത്തിൽ 'Biography' എന്ന പദം ആദ്യം ഉപയോഗിച്ചത്.

എല്ലാവർക്കും ജീവിതമുണ്ട്. എല്ലാവരുടെ ജീവിതത്തിനും ചരിത്രവുമുണ്ട്. എന്നാൽ ജീവചരിത്രപരതയുള്ള ജീവിതങ്ങളാണ് ജീവചരിത്രരചന ആവശ്യമാക്കിത്തീർക്കുന്നത്. കഥാപുരുഷന്റെ മാനസിക വളർച്ചയും വ്യക്തിത്വത്തിന്റെ പ്രത്യേകതയും വായനക്കാരന്റെ ഹൃദയത്തിൽ ശക്തിയായി പതിയത്തക്കവണ്ണം ആയാളുടെ ബാഹ്യപ്രവർത്തനങ്ങളും ആന്തരികപ്രവണതകളും കാലാനുഭവമായ രീതിയിൽ ആവിഷ്ക്കരിച്ചിരിക്കുന്ന ഒരു ജീവിതപുനഃസൃഷ്ടിയാണ് ജീവചരിത്രമെന്ന് ഡോ.കെ.എം.ജോർജ് ജീവചരിത്രത്തിന് നിർവ്വചനം നൽകിയിട്ടുണ്ട്. കലാസൃഷ്ടിയെന്നനിലയിൽ തയ്യാറാക്കിയ ഒരു വ്യക്തിയുടെ സത്യസന്ധമായ ജീവിതരേഖ എന്നാണ് ഹരോൾഡ് നിക്സൺ ജീവചരിത്രത്തെ വിശേഷിപ്പിക്കുന്നത്. ചരിത്രവും വ്യക്തിയും സാഹിത്യവും ശരിയായ അനുപാതത്തിൽ ഉൾച്ചേരുമ്പോഴാണ് ജീവചരിത്രം മികച്ചതാകുന്നത് എന്നുപറയാം. ഗവേഷണാത്മകതയുള്ള ജീവചരിത്രരചനയിൽ നിന്നുമാറി ഒരാളുടെ ജീവിതം കേട്ടെഴുതുന്ന ജേർണലിസ്റ്റിക് ജീവചരിത്രരചനവരെ വ്യത്യസ്തമായ കൈവഴികൾ ജീവചരിത്രസാഹിത്യത്തിന് അവകാശപ്പെടാം.

ലോകത്തെ ആദ്യജീവചരിത്രകാരൻ പ്രാചീന ഗ്രീസിൽ ജീവിച്ചിരുന്ന പ്ലൂട്ടാർക്ക് ആണെന്ന് കരുതപ്പെടുന്നു. 16-ാം നൂറ്റാണ്ടോടെയാണ് ഒരു സാഹിത്യശാഖയെന്നനിലയിൽ ജീവചരിത്രം യൂറോപ്യൻ നാടുകളിൽ അംഗീകരിക്കപ്പെടുന്നത്. 18-ാം നൂറ്റാണ്ടിലെ ജീവചരിത്രശാഖ സജീവവും സംപുഷ്ടവുമാണെന്ന് കാണാം.

മലയാളത്തിൽ ഇംഗ്ലീഷിന്റെ ചുവടുപിടിച്ചാണ് ജീവചരിത്രശാഖ വളരുന്നത്. 1895-ൽ വിശാഖം തിരുനാളും കേരളവർമ്മയും മറ്റും ചേർന്ന് വിവർത്തനം ചെയ്ത മഹത്ത്ചരിത സംഗ്രഹമാണ് (A Treasury of Great Men) ആദ്യത്തെ ജീവചരിത്രകൃതി. അതിനു മുൻപ് പദ്യരൂപത്തിലും മറ്റുമായി ജീവചരിത്രസ്വഭാവത്തിലുള്ള കൃതികൾ ഉണ്ടായിട്ടുണ്ടെങ്കിലും ഈ കൃതിയാണ് സാങ്കേതികമായി ജീവചരിത്രസ്വഭാവത്തിലുണ്ടായ ആദ്യ കൃതി. 19-ാം നൂറ്റാണ്ടിൽത്തന്നെ മലയാളത്തിലുണ്ടായ മറ്റൊരു ജീവചരിത്രം കേരളമിത്രം പത്രാധിപരായ എ.റ്റി.കുഞ്ഞുണ്ണി പത്രസ്ഥാപകനായ ദേവജി ഭീമജിയെക്കുറിച്ച് എഴുതിയതാണ്.

മലയാളത്തിൽ ഏറ്റവുമധികം ജീവചരിത്രങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രീനാരായണഗുരുവിനെക്കുറിച്ചാണ്. കേരളീയജീവിത നവോത്ഥാന

ത്തിന്റെ അമരത്ത് നിലകൊള്ളുന്ന ഗുരുവിനേപ്പറ്റി പലതരത്തിൽ ജീവചരിത്രങ്ങൾ ഇപ്പോഴും പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കാറൽ മാക്സിന്റെ ജീവചരിത്രം സ്വദേശാഭിമാനി എഴുതുകയുണ്ടായി. സ്വദേശാഭിമാനിയെപ്പറ്റി പത്നിയായ ബി.കല്യാണിയമ്മ എഴുതിയ 'വ്യാഴവട്ടസ്മരണകൾ' എന്ന കൃതിയും സി.ജെ.തോമസിനെപ്പറ്റി ഭാര്യ എഴുതിയ 'ഇവൻ എന്റെ പ്രിയ സി.ജെ.' എന്ന കൃതിയും മലയാളചരിത്രത്തിലെ സവിശേഷതയാർന്ന രണ്ടു പുസ്തകങ്ങളാണ്. കെ.പി.കേശവമേനോന്റെ യേശുദേവൻ ക്രിസ്തുജീവിതത്തെ സമഗ്രമായി അവതരിപ്പിക്കുന്ന ജീവചരിത്രമാണ്. പരിഭാഷകളായും സ്വതന്ത്രരചനകളായും രാഷ്ട്രീയ നേതാക്കൾ, ആത്മീയനേതാക്കൾ, സാഹിത്യകാരന്മാർ എന്നിവരെക്കുറിച്ചൊക്കെ ഒട്ടനവധി ജീവചരിത്രങ്ങളുണ്ടായി. എം. കെ.സാനുവിന്റെ 'നാരായണഗുരുസ്വാമി', 'ചങ്ങമ്പുഴ- നക്ഷത്രങ്ങളുടെ സ്നേഹഭാജനം' തുടങ്ങിയ ജീവചരിത്രങ്ങൾ അക്കാദമികരംഗത്ത് ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്.

മലയാളജീവചരിത്ര രചയിതാക്കളിൽ അഗ്രിമസ്ഥാനത്ത് നിലകൊള്ളുന്ന വ്യക്തിയാണ് പി.കെ.പരമേശ്വരൻ നായർ. മലയാളത്തിലെ ജീവിചരിത്രസാഹിത്യം ഒരു പ്രസ്ഥാനമെന്ന നില കൈവരിക്കുന്നത് പി.കെ. പരമേശ്വരൻ നായരുടെ 'സാഹിത്യപഞ്ചാനനൻ' എന്ന കൃതിയുടെ പ്രകാശനത്തോടുകൂടിയാണ് എന്ന് ഡോ.കെ.അയ്യപ്പപ്പണിക്കർ അഭിപ്രായപ്പെട്ടിട്ടുണ്ട്. നെപ്പോളിയനും ജോസഫിനും, നെപ്പോളിയന്റെ ജീവിതസായാഹ്നം, വോൾട്ടയർ, പ്രേമഗൗതമൻ, സാഹിത്യപഞ്ചാനനൻ, മഹാത്മാഗാന്ധി, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, സി.വി.രാമൻപിള്ള എന്നിവയാണ് പി.കെ. പരമേശ്വരൻ നായരുടെ ജീവചരിത്രഗ്രന്ഥങ്ങൾ. ഇവയിൽ ഏറ്റവും പ്രശസ്തി നേടിയത് സാഹിത്യപഞ്ചാനനനും സി.വി.രാമൻപിള്ളയുമാണ്. ഡോ.കെ.എം.ജോർജിന്റെ അഭിപ്രായത്തിൽ സാഹിത്യപഞ്ചാനനൻ, സി.വി.രാമൻപിള്ള എന്ന രണ്ടു സ്വതന്ത്രകൃതികൾകൊണ്ടുതന്നെ പരമേശ്വരൻനായർ മലയാളത്തിലെ ജീവചരിത്രകാരന്മാരുടെ മുൻപന്തിയിൽ എത്തിയിരിക്കുന്നു.

## സി.വി.രാമൻ പിള്ള

സി.വി.രാമൻപിള്ള എന്ന പുസ്തകത്തിന്റെ മുഖവുരയിൽ പി.കെ. പരമേശ്വരൻ നായർ പറയുന്നത് ഇങ്ങനെയാണ്: "പ്രകൃതഗ്രന്ഥം ഒരു സാഹിത്യകാരന്റെ ചരിത്രമാണ് എന്നു സാമാന്യമായി പറയാം. എന്നാൽ സി.വി. കേവലം ഒരു സാഹിത്യകാരൻ മാത്രമായിരുന്നില്ല. സാഹിത്യപരമായ ജീവിതത്തിന്റെ ശാന്തതയും സ്വച്ഛതയുമല്ല ആ ജീവിതത്തിലുണ്ടായിരുന്നത്. അദ്ദേഹംതന്നെ പ്രസ്താവിച്ചിട്ടുള്ളതുപോലെ വിഗതിവിവിധത്വങ്ങളാൽ സമ്പൂർണ്ണമായിരുന്നു അത്... ഒരു ചിന്തകന്റെയും പ്രവൃത്തിനിരതന്റെയും മനുഷ്യഗുണസമ്പന്നന്റെയും യൗഗപദികമായ ചരിത്രകഥനം ഈ ഗ്രന്ഥത്തിൽ നിർവഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്".

ഇവിടെ പരമേശ്വരൻ നായർ പറയുന്ന വാക്കുകളിൽ, സി.വി.എന്ന വ്യക്തിത്വത്തിന്റെ അപൂർവവൈവിധ്യങ്ങൾ പ്രകടമാകുന്നു. കേവലം

ഒരു ചരിത്രാഖ്യായികക്കാരൻ മാത്രമായിരുന്നില്ല സി.വി. സാമൂഹിക പ്രവർത്തകൻ, ഉദ്യോഗസ്ഥൻ എന്നിങ്ങനെ ബഹുമുഖവ്യക്തിത്വം പുലർത്തിയ സി.വി. എഴുത്തുകാരനെന്നനിലയിൽ മാത്രമല്ല വായിക്കപ്പെടേണ്ടത് എന്ന് ഈ ജീവിതചരിത്രം വ്യക്തമാക്കുന്നു. സി.വി. രാമൻ പിള്ള എന്ന ജീവചരിത്രം വായിച്ച മലയാളത്തിലെ മഹാപ്രതിഭകൾ പറഞ്ഞ അഭിപ്രായങ്ങൾ, പി.കെ.പരമേശ്വരൻ നായർ എന്ന ജീവിചരിത്രകാരനുള്ള അംഗീകാരമാണ്. വെറും ചരിത്രരചനയ്ക്കുപ്പുറം സാഹിത്യകൃതികൾക്കുള്ള ഗുണങ്ങൾ പലതും ഈ കൃതിയിൽ കാണാം.

“ഇതിലെ സാഹിത്യനിരൂപണങ്ങൾ സഹൃദയത്വത്തെയും കലാവബോധത്തെയും തെളിയിക്കുന്നു. യുക്തിയുക്തതയും ഔചിത്യവും അനുഭാവപൂർവ്വമായ നീതിദീക്ഷയും വിധികളിൽ പ്രകടമാണ്... സി.വി.യുടെ സുന്ദരവും അനശ്വരവുമായ ഒരു സ്മാരകമായി ഈ ഗ്രന്ഥം കൈരളീക്ഷേത്രത്തിൽ സുപ്രതിഷ്ഠ സമ്പാദിക്കുമെന്നാണ് എന്റെ ദൃഢമായ വിശ്വാസം” (കൈനിക്കര കുമാരപിള്ള).

“അക്ഷീണമായ അന്വേഷണം, പൗഢസരസമായ പ്രതിപാദനം, വിദഗ്ദ്ധമായ വിവേചനം, നിഷ്കൃഷ്ടമായ നിരൂപണം എന്നിവയാണ് ഒരു ജീവചരിത്രരചയിതാവിനുവേണ്ട ഗുണങ്ങളെങ്കിൽ താങ്കൾക്ക് കേരളത്തിലെ ജീവചരിത്രകാരന്മാരുടെ ഇടയിൽ മാന്യസ്ഥാനമുണ്ടെന്ന് ഈ ഗ്രന്ഥം വായിക്കുന്ന നിർമാതന്മാർ സമ്മതിക്കും” (വള്ളത്തോൾ).

ഈ അഭിപ്രായങ്ങളൊക്കെ തെളിയിക്കുന്നത് കേവലം കാലഗണനാപരമായ ചരിത്രാഖ്യാനത്തിനപ്പുറം സർഗാത്മകത അവകാശപ്പെടാൻ കഴിയുന്ന ജീവചരിത്രമാണ് സി.വി.രാമൻ പിള്ള എന്നാണ്.

24 അധ്യായങ്ങളാണ് ഈ കൃതിയിൽ ഉള്ളത്. എഴുത്തുകാരനെന്ന നിലയ്ക്കും സാമൂഹ്യപ്രവർത്തകൻ എന്ന നിലയ്ക്കും സി.വി.യെ പരിചയപ്പെടുത്തുന്ന ഭാഗങ്ങൾ ഇവിടെ വിശദപഠനത്തിനായി ഉൾപ്പെടുത്തുന്നു. മാർത്താണ്ഡവർമ്മയിലൂടെ എന്ന അധ്യായത്തിൽ ചരിത്രാഖ്യായികക്കാരനായ സി.വി.യെ വരച്ചിടുമ്പോൾ, ‘മലയാളിമെമ്മോറിയൽ’ എന്ന അധ്യായം സാമൂഹ്യപ്രവർത്തകനായ സി.വി.യെ കാട്ടിത്തരുന്നു.

## പാഠം-1 : സി.വി രാമൻപിള്ള

സി.വി.യുടെ ചരിത്രനോവലുകളിൽ വീരപൗരുഷഗുണങ്ങളും, തന്ത്രനൈപുണിയും മറ്റുമാണ് പ്രധാന അംശങ്ങളെങ്കിലും, സാമാന്യലോകത്തെപ്പറ്റിയുള്ള നിരീക്ഷണങ്ങൾ അവയിൽ കുറവാണെന്നു പറയുന്നതു ശരിയല്ല. അങ്ങനെയായിരുന്നെങ്കിൽ ആ നോവലുകൾ ഇന്നും ആർജ്ജിച്ചുകൊണ്ടിരിക്കുന്ന വിപുലമായ അനുവാചകമണ്ഡലത്തിന് ന്യായീകരണം ലഭിക്കാതെപോകുമായിരുന്നു. ഭാഷയുടെ കാർക്കശ്യം വകവയ്ക്കാതെയും, സാമാന്യക്കാർ പല ആവൃത്തി ആ നോവലുകൾ വായിക്കുന്നു. ഈ ആകർഷകത്വത്തിന് രണ്ടുമൂന്നു കാരണങ്ങളുണ്ട്. മലയാളികളുടെ ദേശീയചരിത്രത്തന്റേയും, ആചാര

ങ്ങളുടേയും സംസ്കാരസരണികളുടേയും, പ്രതിബിംബനങ്ങളാണ് സി.വി.യുടെ ചരിത്രാഖ്യായികകൾ. നമ്മുടെ ഉള്ളഴിഞ്ഞ ബഹുമാനത്തിനും ആരാധനയ്ക്കും പാത്രമായ പൂർവ്വികതലമുറകളുമായി അവ നമ്മെ വളരെ അടുപ്പിക്കുന്നു. ഇതു കേവലം അത്ഭുതകഥകളുടെ പ്രസ്താവം മാത്രംകൊണ്ടല്ല, യഥാർത്ഥമായ മനുഷ്യസ്വഭാവനിരീക്ഷണംകൂടിയാണ്. കഥാപാത്രങ്ങളും സംഭവങ്ങളും തമ്മിൽ ഏറ്റവും കൃത്യമായ മനുഷ്യസ്വഭാവബോധമുളവാക്കുന്നു. ഇതിലേയ്ക്ക് പ്രധാന കഥാപാത്രങ്ങളെക്കാൾ സാധാരാണകഥാപാത്രങ്ങളാണ് കൂടുതൽ ഉപകരിക്കുന്നത്. പ്രകൃതനോവലിൽത്തന്നെ മാർത്താണ്ഡവർമ്മ യുവരാജാവും, അനന്തപത്മനാഭനും, തിരുമുഖത്തുപിള്ളയും എല്ലാം ആദ്യം പറഞ്ഞ ചരിത്രബോധത്തെ ഉജ്ജീവിപ്പിക്കവെ ശങ്കുവാശാനും ആനന്ദവും പരമേശ്വരൻ പിള്ളയും മറ്റും കൂടുതൽ മനുഷ്യസ്വഭാവപ്രതീതിയെ വായനക്കാരിൽ സജ്ജമാക്കുന്നു എന്ന് കാണാവുന്നതാണ്. ധർമ്മരാജ, രാമരാജബഹദൂർ മുതലായ ഗ്രന്ഥങ്ങളിലും ഇപ്രകാരമുള്ള പല സാമാന്യകഥാപാത്രങ്ങളും സംഭവങ്ങളുടെ തരംഗകോലാഹലങ്ങൾക്കിടയ്ക്ക് ചെറുമത്സ്യങ്ങൾ പോലെ ചാടിക്കളിച്ച് മിന്നിത്തിളങ്ങുന്നതുകാണാം.

മാർത്തണ്ഡവർമ്മയിലെ ശങ്കു ആശാൻ സി.വി. സാഹിത്യത്തിലെ ഏറ്റവും ഹൃദയാവർജ്ജകമായ ഒരു കഥാപാത്രമാണ്. പ്രൗഢിയും പ്രസരിപ്പും കലർന്ന കഥാപാത്രങ്ങളെക്കാൾ എന്തൊരു സ്വഭാവികതയും ജീവസ്ഫൂർണവും ഹൃദ്യതതയുമാണ് നാൾക്കുനാൾ പ്രായം കുറഞ്ഞുവരുന്ന ആ എഴുപതാം വയസ്സുകാരൻ - ദീർഘമായ വടിയും കോപാട്ടഹാസ്യങ്ങളും - 'രണ്ടാം വാക്കിന് കേറി അടിക്കുന്ന' സ്വഭാവവും ഒക്കെയായി നടക്കുന്ന ആയുധപ്പുര സൂക്ഷിപ്പുകാരൻ - നമ്മിൽ ഉളവാക്കുന്നത്! ചെമ്പകശ്ശേരിയിൽ ജനിച്ച കുടുംബാംഗങ്ങൾക്കുപോലും ആ തറവാടിനോട് ഇതുപോലെ ഒരു സ്നേഹം കാണുമെന്നുതോന്നുന്നില്ല. കാർത്യായനി അമ്മയുടെ പുത്രിവാത്സല്യത്തിൽ എന്തെല്ലാം ഇതര പരിഗണനകൾ കടന്നുകൂടി! ശങ്കു ആശാന്റെ പാറുക്കുട്ടിയോടുള്ള സ്നേഹവാത്സല്യങ്ങളുടെ പരിപാവനതയോ? അതിനോടു കിടപിടിക്കാൻ ആ മാതാവിന്റെ വാത്സല്യത്തിനുപോലും ശക്തിയുണ്ടെന്ന് തോന്നുന്നില്ല. ആശാന്റെ ചാപല്യങ്ങൾ അസഹ്യങ്ങളായിരിക്കാം. എന്നാൽ അവയിൽ അന്തർഭവിച്ചിരിക്കുന്ന ആ ശുദ്ധഗതിയും ഹൃദയനൈർമ്മല്യവും ആർക്കാണ് വിസ്മരിക്കുവാൻ കഴിയുക? എല്ലാത്തിനും മകുടം ചാർത്തുവാനെന്നപോലെ കോടാങ്ങിയുടെ തന്ത്രത്തിൽപ്പെട്ട് സ്വൽപം കഞ്ചാവുലേഹ്യം സേവിച്ചുപോരാനായെന്നുള്ള അമളി പുറത്തായതുമൂലം ഇന്ദ്രനെയും ചന്ദ്രനെയും വകവയ്ക്കാത്ത അയാൾ സുഭദ്രയുടെ ആജ്ഞാവഹകനായി പരിണമിക്കുന്ന ആ കാഴ്ച ആരുടെ അനുകമ്പയായാണ് ആ പടുവൃദ്ധനിൽ ആപതിപ്പിക്കാത്ത്? വാസ്തവത്തിൽ സി.വി.യുടെ ഹൃദയസമ്പത്തും സാമാന്യലോകപരിജ്ഞാനവും മനസ്സിലാകണമെങ്കിൽ ഹരിപഞ്ചാനനന്മാരെയും ചന്ത്രക്കാരന്മാരെയും വിട്ട് ശങ്കു ആശാൻ, ആനന്ദം, പവതിക്കൊച്ചി, കുപ്പശ്ശാർ മുതലയാവരിലേയ്ക്ക് കടക്കുന്നതുതന്നെയാണു വേണ്ടത്.

മാർത്താണ്ഡവർമ്മയിലെ ഭാഷാരീതിയെപ്പറ്റി വിഭിന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലെ ഭാഷാവൈകല്യങ്ങൾ സി.വി. യുടെ ഗ്രന്ഥങ്ങളിൽ പൊതുവെ കാണുന്നവയെക്കാൾ കുറച്ച് കൂടുതലാണെന്ന് പറയാതെ തരമില്ല. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ മാർത്താണ്ഡവർമ്മയെ അഭിനന്ദിച്ച കത്തിൽ ചില അപഭ്രംശങ്ങൾ അന്നേ ചൂണ്ടിക്കാണിച്ചിരുന്നു. സി.വി. ആകട്ടെ അതൊക്കെ ഭാഷാപ്രയോഗങ്ങളിൽ അവശ്യം അനുഷ്ഠേയമായ സ്വാതന്ത്ര്യത്തിന്റെ പേരിൽ ന്യായീകരിക്കുവാൻ ശ്രമിച്ചു. എങ്കിലും സ്വാതന്ത്ര്യത്തിന്റെ ന്യായമായ സീമകളെ ലംഘിക്കുന്ന പല പ്രയോഗങ്ങളും (അവ മിക്കവാറും വ്യാകരണത്തിലുള്ള അപാടവം കൊണ്ടുതന്നെ വന്നിട്ടുള്ളവയാണ്) മാർത്താണ്ഡവർമ്മയിൽ കടന്നുകൂടീട്ടുണ്ട്. ഇത്രമാത്രമല്ല, അതിലെ ഭാഷാരീതി പൊതുവെ അപക്വവും ശ്ലഥബന്ധവുമാണെന്നേ പറയുവാനുള്ളൂ. സി.വി.യുടെ അനന്തരകാല ശൈലി എത്രമാത്രം കർക്കശമാണെങ്കിലും അതിന് ഒരു മാഹാത്മ്യം ഉണ്ട്. ഭാവസ്ഫുരണത്തിന് ഉപകരിക്കാത്ത വാക്കുകളും പ്രയോഗങ്ങളും ആ ശൈലിയിൽ വളരെ ചുരുക്കമായെ കാണുകയുള്ളു. ചിലപ്പോൾ ഒരു വാക്കുകൊണ്ടുത്തന്നെ ഒരു വലിയ ചിത്രം മനസ്സിൽ പതിയും. ശൈലിക്കു നല്ല മുറുക്കമുണ്ട്. മാർത്താണ്ഡവർമ്മയിലെ ശൈലി നേരെമറിച്ച് തീരെ അയഞ്ഞതാണ്. ഒരു വാക്കുകൊണ്ട് സാധിക്കാത്തത് ഒരു വാചകത്തിലും, ഒരു വാചകംകൊണ്ടു സാധിക്കാത്തത് പല വാചകങ്ങളിലും നിർവഹിച്ചിട്ടുള്ളതിന്റെ ദൃഷ്ടാന്തങ്ങൾ വളരെ ചൂണ്ടിക്കാണിക്കുവാൻ കഴിയും. അതിലെ വർണ്ണനകളും ചിത്രീകരണങ്ങളും ആവശ്യമുള്ളതിൽ കൂടുതൽ വിസ്തരിച്ചും വിവരിച്ചും സ്ഥൂലമാക്കിയിരിക്കുന്നു.

എങ്കിലും വ്യാകരണനിയമങ്ങളും ശൈലിമാനദണ്ഡങ്ങളുംവെച്ച് നോക്കുന്ന നിരൂപകന്റെ നിലവിട്ട് ഒരു സാമാന്യക്കാരന്റെ തോതുവച്ച് മാർത്താണ്ഡവർമ്മയെ വീക്ഷിക്കുന്ന പക്ഷം ആ ശൈലി അതിമനോഹരമെന്നല്ലാതെ പറവാൻ സാധിക്കുകയില്ല. നൈസർഗ്ഗികമായ ഒരു വാസനാവൈഭവം അതിൽ സർവ്വത്ര പ്രകടമായി കാണാം. ഹൃദയാവർജ്ജകത്വമാണ് ശൈലിയുടെ ലക്ഷണമെങ്കിൽ മാർത്താണ്ഡവർമ്മ അതിൽ തികച്ചും വിജയം പ്രാപിച്ചിട്ടുണ്ട്. ഭാഷയുടെ വൈകല്യങ്ങളെപ്പറ്റി ഒന്നു തിരുഞ്ഞുനോക്കുവാൻ സന്ദർഭം നൽകാതെ അതു വായനക്കാരെ യന്ത്രവേഗത്തിൽ മുന്നോട്ടു കൊണ്ടുപോകുന്ന കഥയുടെ ആകർഷണം മാത്രമല്ല ഭാഷയുടെ സാരള്യവും മാധുര്യവും കൂടിയാണ് അവരെ അതിൽ ലയിപ്പിക്കുന്നത്. ഒരു വാസനാ സമ്പന്നന്റെ ഹൃദയാന്തർഭാഗത്തുനിന്നുതന്നെ വരുന്ന ഭാഷയാണിതെന്ന് എവിടം വായിച്ചാലും അറിയാം. എന്നാൽ പരിശീലനം കൊണ്ടുണ്ടാകേണ്ടിയിരുന്ന പാകത സിദ്ധിക്കുവാൻ കാലം പിന്നെയും കഴിയേണ്ടിയിരുന്നു.

മാർത്താണ്ഡവർമ്മയിൽ ഗ്രന്ഥകാരന്റെ ആത്മസത്വം എത്രത്തോളം പ്രതിഫലിക്കുന്നുവെന്നുള്ള പ്രതിപാദനംകൂടിയില്ലാതെ അതിനെപ്പറ്റിയുള്ള നിരൂപണം പൂർണ്ണമായിരിക്കുകയില്ല. അനുകരണദിശയിലുള്ള ഒരു ഗ്രന്ഥമാണ് അതെന്ന് പറഞ്ഞുവല്ലോ. അതിനാൽ അനന്തരകാല കൃതികളിൽ കാണുന്നിടത്തോളം വ്യക്തിത്വം മാർത്താണ്ഡ

വർമ്മയിൽ പ്രതിഫലിക്കുന്നുണ്ടെന്ന് പറഞ്ഞുകൂടാ. എങ്കിലും പൂർവ്വകാലാരാധകനായ സി.വി.യെ മാർത്താണ്ഡവർമ്മയിൽ എവിടെയും കാണാം. വിശേഷിച്ച് സ്വസമുദായത്തിന്റെ കഴിഞ്ഞുപോയ പ്രാവിണ്യത്തെപ്പറ്റിയുള്ള അഭിമാനം കഥയിൽ മുറ്റിനില്ക്കുന്നു. രാജശത്രുക്കളായ തമ്പിമാരുടെ ശക്തി എട്ടുവീട്ടിൽപിള്ളമാരുടെ സഹായസഹകരണത്തിലാണ് സ്ഥിതിചെയ്യുന്നതെങ്കിൽ രാജശക്തിയുടെ ആലംബവും മാങ്കോയിക്കൽക്കുറുപ്പ്, തിരുമുഖത്തുപിള്ള മുതലായ പൗരപ്രമാണികളിലല്ലാതെ മറ്റെങ്ങുമല്ല. ഏതുകാലത്തേയും പോലെ അധികാരമോഹികൾ അന്നും ഉണ്ടായിരുന്നു. എന്നാൽ കർത്തവ്യബോധവും രാജ്യസ്നേഹവും പൗരുഷവുമുള്ള ഉത്തമപൗരന്മാരുടെ കാര്യത്തിൽ തിരുവിതാംകൂർ അന്നും ദരിദ്രമായിരുന്നില്ല. അനന്തപത്മനാഭൻ ഒരുപക്ഷെ, ഏതു രാജ്യത്തുമുള്ള ഒരു വീരപൂരുഷമാതൃക മാത്രമായിരിക്കാം. മാങ്കോയിക്കൽക്കുറുപ്പും തിരുമുഖത്തുപിള്ളയും അങ്ങനെയല്ല. അവർ പഴയകാലത്തെ വൈരപ്രമാണികളുടെ യഥാർത്ഥമാതൃകകൾതന്നെയാണ്. മഹാരാജാക്കന്മാരെ ഗുണദോഷിക്കുവാനും ഉപദേശിക്കുവാനും ഉള്ള പ്രാപ്തിയും തന്റേടവും അവർക്കുണ്ട്. ഉത്തമരാജത്വത്തോട് അവർക്കുണ്ടായിരുന്ന സ്നേഹാദരങ്ങൾ മറ്റു യാതൊരു ശക്തിക്കോ വികാരത്തിനോ വിധേയങ്ങളല്ലായിരുന്നു. എന്നാൽ രാജത്വത്തിൽ കുറവുകൾ കാണുമ്പോൾ അവർ യഥാർത്ഥഗുരുഭൂതന്മാരെപ്പോലെ പെരുമാറുന്നു. മാങ്കോയിക്കൽക്കുറുപ്പ് കൃഷീവലനായ ഗ്രാമപ്രമാണിയാണ്. തിരുമുഖത്തുപിള്ള നാഗരികനായ ഒരു പ്രമാണിയും. രണ്ടുപേരുടേയും രാജ്യക്ഷേമോന്മുഖമായ ഹൃദയവികാരങ്ങൾക്കു സാമ്യമുണ്ടെങ്കിലും അവയുടെ പ്രദർശനരീതികൾ വിഭിന്നമാണ്. മാങ്കോയിക്കൽകുറുപ്പ് ആത്മാർത്ഥതയും, പൗരുഷവും തികഞ്ഞ ഒരു കർഷകയോദ്ധാവ്; നയതന്ത്രങ്ങൾക്കോ, രാജ്യവ്യവസ്ഥകൾക്കോ ഒന്നും അവിടെ തയാറില്ല. തോന്നിയതു തുറന്നുപറയുന്ന മുരടൻ നായരുതന്നെയാണ് കുറുപ്പ്. എന്നാൽ ആ പറച്ചിലിൽ പിൻവലിക്കത്തക്കതായി ഒന്നും കാണുകയില്ല. അദ്ദേഹത്തിന്റെ ഭാഷ കുറച്ചു ഖരമായിരിക്കാം. എന്നാൽ അതിൽ പരമമായ സത്യം ഉണ്ടായിരിക്കും. തിരുമുഖത്തുപിള്ളയിൽ തന്ത്രവും നിപുണതയും കൂടും അത്രയ്ക്ക് അദ്ദേഹത്തിന്റെ അനുമാനങ്ങളിലും അഭ്യൂഹങ്ങളിലും അസൂക്ഷ്മതയും ഉണ്ടായിരിക്കും. മഹാരാജാവിനേയും സുഭദ്രയേയും സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ വിശ്വാസങ്ങൾ എത്ര വികലങ്ങളായിരുന്നു. ഒടുവിൽ യാഥാർത്ഥ്യം അവരിൽനിന്ന് അറിയേണ്ടിവരികയാണുണ്ടായത്. എന്നാൽ മാങ്കോയിക്കൽക്കുറുപ്പിന്റെ പ്രസ്താവനകളെല്ലാം പൂർണ്ണസത്യങ്ങളായേ തോന്നുന്നുള്ളൂ. ബുദ്ധിമാർഗ്ഗമുള്ള ഊഹാഭ്യാസങ്ങളേക്കാൾ ആത്മാർത്ഥഹൃദയത്തിലൂടെയുള്ള ദർശനങ്ങളാണ് മാങ്കോയിക്കൽക്കുറുപ്പിനുള്ളത്. ഹൃദയം ബുദ്ധിയെ കവിഞ്ഞുനില്ക്കുന്നു. അങ്ങനെയുള്ളവരുടെ ഭാഷയ്ക്കു ഭംഗിയും നിയന്ത്രണവും കാണുകയില്ലായിരിക്കാം. പാണ്ടിപ്പടയേപ്പറ്റി കുറുപ്പു പറയുന്ന വാക്കുകൾ നോക്കുക:

"തിരുമേനീ! തിരുവുള്ളക്കേടുണ്ടാകേണ്ട. പൂതപ്പാണ്ടിയിൽ പാളയം കെട്ടി കിടക്കുന്ന പരദേശപ്പടയ്ക്ക് തിരുമേനി എങ്ങനെയും പോട്ടെന്നേ വിചാരമുള്ളൂ. കരുവലം നിറഞ്ഞിരുന്നാൽ തിരുമേനി

തങ്കക്കുടം; ഒഴിഞ്ഞോ, അകിടറ്റ പശു. അടുപ്പിൽ തീ എരിയേ അയൽവീട്ടിൽ പോയി തിരികൊളുത്തി ഇരപ്പാനേ? തിരുമേനിയുടെ ഉപ്പും ചോറും തിന്നുകിടക്കുന്ന കുടുകളെ അടവുചേർത്തു പടക്കൂട്ടാതെ മുൻവഴി വിട്ട് എങ്ങാനും കിടന്ന കൂട്ടത്തെ പോയ് 'വാ അപ്പാ, ഒത്താശചെയ്യപ്പാ' എന്നു താങ്ങിയതു പുത്തിയോ?" ഈ വചനങ്ങൾക്കു മാർദ്ദവമില്ലെങ്കിലും അതിലെ ഉദ്ദേശശുദ്ധിയും പരമാർത്ഥതയും മഹാരാജാവിനെക്കൊണ്ടുപോലും തലകുനിപ്പിക്കുന്നു. "കുറുപ്പു പറയുന്നതു നോക്കുക: "കല്പിച്ച് അധികമായ വാഴ്ത്തും, വാഴ്ത്തിൽ അധികമായ കൊതിയും രണ്ടും വിട്ടൂടണം. എന്നാലെക്കൊണ്ടുതന്നെ തിരുമേനിക്കു നല്ലപേരും നല്ലവാഴ്ചയും ഉണ്ടാവൂ".

ഒരുവിധം ആലോചിച്ചുനോക്കുമ്പോൾ മാങ്കോയിക്കൽക്കുറുപ്പിന്റെ അവതരണത്തിൽ സി.വി.ക്കു പ്രധാനമായി രണ്ടുദ്ദേശങ്ങൾ ഉണ്ടായിരുന്നുവെന്നു കാണാൻ പ്രയാസമില്ല. ഒന്നാമതായി പുരാതനകർഷകപൗരത്വത്തിന്റെ ഒരു യഥാർത്ഥചിത്രം വരച്ചുകാണിക്കുക; രണ്ടാമതായി രാജഭക്തിയും രാജ്യസ്നേഹവും കൂടിക്കലർന്ന ഒരു പൗരന്റെ ചിന്താഗതികളെ സ്പഷ്ടമാക്കുക. രണ്ടാമത്തതിനെ സംബന്ധിച്ചിടത്തോളം, മലയാളിമെമ്മോറിയൽ പ്രക്ഷോഭകനും, 'തിരുവിതാംകൂർ തിരുവിതാംകൂർകാർക്ക്' എന്ന മുദ്രാവാക്യക്കാരനുമായ സി.വി.തന്നെയാണ് മാങ്കോയിക്കൽക്കുറുപ്പിൽക്കൂടി പറയുന്നതെന്നുള്ളത് തീർച്ചതന്നെ. ദ്രവേച്ഛുകളും തല്ക്കാലലാഭത്തെ മാത്രം കരുതി സേവിക്കുന്നവരും ഈ രാജ്യത്തെയും ഭരണകർത്താക്കളെയും കുറിച്ച് സ്വാഭാവികമായിത്തന്നെയുള്ള സ്നേഹമില്ലാത്തവരുമായ ജനങ്ങളെ ആധാരമാക്കുന്നത്, അഗ്നിസാക്ഷികമായി പരിഗ്രഹിച്ച കളത്രത്തെ ഉപേക്ഷിച്ച് വേശ്യാലമ്പടൻ ആകുന്നതുപോലെയാണ് എന്നിങ്ങനെ മഹാരാജാവിനെക്കൊണ്ട് പറയിക്കുന്ന വാചകങ്ങളിലും സി.വി. തന്നെയാണ് പരോക്ഷമായി സംസാരിക്കുന്നത് എന്ന് പറയേണ്ടതില്ലല്ലോ.

## മലയാളി മെമ്മോറിയൽ

മാർത്താണ്ഡവർമ്മയുടെ പ്രസിദ്ധീകരണത്തോട് സമീപിച്ച് നടക്കുന്ന 'മലയാളിമെമ്മോറിയൽ' പ്രക്ഷോപണത്തിൽ സി.വി.യ്ക്കുണ്ടായിരുന്ന ഭാഗഭാഗത്വം വേണ്ടപോലെ വിദിതമായിട്ടില്ല. കെ. പി.ശങ്കരമേനോൻ (മദ്രാസ് ഹൈകോടതി വക്കീൽ) ജി.പി.പിള്ള (മദ്രാസ് സ്റ്റൻഡേർട് പത്രാധിപർ) എന്നിവരുടെ പേരുകളാണ് അതിനോടുചേർന്ന് ഏറ്റവും പ്രശസ്തങ്ങളായിട്ടുള്ളത്. അവർക്ക് ഇരുവർക്കും അതിൽ പ്രധാന പങ്കുകൾ നിർവഹിക്കാനുണ്ടായിരുന്നു. മെമ്മോറിയൽ മഹാരാജാവിന്റെ സന്നിധിയിൽ സമർപ്പിച്ചത് കെ.പി. ശങ്കരമേനോനാണ്. പിന്നീട് ദിവാൻജിയെ കണ്ട് മെമ്മോറാണ്ടം സമർപ്പിക്കാൻ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ കൂട്ടത്തിൽ ജി.പി.പിള്ളയും ഉൾപ്പെടും. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ അനേകം യോഗങ്ങൾ വിളിച്ചുകൂട്ടി മെമ്മോറിയൽ സമർപ്പണത്തിൽ അടങ്ങിയ തത്ത്വത്തെ വിശദീകരിത്തുകൊണ്ട് നടത്തിയ പ്രചരണവേലകളിൽ ജി.പി.പിള്ള സമർത്ഥമായ ഒരു ഭാഗം വഹിച്ചു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ജനങ്ങളെ ഇളക്കി. നാനാജാതിമതസ്ഥരായ

ഇത്രയധികം ആളുകളെ അതിൽ ചേർക്കുവാൻ സാധിച്ചത് ആ പ്രചരണവേലയുടെ ഫലമായിട്ടാണ്. എന്നാൽ അന്ന് അണിയറയിൽ നിന്നുകൊണ്ട് ഈ സംരംഭങ്ങളെയെല്ലാം സർവ്വാത്മനാ നയിച്ചുകൊണ്ടിരുന്ന ചില വ്യക്തികൾ ഉണ്ടായിരുന്നു. അവരിൽ പ്രഥമഗണനീയർ സി. കൃഷ്ണപിള്ളയും സി.വി.രാമൻപിള്ളയുമായിരുന്നു. ഇവർ ഗവൺമെന്റുദ്യോഗസ്ഥരായിരുന്നതിനാൽ പേരൊന്നിലും പ്രസിദ്ധപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവർ ഇല്ലായിരുന്നുവെങ്കിൽ മെമ്മോറിയലിന്റെ ആശയം രൂപമെടുക്കുമായിരുന്നുവോ എന്നുതന്നെ സംശയമാണ്.

1889-ൽ സി.വി. നിയമപരീക്ഷ സംബന്ധിച്ച് മദ്രാസിൽ താമസിച്ചിരുന്നപ്പോഴാണ് ശങ്കരമേനോന്റെയും ജി.പി.യുടെയും ശ്രദ്ധയെ ഈ പ്രക്ഷോഭണകാര്യത്തിലേയ്ക്ക് നയിച്ചത്. മെമ്മോറിയലിന്റെ ഒപ്പുശേഖരണം മുതലായ കൃത്യങ്ങൾ ശരിപ്പെടുത്തിക്കഴിഞ്ഞാൽ ശങ്കരമേനോൻ മഹാരാജാവിന്റെ സന്നിധിയിൽ അതു സമർപ്പിക്കുന്നതിന് നേതൃത്വം വഹിച്ചുകൊള്ളാമെന്ന് അന്നേ ഏറ്റിരുന്നു. സി.വി.യുടെ പ്രത്യാഗമനത്തോടെ പ്രചരണപദ്ധതി ആരംഭിച്ചു. സി.കൃഷ്ണപിള്ള രാമറാവുവിന്റെ മർദ്ദനനയത്തിൽ വീറോടും വാശിയോടുംകൂടി ഒപ്പുശേഖരണത്തിലേയ്ക്ക് അനവതരമായ യത്നംതന്നെ തുടങ്ങി. ഔദ്യോഗികകാര്യങ്ങൾക്ക് വടക്കൻ റെയ്ഞ്ചിൽ അദ്ദേഹത്തിന്റെ പര്യടനങ്ങൾ ഈ സംഗതിയ്ക്ക് വളരെ സഹായകമായിരുന്നു. സി.വി. തലസ്ഥാനനഗരിയിലെ തന്റെ സ്വാധീനശക്തി മുഴുവൻ പ്രയോഗിച്ചു. ദക്ഷിണതിരുവിതാംകൂറിൽ കാവാലം നീലകണ്ഠപിള്ള, എം.ആർ. നീലകണ്ഠപിള്ള മുതലായവരെയും പ്രസ്ഥാനം നയിക്കാൻ സംഘടിപ്പിച്ചു.

മെമ്മോറിയൽ സമർപ്പണകാര്യത്തെപ്പറ്റി വിവരിക്കുന്നതിനു മുൻപായി അതിൽ അന്തർഭവിച്ചിട്ടുള്ള സംഗതി എന്തെന്ന് വിശദമാക്കിക്കൊള്ളട്ടെ. അത് ചരിത്രപരമായ ഒരു പ്രശ്നമാണ്. തിരുവിതാംകൂറിലെ ഉദ്യോഗനിയമനകാര്യത്തിൽ മഹാരാഷ്ട്ര ബ്രാഹ്മണരായ ദിവാൻജിമാരുടെ സ്വജനപക്ഷപാതം ഏറിയകാലമായി പരാതിയ്ക്ക് വിഷയമായിരുന്നു. ദിവാൻ രാമറാവുവിന്റെ കാലത്താണ് ഈ പ്രശ്നം ഒരു മെമ്മോറിയലായി രൂപം പ്രാപിച്ചതെങ്കിലും അതിനു മുൻപുതന്നെ ഗവൺമെന്റിന് ഇതേപ്പറ്റി അറിയാമായിരുന്നു. 1845-ാം മാണ്ട് റെഡ്ഡിറാവുവിന്റെ കാലത്ത് മദ്രാസ് ഗവൺമെന്റ് അദ്ദേഹത്തിന്റെ ചില സ്വന്തക്കാരെ തിരുവിതാംകൂർ സർവ്വീസിൽനിന്നു പിരിച്ചുവിടാൻ ഉത്തരവിടുകയുണ്ടായി. റെഡ്ഡിറാവുവിനുശേഷം ദിവാൻജിമാരായിവന്ന വെങ്കിട്ടറാവു, സുബ്ബറാവു, കൃഷ്ണറാവു, ശേഷയ്യശാസ്ത്രി, രാമയ്യങ്കാർ എന്നുവേണ്ട ആ പരമ്പയിൽ ഏറ്റവും പ്രശസ്തനായ സർ ടി.മാധവറാവുപോലും ഇത്തരം ആരോപണങ്ങൾക്ക് പാത്രമായിരുന്നു. രാമറാവുവിന്റെ ഭരണം പൂർവ്വകാലാപരാധനത്തിനു മകുടം ചാർത്തി. ഒരു പക്ഷേ അദ്ദേഹത്തിന്റെ കാലത്തുയർന്ന ഉദ്യോഗസ്ഥരുടെ പട്ടിക നോക്കിയപ്പോൾ പ്രത്യക്ഷപ്പെട്ട ഏകവർഗ്ഗമേധാവിത്വത്തിന്റെ മുഴുവൻ ഉത്തരവാദിത്തവും പൂർവ്വഗാമികളെ വിസ്മരിച്ചിട്ട് അദ്ദേഹത്തിന്റെ മേൽത്തന്നെ ആരോപിക്കുവാൻ ചിലർ മുതിർന്നത് ന്യായീകരിക്കാൻതക്കതല്ലാതായിരിക്കാം

എങ്കിലും ആ മേധാവിത്വം ഒരു യഥാർത്ഥവസ്തുത തന്നെയായിരുന്നു. 2000, 1200, 1000, 800, 700,600, 500 എന്നീ ക്രമത്തിൽ ശമ്പളം വാങ്ങിക്കൊണ്ടിരുന്ന വിദേശികൾ (ഇവർ എല്ലാവരും മഹാരാഷ്ട്ര ബ്രാഹ്മണരായിരുന്നില്ല). പലരും ഉണ്ടായിരുന്നിരിക്കെ 500 രൂപയ്ക്കു മേൽ ശബളം വാങ്ങുന്ന ഒരൊറ്റ മലയാളിപോലും അന്നില്ലായിരുന്നുവെന്ന് മെമ്മോറിയലുകാർക്കു നിഷ്പ്രയാസം ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞു. റാവുവിന്റെ അടുത്ത ബന്ധുക്കളിൽത്തന്നെ പലരും ദിവാൻ പേഷ്ക്കാർ, ജില്ലാ ജഡ്ജി മുതലായ ഉദ്യോഗങ്ങളിൽ നിയമിക്കപ്പെട്ടിരുന്നു. ആകപ്പാടെ സ്ഥിതിവിവരക്കണക്കുകളും ന്യായാന്യായവാദവും കൊണ്ട് സുഭിക്ഷം തെളിയിക്കാമായിരുന്ന ഒരു പ്രമേയം തന്നെയാണ് പ്രക്ഷോഭകാരികൾക്കുണ്ടായിരുന്നത്.

മെമ്മോറിയലിന്റെ രചന മിക്കവാറും സി.വി. തന്നെ നിർവ്വഹിച്ചു. പിന്നീടത് മദ്രാസിലെ അഭിഭാഷകപ്രമാണിയായ നോട്ടറിനെക്കൊണ്ട് പരിശോധിപ്പിച്ചു നിയമപരമായ ഭോദഗതികൾ വരുത്തിച്ചു. 1890 ഡിസംബർ മാസം അവസാനത്തിൽ ശങ്കരമേനോനും ജി.പി.യും കൂടി തിരുവനന്തപുരത്തെത്തി. വിപുലമായ ഒരു പ്രചരണം ആരംഭിച്ചു. സി.കെ.പി.യും സി.വി.യും തങ്ങളുടെ അശ്രാന്തപരിശ്രമം കൊണ്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള പ്രമാണികളെ വശപ്പെടുത്തിക്കഴിഞ്ഞിരുന്നു. അല്പകാലത്തെ പ്രചരണം കൊണ്ട് മെമ്മോറിയയിലെ ഒപ്പുകാരുടെ സംഖ്യ 1037 ആയി വർദ്ധിച്ചു. 1891 ജനുവരി 1-ാം തിയതി ശങ്കരമേനോൻ രാജസന്നിധിയിൽ മെമ്മോറിയൽ സമർപ്പിച്ചു. അതോടുകൂടി അയച്ച കത്തിൽ സങ്കടക്കാർ തിരുമനസ്സിലെ പ്രജാവർഗ്ഗങ്ങളിൽ വിവിധ വിഭാഗക്കാരായ പ്രധാനികളും വിദ്വജ്ജനങ്ങളും കാര്യസ്ഥന്മാരുമാണെന്നു വിവരിച്ചിരുന്നു. ശങ്കരമേനോന്റെ കത്തിനുകിട്ടിയ മറുപടിയിൽ ആറുപേരടങ്ങിയ ഒരു ഡപ്യൂട്ടേഷൻ ദിവാൻജിയെക്കണ്ടു മെമ്മോറാണ്ടം സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് തിരഞ്ഞെടുക്കപ്പെട്ട കെ.പി. പത്മനാഭമേനോൻ, ജി.പി.പിള്ള, നിധീരി (വക്കീൽ), എം.കെ.പദ്മനാഭപ്പിള്ള, ശിവൻ പിള്ള, കാവാലം നീലകണ്ഠപ്പിള്ള എന്നിവർ ജൂലൈ രണ്ടാം തിയതി ദിവാൻജിയെ സന്ദർശിച്ചു മെമ്മോറാണ്ടം സമർപ്പിച്ചു. അതിൽ തിരുവിതാംകൂറിലെ പ്രജകളിൽ പ്രധാന വിഭാഗങ്ങളെ ബാധിക്കുന്നതും മഹാരാജസന്നിധിയിൽ ഉണർത്തിക്കുവാൻ മെമ്മോറിയലുകാർ ഇച്ഛിക്കുന്നതുമായ (ഭരണാധികാരികളുടെ) അപനയത്തെ ചൂണ്ടിക്കാണിച്ചിരുന്നു. രാജ്യഭരണത്തിൽ ജനങ്ങൾക്ക് ന്യായമായ ഒരു പങ്ക് നൽകാതെ ഉദ്യോഗങ്ങളിലേയ്ക്കുള്ള പ്രവേശനം നാട്ടുകാരെസംബന്ധിച്ചിടത്തോളം കരുതിക്കൂട്ടി എന്നപോലെ പ്രതിബന്ധിക്കപ്പെട്ടുകഴിയുന്നു എന്നുള്ളതായിരുന്നു അത്. ഭൂതകാലത്ത് അനുഷ്ഠിതമായിരുന്ന ദ്രോഹത്തെ പരിഹരിക്കാനുള്ള കാലം അതീതമായിരിക്കുന്നതിനാൽ, നിവേദനത്തിൽ ഉണർത്തിച്ചപോലുള്ള ദുർനയപ്രകടനങ്ങൾ മേലിൽ സംഭവിക്കാതെ പ്രതിരോധിക്കുന്നതിന് രാജകാരുണ്യം ഉണ്ടാകണമെന്നുള്ളതായിരുന്നു അടുത്ത അഭ്യർത്ഥന. ഹർജിയുടെ അവസാനഖണ്ഡികയിൽ മഹാരാജാവു തിരുമനസ്സിലെ പ്രജകൾക്കുതന്നെ രാജ്യസേവനം ചെയ്യുവാൻ അവസരം ഉണ്ടാകണമെന്ന് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു.

സർക്കാർ സർവ്വീസിൽ മാത്രമല്ല വിദ്യാഭ്യാസവിഷയത്തിലും ഗവൺമെന്റ് കാണിച്ചുവന്ന അസമത്വപരമായ നടപടികളെയും മെമ്മോറിയൽ പ്രത്യേകം പരാമർശിച്ചിരുന്നു. താഴ്ന്ന സമുദായ ക്കാർക്ക് പാഠശാലകളിൽ പ്രവേശനം നിരോധിച്ചിരുന്നതിനെ ദൂരീക രിക്കണമെന്നുള്ള പ്രാർത്ഥനയ്ക്കുപുറമേ ഈഴവസമുദായത്തെ സംബന്ധിക്കുന്ന താഴെപ്പറയുന്ന ഒരു ഖണ്ഡികയും കൂടി ഹർജിയിൽ ചേർത്തിരുന്നു.

“ഇതിനെ എല്ലാറ്റിനെക്കാൾ കഷ്ടതരമായിട്ടുള്ളത് മാസം അഞ്ചുരൂ പയോ അതിനുമേലോ ശമ്പളമുള്ള ഒരു ഈഴവനെങ്കിലും തിരുവി താംകൂർ ഗവൺമെന്റ് സർവ്വീസിൽ ഇല്ലാത്തതാകുന്നു. ബുദ്ധിമാ ന്മാരും വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരുമായ ആളുകൾ അവരിൽ ഇല്ലാഞ്ഞിട്ടല്ല. മലബാറിൽ ഇന്ത്യക്കാർക്ക് പ്രവേശിക്കാവുന്ന സിവിൽ സർവ്വീസിൽ ഏറ്റവും ഉയർന്ന ഉദ്യോഗങ്ങളിൽ ഇവരുടെ ജാതിക്കാരിൽ പലരും ഇരിക്കുന്നുണ്ട്.

ഹർജി സമർപ്പിച്ചു കഴിഞ്ഞ് ഇന്ത്യയിലെ പ്രധാന പത്രങ്ങളെല്ലാം അതിനെ ശക്തിയായി അനുകൂലിച്ചു. മദ്രാസ് മെയിൽ, മദ്രാസ് റ്റൈംസ്, കൽക്കട്ടയിലെ ‘സ്റ്റേറ്റ്സ്മാൻ’, മോർണിംഗ് പോസ്റ്റ്, പഞ്ചാവ് പെട്രിയാറ്റ്, ഇംഗ്ലീഷ്മാൻ, മുതലയായ ഇന്ത്യൻ പത്രങ്ങൾ അനുകൂ ലമായ മുഖപ്രസംഗങ്ങൾ എഴുതി. ജി.പി.യുടെ ‘മദ്രാസ് സ്റ്റാഡേർഡ്’ ഈ പ്രക്ഷോഭണത്തെപ്പറ്റി തുടർച്ചയായി ലേഖന ങ്ങളും പത്രാധിപാഭിപ്രായങ്ങളും എഴുതി വന്നു. ആകെപ്പാടെ ‘മല യാളി മെമ്മോറിയൽ’ ഒരു മഹാ സംഭവമായിത്തീർന്നു.

എന്നാൽ ഇതോടടുത്തുതന്നെ ഒരു എതിർ മെമ്മോറിയൽകൂടി സമർപ്പിതമായി. അത് നയതന്ത്രപരമായ ഒരു പ്രതികരണംമാത്രമെ ആയിരുന്നുള്ളൂവെന്ന് സ്പഷ്ടമാണ്. ആദ്യ മെമ്മോറിയലിന്റെ ശക്തി കുറയ്ക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരുന്ന ഈ പ്രയോഗം വിപരീത ഫലത്തിലാണ് കലാശിച്ചത്. “ഭരണകൂടത്തിന്റെമേൽ അന്യായ മായും അനാവശ്യമായും ആരോപിതമായ ഒരു കളങ്കത്തെ പ്രമാർജ്ജനം ചെയ്യുവാൻ” ആണ് മെമ്മോറിയലിന്റെ ഉദ്ദേശ്യമെന്ന് അതിൽ പ്രസ്താവിച്ചിരുന്നു. ഇതിന്റെ നേതാക്കന്മാർ ഹൈക്കോടതി വക്കീൽ ഇ.രാമയ്യർ, കെ.ജി.ശേഷയ്യർ മുതലായവരായിരുന്നു. കക്ഷി പ്രതികക്ഷികളുടെ പ്രതിനിധികളെ ദിവാൻജി വരുത്തി ഇരുവശവും കേട്ടു വേണ്ട പരിഹാരങ്ങൾ വാഗ്ദാനം ചെയ്തു. മലയാളിമെമ്മോറി യൽ അടിസ്ഥാനരഹിതമെന്നുവരുത്താൻ എതിർകക്ഷികൾ യത്നി ച്ചുവെങ്കിലും മെമ്മോറിയലിന്റെ പ്രത്യാഘാതങ്ങൾ താമസിക്കാതെ പ്രത്യക്ഷപ്പെടാതിരുന്നില്ല. മഹാരാജാവു തിരുമനസ്സുകൊണ്ട് പ്രജാ പ്രതിനിധികൾക്ക് മുഖം കാണിക്കുവാൻ സന്ദർഭം നൽകുകയും സങ്കടപരിഹാരത്തിൽ ശ്രദ്ധിക്കുന്നതാണെന്ന് ഉറപ്പുനൽകുകയും ചെയ്തു. രാമരായർ താമസിക്കാതെ ഉദ്യോഗത്തിൽനിന്ന് വിരമിച്ച പ്പോൾ, തല്സ്ഥാനത്തേയ്ക്ക് നിയമിതനായ ശങ്കരസുബ്ബയ്യർ ഒരു നാട്ടുകാരൻ എന്നുള്ള അഭിമാനംകൊണ്ട് ജനങ്ങളുടെ പ്രീതിബഹു മാനങ്ങൾക്ക് പാത്രമായിരുന്നു. തുടർന്ന് ഉന്നതവിദ്യാഭ്യാസവും കാര്യശേഷിയുംകൊണ്ട് അനുഗ്രഹീതനായ പി.താണുപിള്ള മുത

ലായ പല സ്വദേശികൾക്കും അവർ അർഹിക്കുന്ന പ്രോത്സാഹന ങ്ങൾ സിദ്ധിക്കുകയും ചെയ്തു.

മലയാളിമെമ്മോറിയൽ തിരുവിതാംകൂറിലെ രാഷ്ട്രീയചരിത്രത്തിൽ വളരെ പ്രാധാന്യമേറിയ സംഭവമാണ്. വ്യവസ്ഥാപിതമാർഗ്ഗങ്ങളി ലുള്ള ജനകീയപ്രക്ഷോഭണശൃംഖലയുടെ ആദ്യത്തെ കണ്ണി അതു തന്നെ. അതിന്റെ രൂപവത്ക്കരണത്തിനും വിജയപരിസമാപ്തി യ്ക്കുംവേണ്ടി സി.വി. പല ത്യാഗങ്ങളും സഹിച്ചു. ഒപ്പുശേഖരണം വളരെ വിഷമമേറിയ ഒരു കൃത്യമായിരുന്നു. അതിലേയ്ക്ക് നിയോഗി ക്കപ്പെട്ടവരുടെ ചിലവുകളിലേയ്ക്കും മറ്റും പണം ഇല്ലാതെവന്നു. ഗവൺമെന്റിന്റെ അപ്രീതിയെ ഭയന്ന് പലരും പ്രസ്ഥാന ത്തിൽനിന്നും പിൻമാറിയതിനാൽ വാഗ്ദത്തസംഭാവനകളൊന്നും പിരിഞ്ഞുകിട്ടിയില്ല. ആവശ്യങ്ങൾക്ക് പണം പോരാതെവന്നപ്പോൾ സി.വി. സ്വന്തം കൈയിൽനിന്നും പണം വ്യയം ചെയ്യേണ്ടിവന്നു. കാവാലം നീലകണ്ഠപ്പിള്ള മുതലായ ധനികന്മാരുടെ സംഭാവന കൊണ്ടാണ് ആദ്യപ്രവർത്തനങ്ങൾ നടന്നുകൂടിയത്. ഒടുവിൽ കെ. പി.ശങ്കരമേനോന്റെയും ജി.പി.പിള്ളയുടെയും പോക്കുവരവു കൾക്കും അവർ തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും നടത്തിയ പ്രചരണങ്ങൾക്കും പണമില്ലാതെവന്നപ്പോൾ സി.വി. തന്റെ ഭാര്യ യുടെ കണ്ഠാഭരണം വിറ്റ് എഴുന്നൂറു രൂപയോളം ഉണ്ടാക്കി ആവശ്യം നിർവ്വഹിച്ച സംഗതി തിരുവനന്തപുരത്ത് പല പഴയ പ്രമാ ണിമാർക്കും അറിവുള്ളതാണ്. അധികാരികളുടെ നയവിശേഷം കൊണ്ട് നിധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയലിൽനിന്നും പിൻമാറിയതുനിമിത്തം മറ്റൊരു വിശേഷമുണ്ടായി. അത് അഭിമാന ക്ഷയത്തിൽ കലാശിക്കുമായിരുന്നു. എന്നാൽ സി.വി.ഉത്തരതിരുവി താംകൂറിൽ തനിക്കുണ്ടായിരുന്ന സ്വാധീനശക്തിപ്രയോഗിച്ച് കത്ത നാർക്ക് പകരം നീധീരിവക്കീലിനെ അതിൽ ഉൾപ്പെടുത്തി കാര്യം നിർവ്വഹിച്ചു. ഇതെല്ലാം യവനികയ്ക്കുള്ളിൽ നടന്ന കാര്യങ്ങളാണ്. പ്രസ്ഥാനങ്ങളുടെയും പ്രക്ഷോഭണങ്ങളുടെയും ചരിത്രത്തിൽ ഇപ്ര കാരമുള്ള രഹസ്യങ്ങൾ പിൽക്കാലത്ത് വിസ്മൃതപ്രായമായിപ്പോ കുക സാധാരണമാണെങ്കിലും ഒരുപക്ഷേ കൂടുതൽ പ്രസക്തമായ സംഗതിയേക്കാൾ പ്രസ്ഥാനങ്ങൾക്ക് ജീവസന്ധായകങ്ങളായിരു ന്നത് ഇത്തരം നിശബ്ദങ്ങളായ ത്യാഗകൃത്യങ്ങളാണെന്നുള്ളത് വിസ്മരിക്കത്തക്കതല്ല.

മലയാളി മെമ്മോറിയലിന്റെ ഫലമായി ഗവൺമെന്റ് ഔദ്യോഗികനി യമനയത്തിൽ പുതുതായൊരു ന്യായദീക്ഷ സംജാതമായെങ്കിലും അതിൽ പങ്കെടുത്ത സർക്കാരുദ്യോഗസ്ഥന്മാരിൽ ചിലരുടെ നേരെ ഗവൺമെന്റ് ദാക്ഷിണ്യരഹിതമായ ഒരു നയം തുടർന്നു. സി.കൃ ഷ്ണപ്പിള്ളയുടെ അവകാശങ്ങൾ പരിഗണിക്കപ്പെട്ടു. സി.വി.യ്ക്ക് യാതൊരുവിധത്തിലുമുള്ള ഉദ്യോഗക്കയറ്റങ്ങളും കുറേക്കാല ത്തേയ്ക്ക് നൽകിയില്ല. മലയാളിപത്രം മുഖാന്തിരം സി.വി. നിർവ്വ ഹിച്ച വിമർശനപരിപാടികൾ ഗവൺമെന്റിനെ ഭീതിപ്പെടുത്തി. മാർത്താണ്ഡവർമ്മയുടെ പ്രസിദ്ധീകരണത്തോടുകൂടി സി.വി.യുടെ പ്രശസ്തിയും പ്രാബല്യവും സ്വാധീനശക്തിയും വളരെ വർദ്ധിച്ച പ്പോഴേയ്ക്കും രാമറാവുന്റെ ഗവൺമെന്റിന് സി.വി. നാമം ഭയകാര

ണമായിത്തീർന്നു. ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ പത്രം നടത്തി കൂടാ എന്നൊരു നിയമം ആ ഇടയ്ക്ക് പ്രഖ്യാപിക്കപ്പെട്ടു. അതിന്റെ ഫലമായി മലയാളിയുടെ നടത്തിപ്പിൽ സി.വി.യ്ക്ക് നേരിട്ടൊന്നും പ്രവർത്തിക്കുവാൻ കഴിയാതെവന്നു. പത്രത്തിന്റെ പ്രചാരത്തെ അത് സാരമായി ബാധിച്ചു. ക്രമേണ പ്രസിദ്ധീകരണം നിർത്തിവയ്ക്കേണ്ട തായ ആവശ്യം നേരിട്ടു. പിന്നീട് കുറച്ചുകാലത്തേയ്ക്ക് സി.വി. നായർ സമുദായപരിഷ്ക്കരണം സംബന്ധിച്ചുള്ള ലേഖനസംഭവങ്ങ ളിലും മറ്റും വ്യാപൃതനായി.

രാഷ്ട്രീയലേഖനങ്ങൾ അധികവും മദ്രാസ് പത്രങ്ങൾക്കുതന്നെ അയച്ചു. മദ്രാസ് സ്റ്റാഡേർഡിന്റെ ഇവിടത്തെ രാഷ്ട്രീയലേഖകൻ അന്നും അദ്ദേഹം തന്നെ. നായർ സമുദായത്തിലെ വിവാഹനിയമ നിർമ്മാണം ആയിരുന്നു അന്നത്തെ ഏറ്റവും പ്രധാന ചിന്താവിഷ യം. നായന്മാരുടെ ഇടയ്ക്ക് സുവ്യവസ്ഥിതമായ ഒരു വിവാഹ നടപ്പ് ഇല്ലെന്നുള്ള ആക്ഷേപം ബഹുകാലമായിട്ടുണ്ടായിരുന്നു. അഭ്യസ്ത വിദ്യരായ യുവാക്കന്മാർ ഈ വൈകല്യം പരിഹരിക്കുവാൻ കുറേ ക്കാലമായി ശ്രമിച്ചുവന്നു. സി.വി.യുടെയും സി.കെ.പി.യുടെയും പ്രത്യേകശ്രദ്ധയുടെ ഫലമായി മലയാളിസഭയും, മലയാളിപത്രവും ആദ്യംമുതൽക്കേ ഇതുസംബന്ധമായ പ്രചരണവേലകൾ നടത്തിവ ന്നിരുന്നതിനാൽ ജനസാമാന്യത്തിന് വ്യവസ്ഥയുടെ ആവശ്യകത യെപ്പറ്റി നല്ല ബോധം ജനിച്ചു. എന്നാൽ നിയമനിർമ്മാണം അത്ര ക്ഷിപ്രസാദ്ധ്യമായ ഒരു കൃത്യമായിരുന്നില്ല. നായർ സമുദായത്തിലെ വിവാഹനിയമം ഇതരസമുദായങ്ങളെകൂടി സംബന്ധിക്കുന്നതാക യാൽ അവരുടെ താൽപര്യങ്ങളെ പരിഗണിക്കാതെ ഒരു നിയമം പാസ്സാക്കുവാൻ സാധ്യമല്ലായിരുന്നു. എങ്കിലും സമുദായങ്ങളുടെ ഏകസ്വരത്തിലുള്ള മുറവിളി ഗവൺമെന്റ് ദാക്ഷിണ്യബുദ്ധിയെ ഉച്ചലിപ്പിക്കുന്നതായി തോന്നുന്നു.

1896-ാം മാണ്ടോടുകൂടി ഒരു വിവാഹബിൽ അവതരിപ്പിക്കാനുള്ള അനുമതി അന്ന് ചീഫ് സെക്രട്ടറിയായിരുന്ന താണുപിള്ളയ്ക്ക് ഗവൺമെന്റ് നൽകി. ഇതൊരു നല്ല സന്ദർഭമായി പ്രത്യുത്പന്നമതി കളായ സമുദായാംഗങ്ങൾ വിചാരിച്ചു. വിവാഹനിയമം അവതരിപ്പി ക്കാനുള്ള അനുവാദം സിദ്ധിക്കുകയെന്നുള്ളതുതന്നെ അവിചാരിതം. ആ അനുവാദം താണുപിള്ളയ്ക്ക് കിട്ടിയത് സമുദായത്തിന്റെ പൂർവ്വ സുകൃതഫലമെന്ന് എല്ലാവരും കൊണ്ടാടി. സി.വി., താണുപിള്ള യുടെ കൃത്യനിർവ്വഹണത്തിൽ അദ്ദേഹത്തെ വളരെ സഹായിച്ചു. ദിനംപ്രതിചേർന്നുവന്ന ഗൃഹസദസ്സുകളിൽ താണുപിള്ള നിയമസഭ യിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിച്ച ബില്ലിന്റെ നാനാഭാഗങ്ങളും വിവാദവിഷയമാക്കി. വിവാദങ്ങളിൽ സി.വി.യുടെ അഭിപ്രായങ്ങൾ സമാദരണീയങ്ങളായിരുന്നു. താമസിക്കാതെ ബിൽ തയ്യാറായി. 1072ൽ അത് നിയമസഭയിൽ അവതരിപ്പിച്ചു. തദവസരത്തിൽ താണു പിള്ള ചെയ്ത പ്രസംഗം, സമുദായശാസ്ത്രത്തിലും നിയമസഭക ളിലും അദ്ദേഹത്തിന്റെ അപാരപാണ്ഡിത്യത്തിനെന്നപോലെ അസാ ധാരണമായ വാഗ്മിത്വത്തിനും സമുദായാഭിമാനത്തിനുംകൂടി മതി യായ ഒരു ദൃഷ്ടാന്തമാണ്. അതിന് ഏതാനും വർഷങ്ങൾക്കുമുൻപേ അന്ന് മദ്രാസ് ഹൈക്കോടതി വക്കീലായിരുന്ന ശങ്കരൻനായർ

(പിന്നീട് സർ) അവതരിപ്പിച്ച മലബാർ വിവാഹബിൽ സാരമായ ഒരു വ്യത്യാസമുണ്ട്. മരുമക്കത്തായ വിവാഹങ്ങൾ (സംബന്ധങ്ങൾ) സാധുവായ വിവാഹങ്ങളല്ലെന്ന്, വിവാഹം എന്നൊന്ന് പുതിയതായി നടപ്പാക്കണമെന്നുമുള്ള അടിസ്ഥാനത്തിലാണ് ശങ്കരൻനായർ ബിൽ രൂപവത്ക്കരിച്ചത്. താണുപിള്ളയുടെ വീക്ഷണഗതി ഇതിൽനിന്നും തികച്ചും വിഭിന്നമായിരുന്നു. സംബന്ധം ശരിയായ വിവാഹമാണെന്നും ബിൽകൊണ്ട് അതിന് നിയമ സാധുത്വം സിദ്ധിക്കേണ്ട ആവശ്യമെയുള്ളൂവെന്നായിരുന്നു അദ്ദേഹത്തിന്റെ നില. ശങ്കരൻ നായരുടെ ബിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോത്തന്നെ അതിന്റെ അടിസ്ഥാനം തെറ്റിപ്പോയെന്ന് താണുപിള്ള പ്രസ്താവിച്ചതായി കേട്ടിട്ടുണ്ട്. ബിൽ സെലക്ട് കമ്മിറ്റിയെ ഏൽപ്പിച്ചു. എന്നാൽ അതിന്റെ പുരോഗതി അതോടെ തീർന്നു. പ്രബലങ്ങളായ എതിർശക്തികൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. അസാധാരണമായ സ്വാധീനശക്തി ഉപയോഗിച്ച് ബില്ലിനെ തകർത്തു. അതുപിന്നെ സൂര്യപ്രകാശം കണ്ടില്ല. നായർ വിവാഹബില്ലിനെക്കുറിച്ചുള്ള ശ്രമം അതോടെ തൽക്കാലം പരാജയത്തിൽ കലാശിച്ചു.

എങ്കിലും സമുദായപ്രവർത്തകന്മാർ അവരുടെ പരിശ്രമങ്ങളിൽനിന്നും വിരമിച്ചില്ല. കൂടുതൽ ശക്തിമത്തായ ഒരു പ്രക്ഷോഭണത്തിന് കുറെ താമസിച്ചാണെങ്കിലും അവർക്ക് സന്ദർഭം ലഭിച്ചത് ഇനിയും വിവരിക്കേണ്ടിവരുന്നതാണ്.

## 10.2 പാഠസംഗ്രഹം

മാർത്താണ്ഡവർമ്മ എന്ന കൃതിയിലൂടെ സി.വി.യുടെ ജീവിതവീക്ഷണങ്ങളെയും സങ്കല്പങ്ങളെയും കണ്ടെത്താനുള്ള ശ്രമമാണ് നടത്തുന്നത്. നോവൽ സംഭവം പ്രധാനമായിരിക്കുമ്പോൾത്തന്നെ മനുഷ്യസ്വഭാവത്തിന്റെ പ്രതിനിധികളായ കഥാപാത്രങ്ങളെ വരച്ചിടുന്നതിൽ സി.വി.ക്കുള്ള കഴിവ് അന്യാദൃശ്യമാണ്. തനിക്കു പറയാനുള്ള പലതും കഥാപാത്രങ്ങളെക്കൊണ്ട് പറയിക്കുന്ന സി.വി.യ്ക്ക് പൂർവ്വകാലത്തോടുള്ള ആരാധനയും ഇഷ്ടവും ഏറെ ആയിരുന്നു.

ചരിത്രാഖ്യായികളാൽ സ്വന്തം പാരമ്പര്യത്തെയും ദേശത്തെയും ആവിഷ്ക്കരിച്ച സി.വി. അതേ സമയം സമകാലികസാമൂഹികപ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടിരുന്നു എന്നതിനു തെളിവാണ് മലയാളിമെമ്മോറിയലിൽ അദ്ദേഹത്തിന്റെ പങ്കാളിത്തം. മലയാളികളായ അഭ്യസ്തവിദ്യർക്ക് സർക്കാർ ജോലി ലഭിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടിരുന്ന ജനകീയമുന്നേറ്റത്തിന്റെ പിന്നിലെ ചാലകശക്തി സി.വി. ആയിരുന്നു എന്ന് മലയാളിമെമ്മോറിയൽ എന്ന ജീവചരിത്രഭാഗം വ്യക്തമാക്കുന്നു.

## 10.3 പദാർത്ഥബോധനം

| | | |
|---|---|---|
| നൈപുണി | - | സാമർത്ഥ്യം |
| സജാതമാക്കുക | - | ഉളവാക്കുക |
| അനുഷ്ഠേയം | - | അനുഷ്ഠിക്കാവുന്നത് |
| ഖരം | - | കഠിനം |

| | | |
|---|---|---|
| ദ്രവ്യേച്ഛു | - | പണം മാത്രം കാംക്ഷിക്കുന്നവർ |
| മകുടംചാർത്തുക | - | അലങ്കാരമാകുക, കിരീടം ചാർത്തുക |
| ജീവസന്ദായകം | - | ജീവൻ നൽകുന്നത് |
| ക്ഷിപ്രസാധ്യം | - | പെട്ടെന്ന് സാധിക്കുന്നത് |
| ഉച്ചലിപ്പിക്കുക | - | ചലിപ്പിക്കുക, ഇളക്കുക, ഉയർത്തുക |
| പ്രത്യുല്പന്നമതികൾ | - | അടിന്തിരഘട്ടങ്ങളിൽ ഉചിതമായ ബുദ്ധിപ്രവർത്തിക്കുന്നവർ |

മാർത്താണ്ഡവർമ്മയുടെ രചന സി.വി.യെ സംബന്ധിച്ച് രാജഭക്തിയുടെ മാത്രം ഫലമായിരുന്നില്ല. അടങ്ങാത്ത രാജ്യസ്നേഹവും അഭിമാനബോധവും സി.വി.യിൽ ഇന്നും എന്നും ഉണ്ടായിരുന്നു. മാങ്കോയിക്കൽ കുറുപ്പിനെപ്പോലുള്ള ഒരു നാടൻ കാരണവരുടെ വാക്കുകൾ സി.വി. തന്നെ പറയാനാഗ്രഹിച്ച വാക്കുകളായിരുന്നു എന്ന് പരമേശ്വരൻ നായർ കണ്ടെത്തുന്നു. സ്വന്തം ഭാര്യയുടെ കണ്ഠാഭരണം വിറ്റുപോലും മലയാളിമെമ്മോറിയലിന് പണം കണ്ടെത്തിയ വലിയ മനുഷ്യസ്നേഹിയും ജനാധിപത്യവാദിയും ആയിരുന്നു സി.വി.യെന്ന് ഈ ജീവചരിത്രഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു.

## 10.4 പുരോഗതി സ്വയം പരിശോധിക്കുക

1. ഹരോൾഡ് നിക്സൺ ജീവചരിത്രത്തെ നിർവ്വചിക്കുന്നതെങ്ങനെ?

2. ബയോഗ്രാഫി എന്ന പദം ആദ്യം പ്രയോഗിച്ചതാര്?

3. മലയാളത്തിൽ ഏറ്റവുമധികം ജീവചരിത്രങ്ങൾ ഉണ്ടായിട്ടുള്ളത് ആരെക്കുറിച്ചാണ്

4. കൈനിക്കര കുമാരപിള്ള സി.വി.രാമൻപിള്ളയെന്ന ജീവചരിത്ര ഗ്രന്ഥത്തെപ്പറ്റി പറഞ്ഞ അഭിപ്രായമെന്ത്?

5. രണ്ട് ജീവചരിത്രഭാഗങ്ങൾ പഠനമാതൃകളായി തന്നിരിക്കുന്നതിന്റെ ഔചിത്യം എന്ത്?

6. മലയാളിമെമ്മോറിയലിൽ സി.വി. വഹിച്ച പങ്ക് എന്ത്?

7. പാത്രസൃഷ്ടിയിൽ സി.വി.യുടെ വൈഭവം മാർത്താണ്ഡവർമ്മയിൽ പ്രകടമാകുന്നതെങ്ങനെ?

8. തന്റെ ജീവചരിത്രത്തിൽ സി.വി.യുടെ ഏതുതരം ചരിത്രകഥനം നടത്തിയെന്നാണ് പി.കെ. പരമേശ്വരൻ നായർ അവകാശപ്പെടുന്നത്.

9. സി.വി. സാഹിത്യത്തിലെ ഏറ്റവും ഹൃദയാവർജകമായ കഥാപാത്രം എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ്.

10. മാങ്കോയിക്കൽ കുറുപ്പിന്റെ അവതരണത്തിൽ സി.വി.ക്കു പ്രധാനമായി രണ്ടുദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു - എന്തൊക്കെയാണ് ആ ഉദ്ദേശ്യങ്ങൾ?

## 10.5 ഉത്തരം

1. "കലാസൃഷ്ടിയെന്ന നിലയിൽ തയാറാക്കിയ ഒരു വ്യക്തിയുടെ സത്യസന്ധമായ ജീവിതരേഖ"
2. ഡ്രൈഡൺ
3. ശ്രീനാരായണഗുരു
4. "ഇതിലെ സാഹിത്യനിരൂപണങ്ങൾ സഹൃദയത്വത്തെയും കലാവബോധത്തെയും തെളിയിക്കുന്നു. യുക്തിയുക്തതയും ഔചിത്യവും അനുഭാവപൂർണമായ നീതിദീക്ഷയും വിധികളിൽ പ്രകടമാണ്. സി.വി.യുടെ സുന്ദരവും അനശ്വരവുമായ ഒരു സ്മാരകമായി ഈ ഗ്രന്ഥം കൈരളീക്ഷേത്രത്തിൽ സുപ്രതിഷ്ഠ സമ്പാദിക്കുമെന്നാണ് എന്റെ ദൃഢമായ വിശ്വാസം.
5. എഴുത്തുകാരനായ സി.വി.യെയും സാമൂഹ്യപ്രവർത്തകനായ സി.വി.യെയും എങ്ങനെ ജീവചരിത്രകാരൻ ആവിഷ്കരിച്ചിരിക്കുന്നു എന്നറിയുന്നതിന്.
6. മലയാളിമെമ്മോറിയലിനുപിന്നിൽനിന്ന് പ്രവർത്തിച്ചു സ്വന്തം പണം ഏറെ ചെലവിട്ടു. ഭരണാധികാരിയുടെ അപ്രീതിക്ക് പാത്രമായി. മെമ്മോറാണ്ടത്തിന്റെ രചനയിൽ നേതൃസ്ഥാനം വഹിച്ചു.
7. യഥാർത്ഥമായ മനുഷ്യസ്വഭാവനിരീക്ഷണം. പ്രധാന കഥാപാത്രങ്ങളെക്കാൾ അപ്രധാന കഥാപാത്രങ്ങൾ മനുഷ്യസ്വഭാവത്തെ അവതരിപ്പിക്കുന്നു.
8. "ഒരു ചിന്തകന്റെയും പ്രവൃത്തിനിരതന്റെയും മനുഷ്യഗുണസമ്പന്നന്റെയും യൗഗപദികമായ ചരിത്രകഥനം നടത്തിയിരിക്കുന്നു.
9. മാർത്താണ്ഡവർമ്മയിലെ ശങ്കു ആശാൻ
10. ഒന്നാമതായി പുരാതന കർഷകപൗരത്വത്തിന്റെ ഒരു യഥാർത്ഥ ചിത്രം വരച്ചു കാണിക്കുക. രണ്ടാമതായി രാജഭക്തിയും രാജ്യസ്നേഹവും കൂടിക്കലർന്ന ഒരു പൗരന്റെ ചിന്താഗതികളെ സ്പഷ്ടമാക്കുക.

## 10.6 വിഷയാവതരണവും പാഠഭാഗവും

### ആത്മകഥ

ഇംഗ്ലീഷിൽ 'ഓട്ടോബയോഗ്രാഫി' എന്ന പദത്തിന് തുല്യമാണ് മലയാളത്തിൽ ആത്മകഥ എന്ന പേര് പ്രയോഗത്തിലുള്ളത്. യഥാർത്ഥത്തിൽ ജീവചരിത്രമെന്ന വിശാലമേഖലയുടെ ഭാഗമാണ് ആത്മകഥ. എന്നാൽ സ്വജീവിതാഖ്യാനത്തിൽ ആഖ്യാതാവിന്റെ വ്യക്തിത്വം കൂടുതൽ പ്രകടമാകും എന്നുള്ളതാണ് ആത്മകഥയെ വ്യത്യസ്തമാക്കുന്നത്.

ഒരു നല്ല ആത്മകഥാകാരൻ അപഗ്രഥാനാത്മസർഗശക്തിയും ജീവിതവീക്ഷണവും മനുഷ്യവർഗ്ഗത്തിന്റെ ഏകത്വത്തിൽ വിശ്വാസവും

ഉള്ളവനും നിർവ്യക്തികവും വസ്തുനിഷ്ഠവുമായ സമീപനം സ്വന്തം ജീവിതചിത്രീകരണത്തിൽ പുലർത്തുന്നവനും ആയിരിക്കണമെന്ന് Aspects of Biography എന്ന ഗ്രന്ഥത്തിൽ ആന്ദ്രേമർവേ നിരീക്ഷിക്കുന്നുണ്ട്. സർഗ്ഗാത്മകതയും വസ്തുനിഷ്ഠതയും ഒരുപോലെ ആത്മകഥയ്ക്ക് അനിവാര്യമാണെന്ന് ഈ നിർവ്വചനം വെളിവാക്കുന്നു.

എ. സെന്റ് അഗസ്റ്റിൻ എഴുതിയ 'കൺഫഷൻസ്' ആണ് ലോകത്തിലെ ആദ്യത്തെ ആത്മകഥയായി കണക്കാക്കപ്പെടുന്നത്. പത്തൊൻപതാം നൂറ്റാണ്ടിൽ പാശ്ചാത്യനാടുകളിൽ ആത്മകഥാരചന വ്യാപകമായി. എച്ച്. ജി. വെത്സ്, ഡബ്ല്യു. ബി. യേറ്റ്സ്, ജോൺ റസ്കിൻ എന്നിവരുടെ ആത്മകഥകൾ അക്കാലയളവിൽ വിദേശത്തുണ്ടായ പ്രധാന ആത്മകഥകളാണ്.

ഭാരതത്തിലെഴുതിയ പ്രധാന ആത്മകഥകൾ, മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, അബ്ദുൾക്കലാം, തുടങ്ങിയവരുടെതാണ്. മഹാത്മാഗാന്ധിയുടെ My Experiments with Truth (എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ). ലോകത്തുതന്നെ ഏറ്റവും കൂടുതൽ വില്ക്കപ്പെട്ട ആത്മകഥയാണ്. എന്റെ ജീവിതം തന്നെയാണ് എന്റെ സന്ദേശം എന്ന് ലോകത്തോടു പറഞ്ഞ അദ്ദേഹത്തിന്റെ ഈ ആത്മകഥ സത്യസന്ധതയും, സവിശേഷജീവിതദർശനവും കൊണ്ടാണ് ശ്രദ്ധേയമാകുന്നത്. സത്യം കണ്ടെത്തുന്നതിനുവേണ്ടി താൻ നടത്തിയ പരീക്ഷണങ്ങളുടെ വിവരണമാണ് ഈ കൃതി എന്ന് മഹാത്മാഗാന്ധി തന്നെ പറഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെയും നവോത്ഥാനപ്രവർത്തനങ്ങളുടെയും അമരക്കാരായിരുന്ന നിരവധി പ്രസിദ്ധർ ആത്മകഥകളെഴുതിയിട്ടുണ്ട്.

## ആത്മകഥ മലയാളത്തിൽ

മലാളത്തിലെ ആദ്യ ആത്മകഥയായി പരിഗണിക്കപ്പെട്ടത് വൈക്കത്ത് പാച്ചുമ്മൂത്തിന്റെ ആത്മകഥയാണ്. 1912-ൽ സ്വദേശാഭിമാനി എഴുതിയ 'എന്റെ നാടുകടത്തൽ' പ്രസിദ്ധം ചെയ്തതോടെ മലയാളത്തിൽ ആത്മകഥ സജീവമായ ഒരു സാഹിത്യരൂപമായി മാറി. തുടർന്നുണ്ടായ ആത്മകഥകളിൽ പലതും സർഗ്ഗാത്മകസാഹിത്യകൃതികളെപ്പോലെ മലയാളി വായനക്കാർ എടുത്തിട്ടുണ്ട്. അത്യന്തം നർമ്മം തുളുമ്പുന്ന ആത്മകഥയാണ് ജി.വി.കൃഷ്ണപിള്ളയുടെ ജീവിതസ്മരണകൾ. കെ.പി.കേശവമേനോന്റെ കഴിഞ്ഞ കാലം, സി.കേശവന്റെ ജീവിതസമരം, ചെടുകാടിന്റെ ജീവിതപ്പാത, ജി.ശങ്കരക്കുറുപ്പിന്റെ ഓർമ്മയുടെ ഓളങ്ങളിൽ, എ.കെ.ജി.യുടെ എന്റെ ജീവിതകഥ, എൻ.എൻ.പിള്ളയുടെ ഞാൻ, തകഴിയുടെ ഓർമ്മയുടെ തീരങ്ങളിൽ, തിക്കൊടിയന്റെ അരങ്ങുകാണാത്ത നടൻ എന്നിവ മലയാളത്തിലെ പ്രസിദ്ധങ്ങളായ ആത്മകഥകളിൽ ചിലതാണ്. പി.കുഞ്ഞിരാമൻ നായരുടെ 'കവിയുടെ കാല്പാടുകൾ' കവിതപോലെ സൗന്ദര്യം തുളുമ്പുന്ന ആത്മകഥയാണ്. ഇന്നിപ്പോൾ ആത്മകഥയും ജീവചരിത്രവും മിശ്രണം ചെയ്ത പുതിയ സാഹിത്യരൂപമായി കേട്ടെഴുത്തുപോലുള്ള സമ്പ്രദായങ്ങൾ വളർന്നുവന്നിട്ടുണ്ട്. മഹാത്മാഗാന്ധിയുടെ എന്റെ സത്യാന്വേഷണ പരീക്ഷണ



ignou
THE PEOPLE'S
UNIVERSITY

ങ്ങൾ പോലെ സത്യസന്ധതകൊണ്ടും, പരീക്ഷണാത്മകത കൊണ്ടും കർമ്മവൈപുല്യം കൊണ്ടും വേറിട്ടുനിൽക്കുന്ന ആത്മക ഥയാണ് വി.ടി. ഭട്ടതിരിപ്പാടിന്റെ കണ്ണീരും കിനാവും.

കേരളത്തിന്റെ നവോത്ഥാനപ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്ത വി.ടി. കഥാകൃത്തെന്ന നിലയിലും ഉപന്യാകാരൻ എന്ന നിലയിലും ഒക്കെ മലയാളിക്ക് പരിചിതനാണ്. ഒരിക്കലും തളരാത്ത കർമ്മശേ ഷിയായിരുന്നു വി.ടി.യുടെ ജീവിതത്തന്റെ ചൈതന്യം. ആ കർമ്മശേഷിയാണ് നിരക്ഷരതയിൽ നിന്ന് കേരളീയ ഉദ്യാനത്തിന്റെ നടുനിലയിലേയ്ക്ക് വി.ടി.യെ വളർത്തിയത്.

സ്വന്തം കർമ്മമണ്ഡലത്തെ കലർപ്പില്ലാതെ ആവിഷ്കരിക്കുന്ന ആത്മകഥയ്ക്ക് കണ്ണീരും കിനാവും എന്ന ശീർഷകം ഏറ്റവും ഉചി തമാണ്. ജീവിതത്തിൽ കുടിച്ച കണ്ണീരിനുമീതെയായിരുന്നു പുതിയ ലോകത്തെക്കുറിച്ച് കണ്ട സ്വപ്നത്തിന്റെ യഥാർത്ഥ തിളക്കം.

കേരളീയ നവോത്ഥാനനായകന്മാരിൽ പ്രമുഖനാണ് വി.ടി. ഭട്ടതിരി പ്പാട്. വി.ടി. യുടെ 'കണ്ണീരും കിനാവും' എന്ന ആത്മകഥയിൽ നിന്നെടുത്തതാണ് അക്ഷരവെളിച്ചം എന്ന പാഠഭാഗം. നമ്പൂതിരി സമുദായത്തിലെ പരിശ്രമങ്ങൾക്ക് നേതൃത്വം നൽകിയത് വി.ടി. യാണ്. നമ്പൂതിരി സ്ത്രീകളുടെ ജീവിതക്ലേശങ്ങൾ അവസാനിപ്പിച്ച, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ വേണ്ടി വി.ടി. എഴുതിയനാടകമാണ് 'അടുക്കളിയിൽ നിന്ന് അരങ്ങത്തേക്ക്.' യോഗക്ഷേമഭയുടെയും, മറ്റും പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ വി.ടി.യാണ് മലയാളനാടകവേദിയെ ആധുനികരിച്ചത്.

കണ്ണീരും കിനാവും എന്ന കൃതി അന്നത്തെ നമ്പൂതിരി സമൂദായജീ വിതത്തിന്റെ യഥാതഥമായ ആവിഷ്കാരമാണ്. കണ്ണീരിന്റെ ഉപ്പും കിനാവിന്റെ തിളക്കവും ഇടചേർന്ന ഒരു ജീവിതത്തിന്റെ ആവിഷ്കാ രമാണതിൽ കാണുന്നത്. ജീവിതത്തിന്റെ വേദനകൾക്കും കണ്ണീരി നുമിടയിൽ ഒരു നല്ല നാളെയെ കിനാവുകണ്ട വി.ടി.യുടെ ജീവിത ത്തിലെ വികാരനിർഭരമായ ഒരു സന്ദർഭമാണ് പാഠഭാഗത്തിലുള്ളത്. ഒപ്പം വരും തലമുറകൾക്കാകെ ഒരു പാഠം കൂടിയാണിത്.

## പാഠം 2 : അക്ഷരവെളിച്ചം

സായന്തനക്കാറ്റേറ്റ് പടിഞ്ഞാറെ ആലിൻചുവട്ടിൽ എന്തോ മനോരാ ജ്യത്തിലാണ്ടു നില്ക്കുകയായിരുന്നു ഞാൻ. കച്ചത്തോർത്തുമാത്രമു ടുത്തു ചെറിയൊരോലക്കുടക്കാലിൽ തൂക്കിയിട്ട പുസ്തകസ്സഞ്ചിയു മായി തിയ്യാടി നമ്പ്യാരുടെ ചെറിയ പെൺകുട്ടിയുണ്ട് അപ്പോൾ ആ വഴി വരുന്നു. ഇളകി മറിയുന്ന ആലിലച്ചാർത്തിനിടയിൽക്കൂടി വാർന്നുവീഴുന്ന അസ്തമനസൂര്യന്റെ കിരണകന്ദളം ആ കൊച്ചു ബാലികയുടെ ശൈശവത്തിനൊരു ദൈവിക പരിവേഷമുളവാക്കി. ഉച്ചഭക്ഷണമില്ലാത്തതുകൊണ്ടുള്ള വിശപ്പും വഴിനടന്ന വിയർപ്പും കൊണ്ട് നന്നെ വിവശയായിരുന്നു. തെല്ലിട സംശയിച്ചുനിന്നശേഷം പെട്ടെന്നു തന്റെ സഞ്ചിയിൽ നിന്ന് ഒരു നോട്ടുപുസ്തകം വലിച്ചെ ടുത്ത് അവൾ എന്നെ സമീപിച്ച് ഇണക്കത്തോടെ കെഞ്ചി:

'ഈ കണക്കൊന്നു പറഞ്ഞുതരാമോ? നാളെ ചെയ്തുകൊണ്ടു ചെല്ലാഞ്ഞാൽ മാസ്റ്റർ എന്നെ പുറത്തു നിർത്തും.'

അവളുടെ വിടർന്ന നയനങ്ങൾ പ്രതീക്ഷയോടെ എന്റെ മുഖത്തു പറ്റിനിന്നു. നോട്ടുപുസ്തകം മേടിച്ച് അതിലെ വെളുത്ത കടലാസിൽ കുനിയനുറുമ്പ് അരിച്ചപോലെ കാണായ കറുത്ത അക്ഷരങ്ങളിൽ നോക്കി ഞാനങ്ങനെ നിന്നു. യാതൊന്നും എനിക്കു മനസ്സിലായില്ല. ലജ്ജകൊണ്ടു ഞാൻ ഇല്ലാതായി. കാഴ്ച മങ്ങിപ്പോയി. കുനിഞ്ഞി രുന്നു ഞാനൊന്നു നെടുവീർപ്പിട്ടു. 'എനിക്ക് അക്ഷരം പോലും വായിക്കാനറിയില്ലല്ലോ' എന്ന്. ആ ഇത്തിരിയോളം പോന്ന പെൺകുട്ടിയോടു മീശകുരുത്ത ഞാനെങ്ങനെ പറയും? പൊങ്ങച്ചം കൊണ്ടു പുളച്ച എന്റെ മനസ്സമാധാനം തകർന്നുടഞ്ഞു. നന്നെ കുട്ടി ക്കാലത്തു വിജയദശമി ദിവസം കുളിച്ചു കോടിമുണ്ടുടുത്തു പൂവും പ്രസാദവും ചൂടി ആവണപ്പലകമേലിരുന്നു ഭദ്രദീപത്തിന്റെ തെളിനാ ളത്തിനു മുന്നിൽവെച്ചു മോതിരവിരൽകൊണ്ടു മണലിൽ 'ഹരിഃ ശ്രീ ഗണപതയേ നമഃ' എന്നു കുത്തിവരയ്ക്കേണ്ടിവന്നപ്പോൾ കൈവി രൽ നൊന്തതിനാൽ കവിളത്തൂടെ കിനിഞ്ഞിറങ്ങിയ കണ്ണുനീരിന്റെ പുളിപ്പു വീണ്ടും എനിക്കനുഭവപ്പെട്ടതന്നാണ്.

'കുട്ട്യോളൊക്കെ എപ്പൊപ്പോയതാ സ്കൂളുവിട്ടിട്ട്? വഴിയില് കണ്ടോ രോടൊക്കെ 'കൊണ്യാരം' പറഞ്ഞങ്ങനെ നില്ക്കും. എന്നിട്ടിരു ട്ടാവും അകായിലെത്തുമ്പോൾ!' പിന്നിൽനിന്ന് അമ്മയുടെ ശാസന കേട്ട് അവൾ വീട്ടിലേക്കോടി മറഞ്ഞു. അങ്ങനെ ആ കുട്ടിയിൽനിന്നു ഞാൻ തൽക്കാലം രക്ഷപ്പെട്ടു. പക്ഷേ, മനസ്സിലെ അസ്വാസ്ഥ്യ ത്തിൽനിന്നു രക്ഷപ്പെടാൻ എനിക്കു കഴിഞ്ഞില്ല.

'ആ രാത്രി മുഴുവൻ ഞാൻ എന്റെ ഭാവിയെപ്പറ്റി ചിന്തിച്ചു. 'വിജ്ഞാനം നേടിയേ അടങ്ങൂ' എന്ന് ആ ഘോരാന്ധകാരത്തിൽ ഞാൻ ശപഥം ചെയ്തു. പിറ്റേദിവസം തന്നെ പത്തുവയസ്സിലേറെ പ്രായമാകാത്ത ആ തിയ്യാടിപ്പെൺകുട്ടിയുടെ ശിഷ്യത്വം ഞാൻ കൈക്കൊള്ളുകയും ചെയ്തു. ഒരു സ്ലേറ്റിൽ അവൾ എനിക്ക് അമ്പ ത്തൊന്നക്ഷരങ്ങൾ എഴുതിത്തന്നു. നിശീഥിനിയുടെ നിശ്ശബ്ദതയിൽ ലോകം കൂർക്കം വലിച്ചുറങ്ങുമ്പോൾ ഞാൻ ആ അക്ഷരങ്ങൾ വായിലിട്ടു ചവച്ചു; വിറയാർന്ന കൈവിരൽകൊണ്ടു വീണ്ടും വീണ്ടും കുത്തിക്കുറിച്ചു. പറന്നെത്തിയ ഒരു തീപ്പൊരി ചിതറിക്കിടക്കുന്ന ഉണങ്ങിവരണ്ട ചപ്പിലക്കൂട്ടങ്ങളെ ആളിക്കത്തിക്കുന്നതുപോലെയായി രുന്നു അത്. പണപ്പായസത്തിനുശർക്കര പൊതിഞ്ഞുകൊണ്ടുവന്ന കടലാസ് തിടപ്പള്ളിയുടെ മേപ്പടിക്കൂണ്ടിൽ സൂക്ഷിച്ചുവെച്ചിരുന്നത് ആളൊഴിഞ്ഞ സമയത്തു ഞാനെടുത്തു വായിക്കാൻ തുടങ്ങി. ഏതാനും ഭാഗം കീറിയും ശർക്കര കിനിഞ്ഞതുകൊണ്ട് ഒട്ടിപ്പിടിച്ചും വൃത്തികെട്ട ആ കടലാസ് തിരിച്ചും മറിച്ചും പരിശോധിക്കുന്നതിനിട യിൽ തലപൊക്കി നില്ക്കുന്ന ഒരു മൃഗത്തിന്റെ ചിത്രമുള്ള പരസ്യം കണ്ണിൽപ്പെട്ടു. അതിനിടയിൽ വലിയ അക്ഷരത്തിൽ അച്ചടിച്ചിരുന്ന 'മാൻമാർക്ക് കുട' എന്ന വാക്യം ആദ്യമായി പണിപ്പെട്ടു കൂട്ടിവായി ച്ചപ്പോൾ എന്റെ മനസ്സിൽ നിന്നൊരു ആഹ്ളാദദ്ധ്വനി വിനിർഗ്ഗളിക്കു കയുണ്ടായി. 'മാൻമാർക്ക് കുട' എന്ന ആ ശബ്ദം എത്ര തവണ

ഞാൻ ഉറക്കെ ആവർത്തിച്ചു എന്നു പറയാനാവില്ല. ആ അയ്യപ്പൻകാവിലെ അന്തരീക്ഷത്തിൽ ആ തിയ്യാടിപ്പെൺകുട്ടി കൊളുത്തിത്തന്ന കെടാവിളക്കാണ് പില്ക്കാലജീവിതത്തിൽ എനിക്കു മാർഗ്ഗനിർദേശം നല്കിയ മഹാജ്യോതിസ്സെന്നോർക്കുമ്പോൾ കൃതജ്ഞത കൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞുപോവുന്നു.

## 10.7 പാഠസംഗ്രഹം

സന്ധ്യയ്ക്ക് ചിന്തയിലാണ്ടുനിന്ന വി.ടി.യുടെ അടുത്തേക്ക് പുസ്തകസഞ്ചിയുമായി വന്ന ഒരു കൊച്ചുപെൺകുട്ടി, നോട്ടുബുക്കെടുത്തിട്ട്" കണക്കു പറഞ്ഞുകൊടുക്കുമോ എന്ന് ചോദിക്കുന്നിടത്താണ് ഈ അനുഭവവിവരണം ആരംഭിക്കുന്നത്. നോട്ടുപുസ്തകം നോക്കി മിണ്ടാതെ നില്ക്കാനേ വി.ടി.ക്കു കഴിയുന്നുള്ളു. 'എനിക്ക് അക്ഷരം പോലും വായിക്കാനറിയില്ലല്ലോ' എന്ന കാര്യം കൊച്ചുകുട്ടിയോട് എങ്ങനെ പറയും എന്നോർത്ത് വിഷമിച്ചു നിന്നപ്പോഴാണ് അമ്മയുടെ വഴക്കു കേട്ട് കുട്ടി ഓടിപ്പോയത്. അങ്ങനെതത്ക്കാലം വി.ടി. രക്ഷപ്പെട്ടു. അന്നുരാത്രി 'വിജ്ഞാനം നേടിയേ അടങ്ങൂ' എന്ന് ശപഥം ചെയ്ത വി.ടി. ആ പെൺകുട്ടിയെ ഗുരുനാഥയാക്കി. സ്ലേറ്റിൽ അവൾ എഴുതികൊടുത്ത അക്ഷരങ്ങൾ നിരന്തരം പറഞ്ഞും എഴുതിയും ഹൃദിസ്ഥമാക്കി. ക്ഷേത്രത്തിൽ പായസത്തിനുള്ള ശർക്കര കൊണ്ടുവന്ന പഴയകടലാസെടുത്ത്. ഒരു പരസ്യം വായിച്ചപ്പോൾ- ഉണ്ടായ ആഹ്ലാദത്തെ വി.ടി. ഏറ്റവും ആത്മാർത്ഥമായി വിവരിക്കുന്നു. മാൻമാർക്ക് കുട എന്നു വായിച്ചപ്പോഴുണ്ടായ ആനന്ദം ആ കൊച്ചുക്കുട്ടിയോടുള്ള കൃതജ്ഞതയ്ക്ക് വഴിമാറുകയായിരുന്നു. ജീവിതകാലം മുഴുവൻ തനിക്ക് മാർഗദർശകമായ മഹാജ്യോതിസിന്റെ കാരണം ആ കൊച്ചുപെൺകുട്ടിയാണെന്നോർത്ത് കൃത്ജ്ഞത പൂർവം കണ്ണുനിറയ്ക്കുകയാണ് വി.ടി.

അറിവിന്റെ മാഹാത്മ്യവും, അറിവ് തേടുന്നതിൽ വലിപ്പച്ചെറുപ്പമില്ല. എന്ന ചിന്തയും ഈ പാഠഭാഗം മുന്നോട്ടുവയ്ക്കുന്നു.

## 10.8 പദാർത്ഥബോധനം

| | | |
|---|---|---|
| മനോരാജ്യം | - | ചിന്ത |
| കിരണകന്ദളം | - | കിരണത്തിന്റെ തളിർ (ഇളം രശ്മി) |
| കൊണ്യാരം | - | വർത്തമാനം |
| അകായ | - | വീട് |
| ഘോരാന്ധകാരം | - | ഘോരമായ അന്ധകാരം (കടുത്തഇരുട്ട്) |
| നിശീഥിനി | - | രാത്രി |
| ചപ്പില | - | പാഴില |
| തിടപ്പള്ളി | - | ക്ഷേത്രത്തിലെ അടുക്കള |
| വിനിർഗളിക്കുക | - | പുറപ്പെടുക |
| ജ്യോതിസ്സ് | - | പ്രകാശം |

## 10.9 പുരോഗതി സ്വയംപരിശോധിക്കുക

1. വി.ടിയുടെ പ്രശസ്തമായ നാടകം ഏത്?
2. അക്ഷരവെളിച്ചം ഏതുകൃതിയിൽ നിന്നെടുത്തതാണ്?
3. കണ്ണീരും കിനാവും ഏതുസാഹിത്യശാഖയിൽപ്പെടുന്നു?
4. അക്ഷരവെളിച്ചം എന്ന ശീർഷകം എങ്ങനെ ഉചിതമാകുന്നു
5. ആ രാത്രിമുഴുവൻ ഞാൻ എന്റെ ഭാവിയെപ്പറ്റി ചിന്തിച്ചു-" ആര്? ഏത് രാത്രി?
6. വി.ടി. ആദ്യമായി വായിച്ചതെന്താണ്?
7. കൃതജ്ഞത കൊണ്ടു വി.ടി. യുടെ കണ്ണുനിറയുന്നതെപ്പോഴാണ്?

## 10.10 ഉത്തരം

1. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്
2. കണ്ണീരും കിനാവും
3. ആത്മകഥ.
4. അക്ഷരവെളിച്ചമെന്നാൽ അറിവിന്റെ വെളിച്ചം. അറിവിന്റെ വെളിച്ചം നേടാനിടയായ സന്ദർഭത്തെക്കുറിച്ചാണ് പാഠഭാഗം
5. വി.ടി. കൊച്ചുപെൺകുട്ടി സംശയനിവാരണത്തിനായി നോട്ടുബുക്കുനീട്ടിയപ്പോൾ വായിക്കാനറിഞ്ഞൂകൂടാ എന്ന് തിരിച്ചറിഞ്ഞ രാത്രി
6. മൻമാർക്ക് കുട.
7. പത്തു വയസു കഴിയാത്ത പെൺകുട്ടി കൊളുത്തിക്കൊടുത്ത അറിവിന്റെ കെടാവിളക്കാണ് പിൽക്കാലജീവിതത്തിൽ തനിക്ക് മാർഗനിർദ്ദേശം നൽകിയ മഹാജ്യോതിസെന്നോർക്കുമ്പോൾ കൃതജ്ഞത കൊണ്ട് വി.ടി.യുടെ കണ്ണുനിറയുന്നു.

ignou
THE PEOPLE'S
UNIVERSITY

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് – 11
# യാത്രാവിവരണം (സഞ്ചാരസാഹിത്യം)

**ഉള്ളടക്കം**


11.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

11.1 വിഷയാവതരണവും പാഠഭാഗവും

പാഠം 1 – ഭക്തപുരവും പട്ടണും

11.2 പാഠസംഗ്രഹം

11.3 ലേഖകപരിചയം – എസ്.കെ.പൊറ്റക്കാട്

11.4 കുറിപ്പുകൾ/പദബോധനം

11.5 പുരോഗതി സ്വയം പരിശോധിക്കുക (1)

11.6 വിഷയാവതരണവും പാഠഭാഗവും

പാഠം 2 – കയറ്റം വീണ്ടും കയറ്റം (ഹിമവാന്റെ മുകൾത്തട്ടിൽ)

11.7 പാഠസംഗ്രഹം

11.8 ലേഖകപരിചയം – രാജൻ കാക്കനാടൻ

11.9 പദബോധനം

11.10 പുരോഗതി സ്വയം പരിശോധിക്കുക (2)

11.11 ഉത്തരസൂചിക (1)

11.12 ഉത്തരസൂചിക (2)


## 11.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

മറ്റു പല സാഹിത്യശാഖകളെപ്പോലെ പ്രാചീനമാണ് സഞ്ചാരസാഹിത്യവും. ദേശസഞ്ചാരത്തിന്റെ സ്ഥൂലമായ വിവരണം മാത്രമല്ല സഞ്ചാരസാഹിത്യം. പ്രമേയത്തേക്കാൾ എഴുത്തുകാരന്റെ ആത്മവത്തയ്ക്കും രചനാകൗശലത്തിനും പ്രാധാന്യമുള്ള ഒരു സാഹിത്യശാഖയാണ് യാത്രാവിവരണം. പ്രമേയത്തിന് പുതുമ ആവശ്യമില്ല. അസാധാരണാനുഭവങ്ങൾ രസകരമായി അവതരിപ്പിക്കാനുള്ള സാമർത്ഥ്യം ഒരു സഞ്ചാരസാഹിത്യകാരന് ഉണ്ടായിരിക്കണം. ഏതു സഞ്ചാരിക്കും സഞ്ചാരസാഹിത്യകൃതികൾ രചിക്കാൻ സാധ്യവുമല്ല. സഞ്ചാരത്തിനിടയിൽ പരമാവധി അനുഭവങ്ങൾ ഉൾക്കൊള്ളാനും അവയെ സാർത്ഥകമായ രീതിയിൽ ആവിഷ്ക്കരിക്കാനും കഴിവുള്ളവർക്കേ ഇത്തരം കൃതികൾ രചിക്കാൻ കഴിയൂ.

ദേശസഞ്ചാരത്തിന്റെ പ്രയോജനം മറ്റാളുകളുമായി പങ്കിടുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. അന്യനാട്ടുകാരുടെ ഭാഷ, ജീവിതാനുഭവങ്ങൾ, വേഷവിധാനം, എന്നുവേണ്ട അവരുടെ മുഴുവൻ സാംസ്കാരികമായ സവിശേഷതകൾ തദ്ദേശീയർക്ക് വർണ്ണനകളിലൂടെ ബോധ്യപ്പെടുത്തുക എന്നതാണ് ഇതിന്റെ പ്രയോജനം. സഞ്ചാരത്തോട് അഭിനിവേശം ഉണ്ടാക്കുക മാത്രമല്ല വ്യത്യസ്ത സംസ്കാരത്തെപ്പ

റ്റിയും അനുഭവങ്ങളെപ്പറ്റിയും പഠിതാക്കൾക്ക് പറഞ്ഞുകൊടുക്കുകയെന്നതും ഈ പാഠഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

## 11.1 വിഷയാവതരണവും പാഠഭാഗവും

മനുഷ്യൻ ഭൂമുഖത്ത് ആവിർഭവിച്ച കാലം മുതൽ സഞ്ചാരികളായിരുന്നു. ഭക്ഷ്യസമ്പാദനം എന്ന ഏകലക്ഷ്യമേ ചരിത്രാതീതകാലത്തെ മനുഷ്യന്റെ സഞ്ചാരത്തിനു പിന്നിലുണ്ടായിരുന്നുള്ളു. വേട്ടയാടൽ, ഫലമൂലശേഖരണം, പാർപ്പിടസൗകര്യം, അനുകൂലമായ കാലാവസ്ഥ എന്നിവയ്ക്കുവേണ്ടിയുള്ള - നിലനില്പിനുവേണ്ടിയുള്ള - യാത്രയിൽ പ്രതിബന്ധങ്ങൾ അവനു വിഘാത മായിരുന്നില്ല. ഇത്തരം യാത്രകളാകട്ടെ അവരുടെ ദിനചര്യയുടെ ഭാഗവുമായിരുന്നു. കൃഷി വ്യാപകമായതോടെ യാത്ര വീണ്ടും അനിവാര്യമായിത്തീർന്നു. കന്നുകാലിവളർത്തൽ ആരംഭിച്ചതോടെ അവയ്ക്കുള്ള ഭക്ഷണം തേടാനും ദേശാടനം അത്യാവശ്യമായി. കാലക്രമത്തിൽ സമൂഹം വർഗാടിസ്ഥാനത്തിൽ വേർതിരിക്കപ്പെട്ടു. തൊഴിൽ വിഭജനം നടപ്പിലായി. കാർഷികവ്യവസ്ഥയിൽ കഴിഞ്ഞ സമൂഹത്തിന് തങ്ങളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാനും അത്യാവശ്യമുള്ളവ വാങ്ങാനും ദേശസഞ്ചാരം അത്യാവശ്യമായിത്തീർന്നു.

ആദ്യകാലത്ത് സഞ്ചാരത്തിലേർപ്പെട്ടത് വ്യാപാരികളും യോദ്ധാക്കളും തീർത്ഥാടകരും ആയിരുന്നു. ആദ്യത്തെ രണ്ടു കൂട്ടരുടെയും യാത്രാമാർഗം രഹസ്യമായിരുന്നു. അതിനാൽ അവരാരും യാത്രവിവരണങ്ങൾ എഴുതുന്നതിൽ തല്പരരായിരുന്നില്ല. നവോത്ഥാനത്തിന്റെയും വ്യാവസായികവിപ്ലവത്തിന്റെയും ഫലമായി പാശ്ചാത്യനാടുകളിൽ മുതലാളിത്തം ആവിർഭവിച്ചു. ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ ഒരു സ്ഫോടനം തന്നെയുണ്ടായി. സംസ്കാരത്തിലും കലകളിലും കൂടി നവോത്ഥാനം ലക്ഷ്യമാക്കിയത് മനുഷ്യനെ കണ്ടെത്താനായിരുന്നു. വ്യാവസായികവിപ്ലവത്തിന്റെ ഫലമായി ധാരാളമായി ഉല്പാദിപ്പിക്കപ്പെട്ടിരുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പുതിയ കമ്പോളങ്ങൾ തേടി മനുഷ്യൻ ലോകമെങ്ങും യാത്ര ആരംഭിച്ചു. പുതിയ പുതിയ സ്ഥലങ്ങൾ കണ്ടെത്താനും ചൂഷണം ചെയ്യാനും വേണ്ടിയുള്ള യാത്രകളാണ് മുതലാളിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും ആവിർഭാവത്തോടെ ലോകമെങ്ങും സംജാതമായത്.

പുരാതനകാലത്ത് കേരളം സന്ദർശിച്ച് വിലപ്പെട്ട വിവരങ്ങൾ എഴുതിവച്ചിട്ടുള്ള സഞ്ചാരികൾ നിരവധിയാണ്. അവരുടെ വിവരണങ്ങൾവ്യത്യസ്ത ഭാഷകളിലായിരുന്നു. ആയതിനാൽ അവ വായിച്ചു രസിക്കാവുന്ന സാഹിത്യസൃഷ്ടികളല്ല; ചരിത്രനിർമ്മാണസാമഗ്രികളാണ്. ഗദ്യത്തിലെഴുതപ്പെടുന്ന യാത്രാവിവരണങ്ങൾ പാശ്ചാത്യപൗരസ്ത്യഭാഷകളിൽ സാർവ്വത്രികമാണ്. മലയാളത്തിൽ

ആനുകാലികപ്രസിദ്ധീകരണങ്ങളിലും ഗ്രന്ഥരൂപത്തിലുമായി നിരവധി കാവ്യങ്ങൾ 18-ാം ശതകം മുതൽ ഉണ്ടായിട്ടുണ്ട്. വൈക്കം പാച്ചുമൂത്തത്, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, നടുവത്തച്ഛൻ നമ്പൂതിരി, വെൺമണി മകൻനമ്പൂതിരി, കെ.സി.കേശവപിള്ള, കൊട്ടാരത്തിൽ ശങ്കുണ്ണി, ഒടുവിൽകുഞ്ഞികൃഷ്ണമേനോൻ തുടങ്ങിയ പ്രഗത്ഭരായ സാഹിത്യകാരന്മാരെല്ലാം സഞ്ചാരസാഹിത്യശാഖയ്ക്ക് അമൂല്യസംഭവനകൾ നല്കിയവരാണ്.

1778-1786 കാലത്ത് നടത്തിയ റോമായാത്രയെക്കുറിച്ച് പാറേമ്മാക്കിൽ തോമ്മാക്കത്തനാർ (1736-1799) രചിച്ച 'വർത്തമാനപ്പുസ്തക'മാണ് മലയാളത്തിലെ ആദ്യത്തെ യാത്രവിവരണഗ്രന്ഥം. ഗദ്യത്തിലെഴുതിയ ആദ്യത്തെ സഞ്ചാര സാഹിത്യകൃതിയും ഇതുതന്നെ. ഭാരതത്തിൽ ഇതിനേക്കാൾ പഴക്കമുള്ള യാത്രവിവരണഗ്രന്ഥം വേറെയുണ്ടോയെന്ന് സംശയമാണ്. കേരളത്തിലെ ക്രിസ്തീയസഭകളിലുണ്ടായ അനൈക്യവും ചേരിതിരിവും മത്സരവും കണക്കിലെടുത്ത് സഭൈക്യത്തിനുവേണ്ടി ചില നടപടികൾ മാർപ്പാപ്പയെകൊണ്ട് സ്വീകരിപ്പാൻ അദ്ദേഹത്തെ നേരിൽ കാണുന്നതിനുവേണ്ടിയുള്ള തായിരുന്നു യാത്രോദ്ദേശ്യം. വളരെ സാഹസികത നിറഞ്ഞ ഒരു യാത്രയായിരിന്നു അത്. രണ്ടു ഭാഗങ്ങളുള്ള വർത്തമാനപ്പുസ്തകത്തിൽ പല സ്ഥലങ്ങളും ദൃശ്യങ്ങളും ചിലരുടെ സ്വഭാവസവിശേഷതകളും വർണ്ണിച്ചിട്ടുണ്ട്. കാര്യങ്ങൾ വെട്ടിത്തുറന്ന് പറയുന്ന രീതിയാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ക്രിസ്തീയ സമുദായങ്ങൾക്കിടയിലും സഭാനേതാക്കന്മാർക്കിടയിലും വലിയ ഒച്ചപ്പാടു് ഉണ്ടാക്കാൻ ഇതിന് കഴിഞ്ഞിട്ടുണ്ട്. സുറിയാനി ക്രിസ്ത്യാനികളുടെ മതപരവും സാമുദായികവുമായ ചരിത്രരേഖ എന്ന നിലയിൽ ഈ ഗ്രന്ഥത്തിന് ഉന്നത സ്ഥാനമാണുള്ളത്. അന്യദേശങ്ങളിലെ വൃത്താന്തങ്ങൾ, ജനങ്ങളുടെ ജീവിതരീതി, ആചാരവിശേഷങ്ങൾ, അവിടുത്തെ സവിശേഷതകൾ, യാത്രാനുഭവങ്ങൾ എന്നിവയൊക്കെ തോമ്മാക്കത്തനാർ ആകർഷകമാം വിധം അവതരിപ്പിക്കുന്നുണ്ട്. ഗ്രന്ഥകാരന്റെ വ്യക്തിത്വത്തിലേക്കും വർത്തമാനപ്പുസ്തകം പ്രകാശം പരത്തുന്നു.

വർത്തമാനപ്പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിനുശേഷം ഏകദേശം നൂറുകൊല്ലം വേണ്ടിവന്നു ആ രംഗത്ത് മറ്റൊന്നുണ്ടാവാൻ. 1872-ൽ കട്ടയാട്ട് ഗോവിന്ദമേനോന്റെ 'കാശി യാത്രാറിപ്പോർട്ട്' ആണ് ആ കൃതി. തുടർന്ന് ഇടയ്ക്കിടെ നിരവധി കൃതികൾ ഈ രംഗത്ത് പ്രത്യക്ഷപ്പെട്ടു. അവയെല്ലാം മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന് വലിയൊരു മുതൽക്കൂട്ടുത്തന്നെയാണ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഇരുന്നൂറിലധികം സഞ്ചാരസാഹിത്യകൃതികൾ മലയാളത്തിലു ണ്ടായിട്ടുണ്ട്. ബിലാത്തി വിശേഷം - 1916 (കെ.പി.കേശവമേനോൻ), ആപത്കരമായ ഒരു യാത്ര - 1944, ചൈനയിലെ ഒരു യാത്ര - 1952 (സർദാർ കെ.എം.പണിക്കർ), ഒറ്റനോട്ടത്തിൽ - 1947, ചൈന

മുന്നോട്ട് - 1953 (ജോസഫ് മുണ്ടശ്ശേരി), പുതുമയുടെ ലോകം - 1956 (ഡോ.കെ.ഭാസ്കരൻ നായർ), സോവിയറ്റ് നാട്ടിൽ മൂന്നാഴ്ച - 1964 (ഡോ.കെ.എം.ജോർജ്), അമേരിക്കയിലെയ്ക്കൊരുയാത്ര - 1956 (ഡോ.സി.ആർ.നാരായണൻ), ഉണരുന്ന ഉത്തരേന്ത്യ- 1956 (എൻ.വി. കൃഷ്ണവാര്യർ), പുരുഷാന്തരങ്ങളിലൂടെ - 1957 (വയലാർ രാമവർമ്മ), മനുഷ്യർ നിഴലുകൾ - 1963, ആൾക്കൂട്ടത്തിൽ തനിയെ - 1972 (എം.ടി.വാസുദേവൻ നായർ), കമ്മ്യൂണിസം കെട്ടിപ്പടുക്കുന്നവരുടെ കൂടെ - 1960 (ഇ.എം.എസ്.), എന്റെ വിദേശയാത്രകൾ - 1973, സോവിയറ്റ് യൂണിയനിൽ എന്റെ അനുഭവങ്ങൾ - 1953 (ഏ.കെ.ജി.), റഷ്യൻ പനോരമ - 1963 (കെ.പി.എസ്.മേനോൻ), കാശ്മീർ - 1948, കാപ്പിരികളുടെ നാട്ടിൽ - 1951, സിംഹഭൂമി - 1954, നൈൽ ഡയറി - 1954, ഇന്നത്തെ യൂറോപ്പ് - 1955, പാതിരാസൂര്യന്റെ നാട്ടിൽ - 1956, ബാലിദ്വീപ് - 1958, നേപ്പാൾ യാത്ര - 1969, ലണ്ടൻ നോട്ടുബുക്ക് - 1970 (എസ്.കെ.പൊറ്റക്കാട്) തുടങ്ങിയവ മലയാളത്തിലെ യാത്രവിവരണ സാഹിത്യത്തിന് കിട്ടിയ അമൂല്യ നിധികളാണ്.

എസ്.കെ.പൊറ്റക്കാടിനുശേഷം സഞ്ചാരസാഹിത്യത്തിന്റെ പുതിയ രൂപവും ഭാവവും പ്രകടിപ്പിക്കുന്ന കൃതികൾ അടുത്തകാലത്ത് മലയാളത്തിലുണ്ടായിട്ടുണ്ട്. ഹൈമവതഭൂവിൽ (എം.പി.വീരേന്ദ്രകുമാർ), ഹിമാലയത്തിന്റെ മുകൾത്തട്ടിൽ, അമർനാഥ് ഗുഹയിലേക്ക് (രാജൻ കാക്കനാടൻ), വോൾഗയിൽ മഞ്ഞുപെയ്യുമ്പോൾ (ഡോ.പുനത്തിൽ കുഞ്ഞബ്ദുള്ള), ഉത്തരസ്യാംദിശി (ഡോ.ഡി.ബാബുപോൾ) എന്നിവ പ്രത്യേകം ശ്രദ്ധേയമാണ്. അന്യഭാഷകളിൽ നിന്നും ഇക്കാലത്ത് വിവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. സഞ്ചാരസാഹിത്യം നമ്മുടെ ഭാഷയിലെ സമ്പന്നമായ ഒരു സാഹിത്യ ശാഖയായി വളർന്നു വികസിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

നോവൽ, കഥ, നാടകം എന്നീ സാഹിത്യശാഖകളെപോലെ തന്നെ ഏറെ പ്രാചീനമാണ് സഞ്ചാരസാഹിത്യവും. വ്യത്യസ്ത വിഭാഗ ത്തിൽപ്പെട്ട സഞ്ചാരികളുടെ സംഭാവനകൊണ്ട് അനേക ശതകങ്ങളി ലൂടെ സഞ്ചാരസാഹിത്യം വളർന്നിട്ടുണ്ട്. സഞ്ചാരസാഹിത്യത്തിന് ഒരു നിർവ്വചനം അസാധ്യമാണ്. ഓരോ ഗ്രന്ഥവും അതതിന്റെ സവി ശേഷ ധർമ്മങ്ങളുടെ അടിസ്ഥാനത്തിൽ വേണം വിലയിരുത്തേ ണ്ടത്. ജന്മസിദ്ധമായ സഞ്ചാരതൃഷ്ണയാണ് സഞ്ചാരസാഹിത്യകാ രനുണ്ടാകേണ്ട മുഖ്യ ഗുണം. ഒടുങ്ങാത്ത സഞ്ചാരകൗതുകം സഞ്ചാ രസാഹിത്യകാരന് അനിവാര്യമാണ്. ഏതു രാജ്യത്തിലെയും പ്രധാന കഥാപാത്രങ്ങൾ അവിടുത്തെ ജനങ്ങളാണ്. ജനങ്ങളുടെ നാഡിമി ടിപ്പും ഹൃദയസ്പന്ദനവും സംസ്കാരവുമാണ് ഒരു സഞ്ചാരസാഹി ത്യകൃതിയെ ആകർഷകമാക്കുന്നത്. കേവലം വസ്തുസ്ഥിതി കഥന ത്തിൽ നിന്നും ഭിന്നമാണ് സഞ്ചാരസാഹിത്യം. ഏതുതരം വിജ്ഞാ നവും ഉൾപ്പെടുത്താവുന്ന ഒരു സാഹിത്യപ്രസ്ഥാനം ഇല്ല. എന്നാൽ സഞ്ചാരസാഹിത്യം അങ്ങനെയല്ല. എത്രമാത്രം വിജ്ഞാനം ഉൾക്കൊള്ളിച്ചാലും യാത്രാവിവരണം ഒരു വിജ്ഞാനഗ്രന്ഥമാകു ന്നില്ല; ഒരു സാഹിത്യകൃതിയായിത്തന്നെ അവ നിലനിൽക്കും.

മറ്റൊരു സാഹിത്യശാഖയ്ക്കും ഇല്ലാത്ത, സഞ്ചാരസാഹിത്യത്തിന്റെ സവിശേഷതകൾ അതിന്റെ അനന്തസാധ്യകളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഏതു സാഹിത്യകൃതിയ്ക്കും അനിവാര്യമായ ഒരു ഗുണമാണ് പാരായണയോഗ്യത. ഒരു നോവൽ വായിക്കുമ്പോഴുണ്ടാകുന്ന ആകാംക്ഷയോ പരിണാമഗുപ്തിയോ സഞ്ചാരസാഹിത്യത്തിനില്ല. അതിനാൽ സഞ്ചാരസാഹിത്യത്തിന് പാരായണയോഗ്യത അത്യന്താപേഷിതം തന്നെയാണ്. യാത്രചെയ്യാതെ തന്നെ യാത്രയുടെ ഫലങ്ങൾ അനുഭവിക്കാനുള്ള സാഹചര്യം മാനസികതലത്തിൽ സൃഷ്ടിക്കുകയാണ് യാത്രാവിവരണസാഹിത്യം ചെയ്യുന്നത്.

മലയാളത്തിലെ ശ്രദ്ധേയമായ ഒരു സാഹിത്യശാഖയാണ് സഞ്ചാരസാഹിത്യം അഥവാ യാത്രാവിവരണം. പ്രാചീനകാലത്തുതന്നെ വളരാൻ തുടങ്ങിയ ഈ ശാഖ ഇന്നൊരു പ്രസ്ഥാനത്തോളം വളർന്നു കഴിഞ്ഞിരിക്കുന്നു. മറ്റു സാഹിത്യശാഖകൾക്കൊപ്പം നിൽക്കാനുള്ള കഴിവും കരുത്തും തന്റേടവും സഞ്ചാരസാഹിത്യം ആർജ്ജിച്ചിരിക്കുന്നു. പുതിയ പുതിയ അനുഭവങ്ങൾ തേടാനുള്ള മനസ്സിന്റെ പ്രവണതയാണ് സഞ്ചാരത്തിന് പ്രേരണ നൽകുന്നത്. ഓരോ യാത്രയും ഓരോ അനുഭവങ്ങളാണ്. അതു സൃഷ്ടിക്കുന്ന മനോഹരമായ അനുഭൂതിവിശേഷം സഞ്ചാരസാഹിത്യകാരനെ ഉന്മേഷവാനാക്കും. ഇത്തരം അനുഭവങ്ങളും അനുഭൂതികളും മറ്റും മറ്റുള്ളവരുമായി പങ്കു വയ്ക്കുമ്പോഴാണ് നമ്മളിലെ സഞ്ചാരസാഹിത്യകാരൻ പുറത്തുവരുന്നത്.

എസ്.കെയുടെ നേപ്പാൾ യാത്ര എന്ന കൃതിയിൽനിന്നുമുള്ള ഒരു ഭാഗമാണ് താഴെ ചേർത്തിരിക്കുന്നത്. സാഹിത്യഭാഷ സഞ്ചാരസാഹിത്യഭാഷയായി ഉപയോഗിക്കുമ്പോൾ മറുനാട്ടിലെ സ്ഥലങ്ങളുടെ പേരുകൾ, അവരുടെ ആചാരവിശ്വാസങ്ങൾ, ആഹാരസാധനങ്ങൾ, പാർപ്പിടം, വസ്ത്രം, തൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട പദാവലികളെല്ലാം സഞ്ചാരസാഹിത്യത്തിലൂടെ നമ്മുടെ ഭാഷയ്ക്കു മുതൽക്കൂട്ടാകും. ലോകംമുഴുവൻ ചുറ്റിക്കണ്ട കേരളത്തിലെഏറ്റവും വലിയ സഞ്ചാരസാഹിത്യകാരനായ എസ്.കെ പൊറ്റെക്കാട് നേപ്പാളിലെ ഭക്തപുരം, പട്ടൺ എന്നീ നഗരങ്ങളി ലെ സന്ദർശനാനുഭവങ്ങൾ വായനക്കാരന്റെയും അനുഭൂതിയാക്കി മാറ്റുന്നതിന്റെ മാതൃകയാണ് ഈ പാഠഭാഗം.

## പാഠം 1 – ഭക്തപുരവും പട്ടണും

നേവാരികൾ പ്രായേണ സമരവീര്യംകുറഞ്ഞ വർഗ്ഗമായിരുന്നുവെങ്കിലും വാസ്തുശില്പത്തിൽ അവർ ബഹുവിദഗ്ധരായിരുന്നു. കാഠ്മണ്ഡു, പട്ടൺ ഭത്ഗാം എന്നീ പട്ടണങ്ങളിലെ പഴയ ക്ഷേത്രങ്ങളും ഭവനങ്ങളും നേവാരികളുടെ കരകൗശലത്തിന്റെ ഉത്തമദൃഷ്ടാന്തങ്ങളാണ്. പകുതി തുറന്ന കുടയുടെ ആകൃതിയിൽ മേല്പ്പോട്ടുപടിപടിയായി കൂർത്തുപോകുന്ന മേല്പുരകളും, പകുതി ചുരുട്ടിവെച്ച പായയുടെ മട്ടിൽ തള്ളിക്കിടക്കുന്ന ഇറകളും ഈ മന്ദിരങ്ങളുടെ പ്രത്യേകതകളാണ്. പെഗോഡാ ടൈപ്പ് എന്ന് വിളിച്ചുവരുന്ന മാതൃകയിലുള്ള ഇത്തരം മന്ദിരങ്ങൾ ആദ്യമായി നിർമ്മിച്ചത്

നേവാരികളാണത്രെ. ഈ വാസ്തുശില്പമാതൃകകൾ നേപ്പാളത്തിൽനിന്ന് ആദ്യം തിബത്തിലേയ്ക്കും പിന്നെ അവിടെനിന്ന് ചീന, ജപ്പാൻ തുടങ്ങിയ ദൂരപൗരസ്ത്യരാജ്യങ്ങളിലേയ്ക്കും സംക്രമിച്ചുവെന്നാണ് പറയുന്നത്. നേപ്പാളശില്പികൾ 7-ാം നൂറ്റാണ്ടിൽ തിബത്തിന്റെ തലസ്ഥാനമായ ലാഹ്സയിലുണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്. അതേ നൂറ്റാണ്ടിൽത്തന്നെ, പീക്കിങ്ങിൽ ഒരു ക്ഷേത്രം പണിയാൻ നേപ്പാളിൽനിന്നും ശില്പികളെ കൊണ്ടുപോയതായും കാണുന്നു.

നേവാരികളെ ആക്രമിച്ചുകീഴടക്കിയ ഗൂർഖകൾ കലയിൽ തീരെ താല്പര്യമില്ലാത്ത കൂട്ടരായിരുന്നു. നേവാരികളുടെ കലാവാസനകളെ പ്രോത്സാഹിപ്പിക്കാനോ, അവരുടെ അത്ഭുതകരമായ കലാനിർമ്മിതികളെ സംരക്ഷിച്ചുനിർത്താനോ രജപുത്രജേതാക്കൾ സൗമനസ്യം കാണിച്ചില്ല. തങ്ങളുടെ പുതിയ പ്രജകളെ നിഷ്ക്രിയരാക്കി അടിമകളാക്കി നിർത്താനാണ് അവർ മുതിർന്നത്. തത്ഫലമായി കാലക്രമത്തിൽ നേവാരികൾ കലാപ്രവർത്തനങ്ങളിൽനിന്നും പിൻമാറി, മറ്റു തൊഴിലുകളിലേയ്ക്ക് മുഖ്യമായുംവ്യാപാരത്തിലേയ്ക്ക്തിരിഞ്ഞു. നേപ്പാളിലെ വ്യാപാരം തൊണ്ണൂറുശതമാനവും ഇന്ന് നേവാരികളുടെ കൈയിലാണ്. നഗരത്തിലായാലും മലമൂട്ടിലായാലും നാം കാണുന്ന വലുതും ചെറുതുമായ കച്ചവടപ്പീടികകളിലധികവും നേവാരികളുടേതായിരിക്കും. കൃഷിചെയ്യുന്ന രീതിയും, നെയ്ത്ത്, മടച്ചൽ മുതലായ കരവേലകളും അയൽനാടായ ഇന്ത്യയിൽനിന്നാണ് അവർ വശമാക്കിയത്.

**ഭക്തപുരം**

മധ്യനേപ്പാളിലെ പഴയ പുരത്രയത്തിലൊന്നാണ് 'ഭക്തപൂർ' (ഭക്തപുരം) അഥവാ 'ഭത്ഗാം' (ഭക്തഗ്രാമം). ക്രിസ്ത്വബ്ദം 88-ൽ ആനന്ദമല്ലരാജാവ് നിർമ്മിച്ച ശില്പകലാസമൃദ്ധമായ നഗരം.

പഴയ കാഠ്മണ്ഡു ഖഡ്ഗാകൃതിയിലാണെങ്കിൽ ഭക്തപുരം സംവിധാനംചെയ്തിരിക്കുന്നത് ശംഖാകൃതിയിലാണ്. ഇവിടെ ബൗദ്ധക്ഷേത്രങ്ങളും ഹൈന്ദവദേവാലയങ്ങളും ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങൾപോലെ ഇടകലർന്നുകിടക്കുന്നു. എന്നാലും അന്തരീക്ഷത്തിൽ ഹൈന്ദവഗന്ധമാണ് മുന്തിനില്ക്കുന്നത്. മധ്യകാലകലാവിലാസങ്ങളുടെ ഒരു കലവറയാണ് ഭക്തപുരം. മുഖ്യദൃശ്യം, പഴയ ദർബാർചത്വരമാണ്. ഹൈന്ദവവും ബൗദ്ധവുമായ പന്ത്രണ്ടോളം ക്ഷേത്രങ്ങൾ ഇവിടെ പടർന്നുകിടക്കുന്നു. 'സുവർണ്ണകവാടം' 'സിംഹകവാടം' അത്ഭുതകരമായ കൊത്തുവേലകൾ ചാർത്തിയ അൻപത്തിയഞ്ച് ജാലകങ്ങളോടുകൂടിയ രാജകൊട്ടാരം, ശൂനകഘണ്ട (ഈ കൂറ്റൻമണി മരണവിളി അനുസ്മരിപ്പിക്കുന്ന നാദമാണ് മുഴക്കുന്നതെന്നും മണിയടി മുഴങ്ങുമ്പോൾ പരിസരത്തിലെ നായ്ക്കളെല്ലാം കൂട്ടമായി ഓളിയിടാറുണ്ടെന്നും പറയുന്നു). തൂങ്ങുന്ന വത്സലക്ഷേത്രം, ഭൂപതീന്ദ്രമല്ല രാജാവിന്റെ പൂർണ്ണകായപ്രതിമ മുതലായവയാണ് ദർബാർചത്വരത്തിലെ ആകർഷക ദൃശ്യങ്ങൾ. മരത്തിലെ കൊത്തുവേലകളിൽ മയിൽനൃത്തങ്ങൾ സമൃദ്ധമായിക്കാണാം.

ഭക്തപൂർകവാടത്തിനടുത്തുള്ള സിദ്ധപോഖ്റി(കുളം)യും സൂര്യവിനായകക്ഷേത്രവും ഒരൊറ്റത്തടിയിൽ നിന്നുള്ള മരംകൊണ്ട് നിർമ്മിച്ചതാണെന്നു(കാഠ്മണ്ഡുവിലെ കാഷ്ഠമണ്ഡപംപോലെ) പറയപ്പെടുന്ന ദത്താത്രേയക്ഷേത്രവുമാണ് മറ്റു കാഴ്ചകൾ.

ഭക്തപൂരിലെ മുഖ്യമായ ഉത്സവം 'ലസംഗയാത്ര'യാണ് (ഇതിനെ 'ബിസ്കത്ത്' എന്നു പറയും). മഹാഭാരതയുദ്ധത്തിൽ പാണ്ഡവന്മാരുടെ വിജയം ആഘോഷിക്കുന്ന ഒരു ഉത്സവമാണിത്. യുദ്ധവിജയസ്തംഭമാണെന്ന സങ്കല്പത്തോടെ ഒരു കൂറ്റൻ മരത്തൂണ് നാട്ടി ഭൈരവന്റെയും ഭദ്രകാളിയുടേയും രഥങ്ങൾ സ്തംഭത്തിനു മുന്നിലേയ്ക്ക് ആർഭാടപൂർവ്വം എഴുന്നള്ളിക്കുന്നതാണ് പ്രധാന ചടങ്ങ്.

ഭക്തപുരത്ത് ഒരോട്ടപ്രദക്ഷിണം നടത്താനേ എനിക്ക് നേരം കിട്ടിയുള്ളൂ. മൺപാത്രനിർമ്മാണവും തുണിനെയ്ത്തുമാണ് ഭക്തപുരത്തിലെ പരമ്പരാഗതമായ കൈത്തൊഴിലുകൾ.

### പട്ടൺ

ഒരു സായാഹ്നത്തിൽ ഞാൻ കാൽനടയായി പട്ടൺ സന്ദർശിക്കാൻ പുറപ്പെട്ടു. കാഠ്മണ്ഡുവിൽനിന്ന് മൂന്നുമൈൽ തെക്കുപടിഞ്ഞാറാണ് പട്ടൺ, (പട്ടണം എന്നാണർത്ഥം. സംസ്കൃതത്തിലെ പത്തനം).

ഭാഗമതീനദിയുടെ പാലംകടന്ന് നദിയുടെ തെക്കെകരയിലൂടെപോകുന്ന നിരത്തിലെത്തി, പരിസരക്കാഴ്ചകൾ നോക്കിക്കൊണ്ട് നടത്തംതുടർന്നു. അവിടവിടെ ഉയർന്ന പറമ്പുകളും മേടുകളും കായ്കനിത്തോപ്പുകളും തോപ്പുകളുടെ മറവിൽ റാണമാരുടെ കൊട്ടാരങ്ങളും വിദേശീയരുടെ പുത്തൻ ബംഗ്ലാവുകളും പഴയമോഡൽ വീടുകളും സായാഹ്നവെയിലിൽ തെളിഞ്ഞുനിന്നിരുന്നു. തൊപ്പിയും കുപ്പായവും അരപ്പട്ടയും ധരിച്ചു കാവണ്ടച്ചുമടുമായി ഗ്രാമീണരും, നഗരത്തിലെ ആപ്പീസുകളിൽനിന്നു മടങ്ങുന്ന സൈക്കിൾ സവാരിക്കാരായ പരിഷ്ക്കാരിപ്പരിഷകളും കടന്നുപൊയ്ക്കൊണ്ടിരുന്നു.

ഏതാണ്ട് ഒരു മൈൽ ഇപ്പുറം മുതൽക്കുതന്നെ, തലപോയ ശിലാസ്തൂപങ്ങളുടെയും പൊട്ടിത്തകർന്ന മതില്ക്കെട്ടുകളുടെയും, കാട്ടുപുല്ലുവളർന്നുമൂടിയ കൽത്തറകളുടെയും കോലങ്ങളിൽ പട്ടന്റെ പൗരാണികപ്രേതങ്ങളെ പാതയ്ക്കരികിലും അകലെയുമായി കണ്ടുതുടങ്ങി.

വിശാലമായൊരു മൈതാനം മുറിച്ചുകടന്നാൽ പൊടുന്നനെ പ്രവേശിക്കുന്നത് പട്ടന്റെ 'മംഗളബസാറി'ലേക്കാണ്. ബസാറിലൂടെ നടന്നു. പണ്ട് രഥങ്ങൾക്കും കുതിരകൾക്കും സഞ്ചരിക്കാൻ പാകത്തിൽ കല്ലുപാവി നിർമ്മിച്ച ഇടുങ്ങിയ തെരുവുകളാണ്. നാലും അഞ്ചും നിലകളോടുകൂടിയ പഴയ മാളികകൾ തെരുവിനിരുവശങ്ങളിലും ഇടതൂർന്നു നിൽക്കുന്നു. ആ വീടുകളുടെ വാതിലുകളും ജാലകങ്ങളും ഭിത്തികളും, കിളിക്കൂടിന്റെ ആകൃതിയിൽ പുറത്തേയ്ക്ക് തള്ളിനിൽക്കുന്ന മിഞ്ചാമ്പുറങ്ങളും കൊത്തുവേലകളുടെ കൂത്തരങ്ങുകളാണ്. കടകളും പാർപ്പിടങ്ങളും ഗുദാമുകളുമെല്ലാം കൂ

ടിക്കലർന്നുകിടക്കുന്നു. നൂറ്റാണ്ടുകളിലെ പൊടിയും ചേറും പറ്റിക്കൂടിയിട്ടുണ്ടെങ്കിലും ആ പ്രാസാദപരമ്പരകൾ പ്രാചീനമായൊരു പ്രൗഢിപുലർത്തുന്നുണ്ടായിരുന്നു.

ദർബാർസ്ക്വയറിലെത്തി. വൃത്താകൃതിയിൽ സംവിധാനംചെയ്ത പട്ടണത്തിന്റെ മദ്ധ്യഭാഗമാണിത്. പഴയ മല്ലരാജാക്കന്മാരുടെ സഭാമണ്ഡപത്തിന്റെ വിസ്തൃതമായ ചത്വരാങ്കണം. അടുത്തുതന്നെ കൊട്ടാരങ്ങളും ക്ഷേത്രങ്ങളും വിഹാരങ്ങളും വിഗ്രഹങ്ങളും, ശിലീഭൂതമായൊരുദ്യാനത്തിലെ നികുഞ്ജങ്ങളും വൃക്ഷങ്ങളും പുഷ്പങ്ങളും പോലെ നിലകൊള്ളുന്നു.

ഒന്നരമണിക്കൂർനേരം ദർബാർസ്ക്വയറും പരിസരങ്ങളുമെല്ലാം ചുറ്റിനടന്നുകണ്ട്, വീണ്ടും മംഗളബസാറിന്റെ മൂലയിൽ വന്നുനിന്നു.

ഹൈന്ദവദേവാലയങ്ങളും ബൗദ്ധക്ഷേത്രങ്ങളും ഇടകലർന്നുകിടക്കുന്നു. കല്ലിലും ലോഹത്തിലും മരത്തിലും ഇഷ്ടികയിലും അത്ഭുതകരമായ ചിത്രവേലകളുടെയും വാസ്തുശില്പങ്ങളുടെയും കിടമത്സരം പ്രദർശിപ്പിച്ചുകൊണ്ട് ആ ബൗദ്ധഹൈന്ദവമന്ദിരങ്ങളും കവാടങ്ങളും മണ്ഡപങ്ങളും സ്തൂപങ്ങളും നിലകൊള്ളുന്നു. കൊത്തുവേലകളുടെ കേളീവിലാസം വാസഗൃഹങ്ങളുടെ ഭിത്തികളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്.ആകപ്പാടെ, കാലത്തിന്റെയും കലകളുടെയും ഒരു കൂറ്റൻ കാഴ്ചബംഗ്ലാവുപോലെതോന്നി.

മംഗളാബസാർമൂലയിലെ നാടൻചന്ത പൊടിപൊടിച്ചു നടക്കുന്നു. പലഹാരങ്ങളും പല വ്യഞ്ജനങ്ങളും പഴങ്ങളും കിഴങ്ങുകളും പച്ചക്കറികളും ധാന്യങ്ങളും ചട്ടി, കയിൽ, കയർ, കൊട്ട മുതലായ അടുക്കളസാമഗ്രികളും വെച്ചു വില്പനനടത്തുന്നവർ അധികവും പെണ്ണുങ്ങളാണ്. ഗ്രാമീണസ്ത്രീകൾ, വാങ്ങിയ സാമാനങ്ങൾ കൂമ്പൻകൊട്ടയിൽ നിറച്ചു പുറത്തുവച്ചുകെട്ടിക്കൊണ്ടുപോകുന്നു. അമ്പലങ്ങളിൽനിന്നു പുറപ്പെടുന്ന മണിനാദത്തോടൊപ്പം ഉച്ചഭാഷിണികളിലൂടെ റോഡിയോഗാനങ്ങളും അന്തരീക്ഷത്തിൽ മുഴങ്ങുന്നുണ്ട്.

'പട്ടണ'ത്തിന്ന് 1700 കൊല്ലത്തെ പഴക്കമുണ്ട്. എ.ഡി. 299-ാം മാണ്ടിൽ വീരദേവരാജാവാണ് ഈ പുരം നിർമ്മിച്ചത്. അന്ന് ഇതിന്റെ പേർ 'ലളിതപുരം' എന്നായിരുന്നു. (ഇതിനെ ആ പേരിൽത്തന്നെ വിളിക്കാനാണ് നേപ്പാളികൾ ഇന്നും ഇഷ്ടപ്പെടുന്നത്). വൃത്താകൃതിയിലാണ് പട്ടണത്തിന്റെ സംവിധാനം. വീരദേവരാജാവിന്റെ കാലത്തിനുശേഷം പല രാജാക്കന്മാരും - മുഖ്യമായി മല്ലരാജാക്കന്മാർ - ലളിതപുരത്തിനു തങ്ങളുടേതായ മന്ദിരങ്ങളും വിഹാരങ്ങളും സംഭാവനചെയ്തിട്ടുണ്ട്.

ബൗദ്ധവിഹാരങ്ങളും ശൈവവൈഷ്ണവക്ഷേത്രങ്ങളും കല്പനാവൈചിത്ര്യം കലർന്ന ശില്പസൗകുമാര്യത്തോടെ തോളോടുതോൾചേർന്ന് നിലകൊള്ളുന്ന ഒരു വിശാലരംഗം ഇതുപോലെ ഏഷ്യയിൽ മറ്റൊരിടത്തും കണ്ടുകിട്ടുകയില്ല.

പെഗോഡാമാതൃകയിൽ മൂന്നുനിലകളോടുകൂടിയ ഒരു സ്വർണ്ണമന്ദിരമാണ് 'ഹിരണ്യവർണ്ണമഹാവിഹാരം'. ലോകേശ്വര(ശ്രീബുദ്ധൻ)ന്റെ

വലിയൊരു സ്വർണ്ണപ്രതിമ ഇതിന്റെ മൂന്നാംനിലയിലെ മണ്ഡപത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. അരികെ ഒരു പ്രാർത്ഥനാചക്രവുമുണ്ട്. പന്ത്രണ്ടാംശതകത്തിലെ ഭാസ്ക്കരവർമ്മരാജാവ് പണിയിച്ചവിഹാരമാണിത്.

ഹിരണ്യവർണ്ണമഹാവിഹാരത്തിനടുത്തുതന്നെയാണ് മനോഹരമായ കൃഷ്ണമന്ദിരം. മന്ദിരച്ചുമരുകളിൽനിറയെ മഹാഭാരതത്തിലെയും രാമായണത്തിലെയും രംഗങ്ങൾ കൊത്തിവച്ചിരിക്കുന്നു. നാനൂറു കൊല്ലംമുമ്പ് സിദ്ധിനരസിംഹമല്ലരാജാവ് പണിയിച്ച ഈ വൈഷ്ണവക്ഷേത്രം പട്ടണത്തിലെ ക്ഷേത്രപരമ്പരകളിൽവച്ച് ഏറ്റവും പുതിയതാണെന്നു പറയാം.

അഞ്ചുനിലയുള്ള കുംഭേശ്വര(ശിവ)ക്ഷേത്രം ഒരു ഗംഭീരദൃശ്യമാണ്. ഇതിന്റെ തിരുമുറ്റത്ത് ഒരു തീർത്ഥമുണ്ട്. ദൂരെ ഹിമാലയത്തിലെ പുണ്യഹിമസ്രോതസ്സായ ഗോസായികുണ്ഠത്തിലെ തീർത്ഥമാണ് അന്തർവാഹിനിയായി ഇവിടെ വന്നുചേരുന്നതെന്ന് വിശ്വസിപ്പിക്കപ്പെടുന്നു. ജയസ്ഥിതിമല്ലന്റെ സംഭാവനയാണ് ഈ ക്ഷേത്രം.

കുംഭേശ്വരന്റെ കുറച്ചപ്പുറത്ത് ശംഖമൂലനദിയുടെ കരയിൽ അരുണവർണ്ണം കലർന്ന ജഗത്നാരായണക്ഷേത്രം പൊങ്ങിനില്ക്കുന്നു. ഒറീസ്സയിലെ പുരീജഗന്നാഥക്ഷേത്രമാതൃകയിൽ, കൂർത്ത ഗോപുരത്തോടുകൂടിയ ഒരു നിർമ്മിതിയാണിത്. ചെങ്കല്ലുകൊണ്ടാണ് പണിതിരിക്കുന്നത്.

ക്ഷേത്രാങ്കണത്തിൽ ഒരു വലിയ ശിലാസ്തംഭത്തിന്റെ മുകളിൽ ലോഹനിർമ്മിതമായൊരു ഗരുഡവിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നു.

മറ്റൊരു കോണിൽ 'മഹാബുദ്ധക്ഷേത്രം' ഒറ്റപ്പെട്ടുനിൽക്കുന്നു. പതിനാലാം ശതകത്തിൽ പട്ടണത്തിലെ ഒരു പുരോഹിതനായിരുന്ന അഭ്യരാജന്റെ സംഭാവനയാണ് ഈ അത്ഭുതക്ഷേത്രം. ശ്രീബുദ്ധപ്രതിരൂപമുദ്രിതമായ ഇഷ്ടികകൾകൊണ്ടാണ് ക്ഷേത്രം മുഴുവനും പണിചെയ്തിരിക്കുന്നത്.

ഇവയ്ക്കുപുറമേ, മച്ഛേന്ദ്രനാഥക്ഷേത്രം, രുദ്രവർണ്ണമഹാവിഹാരം, ഉഗ്രചണ്ഡികാക്ഷേത്രം, മീനനാഥക്ഷേത്രം മുതലായ അനേകം ദേവീദേവമന്ദിരങ്ങൾ പട്ടണത്തിൽ പല മൂലകളിലായി ചിതറിക്കിടക്കുന്നുണ്ട്.

പഴയ അശോകസ്തംഭങ്ങളാണ് പട്ടണത്തിലെ മറ്റൊരു കാഴ്ച. എ.ഡി. ഇരുനൂറ്റമ്പതാംമാണ്ടിൽ അശോകചക്രവർത്തി ലളിതപുരം സന്ദർശിച്ചതിന്റെ സ്മാരകമായി നഗരത്തിന്റെ നാലുകോണുകളിലും നാട്ടിയ അശോകസ്തംഭങ്ങളുടെ അവശിഷ്ടങ്ങളാണിവ.

ഏപ്രിൽ-മെയ് മാസക്കാലത്ത് (വൈശാഖമാസം) പട്ടണത്തിൽ 'മച്ഛേന്ദ്രനാദരഥയാത്ര' എന്നൊരു മഹോത്സവം നടത്താറുണ്ട്. ഉത്സവത്തിനുപയോഗിക്കുന്ന കൂറ്റൻ രഥം ഒരിടത്ത് സൂക്ഷിച്ചുവെച്ചിരിക്കുന്നു. ക്ഷേത്രങ്ങളുടെ ശില്പവേലയിൽ നേവാരികൾ തരത്തിൽ തിരുകിക്കൊടുക്കാറുള്ള ലൈംഗിക പ്രതിച്ഛായ ഈ രഥത്തിന്റെ

തണ്ടിലും അടിച്ചേൽപ്പിച്ചതായി കണ്ടു. ജനനേന്ദ്രിയത്തിന്റെ ആകൃതിയിലാണ് രഥദണ്ഡം നിർമ്മിച്ചുവച്ചിരിക്കുന്നത്!

വൈദികകാലവിധിക്കനുസൃതമായ ആരാധനാസമ്പ്രദായങ്ങളും, ബൗദ്ധശൈവവിശ്വാസസംഹിതകളും, ലൈംഗികമൂല്യമുൾക്കൊള്ളുന്ന വജ്രയാനവിധികളുമെല്ലാം പയറ്റും പടയും കൂത്തും നടത്തി നൂറ്റാണ്ടുകളുടെ പറ്റങ്ങൾ പട്ടണത്തിലൂടെ കടന്നുപോയി. പഴയ വിശ്വാസങ്ങളും ആചാരങ്ങളും ഏതാണ്ട് അങ്ങനെ നിലനിർത്തിക്കൊണ്ടു ജനങ്ങൾ ഇവിടെ ഇന്നും പുലരുന്നു. തങ്ങൾ കല്ലിലും കോവിലിലും പ്രതിഷ്ഠിച്ച് ദൈവങ്ങളെ കൈയൊഴിക്കാൻ മനസ്സുവരാതെ, എല്ലാറ്റിനും ഒരുത്സവച്ഛായ നൽകികൊണ്ടു സമാധാനത്തോടും സന്തോഷത്തോടുംകൂടി അവർ കഴിഞ്ഞുകൂടുന്നു.

കല്ലിലും കോവിലിലും കുടികൊള്ളുന്ന ആ ദൈവങ്ങൾക്ക് എങ്ങോട്ടും പോകാനില്ല.

നേരം ഇരുട്ടിയിരുന്നു. ഞാൻ ബദ്ധപ്പെട്ടു നടന്ന് മൈതാനം കടന്ന്, മൂക്കുട്ടപ്പെരുവഴിയിൽ എത്തിച്ചേർന്നു. കാഠ്മണ്ഡുവിലേയ്ക്ക് എങ്ങനെ മടങ്ങിപ്പോകുമെന്ന ചിന്ത മനസ്സിനെ അലട്ടിത്തുടങ്ങി. അപ്പോൾ ഒരു മൂലയിൽ നാലുപേർ നില്ക്കുന്നതു കണ്ടു. അന്വേഷിച്ചപ്പോൾ അവർ കാഠ്മണ്ഡുവിലേയ്ക്കുള്ള അവസാനത്തെ ബസ്സുകാത്തുനിൽക്കുകയാണെന്ന് അറിവായി. ഉടനെ ബസ്സും വന്നു.

## ജനവർഗ്ഗങ്ങൾ

നേവാരികൾ, കിരാന്തികൾ, പാർവ്വതികൾ ഇങ്ങനെ നേപ്പാളിലെ ജനവർക്ഷങ്ങളെ മൂന്നായി ഭാഗിക്കാം. നേവാരികൾ ഭൂരിഭാഗവും കാഠ്മണ്ഡുതാഴ്‌വരയിലാണ്. പാർവ്വതികൾ പശ്ചിമപ്രാന്തങ്ങളിൽ പാർക്കുന്നു. താക്കൂർ, റാണാ, ഖത്രി (ക്ഷത്രിയർ), ബ്രാഹ്മണർ, ഗുറൂങ്, മഗാർ എന്നീ ജാതികൾ പാർവ്വതീവിഭാഗത്തിൽപ്പെടുന്നവരാണ്.

കിരാന്തികളാണ് നേപ്പാളിലെ ഏറ്റവും പുരാതനവർഗ്ഗക്കാർ (വേദങ്ങളിലും മഹാഭാരതത്തിലും കിരാന്തികളെപ്പറ്റിയുള്ള പരാമർശമുണ്ട്). നേപ്പാളിലെ വിചിത്രമായ ഒരുയർന്ന മണ്ഡലത്തിലാണ് ഇവർ അധിവസിക്കുന്നത്; സപ്തകോശിസ്ഥാനത്തെ കോശിനദിയും അതിന്റെ ഏഴു കൈവഴികളും ഉൾപ്പെട്ട ഒരുന്നതവിഭാഗമാണ് സപ്തകോശി. ഇവരുടെ കൊച്ചുപട്ടണങ്ങളും ഗ്രാമങ്ങളും സമുദ്രനിരപ്പിൽനിന്ന് പതിനാലായിരംഅടി ഉയരത്തിലാണ് സ്ഥിതിചെയ്യുന്നത്. ഏറ്റവും വടക്ക് കാഞ്ചൻജംഗാഗിരിനിരകൾ; ആ ഗിരിനിരകളുടെ പടിഞ്ഞാറുഭാഗത്ത് എവറസ്റ്റും വിലസുന്നു.

കിരാന്തികൾക്കിടയിൽ ഖംബു, യക്ഷ, ലിംബു ഇങ്ങനെ മൂന്ന് ഉപവിഭാഗങ്ങളുണ്ട്. ഇവർ സ്വയംവരവിവാഹസമ്പ്രദായം പുലർത്തിവരുന്നവരാണ്. സ്ത്രീകൾ ബഹുഭർത്തൃത്വവും ആചരിക്കുന്നു.

ജാതിസമ്പ്രദായം ഒരു മാറാവ്യാധിയായി നേപ്പാളിൽ നിലനിന്നുവരുന്നു. ഓരോ ജാതിയുലുമുണ്ട് അനേകം ഉപജാതികൾ. നേവാരികളുടെ ഇടയിൽ മാത്രം എഴുപത്തിയഞ്ചിൽപ്പരം ഉപജാതികളുണ്ടത്രെ.

നേപ്പാളിലെ തിബത്തൻവംശരെ മോട്ടിയകൾ എന്നു വിളിക്കുന്നു. ഇവർ ചുമട്ടുത്തൊഴിലാളികളാണ്.

കൃഷ്ക്കാരെ 'ഖാസ്' (കർഷകൻ) എന്നുപറയും. മലവർഗ്ഗക്കാരെ 'ജാപ്പൂസു' കളെന്നും.

## 11.2 പാഠസംഗ്രഹം

ബുദ്ധമതവിശ്വാസികളായ നേപ്പാളിലെ ജനങ്ങളിൽ ഭൂരിഭാഗവും നേവാരികളാണ്. വാസ്തുവിദ്യയിൽ സമർത്ഥരായിരുന്നു അവർ. 'പെഗോഡാ ടൈപ്പ്' മാതൃകയിലുള്ള മന്ദിരങ്ങൾ ആദ്യമായി നിർമ്മിച്ചത് നേവാരികളാണ്. നേവാരികൾ പ്രായേണസമരവീര്യംകുറഞ്ഞ വർഗ്ഗമായിരുന്നു. അവരെ ആക്രമിച്ച് കീഴടക്കിയ ഗൂർഖകൾ കലയിൽ താല്പര്യമുള്ളവരായിരുന്നില്ല. കലാവാസനകളെ പരിപോഷിപ്പിക്കുവാൻ രജപുത്രനേതാക്കൾ വേണ്ടത്ര സൗമനസ്യം കാണിച്ചതുമില്ല. കാലക്രമത്തിൽ നേവാരികൾ കലാപ്രവർത്തനങ്ങളിൽനിന്നും പിൻമാറി, വ്യാപാരത്തിലേയ്ക്കും മറ്റു തൊഴിലുകളിലേയ്ക്കും ചേക്കേറി.

വാസ്തുശില്പകലയുടെ മഹത്വം പ്രദർശിപ്പിക്കുന്ന ഒരു പഴയ നഗരമാണ് 'ഭക്തപുരം' അഥവാ ഭക്തഗ്രാമം. ആനന്ദമല്ലരാജാവാണ് ഇതു നിർമ്മിച്ചത്. മധ്യകാലകലാവിലാസങ്ങളുടെ ഒരു കലവറയാണ് ഭക്തപുരം. പഴയ ദർബാർ ചത്വരവും പന്ത്രണ്ടോളം ക്ഷേത്രങ്ങളും കൊണ്ട് നിറഞ്ഞതാണ് ഈ പട്ടണം. ശുനകഘണ്ട,തൂങ്ങുന്ന 'വത്സലക്ഷേത്രം' ഇവിടെ സ്ഥിതിചെയ്യുന്നു. മരത്തിലെ കൊത്തുവേലകളിൽ മയിൽനൃത്തങ്ങൾ ധാരാളമായിട്ടുണ്ട്. ഒരൊറ്റത്തടിയിൽനിന്നുള്ള മരംകൊണ്ടുനിർമ്മിച്ചതാണെന്നു പറയപ്പെടുന്ന ദത്താത്രേയ ക്ഷേത്രവും ഭക്തപുരത്തിന്റെ പ്രശസ്തി വാനോളം ഉയർത്തുന്നു. ഇവിടത്തെ പ്രധാന ഉത്സവം 'ലസംഗയാത്ര'യാണ്. മൺപാത്ര നിർമ്മാണവും തുണിനെയ്ത്തുമാണ് ഇവിടത്തെ പരമ്പരാഗതമായ കൈത്തൊഴിലുകൾ

പരിഷ്ക്കാരംവന്നുകഴിഞ്ഞ മറ്റൊരു നഗരമാണ് 'പട്ടൺ'. കൊത്തുവേലകളുടെ കൂത്തരങ്ങാണ് ഈ നഗരം. പഴയ മല്ലരാജാക്കന്മാരുടെ സഭാമണ്ഡപത്തിന്റെ ചത്വരാങ്കണം, ക്ഷേത്രങ്ങൾ എന്നിവകൊണ്ട് മനോഹരമാണ് പട്ടൺ. ഹൈന്ദവദേവാലയങ്ങളും ബൗദ്ധക്ഷേത്രങ്ങളും ഇവിടെ ഇടകലർന്നുകാണാം. കാലത്തിന്റെയും കലകളുടെയും ഒരു കൂറ്റൻ കാഴ്ചബംഗ്ലാവുതന്നെയാണ് പട്ടൺ. 1700 കൊല്ലത്തെ പഴക്കമുള്ള ഈ നഗരം നിർമ്മിച്ചത് വീരദേവരാജാവാണ്. ഇതിന്റെ പേര് ലളിതപുരം എന്നായിരുന്നു. പെഗോഡാ മാതൃകയിൽ നിർമ്മിച്ച മൂന്നുനിലകളോടുകൂടിയ ഒരു സ്വർണ്ണമന്ദിരം ഇവിടെയുണ്ട്. അതത്രേ ഹിരണ്യവർണ്ണമഹാവിഹാരം. ക്രി.പി. 250-ാം മാണ്ടിൽ അശോകചക്രവർത്തി ലളിതപുരം സന്ദർശിച്ചിരുന്നു. അതിന്റെ സ്മാരകമായി നഗരത്തിന്റെ നാലു കോണുകളിലും നാട്ടിയ അശോകസ്തംഭങ്ങളുടെ അവശിഷ്ടങ്ങൾ അവിടെ കാണാം.

നേപ്പാളിലെ ജനവർഗ്ഗങ്ങൾ മൂന്നു തരക്കാരാണ്. നേവാരികൾ, കിരാന്തികൾ, പാർവ്വതികൾ. ജാതിസമ്പ്രദായംഒരു മാറാവ്യാധിയായി നേപ്പാളിൽ നിലനിന്നുവരുന്നു. ഓരോ ജാതിയിലുമുണ്ട് അനേകം ഉപജാതികൾ. നേപ്പാളിലെ തിബത്തൻ വംശരെ 'മോട്ടിയകൾ' എന്നുവിളിക്കുന്നു. അവർ ചുമട്ടുതൊഴിലാളികളാണ്. കൃഷിക്കാരെ 'ഖാസ്' എന്നും മലവർക്ഷക്കാരെ 'ജാപ്പുസു'കളെന്നും വിളിക്കുന്നു. ചുരുക്കത്തിൽ വൈചിത്ര്യമാർന്ന ശില്പസൗകുമാര്യം തുളുമ്പുന്ന ഈ നഗരം പോലെ മറ്റൊന്നും ഏഷ്യയിലൊരിടത്തും കാണാൻ കഴിയുകയില്ല. അത്രമാത്രം മനോഹരവും കൊത്തുവേലകളാൽ പ്രശസ്തവുമാണ് നേപ്പാളിലെ ഭക്തപുരവും 'പട്ടണും'.

## 11.3 ലേഖകപരിചയം

എസ്.കെ. പൊറ്റെക്കാട്ട് (1913 മാർച്ച് 14 - 1982 ആഗസ്റ്റ് 6)

കവിയായി സാഹിത്യജീവിതമാരംഭിച്ച എസ്.കെ. പൊറ്റെക്കാട്ട് (ശങ്കരൻകുട്ടി പൊറ്റെക്കാട്ട്) ചെറുകഥാകൃത്ത്, നോവലിസ്റ്റ്, സഞ്ചാര സാഹിത്യകാരൻ എന്നീ നിലകളിൽ പ്രശസ്തനായി. 'അടുത്ത ഒരു ജന്മമുണ്ടെങ്കിൽ ഒരു നാടോടിയായി മരിക്കുവോളം ലോകംമുഴുവൻ അലഞ്ഞുനടക്കാനാണ് മോഹം' എന്നു പറഞ്ഞ എസ്.കെ. സഞ്ചാര സാഹിത്യത്തിലെ 'എമ്പയർ സ്റ്റേറ്റ് ബിൽഡിംഗ്' ആയും 'യാത്രാവിവരണസാഹിത്യവിഹായസ്സിലെ ഉച്ചസ്ഥായിയായ ഉജ്ജ്വലജ്യോതിർഗോളം' ആയും അറിയപ്പെടുന്നു. അദ്ദേഹം കൈവച്ച മേഖലകളിലെല്ലാം അടിസ്ഥാനപരമായ കവിത്വം നിലനിർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ഭാവസൗന്ദര്യത്തിന്റെ മുഗ്ദ്ധശില്പങ്ങളാണ് എസ്.കെ.യുടെ കഥകൾ. യാത്രാകൗതുകത്താൽ പ്രചോദിതനായി യാത്ര ചെയ്ത എസ്.കെ. ലോകത്തിന്റെ മിക്കഭാഗങ്ങളും സന്ദർശിച്ചിട്ടുണ്ട്. 'പൊറ്റെക്കാട്ടിന്റെ ഈ സഞ്ചാരദാഹത്തെപ്പറ്റി 'ചരൈവേതി' എന്ന ദേവർഷികളുടെ ജീവിതലക്ഷ്യം സ്വജീവിതത്തിൽ അദ്ദേഹം സാക്ഷാത്കരിക്കുകയാണോയെന്ന് സംശയിച്ചുപോകും' എന്ന് ഡോ. സുകുമാർ അഴീക്കോട് അഭിപ്രായപ്പെടുന്നു.

കവി, കഥാകാരൻ, നോവലിസ്റ്റ് എന്നതിനുപുറമെ നാടകങ്ങൾ, ലേഖനങ്ങൾ, സ്മരണക്കുറിപ്പുകൾ എന്നിവ രചിക്കുന്നതിലും എസ്.കെ. ശ്രദ്ധകേന്ദ്രീകരിച്ചിരുന്നു. അതിരാണിപ്പാടത്തിന്റെ കഥാകാരനായ എസ്.കെ. നാടൻപ്രേമം എന്ന നോവലിലൂടെയാണ് നോവൽസാഹിത്യരംഗത്തേക്ക് കടന്നുവരുന്നത്. 'ഒരു തെരുവിന്റെ കഥ' (1960), 'ഒരു ദേശത്തിന്റെ കഥ'(1971), 'വിഷകന്യക', 'പ്രേമശിക്ഷ', 'മൂടുപടം' എന്നീ നോവലുകളും രചിച്ചിട്ടുണ്ട്. മലയാളസാഹിത്യത്തിന് രണ്ടാമത്തെ ജ്ഞാനപീഠപുരസ്കാരം (1980-ൽ) നേടിക്കൊടുത്ത എസ്.കെ. സാഹിത്യത്തിൽ ഒരു അനന്വയമാണ്.

യാത്രാവിവരണസാഹിത്യത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം അനുപമമാണ്. കാവ്യാത്മകവും പ്രസാദാത്മകവും ലളിതവുമാണ് ആ കാവ്യശൈലി. നിർമ്മലമായ കാവ്യശൈലിയിൽ, നേരിയ നർമ്മബോധത്തിന്റെ മേമ്പൊടിയോടെ അദ്ദേഹം കണ്ട കാഴ്ചകൾ നമുക്ക് കാട്ടിത്തരുന്നു. 1949-ൽ കപ്പൽമാർഗ്ഗം ആദ്യത്തെ വിദേശയാത്ര നടത്തി.

യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, ദക്ഷിണേഷ്യ, പൂർവേഷ്യ തുടങ്ങി മിക്കരാജ്യങ്ങളും പലതവണ സന്ദർശിക്കുകയും ഓരോ സ്ഥലത്തെയും സാമാന്യജനങ്ങളുമായി ഇടപഴകുകയും ചെയ്തു. നിരവധി സഞ്ചാരസാഹിത്യകൃതികൾ രചിച്ചിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ബാലിദ്വീപ്', 'കാപ്പിരികളുടെ നാട്ടിൽ', 'സിംഹഭൂമി' (2 ഭാഗം), 'നൈൽഡയറി', 'പാതിരാസൂര്യന്റെ നാട്ടിൽ', 'നേപ്പാൾ യാത്ര', 'ലണ്ടൻ നോട്ടുബുക്ക്', 'സോവിയറ്റ് ഡയറി' എന്നിവയാണ്. ഇവകൂടാതെ കഥാകൃത്ത് എന്ന നിലയിൽ നിരവധി കഥകളും രചിച്ചിട്ടുണ്ട്. യാത്രാവിവരണഗ്രന്ഥങ്ങൾ മൂന്നുവാല്യങ്ങളിലായി, 'സഞ്ചാരസാഹിത്യം' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ദേശത്തിന്റെ കഥ എന്ന നോവലിന് 1973-ൽ സാഹിത്യ അക്കാദമി അവാർഡും 1980-ൽ ജ്ഞാനപീഠപുരസ്കാരവും ലഭിച്ചു. 'ഒരു തെരുവിന്റെ കഥ' എന്ന നോവലിന് 1962-ൽ കേരളസാഹിത്യഅക്കാദമി അവാർഡ് ലഭിച്ചു. കോഴിക്കോട് സർവ്വകലാശാല ഡോക്ടറേറ്റ് നല്കി അദ്ദേഹത്തെ ആദരിച്ചു. 1982 ആഗസ്റ്റ് 6 ന് അന്തരിച്ചു. മലയാളസഞ്ചാരസാഹിത്യത്തിലെ 'ജോൺഗന്തർ' എന്നറിയപ്പെട്ടിരുന്ന എസ്.കെ.യ്ക്ക് സമശീർഷനായി മലയാളസാഹിത്യത്തിൽ മറ്റൊരാളില്ലെന്ന് തന്നെ പറയാം.

## 11.4. കുറിപ്പുകൾ/പദബോധനം

നേവാരികൾ : നേപ്പാളിലെ ഒരു ജനവർഗ്ഗം - ബുദ്ധമതവിശ്വാസികൾ - രജപുത്രർ ഇവരെ ആക്രമിച്ചുകീഴടക്കി. നിഷ്ക്രിയരായ അടിമകളാക്കി - വാസ്തുവിദ്യയിൽ വിദഗ്ദ്ധർ -

കിരാന്തികൾ : നേപ്പാളിലെ ഏറ്റവും പുരാതനവർഗ്ഗക്കാർ - സ്ത്രീകൾ ബഹുഭർത്തൃത്വം ആചരിക്കുന്നു - സ്വയംവര വിവാഹസമ്പ്രദായം പുലർത്തുന്നവർ. വേദങ്ങളിലും മഹാഭാരതത്തിലും ഇവരെപ്പറ്റി പരാമർശമുണ്ട്.

പാർവ്വതികൾ: നേപ്പാളിലെ മറ്റൊരു ജനവർക്ഷം പശ്ചിമപ്രാന്തങ്ങളിലാണ് വാസം. താക്കൂർ, റാണാ, ഖത്രി (ക്ഷത്രിയർ), ബ്രാഹ്മണർ, ഗൂറൂങ്, മഗാർ എന്നീ ജാതികൾ പാർവ്വതീവിഭാഗത്തിൽപ്പെടുന്നു.

കാഠ്മാണ്ഡു : നേപ്പാളിന്റെ തലസ്ഥാനം, കാളിഭഗവതിയുടെ കൈയിലെ ഖഡ്ഗരൂപത്തിലാണ് ഈ നഗരം സംവിധാനം ചെയ്തിരിക്കുന്നത്. ഇതിന്റെ പഴയപേര് കാന്തിപുരം എന്നത്രേ. 1596ൽ രാജലക്ഷ്മി നരസിംഹമല്ലൻ ഒറ്റത്തടിയിൽനിന്നുള്ള മരംകൊണ്ട് ഒരു മന്ദിരം നിർമ്മിച്ചു. ഈ കാഷ്ഠമണ്ഡപം ലോപിച്ചുണ്ടായ പേരത്രേ കാഠ്മാണ്ഡു.

റാണാ കുടുംബം : പാർവ്വതീവർഗ്ഗത്തിൽപ്പെട്ട വിഭാഗം. 1774ൽപൃത്ഥ്വീനാരായണൻ അന്തരിച്ചു. അടുത്ത അധികാരി മൈനർ ആയിരുന്നു. കൊട്ടാരത്തിൽ പ്രശ്നങ്ങൾ അധികമായി. 1846ൽ റാണാ ജംഗ്ബഹാദുർ പ്രധാനമന്ത്രിയും സർവ്വസൈന്യാധിപനുമായി. അധികാരം കൈയ്യടക്കിയ അദ്ദേഹം 'റാണാ മഹാരാജാവ്' എന്ന സ്ഥാനം സ്വയം സ്വീകരിച്ചു. അങ്ങനെ പിന്തുടർച്ചാവകാശം റാണാ കുടുംബത്തിനാവുകയും ചെയ്തു.

ഭക്തപുരം : മധ്യനേപ്പാളിലെ പഴയ പുരത്രയത്തിലൊന്ന്. ഭക്തപൂർ അഥവാ ഭത്ഗാം എന്നർത്ഥം. എ.ഡി. 88ൽ ആനന്ദമല്ലരാജാവ് നിർമ്മിച്ച പട്ടണം. ശില്പകലാസമൃർദ്ധമായ നഗരം. ശംഖാകൃതിയിലാണ് ഇതിന്റെ സംവിധാനം.

പട്ടൺ: കാഠ്മാണ്ഡുവിൽനിന്ന് മൂന്നുമൈൽ തെക്കുപടിഞ്ഞാറ് സ്ഥിതിചെയ്യുന്ന പട്ടണം. 1700 കൊല്ലത്തെ പഴക്കമുള്ളത്. എ.ഡി. 299-ാം മാണ്ടിൽ വീരദേവരാജാവ് നിർമ്മിച്ചത്. ലളിതപുരമെന്നായിരുന്നു പഴയപേര്. വൃത്താകൃതിയിലാണ് ഇതിന്റെ സംവിധാനം. ബുദ്ധവിഹാരങ്ങളും ശൈവവൈഷ്ണവ ക്ഷേത്രങ്ങളുംകൊണ്ടുനിറഞ്ഞ സ്ഥലം.

**പദബോധനം:**

| | | |
|---|---|---|
| പ്രായേണ | - | മിക്കവാറും, |
| വാസ്തുശില്പം | - | ഭവനനിർമ്മാണം |
| ഭവനം | - | വീട്, മന്ദിരം |
| ദൃഷ്ടാന്തം | - | ഉദാഹരണം |
| സംക്രമിക്കുക | - | പകരുക, പ്രവേശിക്കുക |
| സൗമനസ്യം | - | ദയ, കാരുണ്യം, സൗജന്യം |
| നിഷ്ക്രിയർ | - | ഉത്സാഹമില്ലാത്തവർ, മടിയർ |
| പുരത്രയം | - | മൂന്നു നഗരം (പുരങ്ങളുടെ ത്രയം) |
| ത്രയം | - | മൂന്ന് |
| ഖഡ്ഗം | - | വാൾ |
| സ്തംഭം | - | തൂൺ |
| കലവറ | - | സൂക്ഷിപ്പുസ്ഥലം (വീട്ടിലേയ്ക്കാവശ്യമുള്ള സാധനങ്ങൾ സംഭരിച്ചുവയ്ക്കാനുള്ള മുറി) |
| പത്തനം | - | പട്ടണം (നഗരം) |
| സായാഹ്നം | - | സന്ധ്യാസമയം, വൈകുന്നേരം |
| ബസാർ | - | അങ്ങാടി, ചന്ത |
| സ്തൂപം | - | താഴികക്കുടം |
| നികുഞ്ജം | - | വള്ളിക്കുടിൽ |
| അങ്കണം | - | മുറ്റം |
| ഉദ്യാനം | - | പൂന്തോട്ടം |
| വാസഗൃഹം | - | താമസിക്കാനുള്ള വീട് |
| വിഹാരങ്ങൾ | - | പ്രാർത്ഥനാകേന്ദ്രം (വിനോദസങ്കേതം) (ബുദ്ധമതപ്രാർത്ഥനാലയം) |
| ബഹുഭർത്തൃത്വം | - | ഒന്നിലധികം പുരുഷന്മാരെ ഭർത്താക്കന്മാരായി സ്വീകരിക്കുന്ന സമ്പ്രദായം. |
| മാറാവ്യാധി | - | കഠിനമായ രോഗം |

ഗിരിനിര - പർവ്വതനിര

സമരവീര്യം - യുദ്ധവീര്യം (സമരംചെയ്യാനുള്ള കഴിവ്)

പ്രാന്തം - പ്രദേശം, പ്രവിശ്യ

പശ്ചിമം - പാടിഞ്ഞാറ്

കവാടം - പ്രവേശനമുഖം

തീർത്ഥം - കുളം

## 11.5. പുരോഗതി സ്വയം പരിശോധിക്കുക (1)

1. സഞ്ചാരസാഹിത്യം (യാത്രാവിവരണം) എന്നാലെന്ത്?
2. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥം ഏത്?
3. പാറേമ്മാക്കൽ തോമ്മാക്കത്തനാർ രചിച്ച യാത്രാവിവരണ ഗ്രന്ഥം ഏത്?
4. വർത്തമാനപ്പുസ്തകം പ്രസിദ്ധീകരിച്ച വർഷം ഏത്?
5. വർത്തമാനപ്പുസ്തകത്തിന്റെ യാത്രോദ്ദേശ്യം എന്തായിരുന്നു?
6. മലയാളത്തിലെ ജോൺഗന്തർ എന്നറിയപ്പെടുന്നതാര്?
7. എസ്.കെ.യെ വിശേഷിപ്പിക്കുന്നത് എങ്ങനെയെല്ലാമാണ്?
8. ജ്ഞാനപീഠപുരസ്ക്കാരം മലയാളസാഹിത്യത്തിനു നേടിത്തന്ന രണ്ടാമത്തെ സാഹിത്യകാരൻ ആര്?
9. എസ്.കെയുടെ ഏതു നോവലിനാണ് ജ്ഞാനപീഠംപുരസ്കാരം ലഭിച്ചത്?
10. എസ്.കെയ്ക്ക് ഡോക്ടർ ബിരുദം നൽകി ആദരിച്ച സർവ്വകലാ ശാല ഏത്?
11. തോമ്മാക്കത്തനാർ ഏതു നാട്ടിലേയ്ക്കുനടത്തിയ യാത്രയുടെ ഫലമാണ് വർത്തമാനപ്പുസ്തകം?
12. സഞ്ചാരസാഹിത്യത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങളെന്തെല്ലാം?
13. സഞ്ചാരസാഹിത്യകാരനുണ്ടായിരിക്കേണ്ട ഗുണങ്ങളേവ?
14. സഞ്ചാരസാഹിത്യവും ആത്മകഥയും തമ്മിലുള്ള വ്യത്യാസങ്ങ ളെന്തെല്ലാം?
15. സഞ്ചാരസാഹിത്യകൃതികളെ ആകർഷകമാക്കുന്ന ഘടകമെന്ത്?
16. കേവലം വസ്തുസ്ഥിതികഥനത്തിൽനിന്നും ഭിന്നമാണ് സഞ്ചാര സാഹിത്യം എന്നുപറയാനുള്ള കാരണമെന്ത്?
17. എസ്.കെ.യുടെ യാത്രാവിവരണത്തിന്റെ പ്രത്യേകത എന്ത്?
18. നേവാരികൾ എന്തിലാണ് വിദഗ്ദ്ധരായിരുന്നത്?
19. നേവാരി കലകൗശലത്തിന്റെ ഉത്തമദൃഷ്ടാന്തങ്ങൾ ഏവ?
20. നേവാരികൾ കലാപ്രവർത്തനങ്ങളിൽനിന്നും പൻമാറിയതെന്തു കൊണ്ട്?
21. ഭക്തപുരം പട്ടണം നിർമ്മിച്ചതാര്?
22. ഭക്തപുരം സംവിധാനംചെയ്തിരിക്കുന്നതെങ്ങനെ?

23. ദർബാർ ചത്വരത്തിലെ ആകർഷകദൃശ്യങ്ങൾ എന്തെല്ലാം?
24. ഭക്തപൂരിലെ പ്രധാന ഉത്സവം ഏത്?
25. ലസംഗയാത്രയുടെ പ്രധാന ചടങ്ങുകളേവ?
26. മംഗളബസാർ മൂലയിലെ നാടൻചന്തയുടെ പ്രത്യേകതകളെന്തെല്ലാം?
27. 'പട്ടൺ' നഗരത്തിന്റെ സംവിധാനം എങ്ങനെയായിരുന്നു?
28. നേപ്പാളിലെ ജനവർഗ്ഗങ്ങളെ എത്രയായി തിരിക്കാം? ഏതെല്ലാം?
29. നേപ്പാളിലെ ജനവർഗ്ഗങ്ങളുടെ പ്രത്യേകതകളെന്തെല്ലാം?
30. പട്ടൺ നഗരത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

## 11.6 വിഷയാവതരണവും പാഠഭാഗവും

ചിത്രകാരനും നടനും കൂടിയായ രാജൻ കാക്കനാടൻ നടത്തിയ ഹിമാലയയാത്രകളുടെ വിവരണങ്ങളാണ് 'ഹിമവാന്റെ മുകൾത്തട്ടിൽ'. യാത്രയുടെ ലക്ഷ്യം തീർത്ഥാടനമായിരുന്നില്ല; സാഹസികാനുഭവങ്ങൾക്കുവേണ്ടിയായിരുന്നു. 1975-ൽ രാജൻ കാക്കനാടൻ കാൽനടയായി നടത്തിയ ബദരിനാഥ്, കേദാർനാഥ്, തുംഗനാഥ് തുടങ്ങിയ ക്ഷേത്രദർശനങ്ങളുടെ കാവ്യാത്മകമായ വർണ്ണനകൾ ഉൾക്കൊള്ളുന്ന യാത്രാവിവരണമാണ് 'ഹിമവാന്റെ മുകൾത്തട്ടിൽ'. 1980-ലാണ് ഇത് പ്രസിദ്ധപ്പെടുത്തിയത്. ഹിമവാന്റെ മുകൾത്തട്ടിൽ എന്ന കൃതിയിലെ ഒരു അദ്ധ്യായത്തിന്റെ ഭാഗമാണ് ഇവിടെ പാഠമായി നൽകിയിരിക്കുന്നത്.

## പാഠം 2 – കയറ്റം വീണ്ടും കയറ്റം (ഹിമവാന്റെ മുകൾത്തട്ടിൽ)

ഗുഹാമുഖത്തുനിന്നും അകലുംതോറും മൂടൽമഞ്ഞു മാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. വെൺമേഘശകലങ്ങൾ വഴിയിൽ തങ്ങിനിന്നു. ദൂരെക്കാഴ്ചയിൽ അവ വളരെ നിബിഡമാണെന്നു തോന്നിയെങ്കിലും അവയ്ക്കുള്ളിലൂടെ നടന്നപ്പോൾ ലോലമായ പുകച്ചുരുളുകൾക്കിടയിൽപ്പെട്ടതായി മാത്രമെ അനുഭവപ്പെട്ടുള്ളു.

മൂന്നാമത്തെ തട്ടിൽനിന്നും നാലാമത്തെ തട്ടിൽ എത്തിയപ്പോൾ നേരം പുലർന്നിരുന്നു. നല്ല വിശപ്പു തോന്നി. അവിടെ കണ്ട ഒരു കാട്ടുചോലയുടെ സമീപം ചെന്നിരുന്നു. സഞ്ചിക്കുള്ളിൽനിന്നും പൊതി വെളിയിലെടുത്തു. ബാക്കിയുണ്ടായിരുന്ന അഞ്ചു റൊട്ടിയും അകത്താക്കി. അവ ഐസുപോലെ തണുത്തിരുന്നു. അരുവിയിൽനിന്നും കൈക്കുമ്പിളിൽ വെള്ളം കുടിച്ചു. വീണ്ടും കയറ്റം തുടങ്ങി.

നാലിൽനിന്നും അഞ്ചിലേക്കുള്ള കയറ്റം കുത്തനെയുള്ളതായിരുന്നു. അതു കയറി കൂറേ ദൂരമെത്തിയപ്പോൾ ഒരു വളവു കണ്ടു. ആ വളവു തിരിഞ്ഞെത്തിയതു തുറസ്സായ ഒരു സ്ഥലത്താണ്. അതിവിശാലമായ ഒരു ദൃശ്യമാണ് അവിടെ കാണാൻ കഴിഞ്ഞത്. സമീപസ്ഥമായ താഴ്വരകൾ. താഴ്വരയിൽ നിരനിരയായി നിൽക്കുന്ന

പൈൻമരക്കാടുകൾ. ഇവയ്ക്കു താഴെ അഗാധതയിലൂടെ കുത്തിയൊലിച്ചൊഴുകുന്ന കാട്ടരുവികളുടെ ആരവം. അരുവിക്കപ്പുറം വിശാലമായ മലഞ്ചെരിവുകൾ. അതിനുമപ്പുറം ചെറുകുന്നുകളുടെ നിരകൾ. അതിനുമപ്പുറം കുത്തനെ ഉയർന്നുനിൽക്കുന്ന, മഞ്ഞിൽ പൊതിഞ്ഞ കൂറ്റൻ ശൃംഗങ്ങൾ അനേകനാഴിക അകലെവരെ കാണാം. അകലെയുള്ള മലകളിൽനിന്നും കുത്തനെ താഴ്‌വാരങ്ങളിലേക്കു പതിക്കുന്ന വെള്ളച്ചാട്ടങ്ങൾ പച്ചയും തവിട്ടും കലർന്ന മലനിരകളുടെ പശ്ചാത്തലത്തിൽ രജതരേഖകൾ സൃഷ്ടിച്ചു.

അഞ്ചാമത്തെ തട്ടിൽ എത്തുന്നതിന് അല്പം മുമ്പായി അകലെ മലനിരകളിൽനിന്നൊരാൾ മേഘക്കീറുകൾക്കിടയിലൂടെ താഴേക്കിറങ്ങി വരുന്നതുകണ്ടു. അയാൾ സാവധാനം ശ്രദ്ധയോടുകൂടി ചുവടുവെച്ചാണ് മലയിറങ്ങിവന്നത്. ഒരു രാത്രിയും ഒരു പകലും ഏകനായി നടന്ന എനിക്ക് അകലെനിന്നൊരു മനുഷ്യരൂപം നടന്നടുക്കുന്നതു കണ്ടപ്പോൾ വളരെ സന്തോഷം തോന്നി.

'ജയ് തുംഗനാഥ്!' ഞാൻ ഉറക്കെ വിളിച്ചുപറഞ്ഞു.

'ജയ് കേദാർനാഥ്!' അയാൾ പ്രതിവതിച്ചു.

അടുത്തെത്തിയപ്പോൾ അയാൾ ഒരു പാശ്ചാത്യനാണെന്നു തോന്നി. അയാളുടെ നീണ്ടുവളർന്ന മുടിയും ഇടതൂർന്ന താടിയും കാറ്റിൽ പറന്നു. ഊതനിറമുള്ള മുട്ടോളമെത്തുന്ന ഒരു മേലങ്കിയാണ് അയാൾ ധരിച്ചിരുന്നത്. അതു കമ്പിളികൊണ്ടുള്ളതായിരുന്നു. കഴുത്തിൽ രുദ്രാക്ഷമാല ധരിച്ചിരുന്നു. അയാളുടെ കാലുറ നീലനിറത്തിലുള്ളതായിരുന്നു. ഒരു വലിയ ഭാണ്ഡം തോളിൽ തൂങ്ങിക്കിടന്നു. എല്ലുന്തി കവിളൊട്ടിയ ആ മുഖത്ത് അനേകം ദിവസത്തെ യാത്രയുടെ ക്ലേശം സ്ഫുരിച്ചുനിന്നിരുന്നു. കുണ്ടിൽ ചാടിയ കണ്ണുകൾക്കുചുറ്റും കറുത്ത, വലിയ വളയങ്ങൾ കണ്ടു. വെളുത്തു വിളറിയ ചർമ്മത്തിൽ അവ തെളിഞ്ഞുനിന്നു. അയാൾ, നീണ്ട അഗ്രം കൂർത്ത ഒരു വടി പിടിച്ചിരുന്നു. ഒരു മല കയറിച്ചെല്ലുന്നവന് അതിറങ്ങിവരുന്നവനോട് അല്പം അസൂയ തോന്നാറുള്ളതാണ്. കാരണം, കയറുന്നതാണല്ലോ ബദ്ധപ്പാടുള്ള കാര്യം. എങ്കിൽത്തന്നെയും മല കയറിച്ചെന്ന എനിക്ക് ബദ്ധപ്പെട്ടു മലയിറങ്ങിവന്ന ഈ പഥികനോട് അസൂയ തോന്നിയില്ലെന്നു മാത്രമല്ല, അയാൾക്കുകൂടി കൊടുക്കാനുള്ള ഭക്ഷണം ഞാൻ അല്പനേരത്തിനു മുമ്പുതന്നെ തിന്നുതീർത്തല്ലോ എന്ന കുണ്ഠിതവും തോന്നി. അത്രയ്ക്ക് അവശനായിരിക്കുന്നു അയാൾ. കുറേയടുത്തപ്പോൾ അയാൾ ക്ഷീണിച്ച സ്വരത്തിൽ ഇംഗ്ലീഷിലഭിവാദ്യംചെയ്തു : 'ഗുഡ്മോർണിംഗ് സ്വാമിജി!' ഞാനും ഇംഗ്ലീഷിൽതന്നെ പ്രത്യഭിവാദനം ചെയ്തു.

കേദാരിലേക്ക് ഇനിയെത്രദൂരം നടക്കണം?' അയാൾ ചോദിച്ചു. കേദാരിൽ എത്തണമെങ്കിൽ നാലു ദിവസമെങ്കിലും നടക്കണമെന്നു ഞാൻ പറഞ്ഞു.

ഏതെങ്കിലും ഒരു തീർത്ഥാടനകേന്ദ്രത്തിലേക്കു പോകുന്നവർ പെരുവഴിയിൽവച്ച് ആരെയെങ്കിലും കണ്ടാൽ ആ പ്രത്യേക തീർത്ഥാടനകേന്ദ്രത്തിന്റെ, അതിന്റെ മുഖ്യമൂർത്തിയുടെ, പേരു പറഞ്ഞാണ് അഭിവാദ്യം ചെയ്യാറ്. അക്കാര്യം ഈ ധരയ്ക്കറിയില്ലെന്നു തോന്നുന്നു.

സായ്പു പറഞ്ഞു: 'ഞാൻ ബദരിയിൽനിന്നും കാൽനടയായിട്ടാണു വരുന്നത്. ചമോളി വിട്ടതിനുശേഷം ഞാൻ ആദ്യമായി കണ്ടുമുട്ടുന്ന തീർത്ഥാടകൻ താങ്കളാണ്.'

ഞാൻ സഞ്ചിയിൽനിന്നും ബീഡി തപ്പിയെടുത്തു. ഒന്ന് ധ്വരയ്ക്കു നൽകി. മറ്റൊന്നു ഞാനും കത്തിച്ചു.

അല്പനേരത്തെ സംഭാഷണത്തിനിടയിൽ, സായ്പ് അയർലണ്ടുകാരനാണെന്നും ഇന്ത്യ ചുറ്റാൻ തുടങ്ങിയിട്ട് നാലഞ്ചു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നുവെന്നും അയാൾ പറഞ്ഞു. സായ്പിന്റെ പേർ ജോൺ. സായ്പ് സ്വന്തം നാട്ടിൽ ഒരു വൈദികസെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കെ, ഒരു ഹൈന്ദവപണ്ഡിതനെ കണ്ടുമുട്ടി. അതേത്തുടർന്ന് ഹിന്ദുമതത്തെക്കുറിച്ചു കൂടുതൽ പഠിക്കാൻ വ്യഗ്രതയുണ്ടായി. അങ്ങനെ ഇന്ത്യയിൽ എത്തി. ഒരു ഗുരുവിനെ കണ്ടുപിടിക്കാൻ അലഞ്ഞു. ഒടുവിൽ കണ്ടെത്തി. ഉജ്ജയിനിയിൽവച്ച്. ഗുരുവിനോടൊപ്പം രണ്ടുകൊല്ലം ചെലവഴിച്ചു. നാട്ടിൽപോയി, വീണ്ടും മടങ്ങിയെത്തിയപ്പോൾ ഗുരു സമാധിയടഞ്ഞിരുന്നു. നേരെ കാശിയിലെത്തി, ഒരു വിദ്യാലയത്തിൽ ചേർന്ന് സംസ്കൃതപഠനം നടത്തുകയാണ്. ഇടയ്ക്കിടെ എന്തെങ്കിലും പണിചെയ്യും. അല്ലാത്ത സമയം ഭിക്ഷാടനം നടത്തും. ഇത്തവണ ബദരിയും തുംഗനാഥും കേദാർനാഥും മാത്രമേ സന്ദർശിക്കുന്നുള്ളു.

ധ്വരസ്വാമി തലേദിവസം രാത്രിയാണ് തുംഗനാഥിലെത്തിയത്. അവിടുത്തെ പൂജാരികൾ ആഹാരമൊക്കെ കഴിഞ്ഞ് ഉറക്കംപിടിച്ചിരുന്നു. അതിനാൽ ആഹാരമൊന്നുമില്ലാതെ ക്ഷേത്രത്തിന്റെ തിണ്ണയിൽ കിടന്നുറങ്ങി. കൊടുംതണുപ്പായിരുന്നു. രാവിലെ ഉണർന്നു ദർശനം നടത്തി, മലയിറങ്ങാൻ തുടങ്ങി.

സായ്പിന്റെ കഥ കേട്ടപ്പോൾ അയാൾക്കെന്തെങ്കിലും ഒരു സഹായം ചെയ്യണമെന്നു തോന്നി. ഞാൻ ചോദിച്ചു.

'സ്വാമിക്കു ചില്ലറ വല്ലതും ആവശ്യമുണ്ടോ?'

'വേണ്ട' സായ്പു പറഞ്ഞു. 'എന്റെ പക്കൽ അത്യാവശ്യത്തിനു പണമുണ്ട്.'

എനിക്കാഹാരം നല്കിയ ബ്രാഹ്മണനെപ്പറ്റി ഞാൻ സായ്പിനോടു പറഞ്ഞു. 'അവിടെനിന്നെന്തെങ്കിലും ആഹാരം കിട്ടാതിരിക്കില്ല.' ഞാൻ ഉറപ്പിച്ചു പറഞ്ഞു. സായ്പു പെട്ടെന്നെന്തോ ഓർത്തിട്ടെന്നപോലെ മുകളിലേക്കു കൈ വീശിക്കൊണ്ടു പറഞ്ഞു: 'മുകൾത്തട്ടു മുഴുവൻ മഞ്ഞുമൂടിക്കിടക്കുകയാണ്.'

അയാൾ തന്റെ കൈയ്യിലിരുന്ന അഗ്രം കൂർത്ത വടി എന്റെ നേരെ നീട്ടി. 'ഇതു വേണമെങ്കിൽ താങ്കൾക്കെടുക്കാം. മഞ്ഞിൽക്കൂടി കയറുമ്പോൾ ഇതാവശ്യം വരും' അയാൾ പറഞ്ഞു.

ഞാൻ മുകളിലേക്ക് നോക്കി. തുംഗനാഥിന്റെ ശിരസ്സ് മേഘങ്ങളാൽ മറയ്ക്കപ്പെട്ടിരിക്കുന്നു. താഴെനിന്നു നോക്കുമ്പോൾ എത്രദൂരം മഞ്ഞുവീണു കട്ടപിടിച്ചു കിടപ്പുണ്ടെന്നു കാണാൻ കഴിയുന്നില്ല.

ഏതായാലും യാത്രാക്ലേശംകൊണ്ടു തളർന്ന ഈ മനുഷ്യന്റെ ഊന്നുവടി വാങ്ങിക്കൊണ്ടു പോകുന്നതു ശരിയല്ല. അയാൾക്കിനിയും അനേകം നാഴികകൾ കയറിയിറങ്ങേണ്ടതുണ്ട്.

'വളരെ നന്ദി! പക്ഷേ, ഞാനിതില്ലാതെ പൊയ്ക്കൊള്ളാം'. ഞാൻ പറഞ്ഞു. സായ്പ് തെല്ലു സംശയത്തോടെ എന്റെ നേരെ നോക്കി. അതിനുശേഷം ആകാശത്തേക്കുനോക്കി എന്തോ പിറുപിറുത്തു. അയാളുടെ മുഖത്ത് എന്തോ ആശങ്ക നിഴലിച്ചിരുന്നു?

'നിങ്ങളുടെ യാത്ര സഫലമാകട്ടെ!' എന്നോടു ഗുപ്തകാശിസത്രത്തിലെ വൃദ്ധൻ പറഞ്ഞ വാക്കുകൾ ഞാൻ ആവർത്തിച്ചു.

'നമുക്കു വീണ്ടും കാണാം' ഞാൻ പറഞ്ഞു.

'ദൈവസഹായമുണ്ടെങ്കിൽ തീർച്ചയായും' സായ്പ് തിരുത്തി. എന്നിട്ടു മലയിറങ്ങി താഴ്വരയിലേക്കു നടന്നു.

## 11.7 പാഠസംഗ്രഹം

ഒരു ഉത്തരേന്ത്യൻ സന്യാസി ഉണർത്തിവിട്ട ഹിമാലയപര്യടന മോഹം നിമിത്തം ഹൃഷീകേശിൽ നിന്ന് ക്ലേശകരമായ പദയാത്ര ആരംഭിക്കുന്നു ലേഖകൻ. സാധാരണ തീർത്ഥാടകർ അപകടഭീതി മൂലം ഒഴിവാക്കുന്ന തുംഗനാഥക്ഷേത്രത്തിലും സാഹസികപ്രേരണയാൽ കയറിച്ചെല്ലുന്നു. ഹിമാലയത്തിലെ ഉത്തുംഗശൃംഗങ്ങളുടെയും നിഴൽവീണ മലഞ്ചരിവുകളുടെയും അഗാധഗർത്തങ്ങളുടെയും വിസ്തൃതമായ താഴ്വരകളുടെയും മാസ്മരസൗന്ദര്യം അദ്ദേഹത്തെ വശീകരിക്കുന്നു. കാട്ടുചോലകളുടെയും കാട്ടുപക്ഷികളുടെയും ഗാനങ്ങൾ കേട്ടുകൊണ്ട് പർവതാരോഹണം നടത്തുന്നു. അപ്രതീക്ഷിതമായി മലമുകളിൽനിന്ന് അടർന്നുവീഴുന്ന പാറകളുടെയും ഹിമവർഷത്തിന്റെയും അത്യുഗ്രമായ കൊടുങ്കാറ്റിന്റെയും മഞ്ഞുമൂടിക്കിടക്കുന്ന സഞ്ചാരപഥത്തിന്റെയും ഭീഷണികളെ അവഗണിച്ചുകൊണ്ടാണ് യാത്ര.

'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന യാത്രാവിവരണഗ്രന്ഥത്തിൽനിന്നും എടുത്ത ഒരദ്ധ്യായത്തിന്റെ കുറച്ചു ഭാഗമാണ് ഇവിടെ ചേർത്തിരിക്കുന്നത്. 'കയറ്റം വിണ്ടും കയറ്റം' എന്ന ഈ അദ്ധ്യായത്തിൽ തുംഗനാഥിലേയ്ക്കുള്ള യാത്രാമദ്ധ്യേ, കേദാരിയിലേയ്ക്ക് പോകുന്ന അയർലൻഡുകാരനായ ജോണിനെ ലേഖകൻ കണ്ടുമുട്ടുന്നു. അവർ തമ്മിലുള്ള സംഭാഷണമാണ് വിവരണ വിഷയം. അതോടൊപ്പം പ്രകൃതിവിഭവങ്ങളെക്കുറിച്ചുള്ള വർണ്ണനയും ഉണ്ട്. പ്രകൃതിയുടെ പ്രത്യേകതകളാണ് ഈ ഭാഗത്ത് പരാമർഷിക്കപ്പെടുന്നത്. വീണ്ടും ദൈവസഹായമുണ്ടെങ്കിൽ കണ്ടുമുട്ടാമെന്ന യാത്ര പറയലൊടുകൂടി ജോൺ മലയിറങ്ങി താഴ്വാരത്തിലേയ്ക്കു നടന്നു.

ഭാവനിർഭരവും കാവ്യാത്മകവുമായ ഭാഷാശൈലി ഈ വിവരണത്തെ ആകർഷകമാക്കുന്നു. മലയാളത്തിലെ ഏറ്റവും സാഹസികത നിറഞ്ഞ ഹിമപര്യടന ഗ്രന്ഥം എന്ന നിലയിലും ഈ കൃതി പ്രാധാന്യം അർഹിക്കുന്നു. പദയാത്ര നിമിത്തം നാടിനെ നന്നായി

മനസ്സിലാക്കാനും അങ്ങനെ ഗ്രഹിച്ച കാര്യങ്ങൾ സമർത്ഥമായി അനുവാചകന് വിവരിച്ചുതരാനും രാജൻ കാക്കനാടിനു കഴിഞ്ഞിട്ടുണ്ട്.

## 11.8 ലേഖക പരിചയം (രാജൻ കാക്കനാടൻ – 1942 –1991)

ചിത്രകാരൻ, സിനിമാനടൻ, സഞ്ചാരപ്രീയൻ, നോവലിസ്റ്റ് എന്നീ നിലകളിൽ പ്രശസ്തി നേടി. 'എസ്തപ്പാൻ' എന്ന സിനിമയിലെ നായകനടനായി അഭിനയിച്ചു. പ്രസിദ്ധസാഹിത്യകാരനായ കാക്കനാടന്റെ സഹോദരൻ. ചിത്രകലയും പ്രസിദ്ധീകരണങ്ങളുമായി ഏറെക്കാലം പ്രവർത്തിച്ചു.

കൃതികൾ : ഹിമവാന്റെ മുകൾത്തട്ടിൽ, അമർനാഥ് ഗുഹയിലേയ്ക്ക് (യാത്രാവിവരണം), നേരമില്ലാത്ത നേരത്ത് (നോവൽ)

## 11.9 പദബോധനം

| | |
|---|---|
| വെൺമേഘശകലം | - വെളുത്ത മേഘങ്ങളുടെ കൂട്ടം |
| കാട്ടുചോല | - കാട്ടരുവി |
| തുറസായ | - വിശാലമായ |
| ആരവം | - ശബ്ദം (ഇരമ്പൽ) |
| ശൃംഗം | - കൊടുമുടി |
| ഊതനിറം | - വയലറ്റുനിറം |
| സ്ഫുരിക്കുക | - പ്രകാശിക്കുക (തെളിയുക) |
| പഥികൻ | - വഴിപോക്കൻ |
| വ്യഗ്രത | - ഏകാഗ്രത |
| സമാധിയടയുക | - മരിക്കുക |
| കുണ്ഠിതം | - ദുഃഖം (വിഷാദം) |
| മേലങ്കി | - മേലുടുപ്പ് (മേൽക്കുപ്പായം) |
| ഗുഹാമുഖം | - ഗുഹയുടെ മുന്നിൽ |
| നിബിഡം | - ഇടത്തൂർന്നത് (തിങ്ങി നിറഞ്ഞത്) |
| ലോലമായ | - കനം കുറഞ്ഞ, മെലിഞ്ഞ |
| അരുവി | - നീർച്ചാട്ടം (ചെറിയ ജലപ്രവാഹം) |
| കുത്തനെ | - നേരെ നിവർന്ന് (കിഴുക്കാം തൂക്കായി) |
| അഗാധം | - ആഴമുള്ളത് |
| രജതരേഖകൾ | - വെള്ളിവരകൾ |
| പാശ്ചാത്യർ | - യൂറോപ്യൻ (പടിഞ്ഞാറൻ രാജ്യങ്ങളിലുള്ളവർ) |
| രുദ്രാക്ഷമാല | - ജപമാല (രുദ്രാക്ഷക്കായ് കൊണ്ടുണ്ടാക്കിയ മാല) |

| | |
|---|---|
| ഭാണ്ഡം | - മാറാപ്പ് |
| ക്ലേശം | - പ്രയാസം, ബുദ്ധിമുട്ട് |
| അഗ്രം | - മുകൾഭാഗം (അറ്റം, മുന) |
| അഭിവാദ്യം | - വന്ദനം |
| ഭിക്ഷാടനം | - ഭിക്ഷയാചിക്കൽ |
| തിണ്ണ | - ഇറയം, കോലായ (വരാന്ത) |
| ദർശനം | - കാഴ്ച, കാണൽ (കണ്ടുമുട്ടൽ) |
| സത്രം | - വഴിയമ്പലം (വഴിയാത്രക്കർക്ക് താല്ക്കാലികമായി താമസിക്കാനുള്ള സ്ഥലം) |
| താഴ്വര | - മലയുടെ അടിവാരം |

## 11.10 പുരോഗതി സ്വയം പരിശോധിക്കുക (2)

1. 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന കൃതിയുടെ സവിശേഷതകൾ എന്തെല്ലാം?
2. നാലിൽനിന്നും അഞ്ചാമത്തെ വളവുതിരിഞ്ഞെത്തിയപ്പോൾ കണ്ട കാഴ്ചകൾ എന്തെല്ലാം?
3. സായ്പ്പും ഗ്രന്ഥകാരനും തമ്മിൽ കണ്ടപ്പോൾ അഭിവാദ്യം ചെയ്തതെങ്ങനെ?
4. ജോൺസായ്പ്പിനെ രാജൻ കാക്കനാടൻ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?
5. സായ്പിന്റെ കഥ കേട്ടപ്പോൾ അയാളെ സഹായിക്കണമെന്ന് ലേഖകന് തോന്നിയതെന്തുകൊണ്ട്? സായ്പ് പറഞ്ഞ കഥയെന്ത്?
6. സഞ്ചാരസാഹിത്യത്തിന്റെ സവിശേഷതകൾ എന്തെല്ലാം?
7. രാജൻ കാക്കനാടൻ ഏതു സിനിമയിലെ നായകനടനായിരുന്നു?
8. രാജൻ കാക്കനാടൻ രചിച്ച നോവലേത്?
9. അമർനാഥ് ഗുഹയിലേക്ക് എന്ന കൃതിയുടെ കർത്താവാര്?
10. ഹിമവാന്റെ മുകൾത്തട്ടിൽ എന്ന കൃതി പ്രസിദ്ധപ്പെടുത്തിയ വർഷം ഏത്?
11. ഏത് ആഖ്യായികയ്ക്കു സമാനമായി മലയാളത്തിൽ ചൂണ്ടിക്കാണിക്കാവുന്ന കൃതിയാണ് 'ഹിമവാന്റെ മുകൾത്തട്ടിൽ'?
12. അക്കാര്യം ഈ ധാരയ്ക്കറിയില്ലെന്നു തോന്നുന്നു? ഏതു കാര്യം?

## 11.11 ഉത്തരസൂചിക (1)

1. ഒരു രാജ്യത്തിലേക്കോ പ്രദേശത്തേയ്ക്കോ നടത്തുന്ന യാത്രയിൽ ഉണ്ടാകുന്ന അനുഭവങ്ങളെക്കുറിച്ച് വിവരിക്കുന്ന കൃതി. ഒരു നാടിന്റെ സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ വിദ്യാഭ്യാസം എന്നുവേണ്ട സഞ്ചാരിക്ക് തോന്നുന്ന, അയാൾക്കനുഭവ

പ്പെടുന്ന അനുഭൂതിവിശേഷങ്ങളെക്കുറിച്ച് പരാമർശിക്കുന്ന കൃതി.

2. വർത്തമാനപ്പുസ്തകം - പാറേമ്മാക്കൽ തോമ്മാക്കത്തനാർ രചിച്ചത്.

3. വർത്തമാനപ്പുസ്തകം

4. 1786

5. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നിരുന്ന അനൈക്യം, മത്സരം എന്നിവയ്ക്കെതിരെ ചില നടപടികൾ മാർപ്പാപ്പയെകൊണ്ട് സ്വീകരിപ്പിക്കുന്നതിനുവേണ്ടി റോമിലേക്ക് നടത്തിയ യാത്ര.

6. എസ്.കെ.പൊറ്റെക്കാട്

7. മലയാളത്തിലെ ജോൺഗന്തർ, സഞ്ചാരസാഹിത്യത്തിലെ എമ്പയർ സ്റ്റേറ്റ് ബിൽഡിംഗ്, യാത്രവിവരണ സാഹിത്യവിഹായസ്സിലെ ഉച്ചസ്ഥായിയായ ഉജ്വലജ്യോതിർഗോളം.

8. എസ്.കെ.പൊറ്റക്കാട് (1980ൽ)

9. ഒരു ദേശത്തിന്റെ കഥ

10. കോഴിക്കോട് സർവ്വകലാശാല

11. റോമായിലേക്ക്

12. വസ്തുസ്ഥിതികഥനത്തിൽനിന്നും ഭിന്നം. ചരിത്രം, ഭൂമിശാസ്ത്രം, കലാസാഹിത്യം, ധനശാസ്ത്രം, പ്രകൃതിശാസ്ത്രം തുടങ്ങി ഏതു വിജ്ഞാനവും യാത്രാവിവരണത്തിൽ ഉൾക്കൊള്ളിക്കാം. ആത്മകഥയോട് കൂടുതൽ അടുപ്പം. യാത്ര ചെയ്യുന്ന സ്ഥലങ്ങളുടെയും താമസിച്ച സ്ഥലങ്ങളുടെയും കണ്ട കാഴ്ചകളുടെയും വർണനകൾ - സഞ്ചാരിയുടെ അനുഭവങ്ങൾ, പ്രതികരണങ്ങൾ താരതമ്യങ്ങൾ എന്നിവ ഉണ്ടായിരിക്കണം. ജനങ്ങളുടെ നാഡിമിടിപ്പും ഹൃദയസ്പന്ദനവും സംസ്കാരവും സഞ്ചാരസാഹിത്യകൃതിയെ ആകർഷകമാക്കുന്നു.

13. ഒടുങ്ങാത്ത സഞ്ചാര കൗതുകം സാഹിത്യകാരന് അനിവാര്യമാണ്. എഴുത്തുകാരന്റെ സഞ്ചാരാനുഭവങ്ങൾ അനുവാചകനു പകർന്നു നല്കാനുള്ള കഴിവ്. എഴുത്തുകാരന്റെ ആത്മാംശത്തിന് പ്രാധാന്യം.

14. ആത്മകഥയോട് ബന്ധപ്പെട്ടിരിക്കുന്നു സഞ്ചാരസാഹിത്യം. ജീവിതാന്ത്യംവരെ ഒരു ആത്മകഥയും ചിത്രീകരിക്കാനാവില്ല. അതുകൊണ്ടുതന്നെ അത് അപൂർണ്ണവുമാണ്. ആത്മകഥയ്ക്കുള്ള ഈ അപൂർണ്ണത ആത്മാംശ പ്രധാനമായ യാത്രാവിവരണങ്ങൾക്കില്ല. വൈകാരികഭാവം രണ്ടിനും അനിവാര്യം.

15. ഏതു രാജ്യത്തിലെയും പ്രധാന കഥാപാത്രങ്ങൾ അവിടുത്തെ ജനങ്ങളാണ്. ജനങ്ങളുടെ നാഡിമിടിപ്പും ഹൃദയസ്പന്ദനവും സംസ്കാരവുമാണ് ഒരു സഞ്ചാരസാഹിത്യകൃതിയെ ആകർഷകമാക്കുന്നത്.

16. വിദേശത്ത് പരിചയപ്പെട്ട വ്യക്തികളിലൂടെ ഒരു ജനതയുടെ ദേശീയസ്വഭാവം, അവിടന്ന് സ്വീകാര്യമായിത്തോന്നിയ വസ്തുതകൾ, നമ്മെക്കുറിച്ച് അവർക്കുള്ള ധാരണകൾ തുടങ്ങിയവ യാത്രാവിവരണത്തിൽ പരാമർശിക്കാം. ഏതു വിജ്ഞാനവും യാത്രാവിവരണത്തിൽ ഉൾക്കൊള്ളിക്കാം. എത്രമാത്രം വിജ്ഞാനം ഉൾക്കൊള്ളിച്ചാലും യാത്രവിവരണം ഒരു വിജ്ഞാനഗ്രന്ഥമാകുന്നില്ല. സഞ്ചാരസാഹിത്യത്തിന്റെ സവിശേഷത, അതിന്റെ അനന്തസാധ്യതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

17. കാവ്യാത്മകവും പ്രസാദാത്മകവും ലളിതവുമായ കാവ്യശൈലി. നിർമ്മലമായ കാവ്യശൈലിയിൽ, നേരിയ നർമ്മബോധത്തിന്റെ മേമ്പൊടിയോടെ അദ്ദേഹം കണ്ട കാഴ്ചകൾ നമുക്ക് കാട്ടിത്തരുന്നു. പല നാടുകളും കേരളവുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കാനുള്ള കഴിവ്.

18. വാസ്തുവിദ്യയിൽ

19. കാഠ്മാണ്ഡു, പട്ടൺ, ഭത്ഗാം എന്നീ പട്ടണങ്ങളിലെ പഴയ ക്ഷേത്രങ്ങളും ഭവനങ്ങളും.

20. നേവാരികളെ ആക്രമിച്ചു കീഴടക്കിയ ഗൂർഖകൾ കലയിൽ താല്പര്യമുള്ളവരായിരുന്നില്ല. നേവാരികളുടെ കലാവാസനകളെ പ്രോത്സാഹിപ്പിക്കാനോ കലാനിർമ്മിതികളെ സംരക്ഷിച്ചു നിത്താനോ രജപുത്രജേതാക്കൾക്ക് താല്പര്യമുണ്ടായിരുന്നില്ല. അവരെ നിഷ്ക്രിയരാക്കി അടിമകളാക്കാനാണ് രജപുത്രർ മുതിർന്നത്.

21. ആനന്ദമല്ലരാജാവ്

22. ശംഖാകൃതിയിൽ

23. സുവർണ്ണകവാടം, സിംഹകവാടം, അത്ഭുതകരമായ കൊത്തുവേലകൾ ചാർത്തിയ 55 ജാലകങ്ങളോടുകൂടിയ രാജകൊട്ടാരം, ശൂനകഘണ്ട തൂങ്ങുന്ന വത്സലക്ഷേത്രം, ഭൂപതീന്ദ്രമല്ല രാജാവിന്റെ പൂർണ്ണകായ പ്രതിമ.

24. ലസംഗയാത്ര (ബിസ്കാത്ത്)

25. മഹാഭാരതയുദ്ധത്തിൽ പാണ്ഡവന്മാരുടെ വിജയം ആഘോഷിക്കുന്ന ഒരുത്സവം. യുദ്ധവിജയസ്തംഭമാണെന്ന സങ്കല്പത്തോടെ ഒരു കൂറ്റൻ മരത്തൂൺനാട്ടി ഭൈരവന്റെയും ഭദ്രകാളിയുടെയും രഥങ്ങൾ സ്തംഭത്തിനുമുന്നിലേക്ക് ആർഭാടപൂർവ്വം എഴുന്നള്ളിക്കുന്നതാണ് പ്രധാന ചടങ്ങ്.

26. പലഹാരങ്ങൾ, പലവ്യഞ്ജനങ്ങൾ, പഴങ്ങൾ, കിഴങ്ങുകൾ, പച്ചക്കറികൾ, ധാന്യങ്ങൾ, ചട്ടി, കയിൽ, കയർ, കുട്ട മുതലായ അടുക്കള സാമഗ്രികൾ വില്ക്കുന്ന സ്ഥലം - അധികവും സ്ത്രീകൾ - ഗ്രാമീണ സ്ത്രീകൾ വാങ്ങിയ സാമാനങ്ങൾ കൂമ്പൻ കുട്ടയിൽ നിറച്ചുപുറത്തുവെച്ചുകെട്ടിക്കൊണ്ടുപോകുന്നു. അമ്പലത്തിൽ നിന്നും ഉയരുന്ന മണിനാദം, ഉച്ചഭാഷിണികളിലൂടെ റേഡിയോഗാനങ്ങളും അന്തരീക്ഷത്തിൽ മുഴങ്ങുന്നു.

27. വൃത്താകൃതിയിൽ - വീരദേവരാജാവാണ് ഈ പുരം നിർമ്മിച്ചത്.

28. മൂന്നായി. നേവാരികൾ, കിരാന്തികൾ, പാർവ്വതികൾ എന്നിങ്ങനെ.

29. മൂന്നുതരം - കിരാന്തികളാണ് നേപ്പാളിലെ ഏറ്റവും പുരാതന വർഗ്ഗക്കാർ. ഇവർക്കിടയിൽ ഖംബു, യക്ഷ, ലിംബു എന്നിങ്ങനെ മൂന്ന് ഉപവിഭാഗങ്ങളുണ്ട്. ഇവർ സ്വയംവരവിവാഹ സമ്പ്രദായം പുലർത്തിവരുന്നു. സ്ത്രീകൾ ബഹുഭർത്തൃത്വം ആചരിക്കുന്നു. നേവാരികളുടെ ഇടയിൽ മാത്രം 75ൽപരം ഉപജാതികളുണ്ട്. തിബത്തൻവംശജരെ മോട്ടിയകൾ എന്നു വിളിക്കുന്നു. ഇവർ ചുമട്ടുതൊഴിലാളികളാണ്. കൃഷിക്കാരെ ഖാസ് എന്നു പറയും. മലവർഗ്ഗക്കാർ 'ജംപ്പൂസു'കളാണ്. നേവാരികൾ ഭൂരിഭാഗവും കാഠ്മാണ്ഡു താഴ്വരയിലാണ് താമസം. ജാതിസമ്പ്രദായം ഒരു മാറാവ്യാധിയായി നിലനില്കുന്നു.

30. വീരദേവരാജാവ് നിർമ്മിച്ചത്. ലളിതപുരം എന്ന് പഴയപേര്. വൃത്താകൃതിയിലാണ് സംവിധാനം. ബുദ്ധവിഹാരങ്ങളും ശൈവവൈഷ്ണവക്ഷേത്രങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നു. പെഗോഡ മാതൃകയിൽ മൂന്നു നിലകളോടുകൂടിയ ഒരു സ്വർണ്ണ മന്ദിരം ഉണ്ട്. ഹിരണ്യവർണ്ണമഹാവിഹാരം - പഴയ അശോക സ്തംഭങ്ങളാണ് പട്ടണത്തിലെ മറ്റൊരു കാഴ്ച. അശോകചക്രവർത്തി ലളിതപുരം സന്ദർശിച്ചതിന്റെ സ്മാരകമായി നഗരത്തിന്റെ നാലു കോണുകളിലും നാട്ടിയ അശോകസ്തംഭങ്ങളുടെ അവശിഷ്ടങ്ങൾ കാണാം. ഏപ്രിൽ-മെയ് മാസക്കാലത്ത് പട്ടണത്തിൽ മച്ഛേന്ദ്രനാഥരഥയാത്ര എന്നൊരു ഉത്സവം നടത്താറുണ്ട്.

## 11.12 ഉത്തരസൂചിക (2)

1. രാജൻ കാക്കനാടൻ രചിച്ചത് -
സാഹസികാനുഭവങ്ങളെക്കുറിച്ചു വർണ്ണിക്കുന്ന കൃതി. പ്രകൃതി പ്രത്യേകതകൾ വളരെ ലളിതമായും കാവ്യാത്മകമായും അവതരിപ്പിക്കുന്നു. ഭാവനിർഭരവും കാവ്യാത്മകവുമായ ഭാഷാശൈലി മലയാളത്തിലെ ഏറ്റവും സാഹസികത നിറഞ്ഞ ഹിമവത്പര്യടനഗ്രന്ഥം.

2. തുറസ്സായ ഒരു സ്ഥലം. അതിവിശാലമായ ദൃശ്യങ്ങൾ. സമീപസ്ഥമായ താഴ്വരകൾ, താഴ്വരയിൽ നിരനിരയായി നില്ക്കുന്ന പൈൻമരക്കാടുകൾ. ഇവയ്ക്കുതാഴെ അഗാധതയിലൂടെ കുത്തിയൊഴുകുന്ന കാട്ടരുവിയുടെ ആരവം, അരുവിക്കപ്പുറം വിശാലമായ മലഞ്ചെരിവുകൾ, അതിനുമപ്പുറം ചെറുകുന്നുകളുടെ നിരകൾ, അതിനുമപ്പുറം കുത്തനെ ഉയർന്നു നില്ക്കുന്ന മഞ്ഞിൽ പൊതിഞ്ഞ കൂറ്റൻ ശൃംഗങ്ങൾ, അനേകനാഴിക അകലെവരെ കാണാം. അകലെയുള്ള മലകളിൽ നിന്നും കുത്തനെ താഴ്വരകളിലേക്കുപതിക്കുന്ന

വെള്ളച്ചാട്ടം. പച്ചയും തവിട്ടും കലർന്ന മലനിരകളുടെ പശ്ചാത്തലത്തിൽ രജതരേഖകൾ സൃഷ്ടിക്കുന്നു.

3. ജയ് തുംഗനാഥ്, ജയ് കേദാർനാഥ് എന്നിങ്ങനെ.

4. ഒരു പാശ്ചാത്യൻ - നീണ്ടുവളർന്ന മുടി, ഇടതൂർന്ന താടി, കാറ്റിൽ പറന്നു. ഊതനിറമുള്ള മുട്ടോളമെത്തുന്ന ഒരു മേലങ്കി അയാൾ ധരിച്ചിരുന്നു. കഴുത്തിൽ രുദ്രാക്ഷമാല. കാലുറ നീലനിറം - ഒരു വലിയഭാണ്ഡം തോളിൽ - എല്ലുന്തി കവിളൊട്ടിയ മുഖം. യാത്രാക്ലേശം അനുഭവിച്ചതിന്റെ ലക്ഷണം - കുണ്ടിൽ ചാടിയ കണ്ണുകൾ - അതിനുചുറ്റും കറുത്ത വലിയ വളയങ്ങൾ - വെളുത്തു വിളറിയ ചർമ്മം - നീണ്ട അഗ്രംകൂർത്ത വടി പിടിച്ചിരുന്നു. ധ്വരസ്വാമി എന്ന് അയാൾക്ക് ലേഖകൻ പേരിട്ടു.

5. സായ്പ് അയർലണ്ടുകാരൻ, ഇന്ത്യ ചുറ്റാൻ തുടങ്ങിയിട്ട് നാലഞ്ചുവർഷങ്ങൾ കഴിഞ്ഞു. പേര് ജോൺ. സ്വന്തം നാട്ടിൽ ഒരു വൈദികസെമിനാരിയിൽ പഠിക്കുകയായിരുന്നു. ഹിന്ദുമതത്തെക്കുറിച്ച് കൂടുതൽ അറിയാൻ വ്യഗ്രതയുണ്ടായി. ഗുരുവിനെ കണ്ടുപിടിക്കാൻ അലഞ്ഞു. ഒടുവിൽ കണ്ടെത്തി. ഉജ്ജയിനിയിൽ. ഗുരുവിനോടൊപ്പം രണ്ടുകൊല്ലം താമസിച്ചു. നാട്ടിൽ പോയി തിരിച്ചുവന്നപ്പോഴേക്കും ഗുരുസമാധിയടഞ്ഞു. നേരെ കാശിയിലെത്തി. ഭിക്ഷാടനം - തലേദിവസം രാത്രി തുംഗനാഥിലെത്തി. അവിടുത്തെ പൂജാരികൾ ആഹാരമൊക്കെ കഴിച്ച് ഉറക്കം പിടിച്ചു. ആഹാരംകിട്ടിയില്ല. ക്ഷേത്രത്തിന്റെ തിണ്ണയിൽ കിടന്നുറങ്ങി. കൊടുംതണുപ്പത്ത് - രാവിലെ ഉണർന്നു ദർശനം നടത്തി - മലയിറങ്ങി വരുന്ന വഴിയാണ്.

6. ഒന്നാം ഉത്തരസൂചികയിൽ ഇതിനുള്ള ഉത്തരം നല്കിയിട്ടുണ്ട്.

7. എസ്തപ്പാൻ - ജി. അരവിന്ദൻ സംവിധാനം ചെയ്ത ചിത്രം.

8. നേരമല്ലാത്ത നേരത്ത്

9. രാജൻ കാക്കനാടൻ

10. 1980

11. യാത്രിക്

12. ഏതെങ്കിലും ഒരു തീർത്ഥാടകൻ തീർത്ഥാനടകേന്ദ്രത്തിലേക്ക് പോകുമ്പോൾ വഴിയിൽവച്ച് ആരെയെങ്കിലും കണ്ടാൽ ആ പ്രത്യേക തീർത്ഥാടന കേന്ദ്രത്തിന്റെ, അതിന്റെ മുഖ്യമൂർത്തിയുടെ പേരുപറഞ്ഞാണ് അഭിവാദ്യം ചെയ്യാറ്. അക്കാര്യം ജോൺ സായ്പിന് അറിയില്ലെന്ന് ലേഖകൻ വ്യക്തമാക്കുന്നു.

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് -12
# ഉപന്യാസങ്ങൾ

**ഉള്ളടക്കം**

12.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
12.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1 ധർമ്മയുദ്ധത്തിന്റെ പര്യവസാനം
12.2 ലേഖകപരിചയം
12.3 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-1
12.4 വിഷയാവതരണവും പാഠഭാഗവും
പാഠം-2 ശാസ്ത്രവികാസത്തിന്റെ ചരിത്രം
12.5 ലേഖകപരിചയം
12.6 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-2
12.7 വിഷയാവതരണവും പാഠഭാഗവും
പാഠം-3 ടാഗോറും ഗാന്ധിജിയും
12.8 ലേഖകപരിചയം
12.9 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-3
12.10 വിഷയാവതരണവും പാഠഭാഗവും
പാഠം-4 ഗംഗയുടെ ആരോഗ്യം
12.11 ലേഖകപരിചയം
12.12 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-4
12.13 വിഷയാവതരണവും പാഠഭാഗവും
പാഠം-5 ഉപനിഷത്തിന്റെ മുമ്പിൽ
12.14 ലേഖകപരിചയം
12.15 ആശയസംഗ്രഹം
പുരോഗതി സ്വയം പരിശോധിക്കുക-5

## 12.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

പഠിതാക്കളുടെ പദപരിചയവും ആശയാവിഷ്കരണപാടവവും വികസിപ്പിക്കുകയാണ് ഈ വിഭാഗത്തിന്റെ മുഖ്യമായ ഉദ്ദേശ്യം. മലയാളത്തിലെ ഏറ്റവും പ്രശസ്തരായ ചില ഗദ്യകാരന്മാരുടെ ഉപന്യാസങ്ങളിൽനിന്ന് മാതൃകകൾ നൽകിയിരിക്കുന്നു. പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്ന വസ്തുത ഏറ്റവും മിതമായ വാക്കുകളിൽ ഏറ്റവും

അധികം അർത്ഥം ഉൾക്കൊള്ളിച്ചുകൊണ്ട് അവതരിപ്പിക്കാൻ കഴിയുന്നതാണ് വാഗ്മിത. മാതൃകകളുടെ രചയിതാക്കൾ വാഗ്മികളാണെന്ന് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ അവരുടെ ഇതര രചനകൾ വായിച്ചും പഠിച്ചും വൈദഗ്ധ്യം വർദ്ധിപ്പിക്കാൻ വിദ്യാർത്ഥികൾ ശ്രമിക്കണം അർത്ഥസന്ദേഹം ഉണ്ടാകാത്ത വിധം ഏറ്റവും ഉചിതമായ പദങ്ങൾ കണ്ടെത്തുക, വാക്യങ്ങൾ അവ ഏറ്റവും ഉചിതമായ സ്ഥാനത്ത് വിന്യസിക്കുക, സങ്കീർണ്ണതയും വക്രതയും അവ്യക്തതയും വരാതെ പദങ്ങളും വാക്യങ്ങളും നിബന്ധിക്കുക- മുതലായ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. പരിശീലനംകൊണ്ടു മാത്രമേ ഈ കഴിവുകൾ ഉണ്ടാക്കാനും വളർത്താനും സാധിക്കൂ. ഓരോ ഉപന്യാസഭാഗവും നല്ലപോലെ അപഗ്രഥിച്ചു പഠിച്ച് ശൈലിവിശേഷണങ്ങളും പദ-വാക്യ- പ്രയോഗരീതികളും ഗ്രഹിക്കുക.

## 12.1 വിഷയാവതരണം

മലയാളനിരൂപണത്തിന് ഗാംഭീര്യം നൽകിയ അനുപമനായ ഒരു സാഹിത്യകാരനാണ് കുട്ടികൃഷ്ണമാരാർ. സംസ്കൃത സാഹിത്യത്തിലുള്ള അദ്ദേഹത്തിന്റെ അഗാധമായ ജ്ഞാനം മലയാളത്തിന് ഒരു നേട്ടമായി. ഭാരതത്തെ മറ്റാർക്കും കഴിയാത്ത വിധത്തിൽ അദ്ദേഹം വ്യാഖ്യാനിച്ചിട്ടുണ്ട്. ഭാരതകഥാപാത്രങ്ങളെ സമഗ്രമായി പഠിക്കുന്ന അദ്ദേഹം ജീവിതാവബോധത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തുകയാണ് ചെയ്യുന്നത്. ചെത്തിച്ചിന്തേരിട്ട ഒരു ഭാഷാശൈലി അദ്ദേഹത്തിനുണ്ട്. മഹാഭാരതസന്ദർഭത്തെ വിലയിരുത്തുന്നത് നോക്കുക.

## പാഠം-1 ധർമ്മയുദ്ധത്തിന്റെ പര്യവസാനം കുട്ടിക്കൃഷ്ണമാരാർ

ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽവച്ചു നടന്ന ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ ചെയ്ത കരാർ ഇപ്രകാരമായിരുന്നു; 'യുദ്ധം നടക്കാത്ത സമയങ്ങളിൽ ഇരുകക്ഷിയും പണ്ടെപ്പോലെ പരസ്പരപ്രീതിയോടെ വർത്തിക്കണം യുദ്ധം തുടങ്ങിയാൽ ഗജാശ്വരഥങ്ങളിലിരിക്കുന്നവർ ആ നിലയിലുള്ളവരോടെ എതിർക്കാവൂ. കാലാൾ കാലാളോടും, അണിവിട്ടുപോയവനെ കൊല്ലരുത്. വയോവരോത്സാഹങ്ങളിൽ കിടനിൽക്കുവരോടു പറഞ്ഞറിയിച്ചിട്ടേ നേർക്കാവൂ. ഓർക്കാതെയും ക്ഷീണിച്ചുമിരിക്കുന്നവരോടരുത്, മറ്റൊരാളോടു നേരിടുന്നവനെ, പ്രമാദം പറ്റിയവനെ, ആയുധം തീർന്നവനെ, കവചം പോയവനെ. മുമ്പു പലപ്പോഴും കൗരവസഭയിൽ ഭീഷ്മകർണഗാന്ധാര സിന്ധുരാജാദിബന്ധുക്കളുടെ മധ്യത്തിൽ പ്രതാപത്തോടും ശ്രീയോടും കൂടി ഞെളിഞ്ഞിരിക്കുന്ന ദുര്യോധനൻ കാണിച്ച അഹങ്കാരത്തിലും സ്വപ്രത്യയസ്ഥൈര്യത്തിലും എതിരാളികളോടുള്ള അവജ്ഞയിലും മറ്റും ആദരണീയമായ ഒരംശമുണ്ടെന്ന് ആർക്കാനും തോന്നിയിരിക്കുമോ? എന്നാൽ ഇന്ന് ഈ മൃത്യുരംഗത്തിൽ നിലത്തുവീണു പ്രാണവേദനകൊണ്ടു ഞെരുങ്ങു

മ്പോഴും അയാളിൽ അതേ ഭാവങ്ങൾ അതേ അളവിൽ നില്നിൽകുന്നത് കാണുമ്പോൾ അതിലൊരു സ്ഥിരസത്വതയുണ്ടെന്ന് മനസ്സിലാക്കുവാൻ നാം നിർബദ്ധരാകുന്നു. ഏതായാലും ഈ സ്ഥിയിൽ അയാളുടെ തലയിൽ ചവിട്ടുവാൻ ആർക്കും കാലുപൊങ്ങുകയില്ല.

കുട്ടിക്കൃഷ്ണമാരാർ

(ഭാരതപര്യടനം)

## 12.2 ലേഖനപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | കുട്ടിക്കൃഷ്ണമാരാർ |
| ജനനം | : | 14.6.1900 തൃപ്രങ്ങോട്ട് പൊന്നാനി |
| മരണം | : | 6-4-1973 |
| പ്രവൃത്തി | : | മാതൃഭൂമി പത്രത്തിലെ പ്രൂഫ്റീഡർ |
| കൃതികൾ | : | ഭാഷാപരിചയം, സാഹിത്യഭൂഷണം, സാഹിത്യവിദ്യ, ദന്തഗോപുരം, രാജാങ്കണം, കല ജീവിതംതന്നെ, ഭാരതപര്യടനം. ഋഷിപ്രസാദം, സാഹിത്യശേഷം, വൃത്തശില്പം, മലയാളശൈലി, മേഘസന്ദേശം, കുമാരസംഭവം, രഘുവംശം, ശാകുന്തളം എന്നീ കാളിദാസകൃതികളുടെ സവ്യാഖ്യാനമായ വിവർത്തനങ്ങൾ. |
| ബഹുമതി | : | കല ജീവിതംതന്നെ എന്ന കൃതിക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡും, എം. പി പോൾ പ്രൈസും ലഭിച്ചു. |

## 12.3 ആശയസംഗ്രഹം

കുരുക്ഷേത്രത്തെ ധർമ്മക്ഷേത്രം എന്നാണ് വിശേഷിപ്പിക്കുന്നത്. ഏതു യുദ്ധവും സംഹാരസ്വരൂപമാണെങ്കിലും, ധർമ്മവും നീതിയും മുറയും വിട്ടു പ്രവർത്തിച്ച് എതിരാളിയെ വകവരുത്തിക്കൂടാ എന്നതിലുള്ള നിഷ്ഠയാണ് 'ധർമ്മക്ഷേത്രം' എന്ന സങ്കല്പത്തിന്റെ പിറകിലുള്ളത്. എന്നാൽ യുദ്ധാരംഭഘട്ടത്തിൽ ഉണ്ടായിരുന്ന ധർമ്മനിഷ്ഠ പിന്നീട് പാളിപ്പോയി. ഭീമൻ ദുര്യോധനനെ തോല്പിച്ചത് ധർമ്മയുദ്ധത്തിലല്ല. ഗദായുധത്തിലെ മുറകൾ തെറ്റിച്ചു പൊരുതിക്കൊണ്ടാണ് ദുര്യോധനനെ വീഴ്ത്തിയത്. ആ ധർമ്മയുദ്ധം കൊണ്ടുണ്ടാകുന്ന തൽക്കാല വിജയത്തിന് നിലനിൽപ്പുള്ള മൂല്യമില്ല. ദുര്യോധനനെ വീഴ്ത്തിയപ്പോൾ ഞങ്ങൾ അന്തിമ വിജയംനേടി എന്ന് ആശ്വസിച്ച പാണ്ഡവന്മാരുടെ ആശ്വാസം വെറും നൈമിഷികമായിരുന്നു. ദുര്യോധനന്റെ സുഹൃത്തായ അശ്വത്ഥാമാവ് വഞ്ചനയ്ക്കു വഞ്ചന പ്രയോഗിച്ചു പകരംവീട്ടി. അയാൾ അർദ്ധരാത്രിയ്ക്ക് ഉറങ്ങിക്കിടക്കുന്നവരെ വെട്ടിക്കൊന്നു. കുഞ്ഞുങ്ങളെപ്പോലും ഒഴിവാക്കിയില്ല.

## പുരോഗതി സ്വയം പരിശോധിക്കുക-01

1. ഭാരതയുദ്ധം തുടങ്ങുന്നതിനുമുമ്പ് ചെയ്ത കരാറിന്റെ പൊരുൾ എന്തായിരുന്നു?
2. കരാർ ആദ്യം ലഭിച്ചതാരാണ്?
3. ഭീമൻ ദുര്യോധനനെ വീഴ്ത്തിയതെങ്ങനെ?

## 12.4 വിഷയാവതരണം

ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ഗദ്യകാരനാണ് ഡോ.കെ. ഭാസ്കരൻനായർ, വിഷയജ്ഞാനത്തോടൊപ്പം ദേശാനുരാഗവും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന്റെ ശാസ്ത്രലേഖന ശൈലി പരിചയപ്പെടുത്താൻ ഒരു ഗദ്യഭാഗം താഴെ ചേർക്കുന്നു.

## പാഠം-2 ശാസ്ത്രവികാസത്തിന്റെ ചരിത്രം
## ഡോ.കെ.ഭാസ്കരൻനായർ

ശാസ്ത്രം പാശ്ചാത്യരാജ്യക്കാരുടെ പൈതൃകമാണെന്നു ധരിക്കരുത്. അയ്യായിരം വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന മോഹൻജോദാരോ പരിഷ്കാരത്തിന്റെ അവശിഷ്ടങ്ങളിൽ ശാസ്ത്രീയചിന്തയുടെ ലക്ഷ്യങ്ങൾ നമുക്കു കാണുവാൻ സാധിക്കുന്നു. പാശ്ചാത്യ സംസ്കാരത്തിന്റെ ഉദ്ഘാടകന്മാരായ യവനന്മാരുടെ കാലത്തിന്നുമുമ്പുതന്നെ ചീനരും ഭാരതീയരും പ്രാപഞ്ചിക പ്രതിഭാസങ്ങളെ ശ്രദ്ധിച്ചു പഠിക്കുന്നതിലും അവയെ യുക്തിപൂർവ്വം അപഗ്രഥിച്ചു മനസ്സിലാക്കുന്നതിലും താത്പര്യം പ്രദർശിപ്പിച്ചിരുന്നു എന്നതിന് നിസ്തർക്കമായ തെളിവുണ്ട്.

ക്രിസ്തുവിനു തൊട്ടുമുമ്പുള്ള നാലഞ്ചു നൂറ്റാണ്ടുകളിലാണ് യവനസംസ്കാരം അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചത്. യൂറോപ്പിന്റെ മനവും ചേതനയും ചരിത്രാതീതമായ ഇരുളിൽനിന്ന് ഇങ്ങനെ ആദ്യമായി ഉണർന്നു പ്രകാശിച്ചത് മറ്റാരുടെയും സഹായം കൂടാതെയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതിനു മുമ്പുണ്ടായിരുന്ന പൗരസ്ത്യസംസ്കാരങ്ങളോടു തീർച്ചയായും യവനന്മാർ കടപ്പെട്ടിട്ടുണ്ട്. അഥവാ പ്രപഞ്ചത്തിന്റെ പ്രതിഭാസങ്ങളെ സൂക്ഷ്മമായി വിവരിക്കുന്നതിനും അവയെക്കുറിച്ചു യുക്തിയുക്തമായ നിരീക്ഷണങ്ങൾ നടത്തുന്നതിനും മനഃപൂർവ്വം യത്നിച്ച ആദ്യത്തെ ജനത യവനന്മാരാണെന്ന് സമ്മതിച്ചാൽതന്നെയും പാശ്ചാത്യർക്കും സയൻസിന്റെ മേൽ സർവാവകാശം ലഭിക്കുന്നില്ല.ഗ്രീസിന്റെ ചേതോഹരമായ സംസ്കാരദീപം റോമൻ സാമ്രാജ്യപ്രഭുത്വത്തിന്റെ കൊടുങ്കാറ്റിൽ പൊലിയുവാൻ തുടങ്ങിയപ്പോൾ അതിനെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തു പുലർത്തിയതും പോഷിപ്പിച്ചതും ഒരു പൗരസ്ത്യജനതയായ അറബികളായിരുന്നു. അവരുടെ സഹായമില്ലാതെ അരിസ്റ്റോട്ടിലിനെയും പിത്താഗോറസ്സിനേയും പറ്റി പാശ്ചാത്യർ അറിയുകപോലും ചെയ്യുകയില്ലായിരുന്നു. ക്രിസ്തുവിനുശേഷം പതിനാല് നൂറ്റാണ്ടുകളോളം യൂറോപ്പ് യുക്തിയുടെയും ബുദ്ധിയുടെയും പ്രകാശമെ

ത്തെന്നറിയാത്ത കൂരിരുട്ടിലാണ് കിടന്നത്. ഇരുണ്ടു നീണ്ട ഈ നൂറ്റാണ്ടുകളിൽ സ്വതന്ത്രചിന്തയുടെ കൈത്തിരിയെ കാത്തുരക്ഷിച്ചത് പൗരസ്ത്യരാണ്. ഇങ്ങനെ ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ നമുക്കു ശാസ്ത്രത്തിന്റെ മേൽ അവകാശ വാദം നടത്താവുന്നതാണെന്നു കാണാം. പക്ഷേ, സയൻസിന്റെ പിൽക്കാലത്തെ ഗതിയെപ്പറ്റി ചിന്തിക്കുമ്പോൾ ഈ അവകാശവാദംകൊണ്ട് അധ്യാത്മികമായ സംതൃപ്തിയും നമ്മുടെ പാരമ്പര്യത്തെപ്പറ്റിയുള്ള ഒരഭിമാനവുമല്ലാതെ പ്രയോഗികമായ യാതൊരു മേന്മയും ലഭിക്കാനില്ലെന്നു പറയേണ്ടിയിരിക്കുന്നു. സയൻസിന്റെ മേന്മയെപ്പറ്റി ഇന്നു നാം പറയുമ്പോൾ അതിന്റെ ചരിത്രമല്ല ഇന്നത്തെ നിലയാണ് നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത്. ഇന്നത്തെ ശാസ്ത്രം കഴിഞ്ഞ മുന്നൂറു വർഷത്തെ പരിശ്രമത്തിന്റെ ഫലമാകുന്നു. ഈ പരിശ്രമം നടത്തുന്നതിനും അതിന്റെ ഫലമനുഭവിക്കുന്നതിനും ഭാഗ്യം സിദ്ധിച്ചത് പാശ്ചാത്യർക്കാണ്. വിത്ത്. എവിടെ നിന്നും കിട്ടിയാലും അതു കൃഷിചെയ്തവനാണ് വിളവെടുക്കുന്നത്. വിളവുണ്ടാക്കിയതിലുള്ള അഭിമാനവും അവന്റേതാകുന്നു. പാശ്ചാത്യശാസ്ത്രം എന്നു പറയുന്നതിന്റെ സാധുത ഇതാണ്. ശാസ്ത്രം എവിടെ നിന്നുണ്ടായി എന്നുള്ളതല്ല പ്രധാനം എവിടെയാണ് അതിനു പുഷ്ടി ലഭിച്ചതെന്നുള്ളതാണ് പരിഗണിക്കേണ്ടത്. ഇങ്ങനെ നോക്കിയാൽ കഴിഞ്ഞ മുന്നൂറു വർഷങ്ങളായി സയൻസിന്റെ വിളഭൂമി യൂറോപ്പാണെന്നു കാണാം.

ഡോ. കെ. ഭാസ്കരൻനായർ

(ശാസ്ത്രത്തിന്റെ ഗതി)

## 12.5 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | ഡോ.കെ. ഭാസ്കരൻനായർ |
| ജനനം | : | ആഗസ്റ്റ് 1913 ഇടയാറന്മുള, ചെങ്ങന്നൂർ |
| മരണം | : | 1982 |
| പ്രവൃത്തി | : | ജന്തുശാസ്ത്ര പ്രൊഫസർ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ |
| ബിരുദങ്ങൾ | : | എം.എസ്.സി, ഡി.എസ്.സി |
| കൃതികൾ | : | പരിണാമം, കലയും കാലവും, ആധുനിക ശാസ്ത്രം, സംസ്കാരലോചനം, ദൈവ നീതിക്കു ദാക്ഷിണ്യമില്ല, ശാസ്ത്രഗതി, ധന്യ വാദം. |

## 12.6 ആശയസംഗ്രഹം

ശാസ്ത്രവും ശാസ്ത്രീയമായ ജീവിതവീക്ഷണവും പാശ്ചാത്യമാണെന്ന ധാരണ മുഴുവൻ ശരിയല്ല. പാശ്ചാത്യർക്ക് അതിപുരാതന കാലങ്ങളിൽ വഴികാട്ടിയത് പൗരസ്ത്യരാണ്. അറബികളും ഭാരതീയരും പ്രാചീനകാലങ്ങളിൽ ശാസ്ത്രവികാസത്തിലേക്കു കനപ്പെട്ട സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ ആധുനികശാസ്ത്രത്തിന്റെ ജനയിതാക്കൾ പാശ്ചാത്യരാണ്. കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളിലൂടെ ശാസ്

ത്രം അഭൂതപൂർവ്വമായ വേഗതയോടെ കുതിച്ചുമുന്നേറി. ഇതിൽ പൗരസ്ത്യർക്ക് വലിയ പങ്കില്ല. ആധുനികശാസ്ത്രം പാശ്ചാത്യജനതയുടെ കർമ്മോത്സാഹത്തിനുള്ള സ്മാരകമായി നിലകൊള്ളുന്നു.

**പുരോഗതി സ്വയം പരിശോധിക്കുക- 02**

1. വിഗ്രഹിച്ച് സമാസം പറയുക:

   ചേതോഹരം, സ്വതന്ത്രചിന്ത

2. വിഗ്രഹിച്ച് അർത്ഥമെഴുതുക

   നിസ്തർക്കം, ചരിത്രാതീതം, പരമകാഷ്ഠ, ചരിത്രദൃഷ്ട്യാ

3. നാമരൂപമെഴുതുക

   സാധു, ലഘു. അപഗ്രഥിക്കുക, പ്രാപിക്കുക.

4. വിശേഷണരൂപമെഴുതുക

   പ്രയോഗം, പ്രതിഭാസം, സംസ്കാരം, ഭാരതം, സ്വാതന്ത്ര്യം, ബുദ്ധി, കൃഷി, ശാസ്ത്രം

## 12.7 വിഷയാവതരണം

മലയാള സാഹിത്യത്തിലെ ശ്രദ്ധേയനായ നിരൂപകനാണ് എസ്. ഗുപ്തൻനായർ. പ്രസാദമധുരമായ ഭാഷ അദ്ദേഹത്തിന്റെ സിദ്ധിയാണ്. ലളിതമായി ഏത് വിഷയവും അദ്ദേഹം കൈകാര്യം ചെയ്യുന്നു. അയത്നസുന്ദരമായ ഒരു ശൈലി അദ്ദേഹത്തിന്റെ ഭാഷയിൽ ഉടനീളം കാണാം. ഇവിടെ കൊടുത്തിരിക്കുന്ന ടാഗോറും ഗാന്ധിയും ശ്രദ്ധിക്കുക.

## പാഠം-3 ടാഗോറും ഗാന്ധിയും: പ്രൊഫ.എസ്. ഗുപ്തൻനായർ

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടു മഹാപുരുഷന്മാരെ ഭാരതത്തിന് സ്വപുത്രരെന്ന് എണ്ണാനിടയായത് അപൂർവ്വമായൊരു സൗഭാഗ്യമാണ്. കടുത്ത പാരതന്ത്ര്യത്തിന്റെയും പരാജയത്തിന്റെയും നടുവിൽ രണ്ട് അത്ഭുതജ്യോതിസ്സുകൾ പൊന്തിവന്നു. ദൂനയും ദരിദ്രയും ആയ ഭാരതത്തെ അദ്ധ്യാത്മകശക്തിയിൽ സമ്പന്നമാക്കാൻ രണ്ടു ഋഷികല്പന്മാർ പിറന്നു. വ്യാസൻ, വാല്മീകി, ബുദ്ധൻ, ശങ്കരഭഗവൽപാദർ, ശ്രീരാമകൃഷ്ണൻ, വിവേകാനന്ദൻ എന്നിങ്ങനെ നിരവധി തേജ:പുഞ്ജങ്ങളെ സൃഷ്ടിച്ച ദിവ്യഗർഭയായ ഭാരതത്തിന്റെ ശക്തി ഇപ്പോഴും നശിച്ചിട്ടില്ലെന്നതിനു വല്ല തെളിവും വേണമെങ്കിൽ ഗാന്ധിയുടെയും ടാഗോറിന്റെയും നാമങ്ങൾ നമുക്കെടുത്തുകാട്ടാം. ധാർമ്മികശക്തികളെല്ലാ താറുമാറായി കിടക്കുന്ന ഒരാപദ്ഘട്ടത്തിലാണ് ഇവരുടെ ആധ്യാത്മികപ്രഭാവം ലോകത്തിനു വെളിച്ചം നൽകിയത്. യൂറോപ്പിൽ സാമ്രാജ്യത്വത്തിന്റെ രൂപത്തിൽ ആസുര ശക്തികൾ സംഹാരതാണ്ഡവം ചവിട്ടുമ്പോഴാണ് കിഴക്ക് ഈ വെള്ളിനക്ഷത്രങ്ങൾ ഉദിച്ചുപൊങ്ങിയത്.

ഈ രണ്ടു മഹാത്മാക്കളെയും ഒരുമിച്ചുനിർത്തി അവരുടെ യോഗ്യതാവിശേഷങ്ങളെ താരതമ്യം ചെയ്യുക എന്നത് അതീവ ദുഷ്കര

മാണ്. അവരെ വെവ്വേറെ പഠിക്കാൻ തന്നെ പലനാൾ വവേണ്ടിവരും. മഹാവിജ്ഞാനികൾക്കുപോലും അധൃശ്യരായിവർത്തിക്കുന്ന ആ ഋഷികല്പന്മാരെ താരതമ്യാത്മകമായി പഠിക്കുക എന്നുവെച്ചാൽ അഗ്രാഹ്യത്തെ ഗ്രഹിക്കാൻ പണിപ്പെടുക എന്നാണർത്ഥം. എങ്കിലും ആ പഠനം ഉന്മേഷജനകമാണ്. നമ്മുടെ തലമുറയ്ക്ക് അപരി ഹാര്യവും.

പരസ്പരസ്നേഹത്തിനും പരസ്പര ബഹുമാനത്തിനും ഒരുമയ്ക്കും കോട്ടം തട്ടിക്കാതെ ഇത്ര പ്രചണ്ഡമായി എതിർക്കുകയും ഇത്ര ഉത്സുകമായി യോജിക്കുകയും ചെയ്ത രണ്ടു വ്യക്തികളെ മറ്റധികം കണ്ടെത്താനിടയില്ല. യോജിക്കുമ്പോഴും വിയോജിക്കുമ്പോഴും പര മമമായി മനുഷ്യനന്മയിൽ അവർക്കുള്ള വിശ്വാസം അചഞ്ചലമായിരു ന്നുതാനും. ആ നന്മയിലെത്തിച്ചേരാനുള്ള മാർഗ്ഗത്തെ പറ്റിയാണ് അവർ തർക്കിച്ചത്. അവിടെ ഹിംസയുടെയും അഹിംസയുടെയും മാർഗ്ഗത്തിന്റെയും ലക്ഷ്യത്തിന്റെയും പ്രശ്നങ്ങളൊക്കെ ജലപ്പരപ്പിൽ കുമിളകളെന്നപോലെ പൊങ്ങിവരികയും പൊട്ടിമറയുകയും ചെയ് തു. ഒടുവിൽ ഭാരതത്തിന്റെ വിമുക്തമായ ആത്മാവ് സ്വച്ഛമായി അവ ശേഷിച്ചു.ആ ബാഹ്യരൂപങ്ങളിൽത്തന്നെയുണ്ട് ഒട്ടേറെ വൈജാത്യം. ഒരാൾ കഷ്ടിച്ചു മുട്ടോളമെത്തുന്ന പരുക്കൻ മുണ്ടുടുത്ത് വെറും തറ യിലിരുന്നു മൂകനായി നൂൽനൂൽക്കുന്നു. അപ്രിയമായ സത്യത്തെ പ്പോലെ കഠിനവും കർക്കശവുമാണ് ചുറ്റുപാടുകൾ. മറ്റേ ആൾ പാദം മൂടുന്ന പട്ടുടയാട ചുറ്റി മസൃണശില പാകിയ മണിഹർമ്മ്യ ത്തിലിരുന്നു കോമള കണ്ഠത്തിൽ പാടുന്നു. ഒരാളിൽനിന്ന് ഗീതയു ടെ വീരപാഞ്ചജന്യം മുഴങ്ങുന്നു. മറ്റേയാളിൽനിന്ന് ഉപനിഷത്തിന്റെ പ്രാണസന്തർപ്പണമന്ത്രങ്ങൾ ഉദ്ഗളിക്കുന്നു. രണ്ടും രണ്ടുലോകം തന്നെ. ഒരു ദിക്കിൽ സൗന്ദര്യം സത്യത്തിന്റെ വീടു പണിയിലേർപ്പെ ട്ടിരിക്കുന്നു. മറ്റൊരിടത്ത് സത്യം സൗന്ദര്യദേവതയുടെ ഹിതാനുവർ ത്തിനിയായി പരിചരിക്കുന്നു.

## 12.8 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | എസ്. ഗുപ്തൻനായർ |
| ജനനം | : | 23.8.1919, ഓച്ചിറ |
| പ്രവൃത്തി | : | ഗവൺമെന്റ് കോളജുകളിൽ മലയാളം പ്രൊഫസർ<br>കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടർ<br>കോഴിക്കോട് യൂണിവേഴ്സിറ്റി മലയാള വിഭാഗം പ്രൊഫസർ |
| പദവികൾ | : | കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് |
| കൃതികൾ | : | ആധുനിക സാഹിത്യം, ക്രാന്തദർശികൾ, ഇസങ്ങൾക്കപ്പുറം, കാവ്യസ്വരൂപം, സമാലോചന, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ |

ബഹുമതികൾ : തെരഞ്ഞെടുത്ത പ്രബന്ധങ്ങൾക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ഇസങ്ങൾക്കപ്പുറം എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.

## 12.09 ആശയസംഗ്രഹം

ഭാരതീയമായ ആധ്യാത്മിക ശക്തിയുടെ രണ്ട് അവതാരങ്ങളാണ് ടാഗൂറും ഗാന്ധിയും. ഒരാൾ സത്യത്തിനും മറ്റേയാൾ സൗന്ദര്യത്തിനും പ്രാധാന്യം കൽപ്പിച്ചതുകൊണ്ട് അവർക്കു സാമ്യങ്ങളേക്കാളേറെ വ്യത്യാസമാണുള്ളതെന്ന് തോന്നും. എന്നാൽ അത് ബാഹ്യമായി വൈജാത്യങ്ങളുളവാക്കുന്നുണ്ടെങ്കിലും വ്യത്യാസം ഉണ്ടാക്കുന്നില്ല. എന്തെന്നാൽ സത്യവും സൗന്ദര്യവും ശിവത്തിൽ നന്മയിൽ, മംഗളത്തിൽ ഒന്നിക്കുന്നു. മനുഷ്യന്റെ പരമമായ നന്മയിലും മഹിമയിലും ആണ് രണ്ടു പേരുടെയും കണ്ണു ചെല്ലുന്നത്. അതായത് ആധ്യാത്മീകമൂല്യത്തിന്റെ ബിന്ദുവിൽ അവരുടെ പാതകൾ യോജിക്കുന്നു.

## പുരോഗതി സ്വയം പരിശോധിക്കുക- 03

1. നാമരൂപങ്ങളെഴുതുക

   ദൂനം, ദരിദ്രം, സമ്പന്നം, ആസുരം, ദുഷ്കരം, പരിഹാരം, ഉത്സുകം, വിമുക്തം. കഠിനം

2. വിപരീതമെഴുതുക

   അഗ്രാഹ്യം, അപരിഹാര്യം, ദുഷ്കരം, മൂകം

## 12.10 വിഷയാവതരണം

ശ്രീ. എൻ. വി കൃഷ്ണവാര്യർ ഗദ്യവും പദ്യവും ഒരുപോലെ കൈകാര്യം ചെയ്യുന്ന ഒരു സാഹിത്യോപാസകനാണ്. ബഹുഭാഷാപണ്ഡിതനും കുശാഗ്രബുദ്ധിയുമായ അദ്ദേഹത്തിന്റെ ഗദ്യത്തിന് പാണ്ഡിത്യച്ചുവയശേഷമില്ല. പക്ഷേ ആ ഭാഷ ശക്തമാണ്; ഗംഭീരമാണ്. ' ഗംഗയുടെ ആരോഗ്യം' എന്ന ഗദ്യഭാഗം ശ്രദ്ധിക്കുക:

## പാഠം-4 ഗംഗയുടെ ആരോഗ്യം - എൻ. വി കൃഷ്ണവാര്യർ.

വിന്ധ്യപർവതം മുതൽ ഹിമാലയപർവതം വരെയുള്ള വിശാലമായ ആര്യാവർത്തസമതലം മുഴുവൻ ഗംഗാനദിയുടെ സംഭാവനാണ്. ഗംഗയും ഗംഗയുടെ പരശ്ശതം പോഷകനദികളുമാണ് ഈ ഭുപ്രദേശത്ത് ജീവിതം സാധ്യമാക്കിയിട്ടുള്ളത്. രണ്ടായിരത്തഞ്ഞൂറ്റി ഇരുപത്തഞ്ചു കിലോമീറ്റർ നീളമുള്ള ഗംഗ പകുതിയിലേറെ ദൂരം ഉത്തരപ്രദേശിലും തുടർന്ന ബീഹാറിലും ബംഗാളിലും ഒഴുകുന്നു. ഏഴു സ്റ്റേറ്റുകളിലെ ഒമ്പതുലക്ഷം ചതുരശ്ര കിലോമീറ്റർ സ്ഥലത്തിന് ഗംഗാജലം ഫലപുഷ്ടി നൽകുന്നു. ഗംഗയെ മാതാവായി, ഈശ്വരിയായി പതിതപാവനയായി ഇന്ത്യക്കാർ ആരാധിച്ചുവന്നുവെങ്കിൽ അതിൽ അത്ഭുതമില്ല.

ആ ഗംഗാനദി മരിച്ചുകൊണ്ടിരിക്കുകയാണ്. ഹിമാലയാധിത്യകകൾ വിട്ട് ഗംഗാ സമതലത്തിലേക്കിറങ്ങുന്ന ഹരിദ്വാരം മുതൽ ബംഗാൾ ഉൾക്കലിലെ 'സംഗമം' വരെ നഗരങ്ങളിലേയും വ്യവസായശാലകളിലേയും മാലിന്യങ്ങൾ മുഴുവൻ ഗംഗയിലാണ് നിക്ഷേപിക്കപ്പെടുന്നത്. ലോകത്തിലെ മിക്ക നദികളിലും ഇന്ന് വ്യാവസായിക മാലിന്യങ്ങൾ കലർന്നിട്ടുണ്ട്. എന്നാൽ ഗംഗാജലം പോലെ അത്രയധികം മലിനമാക്കപ്പെടുന്നില്ല മറ്റൊരു നദിയിലെ ജലവും. ഗംഗാനദിയിൽ ചീഞ്ഞളിഞ്ഞു കലങ്ങുന്നത്ര മനുഷ്യമൃഗശവങ്ങൾ മറ്റൊരു നദിയിലും കലങ്ങുന്നില്ല. മനുഷ്യരുടെ മലമൂത്രങ്ങൾ ഏറ്റവുമധികം നിക്ഷേപിക്കപ്പെടുന്ന നദിയും ഗംഗതന്നെ. ഈ മാലിന്യംമൂലം ഗംഗയിലെ അനന്തമായിരുന്ന മത്സ്യസമ്പത്ത് ക്ഷയോന്മുഖമായിരിക്കുന്നു. ഗംഗയുടെ സവിശേഷതയായിരുന്ന പലതരം നക്രവർഗ്ഗങ്ങൾ കുറ്റിയറ്റുപോയിരിക്കുന്നു.

ഗംഗാനദി മരിക്കുകയെന്നതിന്നർത്ഥം ഇന്ത്യ മരിക്കുകയെന്നാണ്. അതിനാൽ ഗംഗയിലെ മാലിന്യമെന്ന പ്രശ്നം ഭാരതീയ ജനതയുടെ ആകെ പ്രശ്നമാകുന്നു. ഗംഗാതീരത്തു നിവസിക്കുന്ന ജനകോടികളുടെ സഹകരണമില്ലാതെ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുക സാദ്ധ്യമല്ല. കാരണം അവരാണല്ലോ ഗംഗയെ അറിഞ്ഞും അറിയാതെയും മലിനപ്പെടുത്തുന്നത്. ഈ ജനകോടികളാകട്ടെ ഏറിയകൂറും നിരക്ഷരരുമാണ്.

പതിതപാവനിയായ ഗംഗയ്ക്ക് ഏതു പാപാത്മാവിനെയും സ്വർഗ്ഗത്തിലെത്തിക്കുന്നതിനെന്നപോലെ ഏതു മാലിന്യത്തെയും ശുദ്ധീകരിക്കാനും കഴിവുണ്ടെന്ന വിശ്വാസം അവർക്കു സഹസ്രാബ്ദങ്ങളുടെ പൈതൃകമായി ലഭിച്ചിട്ടുമുണ്ട്. ഈ വിശ്വാസം തകർക്കുകയും മാലിന്യങ്ങൾ ഗംഗയിൽ നിക്ഷേപിക്കുന്നതിൽനിന്ന് അവരെ തടയുകയും ചെയ്യുകയെന്നത് ഒരു ഭഗീരഥ പ്രയത്നം തന്നെയാണ്. ഗംഗയെ ആദ്യമായി ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടു വരുന്നതിന് ഭഗീരഥൻ ചെയ്ത അത്രയോ അതിലേറെയോ യത്നം ഗംഗയിലെ മാലിന്യം അകറ്റുന്നതിന് ഇന്ത്യയിലെ ബഹുജനങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു.

കേന്ദ്ര ഗവൺമെന്റിന്റെ പ്ലാനിംങ് കമ്മീഷൻ ഈ പ്രശ്നത്തിന്റെ പ്രാധാന്യം മനസ്സിലാക്കുകയും അതിന്റെ പരിഹാരത്തിലേക്ക് നയിച്ചേക്കാവുന്ന ചില നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ഗംഗാതീരത്ത് പതിനാലു സർവകലാശാലകളും ആറ് ഉന്നത ഗവേഷണ സ്ഥാപനങ്ങളുമുണ്ട്. പ്ളാനിംഗ് കമ്മീഷന്റെ പ്രേരണയനുസരിച്ച് ഇവയിലെ വൈസ് ചാൻസലർമാരും ഡയറക്ടർമാരും ഈയിടെ സമ്മേളിക്കുകയും ഗംഗയിലേയും പോഷകനദികളിലേയും മാലിന്യ പ്രശ്നം പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിന് ഉദ്ഗ്രഥിതമായ ഒരു ഗവേഷണപദ്ധതി ആവിഷ്കരിക്കുകയും ചെയ്തിരിക്കുന്നു.

ഇനിമുതൽ ആണ്ടുതോറും ഗംഗയുടെ ആരോഗ്യം സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തും. ഈ പ്രശ്നത്തിൽ പൊതുജനശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് ഈ റിപ്പോർട്ടുകൾ ഉതകും.

ignou THE PEOPLE'S UNIVERSITY

## 12.11 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | ശ്രീ. എൻ.വി കൃഷ്ണവാരിയർ |
| ജനനം | : | 13.5.1916 ഞെരുവിശ്ശേരി, തൃശ്ശൂർ ജില്ല |
| പ്രവൃത്തി | : | അദ്ധ്യാപകൻ, പത്രാധിപർ (മാതൃഭൂമി, കുങ്കുമം മുതലായവയുടെ പത്രാധിപത്യം) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ |
| ബിരുദം | : | എം.എ എം. ലിറ്റ് കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ ഡി.ലിറ്റ് (ഓണററി ബിരുദം) |
| കൃതികൾ കവിത | : | ചാട്ടവാർ, നീണ്ട കവിതകൾ, കുറേക്കൂടി നീണ്ട കവിതകൾ, കൊച്ചുതൊമ്മൻ, ഗാന്ധിയും ഗോഡ്സെയും, കള്ളദൈവങ്ങൾ, കാളിദാസന്റെ സിംഹാസനം. |
| ഗദ്യം | : | കലോത്സവം, പരിപ്രേക്ഷ്യം, സമാകലനം, ഉണരുന്ന ഉത്തരേന്ത്യ, ആദരാഞ്ജലികൾ, വെല്ലുവിളികൾ, പ്രതികരണങ്ങൾ, സമസ്യകൾ, സമീപനങ്ങൾ, പ്രശ്നങ്ങൾ, പഠനങ്ങൾ, അന്വേഷണങ്ങൾ, കണ്ടെത്തലുകൾ. |

## 12.12 ആശയസംഗ്രഹം

ഗംഗാനദി പതിതപാവനിയെന്നറിയപ്പെടുന്നു. മഞ്ഞുരുകിയൊഴുകിയെത്തുന്ന നിർമ്മല ജലപ്രവാഹമാകയാൽ ഗംഗയിലേയ്ക്കു തള്ളുന്ന മാലിന്യങ്ങൾ മൂലം കലുഷിതമാകാതെ സ്വയം കാത്തുപോന്നതുകൊണ്ട് പാവനമെന്ന വിശേഷണം ലൗകികാർത്ഥത്തിലും ആനദിക്കു ചേരുന്നതായിത്തീർന്നു. എന്നാൽ വർദ്ധിച്ചുവരുന്ന മാലിന്യങ്ങളുടെ കൂമ്പാരം ഗംഗയുടെ സ്വച്ഛതയെ നശിപ്പിച്ചിരിക്കുന്നു. ഇന്ന് ആനദിയ്ക്ക് പതിതപാവനിയെന്ന വിശേഷണം ചേരുകയില്ല. ഗംഗയുടെ പഴയ ആരോഗ്യം വീണ്ടെടുക്കേണ്ടത് ഭാരതജനതയുടെ ഒട്ടാകെ ആവശ്യമാണ്.

### പുരോഗതി സ്വയം പരിശോധിക്കുക-4

1. ഗംഗയുടെ സംഭാവന എന്ത്?
2. ഗംഗയുടെ ദൂരം എത്ര?
3. അതിൽ അത്ഭുതമില്ല- ഏതിൽ?
4. ഗംഗാനദി മരിക്കുകയെന്നാൽ എന്താണർത്ഥം?

## 12.13 വിഷയാവതരണം

വാഗ്മിയും പണ്ഡിതനും ചിന്തകനും ആയ സുകുമാർ അഴിക്കോട് ഭാഷാശൈലികൊണ്ട് ആരെയും വശീകരിക്കുന്ന നിരൂപകനാണ്. കൃതിയുടെ ഉള്ളിലേക്ക് കടക്കാനും മർമ്മം ഗ്രഹിക്കാനും കഴിയുന്ന അദ്ദേഹത്തിന് അന്യാദൃശമായ വൈഭവത്തോടെ താൻ ഗ്രഹിച്ച കാര്യങ്ങൾ അവതരിപ്പിക്കാനും കഴിയും. നിരൂപണവും ഒരു സർഗ്ഗാത്മ

ക സൃഷ്ടിതന്നെ എന്ന അനുഭവം അദ്ദേഹത്തിന്റെ കൃതികൾ വായിക്കുമ്പോൾ ഉണ്ടാകും. ചിന്തയുടെ സ്ഫുലിംഗവും,വാഗ്മിതയുടെ ദീപ്തിയും പാണ്ഡിത്യത്തിന്റെ കാമ്പുമുള്ള അദ്ദേഹത്തിന്റെ ഭാഷാശൈലി പരിചയപ്പെടുത്താൻ തത്വമസിയിൽനിന്നും ഒരുഭാഗം ചേർത്തിരിക്കുന്നു.

## പാഠം-5 ഉപനിഷത്തിന്റെ മുമ്പിൽ: പ്രൊഫ. സുകുമാർ അഴിക്കോട്

ദേശത്തെയും കാലത്തെയും അതിലംഘിക്കുന്ന മഹിമാതിരേകത്തോടുകൂടിയ ഉപനിഷത്ത് ഇന്ത്യയുടെതെന്നപോലെ ലോകത്തിന്റെയും പഴയകാലത്തിന്റെതെന്നപോലെ പുത്തൻകാലത്തിന്റെയും ആണ്. എങ്കിലും ഉപനിഷത്ത് എന്ന ചിന്താസമ്പത്ത് മറ്റേതു നാട്ടിന്റേതിനേക്കാളും ഇന്ത്യയുടേതു മാത്രമാണ്. ഇപ്പറഞ്ഞതൊരു വിരോധാഭാസവചനമാണ്. ഉപനിഷത്തിനെപ്പറ്റി എഴുതുമ്പോൾ വിരോധാഭാസത്തിന്റെ ശൈലി ഒഴിവാക്കാനാവില്ല. അന്തിയിൽ അന്തരീക്ഷം മുഴുവൻ സൗരഭ്യം നിറയ്ക്കുന്ന പൂവിനെ കെട്ടിപ്പിടിച്ചുകൊണ്ട് അത് തന്റേതാണെന്ന് അധീരമായി മൂകാഭിമാനം കൊള്ളുന്ന പുഞ്ഞെട്ടിനെപ്പോലെ, ഉപനിഷത്ത് തന്റേതാണെന്ന് ഇന്ത്യ അവകാശപ്പെട്ടു. ഒരേ സമയത്ത് ഉപനിഷത്ത് ഇന്ത്യയെ വേർതിരിച്ചു നിർത്തുകയും ലോകചിന്തയോട് ഇണക്കിക്കൂട്ടുകയും ചെയ്യുന്നു. മറുനാടുകളിൽനിന്നും വിട്ടുമാറി വേർതിരിഞ്ഞുള്ള കിടപ്പ് ഇന്ത്യയുടെ ആത്മീയ ദർശനത്തിന്റെ തനതായ വ്യക്തിത്വത്തിനു കാരണമായിട്ടുണ്ടെന്ന് പല പാശ്ചാത്യ ചിന്തകന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഉപനിഷത്തിന്റെ സാമ്രാജ്യം എന്നിവിടെ പറഞ്ഞത് സൂക്ഷ്മമായ വിചിന്തനത്തിൽ ഇന്ത്യയെക്കുറിച്ചല്ല. ഇന്ത്യയുടെ വെളിയിൽ പലേടത്തും അത് പരന്നുകിടക്കുന്നു; ഇന്ത്യയിൽ എല്ലായിടത്തും അതു വ്യാപിച്ചിരിക്കുന്നുമില്ല. അതു വ്യാപിച്ചിരിക്കുന്നത് സത്യമായി വെളിയിലല്ല. ഉള്ളിലാണ്. ഉള്ളിലെ നിരുപമമായ വെളിച്ചത്തിനു അത് പ്രതിനിധിയായിരിക്കുന്നു. ആ വെളിച്ചം ഒരു കാലഘട്ടത്തിൽ മറ്റേതു നാട്ടിലുമെന്നതിലേറെ ഇന്ത്യയിൽനിന്നു കത്തിയുയർന്നതിനാൽ മാത്രമാണ് ഇന്ത്യയുടെതാണ് ഉപനിഷത്ത് എന്ന അവകാശത്തിനു പ്രാബല്യം സിദ്ധിക്കുന്നത്. പക്ഷേ ഇന്ത്യയിൽ ഈ പ്രകാശം ഒരിക്കലും കെട്ടടങ്ങിയിട്ടില്ല. മാത്രമല്ല അവസരം വരുമ്പോൾ അതു വീണ്ടും കത്തിജ്വലിക്കുകയും ചെയ്യാറുണ്ട്. നിശ്ചേതനമായ അണുവിന്നുള്ളിൽ നിത്യചലനാത്മകമായി വെട്ടിത്തിളങ്ങുന്ന അണുശക്തിപോലെ എത്ര നിശ്ചേഷ്ടമായിക്കിടന്നാലും ഇന്ത്യയുടെ ഉള്ളിന്റെ ഉള്ളിൽ നിന്ന് അതു നിഷ്കാസനം ചെയ്യപ്പെടുന്നില്ല. ഇടയ്ക്കിടയ്ക്ക് അതിന്റെ സ്ഫോടനങ്ങൾ ഇവിടെ ഉണ്ടായിട്ടുമുണ്ട്. അവയെ ചരിത്രകാരന്മാർ ഇന്ത്യയുടെ പുനരുദ്ധാനങ്ങൾ എന്നു വിളിച്ചുവരുന്നു. ബുദ്ധൻ തൊട്ടു ഗാന്ധിജിവരെ വിശ്വതോന്മുഖങ്ങളും ഭേദാതീതങ്ങളുമായ മഹാദർശങ്ങൾ ആവശ്യമായി വന്നപ്പോഴെല്ലാം ആ പ്രകാശം ഇവിടെ വീണ്ടും പൊട്ടിവിരിഞ്ഞു. സാഹിത്യത്തിലും കലകളിലും രാഷ്ട്രീയത്തിലും ഇവിടെയുണ്ടായ നേട്ടങ്ങളുടെ കൊടുമുടികളിന്മേൽ സൂക്ഷിച്ചുനോക്കിയാൽ ഉപനിഷത്തിന്റെ ഹിമാലയത്തിൽ

നിന്ന് ഒഴുകിച്ചെല്ലുന്ന തുഹിതാമൃതം ഒളിവിതറിയിട്ടുണ്ടെന്ന് കാണാൻ കഴിയും.

## 12.14 ലേഖകപരിചയം

| | | |
|---|---|---|
| ഉപന്യാസകൃത്ത് | : | പ്രൊഫസർ സുകുമാർ അഴിക്കോട് |
| ജനനം | : | 24.2.1926. അഴീക്കോട് കണ്ണൂർ |
| പ്രവൃത്തി | : | കോളേജ് അദ്ധ്യാപകൻ, ട്രെയിനിംഗ്കോളേജ് പ്രിൻസിപ്പൽ, സർകലാശാല മലയാളം പ്രൊഫസർ(കോഴിക്കോട്)<br><br>സർവകലാശാല പ്രൊ. വൈസ്ചാൻസലർ (കോഴിക്കോട്) |
| ബിരുദങ്ങൾ | : | ബികോം, ബി.ടി. എം.എ പിഎച്ച്.ഡി |
| കൃതികൾ | : | രമണനും മലയാള കവിതയും, പുരോഗമനസാഹിത്യം, ആശാന്റെ സീതാകാവ്യം, ശങ്കരക്കുറുപ്പു വിമർശിക്കപ്പെടുന്നു, മലയാള സാഹിത്യവിമർശനം, തത്ത്വമസി, ലേഖനങ്ങളുടെ സമാഹാരം. |
| ബഹുമതികൾ | : | തത്ത്വമസിക്ക് കേന്ദ്രസാഹിത്യഅക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, എബ്രഹാം, വടക്കേർ അവാർഡ്, വിശ്വദീപം അവാർഡ്, സുവർണ്ണ കൈരളി അവാർഡ്., അബുദാബി മലയാളി സമാജം അവാർഡ്, മലയാള സാഹിത്യ വിമർശനത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ്. |

## 12.15 ആശയസംഗ്രഹം

ഉപനിഷത്തുക്കൾ രചിക്കപ്പെട്ടത് ഇന്ത്യയിലാണെന്നതുകൊണ്ട് അവയെ ഇന്ത്യയുടെ സമ്പത്തുകളായി കരുതാം. എന്നാൽ ലോകത്തിലുണ്ടായിട്ടുള്ള ഉന്നതചിന്തകളുടെ സാരസംഗ്രഹമാണവ എന്നതിനാൽ, മുതൽകൂട്ടുമാണ്. മനുഷ്യസഞ്ചയത്തിനൊട്ടാകെ അവകാശപ്പെട്ട അവയുടെ പ്രകാശം, ഭാരതീയ ജനത എപ്പോഴൊക്കെ ഇരുട്ടിലേയ്ക്കു വഴുതിവീഴാൻ തുടങ്ങുന്നുവോ അപ്പോഴൊക്കെ നേർവഴി കാട്ടിത്തരാൻ ഉതകിയിട്ടുണ്ട്. നമ്മുടെ എല്ലാ പ്രവർത്തന മണ്ഡലങ്ങളിലും അവയുടെ സംസ്കാരം ഒളിചിതറിയിട്ടുണ്ട്.

## പുരോഗതി സ്വയം പരിശോധിക്കുക-5

1. ഒറ്റ വാക്ക് എഴുതുക

ദേശത്തെയും കാലത്തെയും അതിലംഘിക്കുന്ന

എല്ലായിടത്തും വ്യാപിച്ചിരിക്കുന്നത്

നിഷ്കാസനം ചെയ്യപ്പെട്ട.

# യൂണിറ്റ് - 13
# കേരളം: കലയും സംസ്കാരവും

**ഉള്ളടക്കം**


13.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
13.1 വിഷയാവതരണം
13.2 കേരളത്തിലെ കലാരൂപങ്ങൾ
13.2.1 ശാസ്ത്രീയകലാപാരമ്പര്യം
13.2.1.1 ചാക്യാർകൂത്ത്
13.2.1.2 കൂടിയാട്ടം
13.2.2 നാടോടിക്കലാപാരമ്പര്യം
13.2.2.1 തെയ്യം
13.2.2.2 മുടിയേറ്റ്
13.2.2.3 ഒപ്പന
13.2.2.4 മാർഗ്ഗംകളി
13.2.3 പുരോഗതി സ്വയം പരിശോധിക്കുക
13.2.4 ഉത്തരം
13.3 വിഷയാവതരണം
13.3.1 കേരളത്തിലെ ഉത്സവങ്ങൾ
13.3.1.1 ഓണം
13.3.1.2 വിഷു
13.3.1.3 തിരുവാതിര
13.3.2 പുരോഗതി സ്വയം പരിശോധിക്കുക
13.3.3 ഉത്തരം
13.4 വിഷയാവതരണം
13.4.1 കേരളത്തിലെ ആചാരങ്ങൾ
13.4.1.1 പുലപ്പേടിയും മണ്ണാപ്പേടിയും
13.4.1.2 അമ്മിചവിട്ടി അരുന്ധതികാണൽ
13.4.1.3 ഇല്ലംനിറ
13.4.2 പുരോഗതി സ്വയം പരിശോധിക്കുക
13.4.3 ഉത്തരം


## 13.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

വൈവിദ്ധ്യമാർന്ന കലാരൂപങ്ങളും ഉത്സവാഘോഷങ്ങളും ആചാരനുഷ്ഠാനങ്ങളുമാണ് ഒരു നാടിന്റെ സാംസ്ക്കാരികമുദ്രകളായി അറിയപ്പെടുന്നത്. ചാക്യാർകൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങി ശാസ്ത്രീയകലാരൂപങ്ങളും തെയ്യം, തിറ, മുടിയേറ്റ്, പടയണി എന്നിങ്ങനെ പ്രാദേശികത്തനിമയുള്ള കലാരൂപങ്ങളും ഓണം, തിരുവാതിര, വിഷു തുടങ്ങിയ ഒട്ടേറെ ഉത്സവാഘോഷങ്ങളും ആചാരാനുഷ്ഠാനങ്ങളും നിറഞ്ഞുനില്ക്കുന്ന നാടാണ് കേരളം. ശാസ്ത്രീയമായ കലാപാരമ്പര്യത്തിന്റെ മാതൃകകളും ഇവിടെ ധാരാളമുണ്ട്. ശാസ്ത്രീയവും നാടോടിയുമായ കലാപാരമ്പര്യത്തിന്റെയും വൈവിദ്ധ്യമാർന്ന ഉത്സവാഘോഷങ്ങളുടെയും വൈചിത്ര്യമാർന്ന ആചാരങ്ങളുടെയും കൈവഴികളിലൂടെ സഞ്ചരിച്ച കേരളത്തിന്റെ

സാംസ്ക്കാരികപാരമ്പര്യത്തെ വിശദമായി മനസ്സിലാക്കുക എന്ന താണ് ഈ പാഠഭാഗത്തിലൂടെ ലക്ഷ്യമാക്കുന്നത്.

## 13.1 വിഷയാവതരണം

ലോകത്തെല്ലായിടത്തും അവതരണവുമായി ബന്ധപ്പെട്ടു നിലകൊള്ളുന്ന ഒന്നാണ് രംഗവേദി എന്ന സങ്കല്പം. കാലത്തിനും സ്ഥലത്തിനും സംസ്കാരത്തിനും അവതരണവസ്തുതകൾക്കും അവതരണരീതികൾക്കും അനുസൃതമായി അതു ഭേദപ്പെടുമെന്നുമാത്രം. അരങ്ങ് എന്ന അതിശക്തമായ മാദ്ധ്യമത്തിലൂടെ പ്രേക്ഷകനിലേക്ക് അനുഭൂതിവിശേഷങ്ങൾ പകർന്നുനല്കുന്ന കേരളത്തിലെ ശാസ്ത്രീയമായ കലാപാരമ്പര്യത്തിന്റെ മാതൃകകളെയും നാടോടികലാപാരമ്പര്യത്തിന്റെ മാതൃകകളെയുമാണ് 'കേരളത്തിലെ കലാരൂപങ്ങൾ' എന്ന പാഠഭാഗത്തിലൂടെ പരിചയപ്പെടുത്തുന്നത്.

## 13.2 കേരളത്തിലെ കലാരൂപങ്ങൾ

### 13.2.1 ശാസ്ത്രീയകലാപാരമ്പര്യം

കേരളത്തിലെ രംഗപ്രയോഗനിഷ്ഠമായ അവതരണപാരമ്പര്യത്തിൽ ഏറ്റവും പ്രധാനം വ്യവസ്ഥാപിതവും പൗരാണികവുമായ കലാരൂപങ്ങളാണ്. (classical performances). ഈ പരമ്പരാഗതകലാരൂപങ്ങൾ രാജകൊട്ടാരങ്ങളെയും ഹൈന്ദവക്ഷേത്രങ്ങൾ കേന്ദ്രമാക്കിയ ബ്രാഹ്മണമേധാവിത്വത്തെയും ആശ്രയിച്ചാണ് തഴച്ചുവളർന്നത്. അതുകൊണ്ടുതന്നെ അവയുടെ പ്രകടനതന്ത്രങ്ങൾ പൂർണ്ണമായും സംസ്ക്കരിച്ചവയാണ്. അറിവും വൈദഗ്ദ്ധ്യവുമുള്ള പ്രേക്ഷകനുമാത്രമേ ഇത്തരം പ്രകടനങ്ങൾ ആസ്വാദ്യമാകൂ. സാധാരണ പ്രേക്ഷകന് അപ്രാപ്യമായ നിലയിൽ സങ്കേതബദ്ധമായി ചിട്ടപ്പെടുത്തിയ ഘടനയാണ് ഈ പ്രകടനരൂപങ്ങൾക്കുള്ളത്.

കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, കഥകളി തുടങ്ങിയ കലാരൂപങ്ങൾ സങ്കേതബദ്ധവും പൗരാണികവുമായ അവതരണസമ്പ്രദായങ്ങൾക്ക് നിദർശനങ്ങളാണ്. അവയിൽ ചാക്യാർക്കൂത്തും കൂടിയാട്ടവും പ്രാചീനകേരളത്തിലെയും ദക്ഷിണേന്ത്യൻ പ്രദേശങ്ങളിലെയും പ്രകടനപാരമ്പര്യത്തെക്കുറിച്ചറിയുന്നതിന് സഹായകമായ കലാരൂപങ്ങളാണ്. പുരാതനവും തനതുമായ നാട്യകലാപാരമ്പര്യത്തിന്റെ രൂപപരിണാമവും ഈ കലാവതരണങ്ങളിലൂടെ മനസ്സിലാക്കാനാകുന്നു.

#### 13.2.1.1 ചാക്യാർകൂത്ത്

പ്രാചീനതമിഴകത്ത് പ്രചരിച്ചിരുന്ന പദമാണ് 'കൂത്ത്'. ഇളംകോവടികളുടെ ചിലപ്പതികാരത്തിൽ പലതരം കൂത്തുകളെക്കുറിച്ച് പരാമർശമുണ്ട്. കൊടുകൊട്ടിയാടൽ, പാണ്ഡുരംഗക്കൂത്ത്, പാവൈക്കൂത്ത്, കടൈയക്കൂത്ത്, ശാന്തിക്കൂത്ത്, വിനോദക്കൂത്ത്, പേട്കൂത്ത്, മരക്കാൽകൂത്ത് തുടങ്ങിയവയാണവ. പ്രാചീനതമിഴ്കൃതിയായ തൊൽക്കാപ്പിയത്തിൽ വള്ളിക്കൂത്ത്, കാലാൽനിലൈക്കൂത്ത്, കുറവൈക്കൂത്ത് എന്നീ കൂത്തുകളെപ്പറ്റി പറയുന്നുണ്ട്. ഇവിടെയെല്ലാം

നൃത്തത്തിന് പകരമായാണ് കൂത്തെന്ന പദം പ്രയേഗിച്ചിട്ടുള്ളത്. കേരളീയക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ അരങ്ങേറിവന്ന പുരാണ കഥാകഥന കലയായ ചാക്യാർക്കൂത്തിന് ഈ നൃത്തരൂപങ്ങളോട് വിദൂരമായ ചില ബന്ധങ്ങളുണ്ടാകാം. എങ്കിലും ആഖ്യാനാവതരണ പ്രത്യേകതകൾ കൊണ്ട് അവയിൽ നിന്നും വേറിട്ടു നില്ക്കുന്നൊരു പ്രകടനകലാരൂപമാണ് ചാക്യാർക്കൂത്ത്.

എ.ഡി. പത്താംനൂറ്റാണ്ടിലുണ്ടായ തൃക്കൊടിത്താനം ശാസനത്തിൽ 'പിരാമണരെ ഊട്ടി പത്തും കൂത്തും ആടിച്ചു' എന്നും എ.ഡി പന്ത്രണ്ടാംനൂറ്റാണ്ടിലുണ്ടായ കൊല്ലൂർമഠം ശാസനത്തിൽ 'കൂത്തിന് അരങ്ങത്തു വിളക്കുവയ്പ്പാൻ' എന്നും കാണുന്നു.

'കണ്ടോമല്ലോ തളിയിലുരുവം കൂത്തു നാമൊന്റൊരിക്കൽ'

(ഉണ്ണുനീലിസന്ദേശം. എ.ഡി.14-ാംശതകം)

'എന്റീവണ്ണം തൊഴുതുകമലാവല്ലഭം വാഴ്ത്തിമെല്ലെ
ചെന്റ്ശ്രീമണ്ഡപഭുവിമനോമോഹനം കൂത്തുകണ്ടു

(കോകസന്ദേശം. എ.ഡി. 14-ാംശതകം)

എന്നിങ്ങനെ പ്രാചീനമണിപ്രവാളകൃതികളിലും കൂത്തിനെക്കുറിച്ച് പരാമർശമുണ്ട്. ചാക്യാരുടെ അഭിനയമെന്ന അർത്ഥത്തിലാണ് ഇവിടെയെല്ലാം 'കൂത്ത്' എന്നു പരാമർശിച്ചിട്ടുള്ളത്. കൂടിയാട്ടത്തിന്റെ ഭാഗമായിവരുന്ന ചാക്യാരുടെ അഭിനയത്തിനും 'കൂത്ത്' എന്നുതന്നെയാണ് പറഞ്ഞിരുന്നത്. സംസ്കൃതനാടകാഭിനയമാണ് കൂടിയാട്ടത്തിലൂടെ നിർവ്വഹിക്കപ്പെടുന്നത്. ചാക്യാരൂടെ ഏകാഭിനയം കൂത്തും അനേകാഭിനയം കൂടിയാട്ടവുമായി അറിയപ്പെട്ടു. കൂടിയാട്ടത്തിലെ വിദൂഷകന്റെ കഥപറയുന്ന രീതിയാണ് പില്ക്കാലത്ത് ചാക്യാർക്കൂത്തായി പരിണമിച്ചത്. പ്രേക്ഷകനെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന വിദൂഷകൻ ഏതു വിഷയവും സന്ദർഭമുണ്ടാക്കി വിസ്തരിക്കുകയും വ്യാഖ്യാനിക്കുകയും കഥകളും ഉപകഥകളും ചേർത്ത് ഫലിതപരിഹാസങ്ങളോടെ അവതരിപ്പിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ വിദൂഷകവേഷത്തോടെ ചാക്യാർനടത്തുന്ന സരസവും ലളിതവുമായ കേരളീയ കഥാകഥന സമ്പ്രദായമാണ് അല്ലെങ്കിൽ പുരാണ കഥാപ്രസംഗമാണ് ചാക്യർക്കൂത്ത്.

പുരാണകഥകളെ അടിസ്ഥാനമാക്കി രചിച്ച പ്രബന്ധങ്ങൾ ഉപയോഗിച്ചാണ് ചാക്യാന്മാർ കൂത്ത് പറഞ്ഞിരിന്നത്. അതിനാൽ ചാക്യാർക്കൂത്ത് പ്രബന്ധക്കൂത്ത് എന്ന പേരിലും പ്രചരിച്ചു. വാല്മീകീ, ഭോജൻ, ഭവഭൂതി, രാജശേഖരൻ, മാഘൻ, കാളിദാസൻ തുടങ്ങിയവരുടെ കാവ്യങ്ങളിലെ ഗദ്യപദ്യങ്ങൾ ചേർത്തുണ്ടാക്കിയതാണ് ഈ പ്രബന്ധങ്ങൾ. രാമായണം, കിരാതം, പാഞ്ചാലീസ്വയംവരം, സുഭദ്രാഹരണം, ദൂതവാക്യം. രാജസൂയം, രുഗ്മിണീസ്വയംവരം, ദക്ഷയാഗം, സ്യമന്തകം, സന്താനഗോപാലം എന്നീ പ്രബന്ധങ്ങളാണ് പ്രധാനമായും ചാക്യാന്മാർ അവതരിപ്പിക്കാറുള്ളത്.

കേരളീയ ക്ഷേത്രങ്ങളിലെ നാട്യഗൃഹമായ കൂത്തമ്പലത്തിലാണ് കൂത്തവതരണം നടന്നിരുന്നത്. എന്നാൽ ഇന്ന് ക്ഷേത്രത്തിനു

പുറത്തും ഈ കലാരൂപം അവതരിപ്പിക്കുന്നുണ്ട്. അരങ്ങിൽ മുൻഭാഗത്ത് മദ്ധ്യത്തിലായി മൂന്നുതിരിയിട്ടു നിലവിളക്ക് കൊളുത്തിവയ്ക്കുന്നു. ത്രിമൂർത്തികളുടെ സാന്നിദ്ധ്യമാണ് അത് സൂചിപ്പിക്കുന്നത്. അരങ്ങിൽ പിൻഭാഗത്ത് മദ്ധ്യത്തിലായി മിഴാവ് വയ്ക്കുന്നു. കൂത്തു പറയുന്ന ചാക്യാരും മിഴാവ്കൊട്ടുന്ന നമ്പ്യാരും കുഴിത്താളം പിടിക്കുന്ന നങ്ങ്യാരും ചേർന്ന് പ്രകടനത്തെ അതിന്റെ പൂർണ്ണതയിലേക്ക് നയിക്കുന്നു.

കൂത്തവതരിപ്പിക്കുന്ന ചാക്യാരുടെ വേഷവിധാനം വൈചിത്ര്യം നിറഞ്ഞതാണ്. നെറ്റി, മൂക്ക്, മാറിടം തുടങ്ങി പതിനാല് സ്ഥാനങ്ങളിൽ ചുവന്ന പൊട്ടണിയുന്നു. തലയിൽ ചുവപ്പ് തുണികെട്ടും. മുഖത്ത് നെയ്യ് പുരട്ടിയശേഷം അരിമാവ്, കരി, മഞ്ഞൾ എന്നിവ പൂശുന്നു. മാറിലും കൈമുട്ടിനുമുകളിലും അരിമാവ് തേയ്ക്കും. കണ്ണിൽ വാലിട്ട് മഷിയെഴുതുകയും വലിയ മീശ വരച്ചുവയ്ക്കുകയും ചെയ്യുന്നു. ഒരുകാതിൽ കുണ്ഡലമണിഞ്ഞ് മറ്റേക്കാതിൽ വെറ്റില തിരുകിവച്ച് തെച്ചിപ്പൂ തൂക്കിയിടുന്നു. തലയിൽ കുടുമ, പീലിപ്പട്ട്, വാസുകീയം എന്നിവയും അണിയുന്നു. കൈകളിൽ കടകങ്ങളും മാറിൽ പൂണൂലും അരയിൽ കടീസൂത്രവും അണിഞ്ഞ്, വെള്ളത്തുണിമടക്കി ആസനം കനപ്പിച്ച്, വസ്ത്രം ഞൊറിഞ്ഞുടുത്ത് കൂത്തവതരണത്തിന് തയ്യാറെടുക്കുന്ന ചാക്യാർ ഫലിതപരിഹാസങ്ങൾ മുഖത്തു നിറഞ്ഞ വിദൂഷകനായാണ് വേദിയിലെത്തുന്നത്.

അരങ്ങിൽ വരുന്ന ചാക്യാർ വിളക്കിനടുത്തെത്തി 'ചാരി' എന്ന നൃത്തം ചെയ്യുന്നതോടെ കൂത്ത് തുടങ്ങുന്നു. തുടർന്ന് കുടുമ മാറ്റി വയ്ക്കുക, പൂണൂൽ തേക്കുക, മീശ ശരിപ്പെടുത്തുക, ഇടയ്ക്കിടെ മുണ്ട് വീശുക, വെറ്റിലചവയ്ക്കുക എന്നീ പ്രവൃത്തികളിലൂടെ വിദൂഷകസ്തോഭം നടിക്കുന്നു. അതിനുശേഷം ഇഷ്ടദേവതാസ്തുതി, പീഠിക, പ്രാർത്ഥന എന്നിവ നടത്തുന്നു. തുടർന്ന് കഥാസന്ദർഭം വ്യക്തമാക്കുന്ന സംക്ഷേപവും ശ്ലോകം ചൊല്ലിയുള്ള സവിസ്തര വ്യാഖ്യാനവും നിർവ്വഹിക്കുന്നു. പൂർവ്വരംഗം എന്നാണ് ഇതിന് പറയുന്നത്. പൂർവ്വരംഗം കഴിഞ്ഞ് കൂത്തിലെ ഏറ്റവും പ്രധാനമായ പ്രബന്ധവ്യാഖ്യാനം തുടങ്ങുകയായി.

കൂത്തുപറയുന്ന ചാക്യാർ പുരാണകഥാപരിജ്ഞാനവും സംസ്കൃത -മലയാളഭാഷാജ്ഞാനവുമുള്ള ആളായിരിക്കണം. വ്യാഖ്യാനം, വിമർശനം, ഫലിത പ്രയോഗം എന്നിവയിൽ പ്രാവീണ്യവും ഇടമുറിയാതെ വാക്കുകൾ പ്രയോഗിക്കാനുള്ള ചാതുര്യവുമുള്ള ഒരു ചാക്യാർക്കു മാത്രമേ പ്രേക്ഷകനെ കഥാന്ത്യം വരെ പിടിച്ചിരുത്താനാകൂ. കഥപറച്ചിലിനിടയിൽ വേദിയിലങ്ങോട്ടുമിങ്ങോട്ടും സ്വതന്ത്രമായി നടക്കുന്ന ചാക്യാർ ഇടക്ക് ഇരിക്കുകയും ഓടുകയും ചാടുകയും ചെയ്യുന്നു. വേദിയെ തന്റെ കഥയിലെ ജീവിതപരിസരമാക്കി അദ്ദേഹംമാറ്റുന്നു. കാഴ്ചക്കാർ ചാക്യർക്ക് കഥയിലെ കഥാപാത്രങ്ങൾ കൂടിയാണ്. പുരാണകഥാസന്ദർഭങ്ങളെ വാക്കുകളിലൂടെ ദൃശ്യവൽക്കരിക്കാൻ കഴിവുള്ള ചാക്യാരുടെ പ്രകടനമാണ് പ്രേക്ഷകരിൽ തന്മയീഭാവമുണർത്തുന്നത്. കൂത്തുപറയുന്നതിൽ അസാധാരണ വൈദഗ്ദ്ധ്യം പുൽത്തുന്നൊരു ചാക്യാർ ഭാഷയ്ക്കും ഭാവത്തിനും

സ്വരത്തിനും ദ്രുതഗതിയിൽ മാറ്റം വരുത്തി ഈ തന്മയത്വം അനുഭവപ്പെടുത്തുന്നു. വ്യാഖ്യാനത്തിനിടയ്ക്ക് അവസരം കിട്ടിയാൽ കഥകളോ രംഗങ്ങളോ കല്പിച്ചുണ്ടാക്കുന്നു. നിസ്സാരവിഷയം പോലും ഊതിപ്പെരുപ്പിച്ച് വലുതാക്കാൻ ചാക്യാർക്കുള്ള കഴിവ് അസാമാന്യമാണ്. കഥാപാത്രമായി കല്പിക്കാൻ പറ്റിയൊരാളെ സദസ്സിൽ നിന്ന് ചാക്യാർ തെരഞ്ഞെടുക്കുന്നു. കഥയിലെ സംഭാഷണങ്ങളെല്ലാം അയാളെ ചൂണ്ടിയാകും പറയുക. കാലത്തിനും സ്ഥലത്തിനും സമുദായത്തിനും വ്യക്തിയ്ക്കുമുള്ള ദോഷങ്ങളെയും ഗുണങ്ങളെയും ശ്ലേഷം, അന്യാപദേശം, രൂപകാതിശയോക്തി തുടങ്ങിയ രീതികളിൽ വെളിപ്പെടുത്തുന്നു. രാമായണഭാരതങ്ങൾ പോലുള്ള ഇതിഹാസങ്ങൾ ഒറ്റവാക്യത്തിൽ സംഗ്രഹിച്ചാവിഷ്കരിക്കാനും കേവലമൊരു ശ്ലോകമോ ശ്ലോകാർത്ഥമോ മണിക്കൂറുകളോളം വിസ്തരിക്കാനും കഴിവുള്ളകലാകാരനാണ് കൂത്തിന്റെ അവതാരകനായ ചാക്യാർ.

### 13.2.1.2 കൂടിയാട്ടം

ഭാരതീയമായ സംസ്കൃതനാടവേദിക്ക് രണ്ടുതരത്തിലുള്ള പാരമ്പര്യമുണ്ട്. മാർഗ്ഗിയും ദേശിയും. ദേശവ്യാപകമായി സ്വീകരിച്ചുവന്ന പൊതുരീതിയാണ് മാർഗ്ഗി. ദേശഭേദമനുസരിച്ച് രൂപംകൊണ്ട രീതിയാണ് 'ദേശി' എന്നറിയപ്പെടുന്നത്. ദേശി പാരമ്പര്യത്തിന്റെ ഭാഗമായി വികസിച്ചുവന്ന സംസ്കൃതനാടകാഭിനയത്തിന്റെ കേരളീയരൂപമാണ് ക്ഷേത്രകലയായറിയപ്പെടുന്ന കൂടിയാട്ടം. കേരളീയക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിലാണ് ഈ കലാരൂപവും അരങ്ങേറിയിരുന്നത്. വിനോദവും വിജ്ഞാനവും നല്കി ജനങ്ങളെ നന്മയിലേക്ക് നയിക്കുക എന്ന ലക്ഷ്യമാണ് ആ കലാവതരണത്തിനുള്ളത്.

സംഘംകൃതിയായ ചിലപ്പതികാരത്തിൽ കൂടിയാട്ടത്തെക്കുറിച്ച് പരാമർശമുണ്ട്. 'കൂടിച്ചേർന്നുള്ള ആട്ടം' എന്ന അർത്ഥത്തിലാകാം കൂടിയാട്ടം എന്നുപറയുന്നത്. ആട്ടത്തിന് നൃത്തം, അഭിനയം എന്നീ അർത്ഥങ്ങളുമുണ്ട്. അതിനാൽ നൃത്തത്തോടുകൂടിയ അഭിനയം എന്ന അർത്ഥത്തിലും കൂടിയാട്ടം എന്നുപറയാം. ഏതായാലും 2000 കൊല്ലത്തിലധികം പഴക്കം കല്പിക്കപ്പെടുന്ന ഈ കലാരൂപം ഇന്നും ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെയും തൃശൂർ വടക്കുംനാഥക്ഷേത്രത്തിലെയും കൂത്തമ്പലങ്ങളിൽ അനുഷ്ഠാനപ്രസക്തിയോടെ അവതരിപ്പിക്കുന്നുണ്ട്.

കേരളത്തിലെ ആദ്യത്തെ സംസ്കൃതനാടകമായി അറിയപ്പെടുന്നത് ശക്തിഭദ്രന്റെ (എ.ഡി.8-ാം ശതകം) ആശ്ചര്യചൂഡാമണിയാണ്. ഏതാണ്ട് അക്കാലത്തുതന്നെ മഹേന്ദ്രവിക്രമപല്ലവന്റെ മത്തവിലാസപ്രഹസനവും ബോധായനന്റെ ഭഗവദജ്ജുകീയം പ്രഹസനവും ഇവിടെ പ്രചരിച്ചിരുന്നു. എന്നാൽ കൂടിയാട്ടത്തിന്റെ പരിഷ്ക്കർത്താവായി അറിയപ്പെടുന്നത് എ.ഡി. പത്താംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ചേരചക്രവർത്തിയായ കുലശേഖരനാണ്. അദ്ദേഹം രചിച്ച നാടകങ്ങളാണ് സുഭദ്രാധനഞ്ജയവും തപതീസംവരണവും. ഈ നാടകങ്ങൾക്ക് അദേഹം തയ്യാറാക്കിയ വ്യാഖ്യാനവും ആട്ടക്രമവുമാണ് 'വ്യംഗ്യവ്യാഖ്യ.' കൂടിയാട്ടത്തിന്റെ അഭിനയസാദ്ധ്യതകളെ വിപുല

പ്പെടുത്തിയും ആട്ടക്രമങ്ങൾ പരിഷ്ക്കരിച്ചും കുലശേഖരന്റെ രാജസദസ്സിലെ കവിയായ തോലൻ രചിച്ചകൃതികളാണ് ആട്ടപ്രകാരവും ക്രമദീപികയും. ആട്ടപ്രകാരത്തിൽ അഭിനയവിധികളും ക്രമദീപികയിൽ രംഗാനുഷ്ഠാനങ്ങളും വിവരിക്കുന്നു.

തന്മയത്വത്തോടു കൂടിയ അഭിനയരീതികളാണ് കൂടിയാട്ടത്തിനുള്ളത്. നാട്യശാസ്ത്രവിധിപ്രകാരമുള്ള ആംഗികം (ശരീരാംഗങ്ങൾ കൊണ്ട് നിർവ്വഹിക്കുന്ന അഭിനയം) വാചികം (ഗദ്യപദ്യഭാഗങ്ങൾ ചൊല്ലുന്നരീതി) സാത്വികം (വികാരവിചാരങ്ങൾ മുഖസ്തോഭത്തിലൂടെ അവതരിപ്പിക്കുന്നത്.) ആഹാര്യം (വേഷവിധാനം) എന്നീ നാല് അഭിനയരീതികളും ചേർന്നതാണ് കൂടിയാട്ടം.

ചാക്യാർ, നങ്ങ്യാർ, നമ്പ്യാർ എന്നിവർ ചേർന്നവതരിപ്പിക്കുന്ന പാരമ്പര്യാധിഷ്ഠിതമായൊരു ക്ലാസ്സിക്കലാരൂപമാണ് കൂടിയാട്ടം. അഭിനയം ചാക്യാരും പാട്ടും സ്ത്രീവേഷവും നങ്ങ്യാരും വാദ്യം നമ്പ്യാരും നിർവ്വഹിക്കുന്നു. നമ്പ്യാർ തന്നെ മംഗളശ്ലോകം ചൊല്ലുകയും ഗദ്യപ്രബന്ധം പ്രേക്ഷകർക്ക് വിവരിച്ചു കൊടുക്കുകയും ചെയ്യുന്നു.

നാട്യശാസ്ത്രമനുസരിച്ചുള്ള വൈവിദ്ധ്യമാർന്ന വേഷരീതികളാണ് കൂടിയാട്ടത്തിന് സ്വീകരിച്ചിട്ടുള്ളത്. നിറപ്പകിട്ടിനുവേണ്ടി മനയോല, ചായില്യം, നീലം, അരി, കരി, അഭ്രം, മഞ്ഞൾ എന്നിവയും അലങ്കാരമത്തിനുവേണ്ടി തെച്ചിപ്പൂവ്, ഞൊങ്ങണപ്പൂവ്, വാഴനാര്, മുളയലക്, പാള എന്നിവയും ഉപയോഗിക്കുന്നു. മിഴാവ്, കുഴിത്താളം, ഇടയ്ക്ക, കുഴൽ, ശംഖ് എന്നിവയാണ് വാദ്യങ്ങൾ.

കുലവാഴ, കുരുത്തോല, ഇളനീർക്കുല, നിറപറ തുടങ്ങിയവ കൊണ്ടും അരങ്ങ് അലങ്കരിക്കുന്നു. അരങ്ങിന്റെ നടുവിൽ കത്തിച്ചു വച്ചിരിക്കുന്ന മൂന്നുതിരിയിട്ട വലിയ നിലവിളക്കിന്റെ മുന്നിലാണ് അഭിനയം നടക്കുന്നത്. നടന്മാർ ഉപയോഗിക്കുന്ന പീഠത്തിന്റെ സ്ഥാനം നിലവിളക്കിനു മുന്നിലാണ്. അരങ്ങിന്റെ പിൻഭാഗത്ത് മദ്ധ്യത്തിൽ മിഴാവും വലതുഭാഗത്ത് തിമിലയും ഇടതുഭാഗത്തു ഇടയ്ക്കയും കുറുംകുഴലും വയ്ക്കുന്നു. അരങ്ങിന്റെ വലതുഭാഗത്ത് നങ്ങ്യാർ താളംപിടിക്കാനിരിക്കുന്നു. നടനെയും പ്രേക്ഷകനെയും വേർതിരിക്കാൻ തിരശ്ശീല ഉപയോഗിക്കുന്നു.

ആട്ടപ്രകാരം, ക്രമദീപിക എന്നിവയുടെ സഹായത്തോടെ സംസ്കൃത രൂപകങ്ങളെ കൂടിയാട്ടത്തിനുവേണ്ടി ചിട്ടപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ ചിട്ടപ്പെടുത്തിയ അങ്കങ്ങളുടെ പേരിലാണ് കൂടിയാട്ടം അറിയപ്പെടുന്നത്. ഭാസന്റെ പ്രതിമാനാടകത്തിൽ നിന്ന് വിച്ഛിന്നാഭിഷേകാങ്കം, വിലാപാങ്കം, പ്രതിമാങ്കം, അടവ്യാങ്കം, രാവണാങ്കം, ഭരതാങ്കം, അഭിഷേകാങ്കം എന്നീ ഭാഗങ്ങളാണ് കൂടിയാട്ടത്തിനുവേണ്ടി ചിട്ടപ്പെടുത്തിയിട്ടുള്ളത്. ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണിയെ അടിസ്ഥാനമാക്കി കൂടിയാട്ടാവതരണത്തിനുവേണ്ടി ചിട്ടപ്പെടുത്തിയിട്ടുള്ളത് പർണ്ണശാലാങ്കം, ശൂർപ്പണഖാങ്കം, മായാസീതാങ്കം, ജടായുവധാങ്കം, അശോകവനികാങ്കം, അംഗുലീയാങ്കം എന്നിവയാണ്. ഒരു രൂപകം പൂർണ്ണമായിഅവതരിപ്പിക്കാറില്ല. അഭിനയസാദ്ധ്യതയുള്ള ഏതെങ്കിലും ഒരങ്കം മാത്രം അവതരണത്തിന് തെരഞ്ഞെടുക്കുന്നു.

ഏഴോ എട്ടോ ദിവസങ്ങളിലായിനടക്കുന്ന അനുഷ്ഠാനം,ആലാപനം, അഭിനയം, നൃത്തം എന്നിവയിലൂടെയാണ് കൂടിയാട്ടഅവതരണം അതിന്റെ പൂർണ്ണതിയിലെത്തുന്നത്. ആദ്യദിനം നടന്മാർ അണിയറ യിൽവച്ച് കുലദൈവങ്ങളെ വന്ദിക്കുന്നതോടെ കൂടിയാട്ടത്തിന്റെ തുട ക്കമായി. തുടർന്ന് അരങ്ങിൽ നിലവിളക്ക് കൊളുത്തിവച്ച് മിഴാവ് ഒച്ചപ്പെടുത്തുന്നു. കൂടിയാട്ടം ആരംഭിക്കുകയാണെന്ന് എല്ലാവരെയും അറിയിക്കുകയാണതിന്റെ ലക്ഷ്യം. അതിനുശേഷം നമ്പ്യാർ മിഴാ വിൽ കൊട്ടിത്തുടങ്ങുന്നു. ഈ ചടങ്ങിന് ഗോഷ്ഠികൊട്ടുക എന്നാണ് പറയുന്നത്. നമ്പ്യാർ ഗോഷ്ഠികൊട്ടുന്നതിനൊപ്പം നങ്ങ്യാർ സരസ്വതി, ശിവൻ, ഗണപതി തുടങ്ങിയ ദേവീദേവന്മാരെ സ്തുതിച്ചുകൊണ്ടുള്ള ഗാനങ്ങൾ ആലപിക്കുന്നു. 'അക്കിത്ത ചൊല്ലുക' എന്നാണ് ഇതറിയപ്പെടുന്നത്. തുടർന്ന് സൂത്രധാരൻ രംഗ ത്തെത്തി നടത്തുന്ന വന്ദനനൃത്തമാണ്. ഇത് ക്രിയചവിട്ടുക അല്ലെ ങ്കിൽ ക്രിയാനാന്ദി എന്നറിയപ്പെടുന്നു. അതിനുശേഷം നമ്പ്യാർ സ്തുതിശ്ലോകങ്ങളും കഥാസാരവും ചൊല്ലുന്നു. അരങ്ങ് തളിക്കുക എന്ന ചടങ്ങാണിത്. അതിനുശേഷം തിരശ്ശീലപിടിക്കുന്നു. നമ്പ്യാർ മിഴാവുകൊട്ടി നടന് രംഗപ്രവേശത്തിനുള്ള സമയമായി എന്ന സൂച നനല്കുന്നു. നടൻപ്രവേശിച്ച് അങ്കത്തിലെ ആദ്യവാചകം ചൊല്ലുന്ന തോടെ ആ ദിവസത്തെ ചടങ്ങവസാനിക്കുന്നു. നിർവ്വഹണം എന്നാണ് ഇതിന്പറയുക. തുടർന്നുള്ള ദിവസങ്ങളിൽ മറ്റുകഥാപാ ത്രങ്ങളുടെയും നിർവ്വഹണം നടക്കും. രണ്ടാംദിവസം അഭിനയിക്കു വാൻ ഉദ്ദേശിക്കുന്ന ഭാഗങ്ങളുടെ ആദ്യവസാനമുള്ള അവതരണം നടക്കുന്നു. മൂന്നാംദിനം മുതൽ നാല് പുരുഷാർത്ഥങ്ങൾ അഭിനയി ക്കുന്നു. യഥാർത്ഥ കൂടിയാട്ടം നാലാം ദിവസം മുതലുള്ള രാത്രികളി ലാണ്. കഥാപാത്രങ്ങൾ ആവശ്യാനുസരണമെത്തി കഥാസന്ദർഭമനു സരിച്ച് അഭിനയിക്കുന്നു. നടന്മാർ കഥാപാത്രങ്ങളായെത്തി കൂടിയാ ടിക്കഴിഞ്ഞാൽ നായകനൊഴികെയുള്ളവർ രംഗത്തുനിന്നും നിഷ്ക്ര മിക്കുന്നു. കഥാവതരണം കഴിയുമ്പോൾ നായകനടൻ മംഗളശ്ലോകം ചൊല്ലുന്നു. ഇതിന് അങ്കംമുടിക്കൽ എന്നാണ് പറയുന്നത്.

കൂടിയാട്ടത്തിന്റെ വാചികാംശം (സംഭാഷണം) ശ്ലോകങ്ങളും ഗദ്യങ്ങ ളുമാണ്. ഉത്തമകഥാപാത്രങ്ങൾക്ക് സംസ്കൃതവും മറ്റുള്ളവർക്ക് പ്രാകൃതവും ഉപയോഗിക്കുന്നു. വിദൂഷകൻ മലയാളത്തിലാണ് സംസാരിക്കുന്നത്. ശ്ലോകങ്ങൾ ഈണത്തിൽ ചൊല്ലുന്നു. കഥാപാ ത്രങ്ങളുടെ സ്വഭാവം, രസഭേദം സന്ദർഭം എന്നിവയ്ക്കനുസൃതമായി രാഗത്തിൽ ഭേദങ്ങൾ വരുത്തുന്നത് അവതരണത്തിന്റെ സ്വാഭാവി കത വർദ്ധിപ്പിക്കുന്നു. രസാവിഷ്ക്കരണത്തിനുതകുന്ന ഇളകിയാട്ടം, ഇരുന്നാട്ടം, പകർന്നാട്ടം എന്നിവ കൂടിയാട്ടത്തിന്റെ സവിശേഷതയാ ണ്. മനോധർമ്മം ആടുന്ന രീതിക്കാണ് ഇളകിയാട്ടം എന്നുപറയു ന്നത്. രാവണൻ, സുഗ്രീവൻ, ബാലി തുടങ്ങിയ ഉദ്ധതകഥാപാത്ര ങ്ങൾക്കാണ് ഇളകിയാട്ടം കല്പിച്ചിട്ടുള്ളത്. അരങ്ങിലെ പീഠത്തിലി രുന്ന് ചില കഥാപാത്രങ്ങൾ മനോധർമ്മം ആടുന്നതിനാണ് ഇരു ന്നാട്ടം എന്നുപറയുന്നത്. ഒരു കഥാപാത്രം മറ്റു കഥാപാത്രങ്ങളു ടെയോ ജീവികളുടെയോ അവസ്ഥാവിശേഷങ്ങൾ അഭിനയിക്കുന്നതി നാണ് പകർന്നാട്ടം എന്നുപറയുന്നത്.

നമ്മുടെ കലാപാരമ്പര്യത്തിന്റെ മഹത്വവും ആഴവും സൂക്ഷിക്കുന്ന, നൂറ്റാണ്ടുകൾ പഴക്കമുള്ള കൂടിയാട്ടമെന്ന കലാരൂപം‍ഇന്നും വർദ്ധിത തേജസ്സോടെ നിലനില്ക്കുന്നു. അർപ്പണബോധത്തോടെ കലാസപര്യയിൽ മുഴകിജീവിച്ച ഒരു കൂട്ടം കലാകാരന്മാരുടെയും (പൈങ്കുളം രാമചാക്യാർ, മാണിമാധവചാക്യാർ, അമ്മന്നൂർ മാധവചാക്യാർ) കേരളകലാമണ്ഡലത്തിന്റെയും പ്രവർത്തനങ്ങളാണ് കൂടിയാട്ടത്തെ രാജ്യാന്തര പ്രശസ്തിയിലേക്കെത്തിച്ചത്.

## 13.2.2 കേരളത്തിലെ നാടോടിക്കലാപാരമ്പര്യം

രംഗപ്രയോഗനിഷ്ഠമായ പ്രകടനപാരമ്പര്യത്തിലെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു അവതരണസമ്പ്രദായമാണിത്. സമൂഹജീവിതത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന ഒന്നാണ് കലാവതരണം. പ്രാകൃതരായ പ്രാക്തനസമൂഹങ്ങൾക്കിടയിൽപ്പോലും കലാനിർവ്വഹണം ഉണ്ടായിരുന്നു എന്നതിന് തെളിവാണ് കേരളത്തിലെ ആദിവാസിസമൂഹത്തിന്റെ നൃത്തം. സംഘങ്ങളായി നിർവ്വഹിക്കപ്പെടുന്ന അവരുടെ നൃത്തത്തിന്റെ പൊതുസ്വഭാവം താളാനുസാരിയായ ചുവടുവെയ്പ്പാണ്. ഇവകൂടാതെ ഗിരിജനങ്ങളുടെയും ഹരിജനങ്ങളുടെയും ഇടയിൽ പ്രചരിക്കുന്ന ഒട്ടനവധി നൃത്തരൂപങ്ങൾ കേരളീയാവതരണങ്ങളുടെ മാതൃകയായി നിലനിൽക്കുന്നുണ്ട്. കലയും ആവിഷ്കാരവുമൊക്കെ പ്രാചീനസമൂഹത്തിന് ജീവിതത്തിൽനിന്ന് വേറിട്ടൊരനുഭവമായിരുന്നില്ല. പ്രാകൃതമനുഷ്യൻ ജീവിതത്തിന്റെ മിക്കസന്ദർഭങ്ങളിലും നൃത്തം ചെയ്തിരുന്നു. ജനനം, തിരണ്ടുകല്യാണം, നായാട്ട്, വിവാഹം, യുദ്ധം, കാർഷികവൃത്തി, ഉത്സവം, മരണം എന്നിങ്ങനെ ഓരോ ഘട്ടത്തിലും നൃത്തം അനിവാര്യമായിരുന്നു. ജനനമരണപര്യന്തമുള്ള മനുഷ്യജീവിതത്തിന്റെ മിക്ക സന്ദർഭങ്ങളുമായും നാടോടിയായ അവതരണങ്ങൾക്ക് ബന്ധമുണ്ട്. മതപരമായ വിശ്വാസമാണതിനടിസ്ഥാനം. അവരുടെ നൃത്തകലാപ്രകടനങ്ങളുടെ സ്ഥായീഭാവം പ്രാകൃതമതത്തിന്റെയും ആചാരവിശ്വാസങ്ങളുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുന്നു. കേരളത്തിൽ പിന്നീടാവിർഭവിച്ച നാടോടിയും ജനകീയവുമായ അവതരണമാതൃകകൾക്ക് മൂലാധാരമായി വർത്തിച്ചത് ഈ നൃത്തരൂപങ്ങളാണ്. ഉത്ഭവകാലമോ പ്രചരണകാലമോ കൃത്യമായി പറയാനാകാത്ത നാടോടിയും ജനകീയവുമായ നിരവധി കലാരൂപങ്ങൾ ഇവിടെയുണ്ട്. ഉത്തരകേരളത്തിലെ തെയ്യം, മദ്ധ്യകേരളത്തിലെ മുടിയേറ്റ്, പത്തനംതിട്ടജില്ലയിലെ ഭഗവതിക്ഷേത്രങ്ങളിലരങ്ങേറുന്ന പടയണി, പാലക്കാട് ജില്ലയിലെ നായന്മാർ പങ്കെടുക്കുന്ന നാടോടിക്കലാരൂപമായ കണ്ടാർകളി, കലർപ്പില്ലാത്ത കേരളീയനടനകലയുടെ പ്രാഗ്‌രൂപം തെളിഞ്ഞുകാണാനാകുന്ന കൈകൊട്ടിക്കളി, ക്രിസ്തീയകലാരൂപമായ മാർഗ്ഗംകളി, ചവിട്ടുനാടകം, മലബാർമുസ്ലീങ്ങളുടെ ഇടയിൽ പ്രചാരമുള്ള ഒപ്പന, ദഫ്മുട്ട്കളി, ക്ഷേത്രങ്ങളിൽ ദേവതാപ്രീണനത്തിനും വീടുകളിൽ ബാധോച്ചാടനത്തിനും നടത്തുന്ന കോലംതുള്ളൽ, ദേവീക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ചു നടത്തിയിരുന്ന പൗരാണിക ദൃശ്യകലയായ ഐവർകളി അല്ലെങ്കിൽ പാണ്ഡവർകളി, മകരക്കൊയ്ത്ത് കഴിഞ്ഞുള്ള വേലവരവുമായി ബന്ധപ്പെട്ട് തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലരങ്ങേറുന്ന പൂതനും തിറയുടെ എന്നിവ അവയിൽ

ചിലതുമാത്രമാണ്. ഓരോ പ്രകടനരൂപത്തിനും അവയുടെ സാംസ്കാരികപശ്ചാത്തലമനുസരിച്ചുള്ള സവിശേഷതകളുണ്ടായിരിക്കും. അത്തരം സവിശേഷതകൾ നിലനിൽക്കുന്ന ചില അവതരണ രൂപങ്ങളെ ഇവിടെ വിശകലനവിധേയമാക്കുന്നു.

### 13.2.2.1 തെയ്യം

തെയ്യം, തിറ, കളിയാട്ടം, കോലം എന്നിങ്ങനെ പല പേരുകളിലറിയപ്പെടുന്ന ഒരു അനുഷ്ഠാനാത്മകപ്രകടനരൂപമാണിത്. ദേവതാരൂപം ധരിച്ചാടുന്ന കോലങ്ങളെ ഉത്തരകേരളത്തിൽ പൊതുവെ തെയ്യമെന്നു പറയുന്നു. പഴയങ്ങാടിപ്പുഴയ്ക്ക് വടക്ക് കോലംകളിയാട്ടമെന്നും പഴയങ്ങാടിക്കു തെക്ക് വളപട്ടണം വരെ തെയ്യമെന്നും അവിടുന്ന് തെക്ക് കോഴിക്കോട് വരെ തിറയെന്നും ഈ കലാരൂപം അറിയപ്പെടുന്നു.

പേരും പൊരുളും എന്തായാലും സമുദായത്തിന്റെ താഴേക്കിടയിലുള്ള മലയൻ, വണ്ണാൻ, പുലയൻ, വേലൻ, കോപാപളൻ, മാവിലൻ, മുന്നൂറ്റാൻ, അഞ്ഞൂറ്റാൻ തുടങ്ങിയ സമുദായങ്ങളിൽപ്പെട്ടവർ കെട്ടിയാടുന്ന ഈ കലാരൂപം അവരുടെ ജീവിതാവബോധവും അനുഭവവുമാണ്. ദേവതകൾ, യക്ഷഗന്ധർവ്വാദികൾ, ഭൂതഗണങ്ങൾ, നാഗങ്ങൾ, മൃതിയടഞ്ഞ കാരണവന്മാർ തുടങ്ങിയവരുടെ കോലങ്ങളാണ് കെട്ടിയാടുന്നത്. ബിംബാരാധനയിൽനിന്നു മാറി സാക്ഷാൽ ദൈവരൂപങ്ങളെന്നു വിശ്വസിക്കുന്നവരുടെ അടുത്തെത്തി അനുഗ്രഹങ്ങളേറ്റുവാങ്ങുന്ന വർത്തമാനകാലാവസ്ഥയ്ക്ക് വളരെ മുമ്പേ സാധാരണ ജനസമൂഹം അത്തരം ആരാധനാരീതി സ്വീകരിച്ചിരുന്നു. സാമാന്യ ജനങ്ങൾക്ക് ദൈവവിശ്വാസമുണ്ടാകാൻ പ്രതിരൂപദർശനം മതിയാകുമായിരുന്നു. ബിംബാരാധനയ്ക്ക് പ്രാധാന്യമേറിയതങ്ങനെയാണ്. കുറേക്കഴിഞ്ഞപ്പോൾ ചലിയ്ക്കുകയും സംസാരിക്കുകയും ആശിർവദിക്കുകയും ചെയ്യുന്ന ദൈവങ്ങളോട് പ്രിയമേറി. തെയ്യാട്ടത്തിലും തിറയാട്ടത്തിലും അങ്ങനെയുള്ള ദൈവങ്ങളെയാണ് കാണുന്നത്. തെയ്യക്കലാകാരൻ കോലം കെട്ടിയാടാൻ തുടങ്ങിയാൽ ജനങ്ങളയാളെ ദേവതയായേ കാണൂ. ആ ദേവതയെ പ്രീതിപ്പെടുത്താനും ആശിർവാദം നേടാനുമുള്ള തിക്കും തിരക്കും തുടങ്ങുന്നു. മനുഷ്യനിൽ ദൈവികത്വമാരോപിക്കുന്ന കലാരൂപങ്ങളാണിവ എന്നു സാരം. പൂർണ്ണമായും അനുഷ്ഠാനബദ്ധമായ കലാരൂപമാണിത്. മന്ത്രാനുഷ്ഠാനം തന്ത്രാനുഷ്ഠാനം, കർമ്മാനുഷ്ഠാനം വ്രതാനുഷ്ഠാനം എന്നീ അനുഷ്ഠാനഭേദങ്ങളെല്ലാം ഈ കലാരൂപങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അനുഷ്ഠാനത്തിൽ കാണികളും കർമ്മികളും തമ്മിലുള്ള താദാത്മ്യം സമ്പൂർണമാണ്.

ദേവതകളുടെ ആവാസസ്ഥാനമായ കാവുകളിൽ ആണ്ടുതോറും നിശ്ചിതമാസങ്ങളിലും തീയതികളിലും തെയ്യം കെട്ടിയാടുന്നു. ചെണ്ടമേളവും നൃത്തവും തോറ്റംചൊല്ലലും അടങ്ങിയ തെയ്യാട്ടത്തിന്റെ ചടങ്ങുകൾ ഒന്നുമുതൽ എട്ടുദിവസംവരെ നീണ്ടുനിൽക്കുന്നു. തെയ്യമെന്ന ഈ അനുഷ്ഠാനനർത്തനകലയിലൂടെ വ്യത്യസ്ത ജനസമൂഹങ്ങളെ ഒന്നിപ്പിക്കുവാനും പലതരത്തിലുള്ള ആരാധനാനുഷ്ഠാനങ്ങളെ ബന്ധിപ്പിക്കുവാനും കഴിയുന്നു. കലാനിർവ്വഹണത്തി

ലൂടെയുള്ള ദേവതോപാസനയായി ഈ അനുഷ്ഠാനാത്മക അവതരണത്തെ കാണാം. പ്രധാനമായും അമ്മദൈവങ്ങളാണ് തെയ്യങ്ങൾ. മുച്ചിലോട്ട് ഭഗവതി, പുള്ളിക്കാളി, ചുടലഭദ്രകാളി, പുലിയുരുകാളി എന്നീ തെയ്യങ്ങൾ അമ്മദേവതകളാണ്. കതിവന്നൂർവീരൻ, ക്ഷേത്രപാലൻ, വേട്ടയ്ക്കൊരുമകൻ, വൈരജാതൻ തുടങ്ങിയ പുരുഷദൈവങ്ങളെയും കെട്ടിയാടുന്നുണ്ട്.

### 13.2.2.2 മുടിയേറ്റ്

മദ്ധ്യകേരളത്തിലെ ഭഗവതിക്കാവുകളിൽ ആണ്ടിലൊരിക്കൽ നടത്തിവരുന്നൊരു അനുഷ്ഠാനാത്മക പ്രകടനരൂപമാണിത്. നേർച്ചയായും മുടിയേറ്റ് നടത്തിവരുന്നു. പൊതുവെ ഉച്ചയ്ക്ക് കളംവരയോടെ തുടങ്ങി ദേശമുടിയേറ്റോടെ അവസാനിക്കുന്നതാണ് ഇതിലെ അനുഷ്ഠാനങ്ങൾ. ദാരികനെ നിഗ്രഹിക്കുന്ന ഭദ്രകാളിയെ ശിവൻ അനുഗ്രഹിക്കുന്നു എന്ന പുരാവൃത്തത്തിന്റെ രംഗാവിഷ്കാരമാണിത്. കളംവര, കളം ഏറ്റുവാങ്ങൽ, കളംപൂജ, തിരിയുഴിച്ചിൽ, കളംപാട്ട്, കളംമായ്ക്കൽ എന്നീ ചടങ്ങുകൾക്കുശേഷം മുടിയേറ്റു നടത്തുന്ന കലാകാരൻ അണിയറയിൽനിന്നും നിറഞ്ഞുകത്തുന്ന വിളക്കുമേന്തി രംഗത്തുവന്ന് അരങ്ങ് തെളിക്കുന്നതോടെ മുടിയേറ്റ് തുടങ്ങുന്നു. ഉരുട്ടുചെണ്ട, വീക്കൻചെണ്ട, ഇലത്താളം എന്നീ വാദ്യോപകരണങ്ങളുപയോഗിച്ച് അരങ്ങ്കേളി നടത്തുന്നു. അതിനുശേഷം അരങ്ങുവാഴ്ത്തൽ എന്ന ചടങ്ങാണ്. തിരശ്ശീലപിടിച്ച് അതിനു പിന്നിലായി നിന്നുകൊണ്ട് ഒരാൾ പാടുകയും അതിന് വാദ്യക്കാർ താളംപിടിക്കുകയും ചെയ്യുന്നു. അതിനുശേഷം ഓരോ കഥാപാത്രവും രംഗത്തുവരുന്നു. എല്ലാംകൊണ്ടും പൂർണ്ണവും ക്രമാനുബദ്ധവുമായൊരു അനുഷ്ഠാനാത്മക അവതരണമാണിത്.

ഗ്രാമം മുഴുവനായി നീണ്ടുകിടക്കുന്ന രംഗവേദിയാണ് ഈ അനുഷ്ഠാനകലയ്ക്കുള്ളത്. കാവിന്റെ നടയിൽനിന്നു തുടങ്ങി ഗ്രാമത്തോളം വരുന്ന ചടങ്ങാണ് മുടിയേറ്റിന്റേത്. ഗ്രാമവാസികൾ മുഴുവൻ അതിന്റെ പ്രേക്ഷകരായി മാറുന്നു. തെയ്യത്തിന്റെ പ്രേക്ഷകരെപ്പോലെ മുടിയേറ്റിന്റെ കാണികളും അനുഷ്ഠാനങ്ങൾക്ക് സാക്ഷികളാണ്. ആസ്വാദനതാല്പര്യത്തോടെയും വിമർശനത്വരയോടെയും എത്തുന്നവരല്ല ഇവിടെ പ്രേക്ഷകർ. പല ഘട്ടങ്ങളിലായി ഓരോരുത്തരും അതിൽ പങ്കാളികളാകുന്നു. രംഗപാഠം എല്ലാവർക്കുമറിയാം. അതിനെ അനുസരിക്കുകമാത്രമാണ് അവർ ചെയ്യുന്നത്. ആംഗികവും വാചികവും സാത്വികവുമായ അഭിനയരീതികളെല്ലാം മുടിയേറ്റിലുണ്ട്. ഗ്രാമസമൂഹത്തിന്റെ ഉള്ളുതുറന്ന ഭാവങ്ങൾ ഈ അനുഷ്ഠാനകലയിൽ നിറഞ്ഞുനിൽക്കുന്നു.

### 13.2.2.3 ഒപ്പന

മലബാറിലെ മുസ്ലീംസംസ്കാരത്തിന്റെ സംഭാവനയാണ് ഈ കലാരൂപം. പാട്ടും നൃത്തവും ഒന്നിച്ചുചേരുന്ന ഈ കലാരൂപം മാർക്കകല്യാണം, കാതുകുത്ത്, നാല്പതുകുളി, പിറപ്പുമുടികളയൽ തുടങ്ങിയ ചടങ്ങുകളുടെ ഭാഗമായി അരങ്ങേറുന്നു. കല്യാണത്തിന് വധൂവരന്മാരുടെ ഭാഗത്തുള്ളവർ പ്രത്യേക സംഘങ്ങളായി തിരിഞ്ഞ്

മത്സരബുദ്ധിയോടെ ഒപ്പനപാടും. വധൂവരന്മാരുടെ നാണം മാറ്റുക എന്ന ലക്ഷ്യമാണിതിന്റെ പിന്നിലുള്ളത്. കാതുകുത്തിനും സുന്നത്തിനും മറ്റും ഒപ്പന അവതരിപ്പിക്കുന്നത് കുട്ടികളുടെ പേടികുറയാനാണ്.

മാപ്പിളപ്പാട്ടിലെ ഒരു 'ഇശൽ' വിഭാഗമാണ് ഒപ്പനപ്പാട്ടുകളായി അറിയപ്പെടുന്നത്. താളനിബദ്ധമായ പാട്ടുകളാണവ. അവയ്ക്ക് 'ചായൽ' 'മുറുക്കം എന്നീ രീതിഭേദങ്ങളുണ്ട്. ചായലിന് പതിഞ്ഞതാളവും മുറുക്കത്തിന് ദ്രുതതാളവുമാണ്. ചുരുക്കത്തിൽ സാഹിത്യം, സംഗീതം, താളം എന്നിവയോടൊപ്പം ചുവടുവയ്പും ചേർന്നൊരു കലാരൂപമാണ് ഒപ്പന. 'ഹഫ്ന' എന്ന അറബിവാക്കിൽനിന്നാണ് ഒപ്പന എന്ന പദത്തിന്റെ നിഷ്പത്തി എന്നൊരഭിപ്രായമുണ്ട്. രണ്ട് കൈകളും നീട്ടിപ്പിടിച്ച് കൈപ്പടങ്ങൾ ചേർത്തുവയ്ക്കുന്നതിനെ സൂചിപ്പിക്കുന്ന പദമാണ് ഹഫ്ന.

ഏറ്റവും പ്രചാരത്തിലുണ്ടായിരുന്നത് മൈലാഞ്ചി ഒപ്പനയാണ്. രൂപഭേദങ്ങളോടെ ഇന്നും കേരളത്തിന്റെ വിവിധഭാഗങ്ങളിലത് അവതരിപ്പിക്കുന്നുണ്ട്. മണവാട്ടിയെ തോഴിമാർ അണിയിച്ചൊരുക്കുന്നതാണ് ഇതിലെ പ്രധാനഭാഗം. ചുവടുവച്ച് കളിക്കുന്നവരിൽ മുൻപാട്ടുകാരും പിൻപാട്ടുകാരുമുണ്ടാകും. ചില സന്ദർഭങ്ങളിൽ മുൻപാട്ടുകാർ പാടുകയും പിൻപാട്ടുകാർ കൈകൊട്ടി താളംപിടിക്കുകയും ചെയ്യുന്നു. ഇരുന്നും നിന്നും ചാഞ്ഞും ചരിഞ്ഞും ചുറ്റിനടന്നും ഇവർ നൃത്തംവയ്ക്കുന്നു. ചായൽ, മുറുക്കം എന്നീ രീതിഭേദങ്ങൾക്കനുസരിച്ച് പാട്ടും നൃത്തവും അരങ്ങേറുന്നു.

ഒപ്പനയിൽ വേഷത്തിനും പ്രാധാന്യമുണ്ട്. അതത് ഇടങ്ങളിലെ പരമ്പരാഗതവേഷങ്ങളും ആഭരണങ്ങളുമാണ് ഒപ്പനപ്പാട്ടുകാർ ധരിച്ചിരുന്നത്. പൊതുവെ, പുള്ളികളുള്ള നിറത്തോടുകൂടിയ വസ്ത്രങ്ങളും തട്ടവുമാണ് അണിയുന്നത്. കസവുപിടിപ്പിച്ച മത്താവിയും നിറമുള്ള നീളം കുപ്പായവും ധരിക്കാറുണ്ട്. കയ്യിലും കാലിലും മയിലാഞ്ചി അണിയുന്നു. കണ്ണിൽ സുറുമയും ചുണ്ടിൽ ചുവപ്പും അണിയുന്നത് പതിവാണ്. അരയിൽ പടിവെച്ച വെള്ളി അരഞ്ഞാണവും കയ്യിൽ കുപ്പിവളയും കാതിൽ തോട, മണിക്കാതില, ചിറ്റ്, മിന്നി, വൈരക്കാതില, പൂക്കാതില എന്നിവയും ധരിക്കുന്നു. കഴുത്തിൽ കൊരലാരം, ഇളക്കൊരലാരം, ചങ്കേലസ്സ്, പരന്നേലസ്, കല്ലുമണി, പതക്കം, ചക്രമാല, മുല്ലമാല തുടങ്ങിയ ആഭരണങ്ങൾ വേണ്ടപോലെ അണിയുന്നു.

പുതുമണവാളനെ വലയംചെയ്തുകൊണ്ടവതരിപ്പിക്കുന്ന പുരുഷന്മാരുടെ ഒപ്പന അവതരണശൈലിയിൽ വ്യത്യസ്തത പുലർത്തുന്നു. മണിയറയിൽവച്ചോ വരൻ വധൂഗൃഹത്തിലേക്ക് പോകുമ്പോഴോ ആണ് ഈ അവതരണം. പെണ്ണുങ്ങൾ വട്ടത്തിൽനിന്ന് ചാഞ്ഞും ചരിഞ്ഞും ഈണത്തിൽ പാടിയും വട്ടത്തിൽ കറങ്ങിയുമാണ് ഒപ്പന അവതരിപ്പിക്കുന്നതെങ്കിൽ ആണുങ്ങൾ നിന്നും ഇരുന്നും ഇടത്തോട്ടും വലത്തോട്ടും മുന്നിലോട്ടും പിന്നിലോട്ടും ചാഞ്ഞുകൊണ്ടാണ് കളിക്കുന്നത്. വെള്ളമുണ്ടും ഷർട്ടും ധരിച്ച് തലയിൽ

കെട്ടോ, തൊപ്പിയോ വച്ച് ചായലിലും മുറുക്കത്തിലും പാടിയാണ് അവർ ഒപ്പന നടത്തുന്നത്.

കുടുംബാന്തരീക്ഷവുമായി ബന്ധപ്പെട്ട് നടന്നിരുന്ന ഈ അവതരണം ഇന്ന് കേരളത്തിൽ വ്യത്യസ്ത സന്ദർഭങ്ങളിൽ നടക്കുന്നുണ്ട്. സിനിമ, നാടകം, പരമ്പരകൾ, യുവജനോത്സവവേദികൾ എന്നിവ അതിന്റെ വ്യത്യസ്ത അവതരണസന്ദർഭങ്ങളാണ്. അവതരണസന്ദർഭങ്ങൾ മാറിയപ്പോൾ ജനമനസ്സുകളെ സ്വാധീനിക്കുവാൻ പാകത്തിലുള്ള ഒട്ടേറെ പരിഷ്കാരങ്ങൾക്ക് ഒപ്പന വിധേയമായി.

### 13.2.2.4 മാർഗ്ഗംകളി

നാനൂറിലധികം വർഷത്തെ പഴക്കം അവകാശപ്പെടുന്ന ഒരു ക്രിസ്തീയകലാരൂപമാണ് മാർഗ്ഗംകളി. ക്രിസ്തുവർഷം 1600 നും 1700 നും ഇടയിലാണ് ഈ കലാരൂപത്തിന്റെ ഉദയമെന്ന് കരുതുന്നു. ക്രിസ്തീയാചാരങ്ങളുടെയും കേരളീയസംസ്കാരത്തിന്റെയും ഘടകങ്ങളിണചേർന്ന മാർഗ്ഗംകളി വിവാഹത്തിനും പെരുന്നാളിനുമാണ് പൊതുവെ അവതരിപ്പിച്ചിരുന്നത്. ക്നാനായ-സുറിയാനി ക്രിസ്ത്യാനികളുടെ സവിശേഷമായ ആഘോഷങ്ങൾക്ക് മാർഗ്ഗംകളി നിർബ്ബന്ധമായിരുന്നു.

കേരളത്തിലെ നാടൻകലാരൂപങ്ങളായ സംഘകളി, വേലകളി, കണ്യാർകളി, തിരുവാതിരക്കളി, പരിചമുട്ടുകളി എന്നിവയുടെ സ്വാധീനം മാർഗ്ഗംകളിയിൽ പ്രകടമാകുന്നുണ്ട്. ബൈബിൾ കഥകളും സെന്റ് തോമസിനെക്കുറിച്ചുള്ള കഥകളുമാണ് മാർഗ്ഗംകളിയിലെ പ്രധാനപ്രമേയം.

ആദ്യകാലത്ത് പുരുഷന്മാർ അവതരിപ്പിച്ചിരുന്ന കലാരൂപമാണിത്. പാട്ട്പാടിക്കൊണ്ടുള്ള സംഘനൃത്തമായിരുന്നു കളിയുടെ ആദ്യഭാഗം. തുടർന്ന് വാളും പരിചയുമെടുത്തുകൊണ്ടുള്ള പരിചമുട്ടുകളിയാണ്. ഈ സന്ദർഭത്തിൽ പാട്ടുണ്ടാവില്ല. ക്രിസ്തുദേവന്റെ സങ്കല്പത്തിൽ നിലവിളക്ക് കത്തിച്ചുവച്ച് അതിനുചുറ്റും പന്ത്രണ്ടുപേരടങ്ങുന്ന സംഘം പാട്ടുപാടി ചുവടുവയ്ക്കുന്നു. തുടർന്ന് മെയ്വഴക്കമുള്ള കളിക്കാർ വാളും പരിചയുമെടുത്ത് ആയുധവിദ്യകളവതരിപ്പിക്കുന്നു. മുണ്ടുകൊണ്ട് തലയിൽക്കെട്ടി കഴുത്തിൽ ഉത്തരീയവുമണിഞ്ഞുനിൽക്കുന്ന കളിക്കാരുടെ വേഷം മുണ്ടാണ്.

സഭാധികാരികളുടെയും കളിയാശാന്മാരുടെയും നേതൃത്വത്തിൽ മാർഗ്ഗംകളിയെ പരിഷ്കരിക്കുകയുണ്ടായി. മാർഗ്ഗംകളിയുടെ പരിഷ്കൃതരൂപമാണ് ഇന്നു നമുക്ക് കാണാനാകുന്നത്. ആയുധാഭ്യാസം കളിയിൽനിന്നും വേർപെടുത്തി. ലാസ്യത്തിലധിഷ്ഠിതമായ ആട്ടത്തിനും ചുവടുകൾക്കും കളിയിൽ പ്രാധാന്യമേറിയതോടെ സ്ത്രീകൾ മാർഗ്ഗംകളി അവതരിപ്പിച്ചുതുടങ്ങി. കുമ്മിയുടെ സ്വഭാവമുള്ള നൃത്തവും തിരുവാതിരക്കളിയുടെ ലാസ്യഭംഗിയും ചേർന്ന മാർഗ്ഗംകളിയിൽ ഇന്ന് ഏഴുപേരോ പന്ത്രണ്ട് പേരോ അടങ്ങുന്ന സംഘമാണ് പങ്കെടുക്കുന്നത്. ക്രിസ്ത്യാനികളുടെ പരമ്പരാഗതവേഷമായ ചട്ടയും മുണ്ടും ചമയമായുപയോഗിക്കുന്നു.

### 13.2.3 പുരോഗതി സ്വയം പരിശോധിക്കുക

1. തൊൽക്കാപ്പിയത്തിൽ പരാമർശിച്ചിട്ടുള്ള കൂത്തുകളേവ?
2. ചാക്യാർക്കൂത്തിന് ഉപയോഗിച്ചിരുന്ന നാല്പ്രബന്ധങ്ങളുടെ പേര് പറയുക?
3. ചാക്യാർക്കൂത്തിന്റെ അവതരണവേളയിൽ വിദൂഷകസ്തോഭം നടിക്കുന്നതെങ്ങനെ?
4. കൂത്തു പറയുന്ന ചാക്യാർക്കുവേണ്ട ഗുണങ്ങളെന്തെല്ലാം?
5. ചതുർവിധാഭിനയങ്ങളേതെല്ലാം?
6. ചാക്യർക്കൂത്തിന് പ്രബന്ധക്കൂത്തെന്ന പേര് വന്നതെങ്ങനെ?
7. ദേശിപാരമ്പര്യത്തിന്റെ പ്രത്യേകതയെന്ത്?
8. കൂടിയാട്ടത്തിലെ പകർന്നാട്ടത്തിന്റെ സവിശേഷതയെന്ത്?
9. കൂടിയാട്ടത്തിന്റെ പരിഷ്കർത്താവാര്?
10. കൂടിയാട്ടസംബന്ധിയായി തോലൻ രചിച്ച കൃതികൾ ഏവ?
11. ആദിവാസിനൃത്തത്തിന്റെ പൊതുസ്വഭാവമെന്ത്?
12. പഴയങ്ങാടിപ്പുഴയ്ക്ക് വടക്ക് തെയ്യം അറിയപ്പെടുന്നത് ഏത് പേരിലാണ്?
13. തെയ്യം കെട്ടിയാടുന്ന സമുദായങ്ങളേതെല്ലാം?
14. മുടിയേറ്റിനാധാരമായ പുരാവൃത്തമെന്ത്?
15. ഒപ്പനപ്പാട്ടിന്റെ പ്രത്യേകതകളെന്തെല്ലാം?

### 13.2.4 ഉത്തരം

1. വള്ളിക്കൂത്ത്, കാലാൽനിലൈക്കൂത്ത്, കുറവൈക്കൂത്ത്
2. (1) രാമായണം (2) കിരാതം (3) സ്യമന്തകം (4) സന്താനഗോപാലം
3. കുടുമമാറ്റി വയ്ക്കുക, പൂണൂൽതേയ്ക്കുക, മീശശരിപ്പെടുത്തുക, മുണ്ട്വീശുക, വെറ്റിലചവയ്ക്കുക എന്നീ പ്രവൃത്തികളിലൂടെയാണ് വിദൂഷകസ്തോഭം നടിക്കുന്നത്.
4. പുരാണകഥാ പരിജ്ഞാനവും സംസ്കൃത-മലയാളഭാഷാജ്ഞാനവും ഉള്ള ആളായിരിക്കണം ചാക്യാർ. വ്യാഖ്യാനം, വിമർശനം, ഫലിതപ്രയോഗം എന്നിവയിൽ പ്രാവീണ്യവുമുണ്ടാകണം
5. ആംഗികം, വാചികം, സാത്വികം, ആഹാര്യം
6. പുരാണകഥകളെ അടിസ്ഥാനമാക്കി രചിച്ച പ്രബന്ധങ്ങൾ ഉപയോഗിച്ചാണ് ചാക്യാന്മാർ കൂത്ത് പറഞ്ഞിരുന്നത്. അതിനാൽ ചാക്യാർക്കൂത്തിന് പ്രബന്ധക്കൂത്തെന്നും പേരുണ്ട്.
7. സംസ്കൃതനാടകവേദിക്ക് ദേശഭേദമനുസരിച്ച് രൂപംകൊണ്ടരീതിയാണ് ദേശിഎന്നറിയപ്പെടുന്നത്. ദേശിപാരമ്പര്യത്തിന്റെ ഭാഗ

മായി വികസിച്ചുവന്ന സംസ്കൃതനാടകാഭിനയത്തിന്റെ കേരളീയരൂപമാണ് കൂടിയാട്ടം.

8. ഒരു കഥാപാത്രം മറ്റുകഥാപാത്രങ്ങളുടെയോ ജീവികളുടെയോ അവസ്ഥാവിശേഷങ്ങൾ അഭിനയിക്കുന്നതിനാണ് പകർന്നാട്ടം എന്നുപറയുന്നത്.
9. ചേരചക്രവർത്തിയായ കുലശേഖരൻ.
10. ആട്ടപ്രകാരം, ക്രമദീപിക.
11. താളാനുസൃതമായ ചുവടുവയ്പ്പ്.
12. കോലംകളിയാട്ടം.
13. മലയൻ, വണ്ണാൻ, പുലയൻ, വേലൻ, കോപ്പാളൻ, മാവിലൻ, മുന്നൂറ്റാൻ, അഞ്ഞൂറ്റാൻ എന്നീ സമുദായങ്ങൾ.
14. ദാരികനെ നിഗ്രഹിക്കുന്ന ഭദ്രകാളിയെ ശിവൻ അനുഗ്രഹിക്കുന്നു.
15. മാപ്പിളപ്പാട്ട്സാഹിത്യത്തിലെ ഒരു 'ഇശൽ' വിഭാഗമാണ് ഒപ്പനപ്പാട്ടുകൾ. താളനിബദ്ധമാണവ. അവയ്ക്ക് 'ചായൽ' 'മുറുക്കം' എന്നീ രീതിഭേദങ്ങളുണ്ട്. ചായലിന് പതിഞ്ഞതാളവും മുറുക്കത്തിന് ദ്രുതതാളവുമാണ്.

## 13.3 വിഷയാവതരണവും പാഠഭാഗവും

മനുഷ്യജീവതവുമായി ഏറ്റവുമധികം ബന്ധപ്പെട്ടു നില്ക്കുന്ന ഒന്നാണ് ഉത്സവാഘോഷങ്ങൾ. സാമൂഹികമായ ഐക്യം ഊട്ടിയുറപ്പിക്കുവാനും വ്യക്തികളിൽ സാമൂഹികബോധം വളർത്തുവാനും വിദ്വേഷരഹിതമായൊരു സാമൂഹികാന്തരീക്ഷം സൃഷ്ടിക്കുവാനും ഉത്സവങ്ങൾ സഹായിക്കുന്നു. ജാതിമതങ്ങൾക്കതീതമായി മനുഷ്യർക്ക് ഒന്നിക്കാൻ കഴിയുന്ന തരത്തിലാണ് നമ്മുടെ ഉത്സവാഘോഷങ്ങളുടെ ഘടന. മനുഷ്യസമൂദായങ്ങളെ തമ്മിൽ ബന്ധിപ്പിക്കുക, ഒന്നിച്ചു ചേരുക, പരസ്പരം പങ്കുയ്ക്കുക തുടങ്ങിയ മഹത്തായ ആശയങ്ങൾ ഈ ഉത്സവാഘോഷങ്ങളുടെ പിന്നിലുണ്ട്. വിശിഷ്ടസന്ദർങ്ങളും അവയുടെ മാഹാത്മ്യവുംവിളംബരം ചെയ്യുന്ന ഉത്സവാഘോഷങ്ങളിലൂടെ സംസ്ക്കാരസംക്രമണത്തിനും വഴിയൊരുങ്ങുന്നു. സാമൂഹിക ജീവിതത്തിൽ സഹകരണവും സഹവർത്തിത്വവും കൈവരുന്നതിന് ഉത്സവഘോഷങ്ങൾ വഹിക്കുന്ന പങ്ക് നിസ്സീമമാണ്. വിവിധജാതി-മത-വർഗ്ഗ സംസ്ക്കാരങ്ങളുടെ പരസ്പരവിനിമയത്തിനും ലയനത്തിനും ഒരു പരിധിവരെ ഉത്സവാഘോഷങ്ങൾ നിമിത്തമായിമാറുന്നു. പരസ്പരം കാണുവാനും ആശംസകളിർപ്പിക്കാനും അങ്ങനെപൊതുവായൊരാഹ്ലാദവേള രൂപപ്പെടുത്തുവാനും ഇന്ന് ഉത്സവാഘോഷങ്ങളിലൂടെ സാദ്ധ്യമാവുന്നു. കാലത്തിന്റെ വ്യത്യസ്തഘട്ടങ്ങളെ, അവയുടെ പ്രത്യേകതകളെ, സ്വാംശീകരിക്കുന്ന ചില ഉത്സവാഘോഷങ്ങൾ കേരളിത്തിലുണ്ട്. കേരളത്തിലെ ഉത്സവങ്ങൾ എന്ന പാഠത്തിലൂടെ മഴക്കാലത്തിൽ നിന്ന് വസന്തകാലത്തിലേക്കുള്ള പരിവർത്തനത്തെ ഏറ്റുവാങ്ങുന്ന ഓണത്തിന്റെയും

കാർഷികോത്സവമെന്നു വിശേഷിപ്പിക്കാവുന്ന വിഷുവിന്റെയും ഹേമന്തകലോത്സവമായ തിരുവാതിരയുടെയും സവിശേഷതകളെ വിലയിരുത്തുന്നു.

## 13.3.1 കേരളത്തിലെ ഉത്സവങ്ങൾ

### 13.3.1.1 ഓണം

ലോകംമുഴുവൻ മലയാളികൾ ജാതിമതഭേദമന്യേ ആഘോഷിക്കുന്ന ഓണം ആത്യന്തികമായി വിളവെടുപ്പിന്റെ ഉത്സവമാണ്. ഓണവുമായി ബന്ധപ്പെട്ട ഒട്ടേറെ ഐതിഹ്യങ്ങളും ചരിത്രവസ്തുതകളും നിലവിലുണ്ട്.

മഹാബലിയുമായി ബന്ധപ്പെട്ടാതാണ് ഏറ്റവും പ്രധാന ഐതിഹ്യം. അസുരചക്രവർത്തിയായ മഹാബലിയുടെ ഭരണകാലം സമ്പൽസമൃദ്ധിയും സമഭാവനയും നിറഞ്ഞതായിരുന്നു. വാമനാവതാരം പൂണ്ട മഹാവിഷ്ണു ദാനശീലനായ മഹാബലിയോട് മൂന്നടിമണ്ണ് ഭിക്ഷയായ് ചോദിച്ചു. അളന്നെടുത്തുകൊള്ളാൻ മഹാബലി അനുമതി നല്കിയപ്പോൾ ആകാശം മുട്ടെ വളർന്ന വാമനൻ തന്റെ പാദം അളവുകോലാക്കി. രണ്ടുപാദങ്ങൾ കൊണ്ടുതന്നെ വാമനൻ മൂന്നു ലോകവും കൈക്കലാക്കി. മൂന്നാംപാദം വയ്ക്കാൻ സ്ഥലമില്ലെന്നറിഞ്ഞപ്പോൾ മഹാബലിതന്റെ ശിരസ്സ് കാട്ടി. വാമനൻ അദ്ദേഹത്തെ പാതളത്തിലേക്ക് ചവിട്ടിത്താഴ്ത്തി. വാമനൻ തന്റെ പാദസ്പർശത്താൽ മഹാബലിയെ അനുഗ്രഹിക്കുകയും മോക്ഷം നല്കുകയും ചെയ്തു എന്നും വിശ്വസിക്കുന്നവരുണ്ട്. ഏതായാലും ആണ്ടിലൊരിക്കൽ ചിങ്ങമാസത്തിലെ തിരുവോണ നാളിൽ തന്റെ പ്രജകളെ കാണാൻ അദ്ദേഹത്തിന് അനുവാദം നല്കി. തിരുവോണനാളിൽ അദ്ദേഹം പ്രജാസന്ദർശനത്തിന് എത്തുന്നു എന്നാണ് വിശ്വാസം.

മലയാളികളുടെ ഓണസങ്കല്പത്തിന് തൃക്കാക്കര മഹാദേവക്ഷേത്രവുമായുള്ള ബന്ധം വളരെപ്രസിദ്ധമാണ്. മഹാവിഷ്ണുവിന്റെ അവതാരമായ വാമനന്റെ പാദം പതിഞ്ഞസ്ഥലം എന്ന അർത്ഥത്തിലാണ് ആ പ്രദേശത്തിന് തൃക്കാൽക്കര (തൃക്കാക്കര) എന്ന പേര് ലഭിച്ചത് എന്നു പറയപ്പെടുന്നു. ഓണത്തപ്പന്റെ ആസ്ഥാനമായ തൃക്കാക്കരയിലാണ് ആദ്യമായി ഓണാഘോഷം നടത്തിയത് എന്നാണ് ഐതിഹ്യം.

ഓണവുമായി ബന്ധപ്പെട്ട പരശുരാമകഥയും പ്രസിദ്ധമാണ്. പരശുരാമൻ കേരളക്ഷേത്രത്തെ വരുണനിൽ നിന്നും മോചിപ്പിച്ച് ബ്രാഹ്മണർക്ക് ദാനം നല്കി. പിന്നീട് പരശുരാമൻ അവരുമായി പിണങ്ങിപ്പിരിയുന്നു. മാപ്പപേക്ഷിച്ച ബ്രാഹ്മണനോട് വർഷത്തിലൊരിക്കൽ തൃക്കാക്കര വരാമെന്ന് സമ്മതിക്കുന്നു. അദ്ദേഹം വരുന്ന ദിവസമാണ് ഓണമായി കൊണ്ടാടുന്നതെന്നും സങ്കല്പമുണ്ട്.

ഓണത്തെ ശ്രീബുദ്ധനുമായി ബന്ധപ്പെടുത്തുന്ന കഥകളും പ്രചാരത്തിലുണ്ട്. സിദ്ധാർത്ഥൻ ബോധോയത്തിനുശേഷം ശ്രാവണപദത്തിലേക്ക് പ്രവേശിച്ചത് ശ്രാവണമാസത്തിലെ തിരുവോണനാളിലായിരുന്നു എന്ന് ബുദ്ധമതാനുയായികൾ വിശ്വസിക്കുന്നു. ഓണത്തിന്റെ

സ്മരണ നിലനിർത്തുന്നതിനു വേണ്ടിയാണ് ഓണാഘോഷം എന്ന് അവർ സമർത്ഥിക്കുന്നു. ഓണം, തിരുവോണം എന്നീ പദങ്ങൾ ബൗദ്ധസംജ്ഞയായ ശ്രാവണത്തിന്റെ തത്ഭവരൂപങ്ങളാണ്.

മലബാർ മാന്വലിന്റെ കർത്താവായ വില്യംലോഗൻ ഓണത്തെ ചേരമാൻ പെരുമാളുമായി ബന്ധപ്പെടുത്തുന്നു. പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മക്കയ്ക്കു പോയത് ചിങ്ങത്തിലെ തിരുവോണനാളിലായിരുന്നുവെന്നും അതിന്റെ ഓർമ്മയ്ക്കാണ് ഓണാഘോഷമെന്നും ലോഗൻ സൂചിപ്പിക്കുന്നു. ചേരൻമാർ പെരുമാളിന്റെ കാലത്ത് ഇസ്ലാംമതം രൂപംകൊണ്ടിട്ടില്ലാത്തതിനാൽ ഈ വാദം അപ്രസക്തമാണ്.

വാമനൻ പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയ മാവേലി തിരുവോണദിവസം വന്നുപോകുന്നത് ഭൂമിയ്ക്കടിയിൽ കാലങ്ങളോളം കിടന്ന് വർഷത്തിലൊരിക്കൽ മുളച്ചുവരുന്ന വിത്തിന്റെ ദേവതാരൂപത്തിലുള്ള സാമാന്യവൽക്കരണമായും വ്യാഖ്യാനിക്കപ്പെടുന്നു. അങ്ങനെ സസ്യദേവതാരാധനയുമായും ഓണത്തെ ബന്ധപ്പെടുത്താം.

തമിഴ്നാട്ടിലും ഓണാഘോഷം നടന്നിട്ടുള്ളതായി സംഘം കൃതികൾ സൂചന നല്കുന്നു. സംഘസാഹിത്യത്തിലെ പത്തുപ്പാട്ടുകളിലുൾപ്പെടുന്ന 'മധുരൈകാഞ്ചി' യിലാണ് ഓണത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശങ്ങൾ കാണുന്നത്. 'ഇന്ദ്രവിഴാ' എന്നാണ് അന്ന് ഓണം അറിയപ്പെട്ടിരുന്നത്. ബി.സി. രണ്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാങ്കുടി മരുതനാർ എന്ന പാണ്ഡ്യരാജാവിന്റെ തലസ്ഥാനനഗരിയായിരുന്ന മധുരയിൽ ഓണം ആഘോഷിച്ചിരുന്നതായി അതിൽ വർണ്ണനയുണ്ട്. ശ്രാവണപൗർണ്ണമിനാളിലായിരുന്നു അവിടുത്തെ ഓണാഘോഷം. 9-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പെരിയാഴ്വാരുടെ 'തിരുമൊഴി'യിലും ഓണത്തെക്കുറിച്ച് പരാമർശമുണ്ട്.

പണ്ട് വിദേശക്കപ്പലുകൾ സുഗന്ധവ്യാപാരത്തിന് പൊൻനാണയങ്ങളുമായി കേരളതീരത്ത് അടുത്തിരുന്നത് കർക്കിടക മഴകഴിഞ്ഞ് മാനംതെളിയുന്ന ചിങ്ങത്തിലാണ്. മഴമാറി വീണ്ടും വ്യാപാരം തുടങ്ങുന്നത് ശ്രാവണമാസത്തിലെ തിരുവോണനാളിലാണ്. പൊൻനാണയങ്ങളുടെ വരവ് ഏറിയപ്പോൾ ചിങ്ങം പൊന്നിൻ ചിങ്ങമെന്നും ഓണം പൊന്നോണമെന്നും അറിയപ്പെട്ടു.

കേരളത്തിൽ ഓണഘോഷം തുടങ്ങുന്നത് എ.ഡി. 825 മുതലാണെന്ന് വില്യംലോഗൻ അഭിപ്രായപ്പെടുന്നു. മഹാബലിയുടെ ഓർമ്മയ്ക്കായി ഭാസ്ക്കരരവിവർമ്മയാണിത് തുടങ്ങിയതെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. പത്താംനൂറ്റാണ്ടിലെ തിരുവാറ്റ് ലിഖിതത്തിലും (സ്ഥാണു രവികുലശേഖരൻ) 14-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ഉണ്ണുനീലിസന്ദേശത്തിലും ഓണത്തെക്കുറിച്ച് പരാമർശമുണ്ട്.

സാമൂഹികശാസ്ത്രജ്ഞൻമാർ (sociologists)ഓണത്തെ വിളവെടുപ്പുത്സവമായി കരുതുന്നു. ചിങ്ങത്തിലെ കൊയ്ത്തും തുടർന്നുള്ള കൃഷിയും കർഷകനെ നിറവിന്റെയും സംതൃപ്തിയുടെയും ദിനങ്ങളിലേക്കെത്തിച്ചു. ഇല്ലങ്ങളിലെ പത്തായങ്ങളും കുടിലുകളിലെ വല്ല

ങ്ങളും നിറഞ്ഞുകവിയുന്ന ചിങ്ങമെത്തുമ്പോൾ ജനമനസ്സുകളിൽ ഉത്സവാഘോഷത്തിന്റെ പ്രതീതിയുണരുന്നു. അങ്ങനെ ജന്മികൂടിയാൻ വ്യത്യാസമില്ലാതെ എല്ലാവരും ഒത്തുചേരുന്ന, ആഘോഷിക്കുന്ന കാർഷികോത്സവമായി ഓണം മാറി.

പ്രാദേശികമായ വ്യത്യാസങ്ങളോടെ ഓണാഘോഷം ഇന്നും തുടരുന്നു. ചിങ്ങത്തിലെ അത്തം മുതൽ തുടങ്ങുന്ന ആഘോഷങ്ങൾ ചതയം വരെ നീണ്ടുനില്ക്കുന്നു. തിരുവോണനാളിൽ മാവേലിയുടെ രൂപം (തൃക്കാക്കരയപ്പൻ, ഓണത്തപ്പൻ) നടുമുറ്റത്ത് കുടിയിരുത്തുന്നു. ചതയം നാളിൽ എടുത്തുമാറ്റുന്നതുവരെ ഓണക്കളികൾ, ഓണത്തല്ല്, ഓണസ്സദ്യ, ഓണക്കോടി, ഓണക്കാഴ്ച എന്നിങ്ങനെ വൈവിദ്ധ്യമാർന്ന ആഘോഷങ്ങൾ പൊടിപൊടിക്കുന്നു.

ഭൂതകാലനന്മകളുടെ മടങ്ങിവരവിനായുള്ള മലയാളികളുടെ മനസ്സിന്റെ അടങ്ങാത്ത മോഹമാണ് ഈ ആഘോഷങ്ങൾ ഇന്നും തുടരുന്നതിന് പ്രചോദനമായിവർത്തിക്കുന്നത്. വള്ളംകളിയും പൂക്കളമത്സരവും പുലിക്കളിയും ഘോഷയാത്രയുമൊക്കെചേർന്ന ഒത്തുചേരലിന്റെ ഉത്സവമായി വീണ്ടും വീണ്ടും ഓണം ആഘോഷിക്കപ്പെടുന്നു. ഒരു കാലത്ത് ക്ഷേത്രോത്സവമായിത്തുടങ്ങിയ ഓണം കാർഷികകോത്സവവും പിന്നീട് ഗാർഹികോത്സവവുമായി പരിണമിച്ചു. ഇന്നത് ദേശീയോത്സവമായി ആഘോഷിക്കുന്നു.

### 13.2.1.2 വിഷു

എല്ലാ വർഷവും മേടം ഒന്നിനാഘോഷിക്കുന്ന കേരളത്തിലെ മറ്റൊരു കാർഷികോത്സവമാണ് വിഷു. വിഷുവിന് അനുഷ്ഠിക്കുന്ന കാര്യങ്ങളുടെ ഫലങ്ങൾ ഒരുകൊല്ലക്കാലം നിലനില്ക്കുമെന്നാണ് വിശ്വാസം. ഇതിന് വിഷുഫലം എന്ന് പറയുന്നു. രാവും പകലും സമമായി വരുന്ന ദിവസമാണ് വിഷുവായി അറിയപ്പെടുന്നത്. വിഷു എന്ന പദത്തിന് തുല്യം എന്നാണർത്ഥം. അത്തരത്തിൽ നോക്കുമ്പോൾ മേടം ഒന്നിന് മേടവിഷുവും തുലാം മൂന്നിന് തുലാവിഷുവും ഉണ്ട്.

തന്റെ കൊട്ടാരത്തിൽ വെയിൽ തട്ടിയത് രാവണന് ഇഷ്ടപ്പെടാത്തതിനാൽ സൂര്യനെ നേരെ ഉദിക്കാൻ സമ്മതിച്ചില്ലെന്നും രാവണനെ രാമൻ വധിച്ചശേഷമാണ് സൂര്യൻ നേരെ ഉദിച്ചതെന്നും അതാണ് വിഷുവായി ആഘോഷിക്കുന്നതെന്നും പറയപ്പെടുന്നു. നരകാസുരൻ ശ്രീകൃഷ്ണനാൽ വധിക്കപ്പെട്ട ദിവസമാണ് വിഷുവായി ആഘോഷിക്കുന്നത് എന്നാണ് പൊതുവെയുള്ള സങ്കല്പം.

വിരിപ്പുകൃഷിയുമായി ബന്ധപ്പെട്ട ഉത്സവമാണ് ഓണമെങ്കിൽ, വിഷു വേനൽക്കാലത്തെ പച്ചക്കറിവിളകളുമായി ബന്ധപ്പെട്ട ഉത്സവമാണ്. വിഷുവുമായി ബന്ധപ്പെട്ട ഒട്ടേറെ ചടങ്ങുകളും ആചാരങ്ങളുമുണ്ട്. വിഷുക്കണി, വിഷുക്കൈനീട്ടം, വിഷുസ്സദ്യ, ചാലിടീൽകർമ്മം, കൈക്കോട്ടുചാൽ എന്നിവയാണവയിൽ പ്രാധാന്യമർഹിക്കുന്നത്.

കുടുംബത്തിലെ മുതിർന്ന സ്ത്രീകളാണ് വിഷുക്കണി ഒരുക്കുന്നത്. തേച്ചൊരുക്കിയ ഓട്ടുരുളിയിൽ അരിയും നെല്ലും നിറയ്ക്കുന്നു.

അതിനുമുകളിൽ അലക്കിയമുണ്ട്, പൊന്ന്, വാൽക്കണ്ണാടി, കണിവെള്ളരി, കണിക്കൊന്ന, പഴുത്തഅടയ്ക്ക, വെറ്റില, കണ്മഷി, ചാന്ത്, സിന്ദൂരം, നാരങ്ങ എന്നിവ വയ്ക്കുന്നു. അതോടൊപ്പം കിഴക്കോട്ട് തിരിയിട്ട് കത്തിച്ച നിലവിളക്കും നാളീകേരപ്പകുതിയും ശ്രീകൃഷ്ണ വിഗ്രഹവും വച്ച് കണിയൊരുക്കുന്നു. കുടുംബാംഗങ്ങളെല്ലാം കണി കണ്ടശേഷം ഗൃഹനാഥൻ കുടുംബാംഗങ്ങൾക്കു നല്കുന്ന സമ്മാനമാണ് വിഷുക്കൈനീട്ടം.

വിഷുദിവസം കൃഷിയുമായി ബന്ധപ്പെടുനടക്കുന്ന പ്രധാന ചടങ്ങുകളാണ് ചാലിടീൽ കർമ്മവും കൈക്കോട്ടുചാൽകർമ്മവും. വിഷുസ്സദ്യയ്ക്ക് മുമ്പ് നടക്കുന്ന ആചാരമാണ് ചാലിടീൽകർമ്മം. വിഷുദിവസം ആദ്യമായി നിലം ഉഴുതുമറിച്ച് വിത്തിടുന്നതിനാണ് ചാലിടീൽ എന്നുപറയുന്നത്. വിഷുസ്സദ്യയ്ക്ക്ശേഷം നടക്കുന്ന ചടങ്ങാണ് കൈക്കോട്ടുചാൽ. പുതിയ കൈക്കോട്ട് കഴുകി കുറിതൊടുവിച്ച് കൊന്നപ്പൂക്കൾകൊണ്ട് അലങ്കരിക്കുന്നു. അത് പൂജിച്ചശേഷം നിലം കൊത്തിക്കിളയ്ക്കുന്നു. അതിൽ കുഴിയെടുത്ത് നവധാന്യങ്ങളും പച്ചക്കറിവിത്തുകളും വിതയ്ക്കുന്നു. വിഷുവേല, വിഷുവെടുക്കൽ, പത്താമുദയം തുടങ്ങി ഒട്ടേറെചടങ്ങുകൾ വിഷുവുമായി ബന്ധപ്പെട്ട് നിലനില്ക്കുന്നുണ്ട്. കാലികവുംപ്രാദേശികവുമായ ഭേദങ്ങളോടെ മലയാളികൾ ഇന്നും വിഷു ആഘോഷങ്ങൾ തുടരുന്നു.

### 13.3.1.3 തിരുവാതിര

കേരളത്തിലെ സ്ത്രീകൾ ഹേമന്തകാലത്ത് ആഘോഷിക്കുന്ന പ്രധാന ഉത്സവമാണ് തിരുവാതിര. പരമശിവന്റെ പിറന്നാളായ ധനുമാസത്തിലെ തിരുവാതിരയെത്തുമ്പോഴാണ് ഈ ആഘോഷം നടക്കുന്നത്.

'ധനുമാസത്തിൽ തിരുവാതിര
ഭഗവാൻ തന്റെ തിരുനാളല്ലോ'

എന്ന തിരുവാതിരപ്പാട്ട് അതിന്റെ സൂചനയാണ്. മംഗല്യവതികളായ സ്ത്രീകൾ നെടുമംഗല്യത്തിനുവേണ്ടിയും കന്യകമാർ വിവാഹം വേഗം നടക്കുന്നതിനും തിരുവാതിരവ്രതമെടുക്കുന്നു. പരമശിവനും പാർവ്വതിയും തമ്മിൽ വിവാഹം നടന്ന തിരുനാളാണ് തിരുവാതിര എന്നും ഐതിഹ്യമുണ്ട്.

തിരുവാതിര ദിവസം രാവിലെ സൂര്യോദയത്തിനുമുമ്പ് സ്ത്രീകൾ കുളത്തിൽ പോയി തിരുവാതിരപ്പാട്ട് പാടി തുടിച്ച് കുളിക്കുന്നു. നൊയമ്പ് നോല്ക്കൽ, ഉറക്കമൊഴിക്കൽ തിരുവാതിരക്കളി, എട്ടങ്ങാടി വച്ചു കഴിക്കൽ പാതിരാപ്പൂ ചൂടൽ എന്നിവ അനുബന്ധചടങ്ങുകളാണ്.

തിരുവാതിര ആഘോഷം സംഘകാലത്തു തന്നെ ഉണ്ടായിരുന്നു എന്നുകാണാം. നല്ലാണ്ടുവനാരുടെ 'പരിപാടൽ' എന്ന കൃതിയിൽ, വൈഗൈനദിയിൽ തിരുവാതിരദിവസം സ്ത്രീകൾ കുളിക്കുന്നതിനെക്കുറിച്ച് വർണ്ണിക്കുന്നുണ്ട്. 'അംബവാടൽ' എന്നും 'മാർഗഴിനീരാടൽ' എന്നും ഈ ആഘോഷത്തെ വിളിച്ചിരുന്നു.

തിരുവാതിരവ്രതമെടുക്കുന്നവർ പ്രധാനമായും ഉപയോഗിക്കുന്നത് കിഴങ്ങുവർഗ്ഗങ്ങൾ കൊണ്ടുണ്ടാക്കുന്ന വിഭവങ്ങളാണ്. തിരുവാതിര ആഘോഷിക്കുന്ന ധനുമാസം കിഴങ്ങുകളുടെ വിളവെടുപ്പുകാലമാണ്. കാച്ചിൽ, കൂർക്ക, ചേന, നനകിഴങ്ങ്, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, വെട്ടുചേമ്പ്, ചെറുചേമ്പ് എന്നിവ ചേർത്തുണ്ടാക്കുന്ന തിരുവാതിരപ്പുഴുക്ക് ഈ ആഘോഷവുമായി ബന്ധപ്പെട്ട പ്രധാനവിഭവമാണ്. എട്ടങ്ങാടിചുടൽ എന്ന ചടങ്ങിലും കിഴങ്ങുവർഗ്ഗങ്ങൾക്ക് പ്രാധാന്യമുണ്ട്. അതിൽ കടല, ചെറുപയർ, തുവര, മുതിര, ഗോതമ്പ്, ചോളം, ഉഴുന്ന്, വമ്പയർ എന്നീധാന്യങ്ങളും കിഴങ്ങ്, കപ്പക്കിഴങ്ങ്, ഏത്തക്കായ, ചേന, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ്, കൂർക്ക എന്നീ കിഴങ്ങുകളും അടങ്ങിയിരിക്കുന്നു. ധാന്യങ്ങൾ വേവിക്കുകയും കിഴങ്ങുകൾ ചുട്ടെടുക്കുകയും ചെയ്യുന്നു.

പാർവ്വതീപരമേശ്വന്മാരെ പ്രീതിപ്പെടുത്താൻ വേണ്ടിയാണ് തിരുവാതിരനോമ്പ് നോല്ക്കുന്നത്. തിരുവാതിരനാൾ തുടങ്ങുന്നതു മുതൽ തീരുംവരെയാണ് നൊയമ്പ്. അത്കഴിയും വരെ അരിയാഹാരം പാടില്ല എന്നത് മറ്റൊരു സവിശേഷതയാണ്. തിരുവാതിരനാൾ കഴിയുംവരെ ഉറക്കമൊഴിക്കുകയുംവേണം. ഉറക്കമൊഴിക്കുന്ന രാത്രിയിലാണ് പാതിരാപ്പൂചൂടൽ. സ്ത്രീകൾ ഒരുമിച്ച് തിരുവാതിരപ്പാട്ടു പാടി കളിച്ചശേഷം ദശപുഷ്പം വച്ച വൃക്ഷച്ചോട്ടിലെത്തി അത് ചൂടി വരുന്നതാണ് പാതിരാപ്പൂചൂടൽ. കറുക, കയ്യൂന്നി, മുക്കുറ്റി, നിലപ്പന, ഉഴിഞ്ഞ, ചെറൂള, തിരുതാളി, മുയൽച്ചെവി, കൃഷ്ണക്രാന്തി, പൂവാം കുരുന്നില എന്നിവയാണ് ദശപൂഷ്പങ്ങൾ. തിരുവാതിരനാളിൽ കൂവ കുറുക്കി കഴിക്കുന്ന പതിവുമുണ്ട്. തിരുവാതിര കഴിയുമ്പോൾ അരിയാഹാരം കഴിച്ചുകൊണ്ട് നൊയമ്പ് അവസാനിപ്പിക്കുന്നു.

കന്യകമാരുടെയും മംഗല്യവതികളായ സ്ത്രീകളുടെയും ഉത്സവമായ തിരുവാതിര ഇന്നും ദേശഭേദങ്ങളോടെ കേരളത്തിൽ കൊണ്ടാടുന്നു. പതീലാഭത്തിനും നെടുമംഗല്യത്തിനും വേണ്ടി ആചരിക്കുന്ന വ്രതമാണെങ്കിലും പാട്ടും നൃത്തവും കൂടിച്ചേർന്ന തിരുവാതിര വിളവെടുപ്പിന്റെ ഉത്സവം കൂടിയാണ്.

### 13.3.2 പുരോഗതി സ്വയം പരിശോധിക്കുക.

1. മലയാളികളുടെ ഓണസങ്കല്പവുമായി ബന്ധപ്പെട്ട പ്രസിദ്ധമായ ക്ഷേത്ര മേത്?
2. ഓണവുമായി ബന്ധപ്പെട്ട പരശുരാമകഥയേത്?
3. മലബാർ മാന്വലിന്റെ കർത്താവാര്?
4. ഓണത്തെക്കുറിച്ച് പരാമർശമുള്ള സംഘകൃതിയേത്?
5. ഓണത്തെക്കുറിച്ച് പരാമർശമുള്ള പ്രാചീന മണിപ്രവാളകൃതിയേത്?
6. ‘വിഷുഫലം’ എന്നാലെന്ത്?
7. ചാലിടീൽ കർമ്മത്തിന്റെ സവിശേഷതയെന്ത്?

8. തിരുവാതിരവ്രതത്തിന്റെ പ്രാധാന്യമെന്ത്?
9. തിരുവാതിര ആഘോഷത്തെക്കുറിച്ച് പരാമർശമുള്ള സംഘംകൃതിയേത്?
10. എട്ടങ്ങാടി വച്ചു കഴിക്കൽ എന്നചടങ്ങിന്റെ പ്രത്യേകതയെന്ത്?

**13.3.3 ഉത്തരം**

1. തൃക്കാക്കര മഹാദേവക്ഷേത്രം
2. പരശുരാമൻ കേരളക്ഷേത്രത്തെ വരുണനിൽ നിന്നും മോചിപ്പിച്ച് ബ്രാഹ്മണർക്ക് ദാനം നല്കി. പിന്നീട് പരശുരാമൻ അവരുമായി പിണങ്ങിപ്പിരിയുന്നു. മാപ്പപേക്ഷിച്ച ബ്രാഹ്മണരോട് ആണ്ടിലൊരിക്കൽ തൃക്കാക്കരവരാമെന്ന് സമ്മതിക്കുന്നു. അദ്ദേഹം വരുന്ന ദിവസമാണ് ഓണമായികൊണ്ടാടുന്നത് എന്നാണ് സങ്കല്പം.
3. വില്ല്യം ലോഗൻ
4. മധുരൈകാഞ്ചി
5. ഉണ്ണുനീലീസന്ദേശം
6. വിഷുവിന് അനുഷ്ഠിക്കുന്ന കാര്യങ്ങളുടെ ഫലങ്ങൾ അടുത്ത ഒരു കൊല്ലക്കാലം നിലനില്ക്കുമെന്ന വിശ്വാസമുണ്ട്. ഇതിന് വിഷുഫലം എന്നും പറയുന്നു.
7. വിഷുസ്സദ്യയ്ക്ക് മുമ്പ് നടക്കുന്ന ആചാരമാണ് ചാലിടീൽകർമ്മം. വിഷുദിനത്തിൽ ആദ്യമായി നിലം ഉഴുതുമറിച്ച് വിത്തിടുന്നതിനാണ് ചാലിടീൽ എന്നുപറയുന്നത്.
8. മംഗല്യവതികളായ സ്ത്രീകൾ നെടുമംഗല്യത്തിനുവേണ്ടിയും കുമാരിമാർ വിവാഹത്തിനുവേണ്ടിയും തിരുവാതിരവ്രതം നോക്കുന്നു.
9. നല്ലാണ്ടുവാനാരുടെ പരിപാടൽ
10. തിരുവാതിരആഘോഷവുമായി ബന്ധപ്പെട്ട ചടങ്ങാണിത്. ചെറുപയർ, കടല, തുവര, മുതിര, ഗോതമ്പ്, ചോളം, ഉഴുന്ന്, വമ്പയർ എന്നീ ധാന്യങ്ങൾ വേവിച്ചും കിഴങ്ങ്, കപ്പ, ഏത്തക്കായ, ചേന, കാച്ചിൽ, മധുരക്കിഴങ്ങ്, കൂർക്ക എന്നീ കിഴങ്ങുകൾ ചുട്ടും ഉപയോഗിക്കുന്നു.

## 13.4 വിഷയാവതരണം

കൂട്ടായ ജീവിതം നയിക്കുന്ന ജനസമൂഹങ്ങൾക്കിടയിൽ നിലനിൽക്കുന്ന വിശ്വാസങ്ങളാണ് ആചാരങ്ങൾ പിന്തുടരാൻ അവരെ പ്രേരിപ്പിക്കുന്നത്. പരേതാത്മാവിന് പുണ്യം ലഭിക്കണമെങ്കിൽ ബലികർമ്മം നടത്തണം എന്നതൊരു വിശ്വാസമാണ്. ആ വിശ്വാസത്തെ പിന്തുടർന്നുകൊണ്ട് നിരവധി ചടങ്ങുകൾ അനുഷ്ഠിക്കുന്നു. ചുരുക്കത്തിൽ ആചാരങ്ങളെ നിലനിർത്തുന്നത് വിശ്വാസങ്ങളും അതുമായി

ബന്ധപ്പെട്ട ആശയങ്ങളുമാണ്. ജനസമൂഹം പരമ്പരാഗതമായി അനുഷ്ഠിച്ചുപോരുന്ന അനുഷ്ഠാനപരവും അനുഷ്ഠാനേതരവുമായ ക്രിയാംശങ്ങളെ പൊതുവെ ആചാരങ്ങളെന്ന് വിവക്ഷിക്കുന്നു. ജനനം, മരണം, വിവാഹം, തിരണ്ടുകല്യാണം, വിദ്യാഭ്യാസം, ഉത്സവം, കൃഷി തുടങ്ങി മനുഷ്യന്റെ സമസ്തജീവിതാവസ്ഥകളുമായി ബന്ധപ്പെട്ട ഒട്ടനവധി ആചാരങ്ങൾ കേരളീയാന്തരീക്ഷത്തിൽ നിലകൊള്ളുന്നുണ്ട്. കേരളത്തിലെ ആചാരങ്ങൾ എന്ന പാഠഭാഗത്തിലൂടെ മനുഷ്യസമൂഹം പിന്തുടർന്നുപോന്ന ചില ആചാരങ്ങളുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.

## 13.4.1 കേരളത്തിലെ ആചാരങ്ങൾ

### 13.4.1.1 പുലപ്പേടിയും മണ്ണാപ്പേടിയും (മണ്ണാപ്പേടി പുലപ്പേടി)

കേരളത്തിലെ ഗ്രാമങ്ങളിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് നിലനിന്നിരുന്ന ഒരു സാമൂഹ്യാചാരമാണ് പുലപ്പേടിയും മണ്ണാപ്പേടിയും. മണ്ണാപ്പേടി, പുലപ്പേടി എന്നീ പേരുകളിലും ഈ ആചാരം അറിയപ്പെട്ടിരുന്നു. പുലയ/മണ്ണാൻ സമുദായങ്ങളിലെ പുരുഷന്മാർ സവർണ്ണജാതിയിലെ സ്ത്രീകളെ ഈ ആചാരത്തിലൂടെ സ്വന്തമാക്കി. നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളത്തിലെ സവർണ്ണസ്ത്രീകളുടെ പേടിസ്വപ്നമായിരുന്നു അത്. ഒരു പ്രത്യേകമാസത്തിൽ രാത്രികാലങ്ങളിൽ മാത്രം സവർണ്ണ സ്ത്രീകളെ തൊട്ട് ഭ്രഷ്ടരാക്കി സ്വന്തമാക്കാനുള്ള അവകാശം പുലയ/മണ്ണാൻ സമുദായങ്ങളിലെ പുരുഷന്മാർക്ക് അനുവദിച്ചുകൊടുത്തിരുന്നു. ഈ ആചാരം പേടിച്ച് സ്ത്രീകൾ രാത്രിയിൽ പുറത്തിറങ്ങിയിരുന്നില്ല. മാത്രമല്ല വീടുകളുടെ പടിപ്പുരകളും വാതിലുകളും പേടിമൂലം അടച്ചിട്ടിരുന്നു. പുരുഷന്റെ അനുവാദമില്ലാതെ സ്ത്രീകൾ രാത്രിയിൽ പുറത്തുപോകുന്നതു തടയാൻ എടുത്ത തീരുമാനം ഒരു ആചാരമായി പരിണമിച്ചതാകാം. മണ്ണാപ്പേടിക്ക് മണ്ണാനെ പേടിക്കുക എന്നും മണ്ണാപ്പിടിക്ക് മണ്ണാൻ പിടിക്കുക എന്നുമാണ് അർത്ഥം. പൊന്നാനിക്കാരനായ ഷെയ്ക്ക് സൈനുദ്ദീൻ എന്ന ചരിത്രകാരന്റെ 'തുഹഫത്ത് - ഉൽ മുജാഹിദ്ദീൻ' എന്ന കൃതിയിൽ പുലപ്പേടിയെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.

ഗുണ്ടർട്ടിന്റെ നിഘണ്ടുവിൽ പുലപ്പേടിയെക്കുറിച്ച് ഇങ്ങനെ പരാമർശിക്കുന്നു: 'അസ്തമയശേഷം ഒരടിയൻ ദേഹത്ത് കല്ലിട്ടാൽ തങ്ങളുടെ ജാതിമേന്മ നഷ്ടപ്പെടുമെന്ന് സ്ത്രീകൾ ഭയപ്പെട്ടിരുന്ന കർക്കിടകമാസമാണ് പുലപ്പേടിയുള്ള കാലം.'

കെ.പി. പത്മനാഭമേനോന്റെ കേരളചരിത്രത്തിലെ പരാമർശം ഇങ്ങനെയാണ്: 'പള്ളം, ഓച്ചിറ എന്നിവിടങ്ങളിലെ പടനിലങ്ങളിൽ നാനാജാതികൾ ആണ്ടിലൊരിക്കൽ ഒത്തുകൂടുമ്പോൾ കാഴ്ചക്കാരായ ഉയർന്നജാതിയിലെ പെണ്ണുങ്ങളെ കഴിയുമെങ്കിൽ പിടിച്ചുകൊണ്ടുപോകാനും കൂടെ പൊറുപ്പിക്കാനും താണജാതിയിലെ ആണുങ്ങളെ അനുവദിച്ചിരുന്നു എന്ന ഒരു വിശ്വാസം പ്രചാരത്തിലുണ്ടായിരുന്നു. ഇതിൽനിന്നുണ്ടായതാണ് ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ഒരു പുലയൻ ഒരു ശൂദ്രസ്ത്രീയെ തനിച്ചു കണ്ടുമുട്ടിയാൽ പിടിച്ചുകൊണ്ടു പോകുമെന്ന പൊതുധാരണ.'

ചരിത്രകൃതികൾ, സാഹിത്യകൃതികൾ (ഉദാ: കയർ - തകഴി) വാമൊഴിവഴക്കം എന്നിവയിലൂടെയെല്ലാം ഈ പേടിത്താചാരത്തെക്കുറിച്ചുള്ള സൂചനകൾ ലഭിക്കുന്നുണ്ട്.

#### 13.4.1.2 അമ്മിചവിട്ടി അരുന്ധതികാണൽ

വെള്ളാളസമൂഹത്തിൽ നിലനിന്നിരുന്ന ഒരു ആചാരമാണിത്. പാതിവ്രത്യത്തിന് പ്രാധാന്യം കല്പിച്ചിരുന്നൊരു സമൂഹമാണവർ. വിവാഹസമയത്ത്, വധു തന്റെ പാതിവ്രത്യം കാത്തുസൂക്ഷിക്കാം എന്നുറപ്പുനല്കുന്ന ഒരു പ്രതിജ്ഞ എടുക്കേണ്ടതുണ്ട്. 'അമ്മിചവിട്ടി അരുന്ധതികാണൽ' എന്നാണ് അത് അറിയപ്പെട്ടിരുന്നത്.

താലി കെട്ടിക്കഴിഞ്ഞാൽ കതിർമണ്ഡപത്തിന് മൂന്നുതവണ വലംവയ്ക്കണം. അതുകഴിഞ്ഞ് വലതുഭാഗത്തു വച്ചിരിക്കുന്ന അമ്മിക്കല്ലിൽ വധു വലതുകാൽവച്ച് കയറിനിന്ന് ആകാശത്തെവിടെയോ നിൽക്കുന്ന അരുന്ധതിനക്ഷത്രത്തെ നോക്കി മൗനമായി പ്രാർത്ഥിക്കണം. പാതിവ്രത്യം കാത്തുസൂക്ഷിച്ചുകൊള്ളാമെന്നും മരണാനന്തരം മറ്റൊരു നക്ഷത്രമായി വരാൻ തയ്യാറാണെന്നും ഉള്ള നയം വ്യക്തമാക്കുന്ന ഒരാചാരമാണിത്. എം. ചിദംബരം പിള്ളയുടെ 'വെള്ളാളരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും' എന്ന കൃതിയിൽ ഈ ആചാരത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

#### 13.4.1.3 ഇല്ലംനിറ

കൃഷിയുമായി ബന്ധപ്പെട്ട നിരവധി ആചാരങ്ങൾ കേരളത്തിൽ പിന്തുടർന്നുപോരുന്നുണ്ട്. പത്താമുദയം, പൊങ്കാല, പൊലി, കങ്ങാണി, ഏർപ്പ്, ഉച്ചേര, ഇല്ലംനിറ, പുത്തരി എന്നിവയാണവ. കേരളീയഭവനങ്ങളിൽ കർക്കിടകമാസത്തിൽ നടത്തുന്ന ഒരു ആചാരമാണ് ഇല്ലംനിറ. നാടിനും വീടിനും ഐശ്വര്യവും സമ്പത്സമൃദ്ധിയുമുണ്ടാകാൻ വേണ്ടിയാണ് ഇത് ആചരിക്കുന്നത്. കറുത്തവാവ് കഴിഞ്ഞ് ആദ്യ ഞായറാഴ്ച കർഷകർ മുങ്ങിക്കുളിച്ച് ഈറനണിഞ്ഞ് വയലിൽനിന്നും ഒരുപിടി നെൽക്കതിർ അറുത്തെടുക്കുന്നു. അത് വഴിപാടായി ക്ഷേത്രത്തിൽ കൊടുക്കുന്നു. ദേശപരദേവതയുടെ അനുഗ്രഹമാണ് ലക്ഷ്യം. ഇല്ലംനിറ (വീട് നിറയട്ടെ), വല്ലംനിറ (കുട്ട നിറയട്ടെ), കൊല്ലംനിറ (വർഷം മുഴുവൻ നിറയട്ടെ) പത്തായംനിറ (പത്തായം നിറയട്ടെ) എന്നീ പ്രാർത്ഥനകളോടെയാണ് ക്ഷേത്രത്തിൽ കറ്റ കൊടുക്കുന്നത്. പൂജകഴിഞ്ഞ് കിട്ടുന്ന കതിർക്കുലകൾ നിറനിറ പൊലി പൊലി എന്നുറക്കെപ്പറഞ്ഞുകൊണ്ട് വീടിന്റെ മച്ചിലും ഉമ്മറത്തും നെയ്ത് തൂക്കും. അടുത്തവർഷത്തെ ചടങ്ങുവരെ ഈ കതിർക്കുലകൾ അവിടെ സൂക്ഷിക്കുന്നു. പ്രത്യേകമായി ശുദ്ധീകരിച്ച സ്ഥലങ്ങളിലും ക്ഷേത്രങ്ങളിലുമാണ് ഈ ചടങ്ങ് നടത്തുന്നത്.

### 13.4.2 പുരോഗതി സ്വയം പരിശോധിക്കുക.

1. കേരളത്തിലെ പ്രധാനപ്പെട്ട കാർഷികാചാരങ്ങൾ ഏതെല്ലാം?
2. പുലപ്പേടി - പരാമർശിക്കുന്ന ഷെയ്ക്ക് സൈനുദ്ദീന്റെ കൃതി ഏത്?

3. ഇല്ലംനിറ എന്ന ആചാരത്തിന്റെ ലക്ഷ്യമെന്ത്?

4. 'വെള്ളാളരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും' എന്ന കൃതി രചിച്ചതാര്?

5. 'കർക്കിടകമാസമാണ് പുലപ്പേടിയുള്ള കാലം' എന്നു പറഞ്ഞതാര്?

6. പറപ്പേടിയെക്കുറിച്ച് പരാമർശമുള്ള തകഴിയുടെ നോവൽ ഏത്?

7. അമ്മിചവിട്ടി അരുന്ധതികാണൽ എന്ന ആചാരത്തിന്റെ പൊരുളെന്ത്?

### 13.4.3 ഉത്തരം

1. പത്താമുദയം, പൊങ്കാല, പൊലി, കങ്ങാണി, ഏർപ്പ്, ഉച്ചേര, ഇല്ലംനിറ, നിറപുത്തരി.

2. തുഹഫത്ത് - ഉൽമുജാഹിദ്ദീൻ.

3. നാടിനും വീടിനും ഐശ്വര്യമുണ്ടാവുക എന്നതാണ് ലക്ഷ്യം.

4. എം. ചിദംബരം പിള്ള.

5. ഗുണ്ടർട്ട്.

6. കയർ.

7. വെള്ളാളസമൂഹത്തിൽ വിവാഹസമയത്ത്, വധു തന്റെ പാതിവ്രത്യം കാത്തുസൂക്ഷിക്കാം എന്നുറപ്പുനല്കുന്ന ഒരു പ്രതിജ്ഞയെടുക്കേണ്ടതുണ്ട്. അമ്മിചവിട്ടി അരുന്ധതികാണൽ എന്നാണ് അത് അറിയപ്പെടുന്നത്.